കോൺഗ്രസ്സിനു ഭരണം കീറാമുട്ടിയാകുമോ ? | തരംഗവും തലമുറമാറ്റവും ! | ചുവപ്പുകോട്ടകൾ തകരുമ്പോൾ | ഭാവനയുടെ ആകാശത്ത് പറക്കുന്ന പട്ടങ്ങൾ | ഹിസ് ഹൈനസ് സമ്പത്ത്

MAY | VOL.05 | ISSUE 05

# മലയാളി.com magazine 2026



# യു ഡി എഫ് തരംഗം !

തെരഞ്ഞെടുപ്പിൽ 50. 83 വോട്ട് ശതമാനവും 102 സീറ്റും മൂന്നിൽ രണ്ടു ഭൂരിപക്ഷവും നേടിയ ഐക്യ ജനാധിപത്യ മുന്നണി ഇടതു കോട്ടകളെ തകർത്തെറിഞ്ഞു . ഇടതു നേതൃത്വത്തിൽ തന്നെ മാറ്റം ഉണ്ടാക്കാൻ വഴി തെളിക്കുന്ന ഈ തെരഞ്ഞെടുപ്പു മൂന്നു സീറ്റുകൾ നേടിയ എൻ ഡി എ സംഖ്യത്തിന്റെ വോട്ട് ശതമാനവും കുറച്ചു



## സിപിഎം പിണറായിയുടെ പതനം



## സിംഹഗർജ്ജനവുമായി സിംഗിളായി വിജയ്



സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
SINCE 2005
21 Year Legacy of Trust & Quality
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

മലയാളി.com Magazine
DIGITAL MAGAZINE
2026
MAY
VOL/05
ISSUE/5

Contact: mag@emalayalee.com | www.emalayalee.com

# ജനവിധിയുടെ പൊരുൾ

ഇന്ത്യ പോലെ വിശാലമായ ഒരു രാജ്യത്ത് അഞ്ചു സംസ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പ് സാധാരണ ഗതിയിൽ അത്ര പ്രാധാന്യമുള്ളതല്ല.പക്ഷേ കേരളം മാറിച്ചിന്തിച്ചതോടെ  ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം തന്നെ ഇല്ലാതായി .ബംഗാളിന്റെയും ത്രിപുരയുടെയും നിലയിലേക്ക് കേരളവും മാറുകയാണ് .ഈ പ്രവണത തുടർന്നാൽ കേരളത്തിലും ബി ജെ പി അധികാരത്തിൽ എത്താനുള്ള സാധ്യത വർദ്ധിക്കുന്നു .15 വർഷമായി ബി ജെ പി മുന്നേറ്റത്തെ തടഞ്ഞു നിർത്തിയ പശ്ചിമ ബംഗാളിൽ മമത ബാനർജിയെ തൂത്തു എറിഞ്ഞതോടെ ബി ജെ പി ഇന്ത്യയിൽ എവിടെയും ഏതു വിധേനെയും വിജയിക്കും എന്ന സൂചന നല്കിയിരിക്കുകയാണ്. ഇപ്പോഴേ ഇന്ത്യയുടെ ഭൂപടത്തിൽ വ്യാപിച്ചിരിക്കുകയാണ്  കാവി നിറം.ആ നിലക്ക് അസ്സമിലെ ബി ജെപിയുടെ  തുടർച്ചയും  മതേതര വിശ്വാസികളെ സങ്കടത്തിൽ ആഴ്ത്തിയിരിക്കുന്നു .തീവ്ര  വോട്ടർ പരിഷ്ക്കരണത്തിന്റെ ഇരയാണ്  മമത എന്നാണു  പൊതുവേയുള്ള വിലയിരുത്തൽ .രാഹുൽ ഗാന്ധി തന്നെ അതിനു അടിവരയിടുന്നു. തമിഴകത്തിലാകട്ടെ ദ്രാവിഡ കഴകങ്ങളുടെ  തകർച്ചയാണ് ഭീതിപ്പെടുത്തുന്നത് .യുവത്വവും ആദർശ് ധീരതയും ഉള്ള ഒരു നേതാവാണ് സിനിമ വിട്ടു രാഷ്ട്രീയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നു പ്രഖ്യാപിച്ചിരിക്കുന്ന, ഭരണത്തിലേക്ക് കടക്കുന്ന  ടി വി കെ നേതാവ് വിജയ് .എങ്കിലും വിജയുടെ വിജയവും ഹിന്ദുത്വ ശക്തികൾ മുതലാക്കുമോ എന്ന സംശയം ഉയരുന്നു .ആപ്പിന്റെയും ബി ജെ ഡി യുടെയും ജെ ഡി യുവിന്റെയും ടി ആർ എസിൻറെയും തകർച്ചയുമായി ഇതെല്ലാം കൂട്ടി വായിക്കണം .ബിജെപി വളരുകയാണ് ,പ്രാദേശിക കക്ഷികളെ പിന്നിലാക്കി .ഇനി അവശേഷിക്കുന്നത് കോൺഗ്രസ് ഭരിക്കുന്ന ചില സംസ്ഥാനങ്ങൾ മാത്രം .ആ നിലക്ക് സംസ്ഥാനത്ത് വിജയം നേടിയ കോണ്ഗ്രസ് നേതൃത്വം നൽകുന്ന യു ഡി എഫ് സർക്കാരിനു വലിയ വെല്ലുവിളികൾ ആണു മുന്നിലുള്ളത്.

ഒരാളെ കേന്ദ്രീകരിച്ചു  നടത്തിയ ഭരണവും പ്രചാരണവുമാണ് ഇടതു ജനാധിപത്യ മുന്നണിയുടെ തകർച്ചക്ക് കാരണമായത് .അതിൽ നിന്ന് പാഠം ഉൾക്കൊണ്ടു വേണം കോൺഗ്രസ് മുന്നോട്ടു പോകാൻ .അതെ പോലെ തെരഞ്ഞെടുപ്പിന് മുൻപും തെരഞ്ഞെടുപ്പു വേളയിലും ശക്തമായ വർഗ്ഗീയ ധ്രൂവികരണത്തിനു ശ്രമം ഉണ്ടായി .ഇന്നും വിദ്വേഷപ്രസംഗങ്ങളുമായി ചില സമുദായ നേതാക്കൾ രംഗത്തുണ്ട് .അവർ കലക്ക വെള്ളത്തിൽ മീഎൻ  പിടിക്കുന്നുമുണ്ട് .മുഖ്യമന്ത്രി പദവിയെ ചൊല്ലിയുണ്ടായ തർക്കം അതിനു വളം വെച്ചു കൊടുക്കുകയും ചെയ്തു .കോൺഗ്രസ്സിന്റെ അവശേഷിക്കുന്ന പച്ച തുരുത്തു ആയ കേരളത്തിൽ നടത്തുന്ന ഓരോ രാഷ്ട്രീയ നീക്കത്തിനും വലിയ പ്രത്യാഘാതം ഉണ്ടാകുമെന്നോർത്തു വേണം ഓരോ നടപടിയും കൈക്കൊള്ളാൻ . പ്രായോഗിക രാഷ്ട്രീയം മുള്ളുകൾ നിറഞ്ഞ പാത ആണെങ്കിലും  ആ യാത്ര  ഒഴിവാക്കാനാവില്ല . അധികാരത്തിൻറെ കിരീടം അണിയുന്നവർ ജനവിധിക്കു അനുകൂലമായി പ്രവർത്തിച്ചില്ലെങ്കിൽ ഇനിയൊരു എൽ ഡി എഫ് സർക്കാർ ആവില്ല വരുന്നത് എന്നറിഞ്ഞു പ്രവർത്തിക്കണം.

ഇതിലും പ്രധാനം ശക്തമായ ഭരണം കാഴ്ച വെയ്ക്കുക എന്നതാണ് .സാമ്പത്തികമായി ഏറ്റവും താഴ്ന്ന നിലയിൽ ആണ് നാമിന്ന് .ഓരോ മേഖലയും കരുതലോടെ വികസിപ്പിച്ചു വളർത്തി എടുക്കേണ്ട കാലമാണ് നമുക്ക് മുന്നിൽ. അതിനു വേണ്ടി പണം കൊയ്യാവുന്ന അർത്ഥ രഹിത്മായ് വൻകിട പദ്ധതികൾ അല്ല  വേണ്ടത്  .അവശ്യമെങ്കിൽ അനുയോജ്യവും പ്രയോജനകരവുമായ പദ്ധതികൾ വേണ്ട എന്നല്ല .എന്നാൽ .ഓരോ മുതൽ മുടക്കിന് മുന്നിലും അത് ഉണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും  പറ്റി പുനർവിചിന്തനമുണ്ടാകണം .  തകർന്ന ആരോഗ്യ വ്യവസായ മേഖലകളുടെ പുനരുദ്ധാരണം ഉണ്ടാകണം .പുതിയ തലമുറയ്ക്ക് ഉതകുന്ന  വിധത്തിൽ രാജ്യാന്തര നിലവാരത്തിലേക്ക് നമുടെ വിദ്യാഭ്യാസ സമ്പ്രദായം ഉടച്ചു വാർക്കണം. കേരളത്തിൽ തന്നെ കുടുതൽ  തൊഴിൽ സൃഷ്ടിക്കാനുള്ള സാധ്യതകൾ നാം തേടണം .ഭൂതകാലത്തിന്റെ ഭാരമില്ലാതെ ഒരു തകർന്ന പ്രതിപക്ഷത്തിൻറെ മുന്നിൽ അധികാരം ഏൽക്കുന്ന യു ഡി എഫ് സർക്കാരിന് അത് സാധിക്കും. പക്ഷെ അതിനു നേത്രുപാടവവും ഇഛാശക്തിയും വേണം പുതിയ കേരളം പുതിയ നേതൃത്വത്തെ ആവശ്യപ്പെടുന്നു.

*സ്നേഹത്തോടെ,*



ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS





05 കേരളം /നിയമസഭാ തെരഞ്ഞെടുപ്പ്
പുതിയ സർക്കാർ,
പുതിയ വെല്ലുവിളികൾ
എം കെ നാരായണ മൂർത്തി

09 തരംഗവും തലമുറമാറ്റവും
പി എസ് ജോസഫ്

15 ചുവപ്പ് കോട്ടകൾ തകരുന്നു
എസ് സുന്ദർദാസ്

19 കോളം /കാഴ്ചപ്പാടുകൾ
പിണറായിയുടെ പതനം
എം കെ നാരായണമൂർത്തി

23 തമിഴ് നാട്/
നിയമസഭ തെരഞ്ഞെടുപ്പ്
സിംഹ ഗർജ്ജനവുമായി
സിംഗിളായി വിജയ്
പി കെ ശ്രീനിവാസൻ

27 കോളം അച്ചുതം
വികസന നായകൻ
മാങ്ങാട് രത്നാകരൻ

31 പ്രത്യേക അഭിമുഖം
ഭാവനയുടെ ആകാശത്തു
പറന്നു നടക്കുന്ന പട്ടങ്ങൾ
ഇന്ദിരാ അശോക്/പ്രദീപ് പനങ്ങാട്

35 ചെറുകഥ
പെണ്ണച്ചൻ
ജോസഫ് എബ്രഹാം

47 യാത്ര /സിക്കിം
തകർന്നു പോയ തലസ്ഥാനം
സുഭാഷ് വലവൂർ

51 ചെറുകഥ
ആനപ്പക
ഷജീബുദീൻ ബി

59 നോവൽ
നിഗൂഢതകളുടെ തടവറ
ഡി നഗരത്തിൽ വഴിതെറ്റി
പി എസ് ജോസഫ്

70 കവിത
ചിതയ്ക്ക് മുൻപേ..!
സോയ നായർ

71 ചെറുകഥ
മഞ്ഞിലും മായാത്ത
മഴയുടെ ഓർമ്മകൾ
ഫ്രാൻസിസ് സെബാസ്റ്റ്യൻ

74 കവിത
പത്രം
മുരളി മുണ്ടേക്കാട്

75 സിനിമ / എന്റെ സംഗീത വഴികൾ
ഹിസ് ഹൈനെസ് സമ്പത്ത്
എസ് രാജേന്ദ്രബാബു

79 കവിത
വടക്കുഭാഗത്തെ ചകിരിമാവ്
ആനന്ദവല്ലി ചന്ദ്രൻ

80 കുരിശു വരച്ച വഴി
നമ്പ്രേത്തിൽ

81 അമ്മവിഷു
അജയ് നാരായണൻ

83 പുസ്തക ലോകം
അഞ്ചാമത്തെ എസ്റ്റേറ്റ്
കൃഷ്ണകുമാർ എം


87 ഗീതാ വ്യാഖ്യാനം
ജ്ഞാനവിജ്ഞാനയോഗം
സുധീർ പണിക്കവീട്ടിൽ


91 കായികരംഗം
വൈശാലി
ചെസ്സിൽ ഒരു ഇന്ത്യൻ വിസ്മയം
സനിൽ പി തോമസ്

92 ചിത്രലോകം : ശിൽപം/ഇര
കാനായി കുഞ്ഞിരാമൻ











## യു ഡി എഫ് സർക്കാർ

# കോൺഗ്രസ്സിനു ഭരണം കീറാമുട്ടിയാകുമോ ?

**പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഭരിക്കാൻ പോകുന്ന യു. ഡി. എഫിനെ കാത്തിരിക്കുന്നത് ഭരണപരവും ധനപരവും രാഷ്ട്രീയവുമായ കനത്ത വെല്ലുവിളികളാണ്.**

**എം.കെ നാരായണമൂർത്തി**

കേരളത്തിലെ കോൺഗ്രസ്സ് പതിവ് പോലെ മുഖ്യ മന്ത്രിയെ പ്രഖ്യാപിക്കാനുള്ള നെട്ടോട്ടത്തിലാണ്. ഏറ്റവും സീനിയറായ രമേശ് ചെന്നിത്ത ലയും പ്രതിപക്ഷ നേതാവായ വി.ഡി സതീശനും എ.ഐ.സി.സി ജനറൽ സെക്രട്ടറിയും ഗാന്ധി കുടുംബത്തിന്റെ അടുപ്പക്കാരനു മായ കെ.സി വേണുഗോപാലുമാ ണ് കളത്തിൽ. തീരുമാനം ഉടനെ വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പത്ത് വർഷത്തെ ഇടവേളയ് ക്ക് ശേഷം ഭരിക്കാൻ പോകുന്ന യു.ഡി.എഫിനെ കാത്തിരിക്കു ന്നത് ഭരണപരവും ധനപരവും



രാഷ്ട്രീയവുമായ കനത്ത വെല്ലു വിളികളാണ്. പത്ത് വർഷത്തിനു ള്ളിൽ സാങ്കേതികമായി നമ്മുടെ സംസ്ഥാനം വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്.

വ്യവസ്ഥാപിത ഭരണ രീതികൾ പിൻതുടരാൻ യു.ഡി.എഫിന് സാ ധിക്കില്ലെന്നത് നൂറ് ശതമാനം ഉറ പ്പായ കാര്യമാണ്.മന്ത്രിമാരാകാൻ തയ്യാറെടുത്ത് നിൽക്കുന്നവർ ഈ സാങ്കേതിക മാറ്റത്തെ എങ്ങനെ ഉൾക്കൊള്ളാൻ പോകുന്നു എന്ന താണ് ആദ്യ ചോദ്യം. അത്തരം സാങ്കേതിക പരിജ്ഞാനമുള്ള ഒരു ടീമിനെ യു.ഡി. എഫ് സർക്കാരിന് ലഭിക്കുമോ? കേരളത്തിൽ ഇത്തരം അറിവുള്ളവരിൽ ബഹുഭൂരിപക്ഷ വും ഇടതു ചായ് പ്രകടിപ്പിക്കുന്ന വരാണ്.കേരളത്തിന്റെ സാങ്കേതിക മേഖലയിൽ വലിയ മാറ്റമാണ് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരള സ്റ്റാർട്ട് അപ്പ് മിഷൻ കൊ ണ്ടു വന്നിട്ടുള്ളത്. അതിനെ നയിച്ച അനൂപ് പി അംബിക എന്ന വ്യക്തി

സാങ്കേതിക മേഖലയിൽ തന്റെ കഴിവ് തെളിയിച്ച ശേഷമാണ് സ്റ്റാർട്ട് അപ്പ് മിഷന്റെ തലപ്പത്തു വരുന്നത്. ഭംഗിയായി അദ്ദേഹം ആ സ്ഥാപനത്തെ നയിക്കുകയും പല മേഖലകളിലും വ്യത്യസ്തമായ തരത്തിൽ മുന്നോട്ട് കൊണ്ടു പോകുകയും ചെയ്തു. ഭരണമാറ്റത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം ഒഴിഞ്ഞാൽ അവിടെ പകരം വയ്ക്കാൻ നിലവിൽ കോൺഗ്രസ്സ് പാളയത്തിലാളില്ല. സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനങ്ങൾ അവതാളത്തിലായാൽ അത് കേരളത്തിന്റെ സാങ്കേതിക വളർച്ചയെ പിന്നോട്ടടിപ്പിക്കും.

ഇതു പോലെ തന്നെയാണ് കിഫ്ബി. കിഫ്ബിയിലൂടെയല്ലാതെ ആരു ഭരിച്ചാലും കേരളത്തിലേക്ക് നിക്ഷേപങ്ങൾ കൊണ്ടു വരിക അസാധ്യമാണ്.നാട്ടിൽ നാമിന്ന് കാണുന്ന അടിസ്ഥാന വികസനത്തിന് വിനിയോഗിച്ച ഫണ്ടിന്റെ 90 ശതമാനവും കിഫ്ബി വഴി കൊണ്ടു വന്നതാണ്.ഡോ.തോമസ് ഐസക്കിന്റെ ചിന്തയിൽ വിരിഞ്ഞ ഈ ആശയത്തെ വേണ്ട ഉൾക്കൊള്ളാൻ യു.ഡി.എഫ് സർക്കാരിന് കഴിയാതെ വന്നാൽ അടിസ്ഥാന സൗകര്യ വികസനം മുരടിപ്പിലേക്ക് മാറും. മാത്രമല്ല സങ്കീർണ്ണമായ ധനനയമാണ് കിഫ്ബിയുടെ കാര്യത്തിലുള്ളത്. നിയോ ലിബറൽ ആശയങ്ങളുടെ പിൻപറ്റിയുള്ള ഈ നയം മനസ്സിലാക്കാനുള്ള അടിസ്ഥാന വിവരം പുതിയ ധനമന്ത്രിയ്ക്ക് ഇല്ലാതെ പോകാനുള്ള സാധ്യത വളരെക്കൂടുതലാണ്.

പണ്ട് എൽ.ഡി.എഫ് സർക്കാരിൽ ശിവദാസ മേനോൻ ധനകാര്യം കൈകാര്യം ചെയ്തത് ഇത്തരുണത്തിൽ ഓർത്തു പോകുന്നു. കേന്ദ്രത്തിൽ നിന്നും അവകാശപ്പെട്ട ഫണ്ട് പോലും രാഷ്ട്രീയ കാരണങ്ങളാൽ നിഷേധിക്കപ്പെടും. സംഘപരിവാരത്തിന്റെ



നിഷേധാത്മക രാഷ്ട്രീയത്തിനു യു .ഡി.എഫ് സർക്കാർ ഇരയാക്കപ്പെടുമെന്ന കാര്യത്തിൽ കർണ്ണാടകയുടേയും തമിഴ്നാടിന്റേയും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി നമുക്ക് പറയാൻ പറ്റും.

**നാട്ടിൽ നാമിന്ന് കാണുന്ന അടിസ്ഥാന വികസനത്തിന് വിനിയോഗിച്ച ഫണ്ടിന്റെ 90 ശതമാനവും കിഫ്ബി വഴി കൊണ്ടു വന്നതാണ്. ഡോ. തോമസ് ഐസക്കിന്റെ ചിന്തയിൽ വിരിഞ്ഞ ഈ ആശയത്തെ വേണ്ട ഉൾക്കൊള്ളാൻ യു. ഡി. എഫ് സർക്കാരിന് കഴിയാതെ വന്നാൽ അടിസ്ഥാന സൗകര്യ വികസനം മുരടിപ്പിലേക്ക് മാറും. മാത്രമല്ല സങ്കീർണ്ണമായ ധനനയമാണ് കിഫ്ബിയുടെ കാര്യത്തിലുള്ളത്. നിയോ ലിബറൽ ആശയങ്ങളുടെ പിൻപറ്റിയുള്ള ഈ നയം മനസ്സിലാക്കാനുള്ള അടിസ്ഥാന വിവരം പുതിയ ധനമന്ത്രിയ്ക്ക് ഇല്ലാതെ പോകാനുള്ള സാധ്യത വളരെക്കൂടുതലാണ്.**

അങ്ങനെയെങ്കിൽ ധനസമാഹരണം നടത്താൻ കഴിയുന്ന ഏക സംവിധാനമായ കിഫ്ബിയുടെ ചുക്കാൻ പിടിക്കുന്നവർക്ക് ഉറക്കമില്ലാത്ത രാത്രികളായിരിക്കും വരാൻ പോകുന്നത്.

സൗജന്യങ്ങളുടെ വാഗ്ദാന പെരുമഴയാണ് യു.ഡി.എഫിന്റെ പ്രകടന പത്രികയിൽ. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി സിയിൽ സൗജന്യ യാത്ര എന്ന വാഗ്ദാനം നിറവേറ്റുന്ന മുറയ്ക്ക് ആ പൊതു മേഖലാ സ്ഥാപനം തകരും.ലാഭവും നഷ്ടവുമില്ലാതെ ശമ്പളവും പെൻഷനും നൽകി ഇപ്പോൾ കഷ്ടിച്ചു കഴിഞ്ഞു കൂടുന്ന കെ.എസ്.ആർ.ടിസിയിലെ ജീവനക്കാരും പെൻഷൻകാരും വല്ലാതെ കഷ്ടപ്പെടുന്ന അവസരം സൃഷ്ടിക്കപ്പെട്ടാൽ അവിടെ പണിമുടക്കും സമരങ്ങളും നിത്യ സംഭവങ്ങളായി മാറും.നോക്കുക്കുത്തിയായി നിൽക്കാനേ സർക്കാരിന് ആകൂ. ജി.എസ്.ടി വിഹിതത്തിൽ നിന്നും എടുത്ത് കാര്യങ്ങൾ നിവർത്തിക്കാമെന്നാണ് കണക്കുക്കൂട്ടലെങ്കിൽ കേന്ദ്രം കനിയണം.ആശാവർക്കർമാരുടെ ശമ്പളത്തിൽ ഗണ്യമായ വർദ്ധനയാണ് യു.ഡി.എഫിന്റെ

മറ്റൊരു പ്രധാന വാഗ്ദാനം. ഇതെങ്ങനെ സാധിക്കുമെന്നതിന് ശാസ്ത്രീയമായ പഠനമില്ലാതെ വോട്ടു ബാങ്ക് ലക്ഷ്യമാക്കി പറഞ്ഞു പോയ വാക്കാണിത്. ഈ വാക്ക് പാലിക്കാൻ ആവശ്യമായ ഫണ്ട് എങ്ങനെ സമാഹരിക്കുമെന്ന് യു.ഡി.എഫ് കേന്ദ്രങ്ങൾ മിണ്ടുന്നില്ല.ഇന്ദിരാ ഗ്യാരന്റി എന്ന പേരിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ വിഭവ സമാഹരണം ഏതു വിധത്തിൽ നടത്തുമെന്ന് യു.ഡി.എഫ് അനുകൂല സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ഇതുവരെയും പറഞ്ഞിട്ടില്ല.

പത്ത് വർഷമായി ഭരണമില്ലാതെ നിൽക്കുന്ന മുസ്ളീം ലീഗ് പ്രധാനപ്പെട്ട വകുപ്പുകൾ ചോദിക്കുമെന്നത് ഉറപ്പ്. അഞ്ചു മന്ത്രിമാരെയാണ് ലീഗിന് ലഭിക്കാൻ പോകുന്നത്. ഈ വകുപ്പുകളുടെ പ്രവർത്തനം മലബാർ കേന്ദ്രീകൃതമായാൽ പിന്നെ സംഭവിക്കുന്നത് വലിയ അപകടമാണ്. തിരൂരങ്ങാടി കേന്ദ്രീകരിച്ച് മറ്റൊരു ജില്ല വേണമെന്ന് യൂത്ത് ലീഗിന്റെ പല കമ്മിറ്റികളിലും പ്രമേയം പാസ്സായി കഴിഞ്ഞു. മുസ്ളീം ലീഗ് ജനറൽ സെക്രട്ടറി ഇത് നിഷേധിച്ചിട്ടുമില്ല. അങ്ങനെയൊരു നീക്കം വന്നാൽ അതിന്റെ രാഷ്ട്രീയ ഗുണം ലഭിക്കാൻ പോകുന്നത് സംഘപരിവാരത്തിനായിരിക്കും. കേരളത്തിന്റെ ഏറെക്കുറെ മതനിരപേക്ഷമായ



സാമൂഹ്യാന്തരീക്ഷം തകിടം മറിയും. സംഘപരിവാർ ബുദ്ധികേന്ദ്രങ്ങൾ ഹിന്ദു ഏകീകരണത്തിനായി ശ്രമിക്കുകയും അതിൽ അവർ ഏറെ മുന്നോട്ട് പോകുകയും ചെയ്യും. വകുപ്പുകളുടെ ഭരണനിർവ്വഹണത്തിൽ മതനിരപേക്ഷമായ ഇടപെടലുകൾ ഉണ്ടായില്ലെങ്കിൽ ലീഗിന് ഗുണത്തെക്കാളേറെ ദോഷം ഉണ്ടാക്കും.

**പത്ത് വർഷമായി ഭരണമില്ലാതെ നിൽക്കുന്ന മുസ്ളീം ലീഗ് പ്രധാനപ്പെട്ട വകുപ്പുകൾ ചോദിക്കുമെന്നത് ഉറപ്പ്. അഞ്ചു മന്ത്രിമാരെയാണ് ലീഗിന് ലഭിക്കാൻ പോകുന്നത്. ഈ വകുപ്പുകളുടെ പ്രവർത്തനം മലബാർ കേന്ദ്രീകൃതമായാൽ പിന്നെ സംഭവിക്കുന്നത് വലിയ അപകടമാണ്. തിരൂരങ്ങാടി കേന്ദ്രീകരിച്ച് മറ്റൊരു ജില്ല വേണമെന്ന് യൂത്ത് ലീഗിന്റെ പല കമ്മിറ്റികളിലും പ്രമേയം പാസ്സായി കഴിഞ്ഞു. മുസ്ളീം ലീഗ് ജനറൽ സെക്രട്ടറി ഇത് നിഷേധിച്ചിട്ടു മില്ല. അങ്ങനെയൊരു നീക്കം വന്നാൽ അതിന്റെ രാഷ്ട്രീയ ഗുണം ലഭിക്കാൻ പോകുന്നത് സംഘപരിവാരത്തിനായിരിക്കും. കേരളത്തിന്റെ ഏറെക്കുറെ മതനിരപേക്ഷമായ സാമൂഹ്യാന്തരീക്ഷം തകിടം മറിയും.**

ജിഫ്രിക്കോയ തങ്ങളും ആലിക്കുട്ടി മുസ്ളീയാരുമുൾപ്പടെയുള്ളവർ ഭരണത്തിൽ പ്രത്യക്ഷമായിട്ടല്ലെങ്കിൽ പോലും ഇടപെടലുകൾ നടത്തും. അത് അവരുടെ നിലനിൽപ്പിനാവശ്യവുമാണ്. അങ്ങനെ വന്നാൽ ക്രൈസ്തവ സഭകൾക്കും മൗനം പാലിക്കാൻ കഴിയില്ല. കേരള കോൺഗ്രസ്സ്-ജെയ്ക്ക് മധ്യകേരളത്തിലുള്ളത് ഏഴ് എം.എൽ.എമാരാണ്. സഭയുടെ സമ്മർദ്ദത്തെ അതിജീവിക്കാൻ ഇപ്പോഴത്തെ



സാഹചര്യത്തിൽ അവർക്കാവില്ല. അത്തരത്തിൽ രാഷ്ട്രീയത്തിനതീതമായി മതപരമായ വേർതിരിവ് ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. എൻ.എസ്.എസ്സും എസ്.എൻ.ഡി.പിയും സൃഷ്ടിക്കാൻ പോകുന്ന തലവേദനകൾ വേറെ.

പുതിയ മുഖ്യമന്ത്രിയോടൊപ്പം കോൺഗ്രസ്സിന് പുതിയ കെ.പി.സി.സി പ്രസിഡന്റിനേയും കണ്ടുപിടിക്കേണ്ടി വരും. സണ്ണിജോസഫ് മന്ത്രിസഭയിലേക്ക് പോകുമെന്നത് ഉറപ്പ്. നാലാം തവണയും എം.എൽ.എയായ തന്നെ കോൺഗ്രസ്സ് നേതൃത്വം കൈവിടില്ലെന്നാണ് സണ്ണിജോസഫിന്റെ ഉറപ്പ്. അങ്ങനെയെങ്കിൽ പുതിയ കെ.പി.സി.സി പ്രസിഡന്റ് ആവശ്യമായി വരും. ഒരു ദളിത് പ്രതിനിധിയെ കെ.പി.സി.സി പ്രസിഡന്റാക്കണമെന്നതാണ് കൊടിക്കുന്നിൽ സുരേഷിന്റെ ആവശ്യം. തനിക്ക് അർഹതപ്പെട്ടതാണ് ആ കസേരയെന്ന് കൊടിക്കുന്നിൽ കഴിഞ്ഞ കുറച്ച് കാലമായി പറഞ്ഞു നടക്കുന്നത് നമ്മൾ കണ്ടതാണ്. രാഹുൽ ഗാന്ധിക്കും ആ നിർദ്ദേശം സ്വീകാര്യമാകുമെന്നാണ് ഡൽഹിയിൽ നിന്നുള്ള വിവരങ്ങൾ. മുന്നോക്കക്കാരെ ബി.ജെ.പിയോട് അടുപ്പിക്കുന്നതാകും ഈ തീരുമാനമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്. എന്തായാലും വരും ദിവസങ്ങൾ കേരളത്തിലെ കോൺഗ്രസ്സിന് നിർണ്ണായകമായിരിക്കും.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.



വി ഡി സതീശൻ കാസർകോട് പുതുയുഗയാത്രയുടെ തുടക്കത്തിൽ

# തരംഗവും തലമുറമാറ്റവും !

**തെരഞ്ഞെടുപ്പിൽ 50. 83 വോട്ട് ശതമാനവും 102 സീറ്റും മുന്നിൽ രണ്ടു ഭൂരിപക്ഷവും നേടിയ ഐക്യ ജനാധിപത്യ മുന്നണി ഇടതു കോട്ടകളെ തകർത്തെറിഞ്ഞു . ഇടതു നേതൃത്വത്തിൽ തന്നെ മാറ്റം ഉണ്ടാക്കാൻ വഴി തെളിക്കുന്ന ഈ തെരഞ്ഞെടുപ്പു മൂന്നു സീറ്റുകൾ നേടിയ എൻ ഡി എ സംഘത്തിൻറെ വോട്ട് ശതമാനവും കുറച്ചു. ആരും അനിവാര്യർ അല്ല എന്ന് വിളിച്ചു പറയുന്ന ഈ തെരഞ്ഞെടുപ്പു വിജയികൾക്കും വലിയ പാഠമാകുകയാണ് .**

പി എസ് ജോസഫ്

ചാത്തന്നൂർ കൊല്ലം ജില്ലയിലെ ഒരു ഇടതു പക്ഷ കോട്ടയായിരുന്നു.പക്ഷെ ഇത്തവണത്തെ കേരള നിയമസഭ തെരഞ്ഞെടുപ്പിൽ അത് ശ്രദ്ധ നേടിയത് ബി ജെ പി യുടെ ബി ബി ഗോപിനാഥനെ വിജയിപ്പിച്ചു കൊണ്ടാണ്.നേമത്ത് വിജയിച്ച ബി ജെപിയുടെ തന്നെ രാജീവ് ചന്ദ്രശേഖരനെപോലെയോ കഴക്കൂട്ടത്ത് കഷ്ടിച്ചു രക്ഷപെട്ട മുൻ കേന്ദ്ര മന്ത്രി വി മുരളിധരനെപോലെയോ വലിയ രാഷ്ട്രീയതാരമല്ല അദ്ദേഹം. പക്ഷെ അദ്ദേഹം ഒന്ന് ചെയ്തു . രണ്ടു തവണ നേരിയ ഭൂരി പക്ഷത്തിന് തോറ്റിട്ടും അദ്ദേഹം ആ നിയോജകമണ്ടലത്തിൽ അടിയുറച്ചു നിന്ന് പൊരുതി .ബി ജെ പിയെ പോലും അതിശയിപ്പിച്ചു വിജയിച്ചു. പത്തനാപുരത്ത് കോൺഗ്രസ് സ്ഥാനാർഥി ജ്യോതികുമാർ ചാമക്കാല വർഷങ്ങളായി കെ ബി ഗണേഷ് കുമാറിൻറെ തട്ടകത്തിൽ അടിയുറച്ചു നിന്ന് വിജയിച്ചു .വട്ടിയൂർക്കാവിലും ഇതായിരുന്നു സ്ഥിതി .തൃശൂരിൽ സ്വന്തം അണികളുടെയും സംഘ ബന്ധുക്കളുടെയും ഉപജാപങ്ങളിൽ പെട്ടു തോറ്റ കോൺഗ്രസ്സിൻറെ കെ മുരളിധരൻ ബി ജെപിക്ക് മേൽക്കൈ വന്ന വട്ടിയൂർക്കാവിൽ അടിയുറച്ചു നിന്നുപ്രവർത്തിച്ചു .അദ്ദേഹം വിജ



യു ഡി എഫ്  പ്രചാരണ വേദി

യിച്ചു എന്ന് മാത്രമല്ല ബി ജെ പി മുന്നേറ്റത്തെ തടുക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.ജനങ്ങളോടൊപ്പം നിൽക്കുന്നവരെ ജനങ്ങൾ കൈവിടില്ലെന്ന ഒരു പാഠം കൂടിയായി ഈ വിജയം .മാത്രമല്ല രണ്ടു  ശതമാനം ക്രിസ്ത്യൻ വോട്ടർമാർ പോലും ഇല്ലാത്ത തവനൂരിൽ കെ ടി ജലീലിനെ തോൽപ്പിച്ചു കോൺഗ്രസ്സിൻറെ വി എസ് ജോയ് വിജയിച്ചതും വർഗീയ പോർമുന തീർത്ത ഗുരുവായൂരിൽ  എൻ  കെ  അക്ബർ ജയിച്ചതും ക്രിസ്ത്യൻ സാന്നിധ്യം ഏറെയുള്ള തിരുവമ്പാടിയിൽ ലിന്റോ ജ്സഫിനെ തോൽപ്പിച്ചു സി കെ കാസിം  ജയിച്ചതും ഈ തെരഞ്ഞെടുപ്പിലെ ചില നല്ല നിമിഷങ്ങളാണ്. അതെ പോലെ തിരുവനന്തപുരം നോർത്തിൽ നിന്നുള്ള സി പി ജോണിൻറെ വിജയവും.മുസ്ലിം ലീഗിലെ ഒരു വനിതാ എം ഇല പി റക്ഷ്കുന്നു എന്നാ സവിശേഷതയും ഈ തെരഞ്ഞെടുപ്പിനുണ്ട്. പേരാമ്പ്രയിൽ വർഗീയ പ്രചാരണം അതിജീവിച്ചാണ് ഫാത്തിമ തഹ്ലിയ വിജയിച്ചത് .ബി ജെ പിയുടെ സുരേ

**തൃശൂരിൽ സ്വന്തം അണികളുടെയും സംഘ ബന്ധുക്കളുടെയും ഉപജാപങ്ങളിൽ പെട്ടു തോറ്റ കോൺഗ്രസ്സിൻറെ കെ മുരളിധരൻ ബി ജെപിക്ക് മേൽകൈ വന്ന വട്ടിയൂർക്കാവിൽ അടിയുറച്ചു  നിന്നുപ്രവർത്തിച്ചു .അദ്ദേഹം വിജയിച്ചു എന്ന് മാത്രമല്ല ബി ജെ പി മുന്നേറ്റത്തെ തടുക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ജനങ്ങളോടൊപ്പം നിൽക്കുന്നവരെ ജനങ്ങൾ കൈവിടില്ലെന്ന ഒരു പാഠം കൂടിയായി ഈ വിജയം .**

ഷ്  ഗോപി വിജയിച്ചു കയറിയ തൃശൂരിൽ കോൺഗ്രസ് വിട്ടു ബി ജെ പിയിൽ ചേക്കേറിയ പദ്മജ    വേണുഗോപാൽ ബഹുദൂരം പിന്നിൽ ആയതും കാലത്തിൻറെ ചുവരെഴുത്തുകൾ .

പയ്യന്നൂരിൽ കെ വി കുഞ്ഞികൃഷ്ണനും തളിപ്പറമ്പിൽ സി കെ ഗോവിന്ദനും സി പി എം  വിട്ടു യു ഡി എഫ് പാളയത്തിൽ എത്താൻ നിർബന്ധിരായതാണ് .ഒരു വിജയവും പ്രതീക്ഷിച്ചല്ല അവർ പാർട്ടി വിട്ടത് . രക്ത സാക്ഷി ഫണ്ടിലെ തിരിമറിയും പി കെ ശ്യാമളയുടെ സ്ഥാനാർഥിത്വവും ആണ് അവരെ സി പി എമ്മിൽ നിന്ന് പുറത്തു പോകാൻ പ്രേരിപ്പിച്ചത് . അവരുടെ ശക്തമായ നിലപാടുകൾ  ആണ് ഒരു പക്ഷെ എൽ ഡി എഫിനെതിരെയുള്ള യു ഡി എഫിന്റെ മുന്നേറ്റത്തെ പിന്തുണച്ചത് .മാത്രമല്ല അവരെപ്പോലും അതിശയിപ്പിക്കുന്ന ഒരു വലിയ വിജയവും അത് സമ്മാനിച്ചു .അവസാന നിമിഷവും പിണറായിയുടെ വിളി കാത്തിരുന്ന ,തന്നെ നിർബന്ധിച്ചു വീട്ടിൽ ഇരുത്തിയതിൽ പ്രതിഷേധിച്ചു കളത്തിൽ ഇറങ്ങിയ  ജി സുധാകരനും തൻറെ ജനകീയ ജനകീയ പിന്തുണ തെളിയിച്ചു  കൊടുത്തു. സി പി എമ്മിനും പിണറായിക്കും എതിരെയുള്ള യു എഡി എഫ് പോരാട്ടത്തിൽ വലിയ  പിന്തുണയായി ഈ മാറ്റം. ഒരു പക്ഷെ കൊല്ലത്തും ആലപ്പുഴയിലും കാസർകോടും കണ്ണൂരും ഉണ്ടായ ഈ ആശയപര

മായ പോരാട്ടം ഇല്ലായിരുന്നെങ്കിൽ യു ഡി എഫിൻറെ വമ്പിച്ച കുതിപ്പ് അസാധ്യമാകുമായിരുന്നു

തെരഞ്ഞെടുപ്പിൽ 50.83 വോട്ട് ശതമാനവും 102 സീറ്റും മൂന്നിൽ രണ്ടു ഭൂരിപക്ഷവും നേടിയ ഐക്യ ജനാധിപത്യ മുന്നണി ഇടതു കോട്ടകളെ തകർത്തെറിഞ്ഞു .ഇടതു നേതൃത്വത്തിൽ തന്നെ മാറ്റം ഉണ്ടാക്കാൻ വഴി തെളിക്കുന്ന ഈ തെരഞ്ഞെടുപ്പു മൂന്നു സീറ്റുകൾ നേടിയ എൻ ഡി എ സംഖ്യത്തിൻറെ വോട്ട് ശതമാനവും 14.2 ആക്കി കുറച്ചു.ആരും അനിവാര്യർ അല്ല എന്ന് വിളിച്ചു പറയുന്ന ഈ തെരഞ്ഞെടുപ്പു ഇനി ഭരിക്കാൻ പോകുന്ന വിജയികൾക്കും വലിയ പാഠമാകുകയാണ് .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ ഏതാണ്ട് 80 സീറ്റുകളിൽ മുന്നേറ്റം കാണിച്ച യു ഡി എഫിന് വിജയം അത്ര അനായാസമായിരുന്നില്ല ശക്തമായ നടപടികളും തീവ്രമായ പ്രചാരണവും അഴിച്ചു വിട്ടുകൊണ്ടാണ് എൽ ഡി എഫ് അതിനെ നേരിട്ടത് .പക്ഷെ പത്തു വർഷം തുടർച്ചയായി ഭരിച്ച സർക്കാരിന് തുടർഭരണം ലഭിക്കുക എന്നതിനെതിരെ ഉയർന്ന പ്രചാരണവും ഭരണ വിരുദ്ധവികാരവും അത് ഉൽക്കടമാക്കി.പിണറായി അല്ലാതെ വേറെ ആരുണ്ട് എന്ന പ്രചാരണവും ഫലത്തിൽ എൽ ഡി എഫിന്റെ പ്രതീക്ഷകളെ തകർത്തു .

കൂനിന്മേൽ കുരു എന്നപോലെ ഉയർന്നു വന്ന ശബരിമല സ്വർണ്ണപ്പാളി കേസും അയ്യപ്പ സംഗമത്തിലെ അഴിമതികളും പ്രശ്നം വഷളാക്കി .പക്ഷെ ബി ജെ പിയുടെ ആവനാഴിയിൽ നിന്നുള്ള ചില അമ്പുകൾ എം കെ ബാലനും മുഖ്യമന്ത്രിയുടെ അനുഗ്രഹാശിസ്സുകളോടെ വെള്ളപ്പള്ളിയും തൊടുത്തു വിട്ടത് സംസ്ഥാനത്തെ രാഷ്ട്രീയ അന്തരീക്ഷത്തെ മലീമസമാക്കി .ഡാം മാനെജ്മെന്റിനെ പറ്റിയും ആരോഗ്യ വകുപ്പിനെതിരെയും ഉണ്ടായ ആരോപണങ്ങൾ



കെ സി വേണുഗോപാലും കോൺഗ്രസ് നേതൃത്വവും

സ്ഥിതി ഗുരുതരമാക്കി .കണ്ണൂരിൽ മന്ത്രി വീണ ആക്രമിക്കപ്പെട്ടു എന്ന ആരോപണം ആയിരുന്നു അവസാനത്തെ കച്ചിത്തുരുമ്പ് .മന്ത്രി വീണ ജോർജ് ഉൾപ്പടെ 13 മന്ത്രിമാർ പരാജയപ്പെട്ടു .ആരോപണങ്ങളിൽ കുടുക്കിസർക്കാർ തോല്പിക്കാൻ ശ്രമിച്ച മാത്യു കുഴൽനാടൻ ആകട്ടെ മൂവാറ്റു പുഴയിൽ മിന്നുന്ന വിജയം കരസ്ഥമാക്കി.സംസ്ഥാനത്ത് കുഴൽനാടനെപോലെ 9 പേരാണ് അൻപ

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ ഏതാണ്ട് 80 സീറ്റുകളിൽ മുന്നേറ്റം കാണിച്ച യു ഡി എഫിന് വിജയം അത്ര അനായാസമായിരുന്നില്ല ശക്തമായ നടപടികളും തീവ്രമായ പ്രചാരണവും അഴിച്ചു വിട്ടുകൊണ്ടാണ് എൽ ഡി എഫ് അതിനെ നേരിട്ടത്. പത്തു വർഷം തുടർച്ചയായി ഭരിച്ച സർക്കാരിന് തുടർഭരണം ലഭിക്കുക എന്നതിനെതിരെ ഉയർന്ന പ്രചാരണവും ഭരണ വിരുദ്ധവികാരവും അത് ഉൽക്കടമാക്കി. പിണറായി അല്ലാതെ വേറെ ആരുണ്ട് എന്ന പ്രചാരണവും ഫലത്തിൽ എൽ ഡി എഫിന്റെ പ്രതീക്ഷകളെ തകർത്തു .**

തിനായിരത്തിൽ ഏറെ വോട്ട് നേടി വിജയിച്ചത് .മുസ്ലിം ലീഗിന്റെ പി കെ കുഞ്ഞാലി കുട്ടി ആകട്ടെ മലപ്പുറവും ജില്ലയും സ്വന്തമാക്കി.മലബാറിൽ യു ഡി എഫ് വലിയ കുത്പ്പു നടത്തി .

നൂറിൽഏറെ സീറ്റ് നേടിയില്ലെങ്കിൽ വനവാസത്തിനു പോകുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രവചിച്ചത് പോലെ ഫലിച്ചുവെങ്കിലും അത് ആലങ്കാരികമായ ഒരു പ്രയോഗം മാത്രമായിരുന്നു എന്നത് അവഗണിച്ചു അദ്ദേഹത്തെ വനവാസത്തിനു അയക്കാൻ ശ്രമിച്ചത് സ്വന്തം പാർട്ടിക്കാർ തന്നെയാണ് എന്നത് കോൺഗ്രസ്സിന്റെ ദുർഗതി വ്യക്തമാക്കുന്നു. കോൺഗ്രസ് മുന്നണി 102 സീറ്റ് നേടി എന്ന് മാത്രമല്ല പല ജില്ലകളും തൂത്തു വാരി .ഇരുപതു വർഷമായി കോൺഗ്രസ് സാന്നിധ്യമില്ലാതിരുന്ന കോഴിക്കോട് മുഖ്യമന്ത്രിയുടെ മരുമകൻ റിയാസ് മത്സരിച്ച ബേപ്പൂർ ഒഴികെ ഒരു മണ്ഡലവും യു ഡി എഫ് വിട്ടുകൊടുത്തില്ല .ബേപ്പൂരിൽ യു ഡി എഫ് സ്ഥാനാർഥി പി വി അൻവർ 7000 ഓളം വോട്ടുകൾക്ക് പർജയപ്പെട്ടുവെങ്കിലും തെരഞ്ഞെടുപ്പിൽ നിർണ്ണായകമായ പോർമുന കെട്ടിപ്പടുത്തത് അദ്ദേഹത്തിൻറെ പിണറായി വിരോധമാണ് .തൃശൂരിലെ സുരേഷ് ഗോപിയുടെ ബി ജെ പി വിജയത്തിന് പിന്നിൽ ഒത്തുക




ളി ഉണ്ടെന്നുള്ള വെളിപ്പെടുത്തൽ മതേതരത്വ കേരളം സംഭ്രമത്തോടെയാണ് കേട്ടത്.അൻവർ പിണറായിസത്തിനും മരുമോനിസത്തിനും എതിരെ സി പി എം പടി ഇറങ്ങിയത് യു ഡി എഫിന് കിട്ടിയ വലിയ അസ്ത്രമായിരുന്നു .

അത് വരെ പിണറായിക്കെതിരെയുള്ള ആക്രമണം നയിക്കാൻ മാത്യൂ കുഴൽ നാടൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ .കരിമണൽ കോഴ കേസിലും മാസപ്പടികെസിലും എല്ലാം ശബ്ദം ഉയർത്തിയ അദ്ദേഹം എല്ലാവരുടെയും ശത്രുവായി .കാരണം കരിമണൽ ഡയറിയിൽ പേരുള്ളവരിൽ ഒട്ടേറെ യു ഡി എഫ് നേതാക്കളും ഉണ്ടായിരുന്നു .

അത് കൊണ്ടു തന്നെ പിണറായിക്കെതിരെ ശക്തമായ ഒരു ആക്രമണം യു ഡി എഫിൽ നിന്ന് ഉണ്ടായില്ല .ശബരിമലകൊള്ള പോലും കോടതിയുടെ സംഭാവനയായിരുന്നു .വയനാട് ആയാലും സ്ത്രീ പീഡനം ആയാലും യു ഡി എഫ് തട്ട് ഉയർന്നു നിന്നു .ഇവിടെയാണ് സി പി എമ്മിൽ നിന്നുള്ള വിമതരുടെ രാജി യു ഡി എഫിന് ആയുധമായത് . യഥാർഥത്തിൽ പാർടിക്കും അപ്പുറം വളരുന്ന പിണറായിയോടുള്ള വിരോധം അണികളിലേക്ക് വ്യാപിച്ചിരുന്നു പലയിടത്തും തെരഞ്ഞെടുപ്പു സ്‌ക്വാഡിൽ പോകാൻ പോലും ആളില്ലാത്ത നില വന്നു .തളിപ്പറമ്പിൽ പാർട്ടി സെക്രട്ടറിയുടെ ഭാര്യ പി കെ ശ്യാമള സ്ഥാനാർഥി ആയതോടെ അങ്കം ശക്തിപ്പെട്ടു .

> **പിണറായിക്കെതിരെ ശക്തമായ ഒരു ആക്രമണം യു ഡി എഫിൽ നിന്ന് ഉണ്ടായില്ല . ശബരിമല പോലും കോടതിയുടെ സംഭാവന യായിരുന്നു . വയനാട് ആയാലും സ്ത്രീ പീഡനം ആയാലും യു ഡി എഫ് തട്ട് ഉയർന്നു നിന്നു . ഇവിടെയാണ് സി പി എമ്മിൽ നിന്നുള്ള വിമതരുടെ രാജി യു ഡി എഫിന് ആയുധമായത് . യഥാർഥത്തിൽ പാർടിക്കും അപ്പുറം വളരുന്ന പിണറായിയോടുള്ള വിരോധം അണികളിലേക്ക് വ്യാപിച്ചിരുന്നു പലയിടത്തും തെരഞ്ഞെടുപ്പു സ്‌ക്വാഡിൽ പോകാൻ പോലും ആളില്ലാത്ത നില വന്നു .**

ഭരണത്തിൽ തുടർച്ചയായി രണ്ടു തവണ ഭരിക്കുന്ന കക്ഷിക്കെതിരെ ഭരണവിരുദ്ധ വികാരം ഉണ്ടാകുക സ്വാഭാവികമാണ് .തുടർ ഭരണം പാർട്ടിയെ ബംഗാളിലെ പോലെ തകർച്ചയിലേക്ക് നയിക്കുമെന്ന് കെ സച്ചിദാനന്ദനെ പോലെയുള്ളവർ മുന്നറിയിപ്പ് നൽകിയെങ്കിലും രണ്ടാം വട്ടവും ഭരണം പിടിച്ചതിന്റെ അഹങ്കാരത്തിൽ പാർട്ടി പിണറായിക്ക് ഒപ്പം പിടിച്ചു നിന്നു .കോവിഡും പ്രളയവും ആയിരുന്നു ആ ഭാഗ്യ തുടർച്ചക്ക് പിന്നിൽ എന്ന് പാർട്ടി തിരിച്ചറിഞ്ഞില്ല .പ്രളയത്തിൽ ആകട്ടെ ചോദിക്കേണ്ട ചോദ്യങ്ങൾ പ്രതിപക്ഷം ചോദിച്ചില്ല. പ്രതിപക്ഷ നേതാവ് ചെന്നിത്തല അന്ന് അതിര് കവിഞ്ഞു ശബരിമലയിൽ കേന്ദ്രീകരിച്ചു പ്രചാരണം നടത്തി . അധാർമ്മികമായി സോളാർ ലൈംഗീക ആരോപണം ഉമ്മൻ ചാണ്ടിക്ക് നേരെ ഉയർത്തിയതും അന്ന് ഭരണ തുടർച്ചക്ക് കാരണമായി .ആ പാർലമെന്ററി വ്യാമോഹത്തിന് വലിയ വില കൊടുക്കേണ്ടി വരുമെന്ന് കാലം തെളിയിച്ചു. കോവിഡിലെ ആരോഗ്യ മന്ത്രി കെ കെ ശൈലജയുടെ ഉയർച്ചക്ക് തടയിട്ടാണ് പിണറായി അന്ന് പൊൻതൂവൽ നേടിയത് .അവസാനം പേരാവൂരിൽ പ്രതീക്ഷിത പരാജയത്തിലേക്ക് അവരെ തള്ളി വിടുന്നത് വരെ കാര്യങ്ങൾ പോയി .പ്രമുഖരെ എല്ലാം പിന്നണിയിൽ ആക്കി പുതിയൊരു യുഗം പിണറായി കൊണ്ടു വന്നു .




**കിഫ്ബിയുടെ വിചിത്രജീവി പരസ്യം**

എന്തിനു പാർട്ടി തന്നെ പിണറായി ആയി മാറി .ജനവികാരം മാനിക്കാൻ തെല്ലെങ്കിലും തയാർ ആയത് ശബരിമല വിഷയത്തിലും കെ റെയിൽ വിഷയത്തിലും ആണ് . യഥാർഥത്തിൽ കെ റയിലിന് നേരെ ഉയർന്ന പ്രതിഷേധം ആയിരുന്നു പിണറായി സർക്കാരിന് നേരെ ഉയർന്ന ആദ്യ പ്രതിഷേധം .അത് ആശ വർക്കർമാരുടെ സമരത്തിൽ ചെന്ന് നിൽക്കുന്നു .ഇതിനെതിരെ അണികളിൽ നിന്ന് പോലും ശബ്ദം ഉയർന്നിട്ടും പിണറായി സർക്കാർ അറച്ചു നിന്നു .തെരഞ്ഞെടുപ്പു കാലത്തെ ചില അഭിമുഖങ്ങളിൽ മാത്രം പ്രത്യക്ഷപ്പെട്ട പിണറായിയുടെ സൗമ്യ മുഖം പ്രചരണത്തിൽ അഴിഞ്ഞു വീണു .ഒരു നേതാവിന്റെ ധാർഷ്ട്യം എത്ര അപകടകാരിയാണെന്ന് കാലം തെളിയിച്ചു ..

ഇതിനിടെയാണ് ന്യൂനപക്ഷവുമായി ഉള്ള അടുപ്പം തകർക്കുന്ന പ്രവർത്തനങ്ങൾ പിണറായി സർക്കാരിൽ നിന്നും ഉണ്ടായത്. ബി ജെ പിയുടെതിട്ടൂരവുമായി നടക്കുന്ന വെള്ളാപ്പള്ളി നടേശനെപോലെയുള്ളവരെ എന്തിനു പിണറായി പ്രീണിപ്പിച്ചു എന്നത് വിഷമകരമായ ഒരു ചോദ്യമാണ് .പൂരം കലക്കിയത് മറ്റൊരു വിഷമമായി മാറി.ന്യൂന പക്ഷ വിരുദ്ധ പ്രസ്താവനകൾ എം കെ ബാലൻ സ്വമേധയാ നൈസർഗീകമായി നടത്തുന്ന ഒന്നല്ലെന്ന് ജനങ്ങൾക്ക് ബോധ്യമായി .അതാണ് അഞ്ചു ജില്ലകളും എൽ ഡി എഫിൽ നിന്ന് ഒലിച്ചു പോകാൻ ഇടയാക്കിയത്

യു ഡി എഫ് ഇതെല്ലാം ആയുധമാക്കിയോ ?സംശയമാണ് .രമേഷ് ചെന്നിത്തല ചില വിഷയങ്ങളിൽ ശബ്ദമുയർത്തി .വി ഡി സതീശനും ചില ഇടപെടലുകൾ നടത്തി .പക്ഷെ രാഹുൽ മാങ്കൂട്ടത്തിൽ ലൈംഗീക ആരോപണ ക്കേസ് വന്നപ്പോൾ അദ്ദേഹം ഉറച്ച നിലപാട് നിലപാട് സ്വീകരിച്ചു അതെ പോലെ മുഖ്യമന്ത്രി തർക്കത്തിൽ തരൂർ ഒരു ഘടകമായപ്പോഴും അദ്ദേഹം സൌ



**ജി സുധാകരൻ**

മ്യമായ നിലപാട് സ്വീകരിച്ചു .
ഒരു അഴിമതി കേസും ലൈംഗീക ആരോപണവും അദ്ദേഹത്തിനു നേരെയില്ല .അതെ പോലെ പാർടിയിൽ ഒരു ബുദ്ധിജീവി പരിവേഷവും ഉണ്ട് താനും എല്ലാത്തിനും ഉപരി അദ്ദേഹമായിരുന്നു യു ഡി എഫിന്റെ പുതുയുഗ യാത്രയുടെ മുഖം .
ഒരു പക്ഷെ ഇന്നത്തെ പാർട്ടിയുടെ യഥാർത്ഥ മുഖവും .കപ്പിനും ചുണ്ടിനും ഇടയിൽ മുഖ്യമന്ത്രി പദം അദ്ദേഹത്തെ കൈവിട്ടു പോകുമോ എന്നാണു ഇനി അറിയാനുള്ളത് .

കെ സി വേണുഗോപാലിനെയും ചെന്നിത്തലയെയും പോലെയുള്ള നേതാക്കളെ സീനിയോറിറ്റിയും രാഹുലിനോടുള്ള അടുപ്പവും വെച്ചു ഉയർത്തി കാട്ടിയാലും സാധരണ വോട്ടർമാർക്ക് അത് ദഹിക്കണം എന്നില്ല.അവർപ യോഗ്ക്ഷെയർ ആയത് കൊണ്ടല്ല .പക്ഷെ പാർട്ടിക്ക് ഘടക കക്ഷികളുടെ പിന്തുണ ഉണ്ടെങ്കിൽ ആരെയും മുഖ്യമന്ത്രി ആക്കാം അത് അവരുടെ നിശ്ചയം . പക്ഷെ വോട്ടർമാരെ ഇനിയും അഭിമുഖീകരിക്കണം എന്ന് അവർ ഓർക്കണം .ഇങ്ങനെയൊരു കഷ്ടകാലത്തായിരുന്നു കേരള കോൺഗ്രസ് രൂപം കൊണ്ടത് .പക്ഷെ ഇന്ന് ബി ജെ പി ആണ് വിമതരുടെ അഭയ കേന്ദ്രം.

**കെ സി വേണുഗോപാലിനെയും ചെന്നിത്തലയെയും പോലെയുള്ള നേതാക്കളെ സീനിയോറിറ്റിയും രാഹുലിനോടുള്ള അടുപ്പവും വെച്ചു ഉയർത്തി കാട്ടിയാലും സാധരണ വോട്ടർമാർക്ക് അത് ദഹിക്കണം എന്നില്ല.പക്ഷെ പാർട്ടിക്ക് ഘടക കക്ഷികളുടെ പിന്തുണ ഉണ്ടെങ്കിൽ ആരെയും മുഖ്യമന്ത്രി ആക്കാം അത് അവരുടെ നിശ്ചയം .പക്ഷെ ജനത്തെ ഇനിയും കാണണമെന്ന് അവർ ഓർക്കണം**

യു ഡി എഫിന്റെ മിന്നുന്ന വിജയത്തിന് പിന്നിൽ ബി ജെപിയുടെ തിളക്കമാർന്ന പ്രകടനം ഉണ്ടെന്നു മറന്നു കൂടാ . ചില മണ്ഡലങ്ങളിൽ അവർ രണ്ടാമതോ അതിനു തൊട്ടടുത്തോ ആണ് .അവരുടെ വോട്ട് ശതമാനം 14 .2 ആണെങ്കിലും .

മാത്രമല്ല എന്താണ് കോൺഗ്രസ് ഒരു മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുന്നത് ?രാഹുലിനോടുള്ള അടുപ്പം ?നരച്ച തല ?വിധേയൻ?. അഞ്ചിന പരിപാടി നടപ്പാക്കിയാൽ പോരാ, കേരളത്തെ ഒരു പുതിയ നൂറ്റാണ്ടിലേക്ക് അയാൾ നയിക്കണം അതിനു പുതിയ ചിന്തയും കഴിവും ഉള്ള മിടുക്കരായ യുവാക്കൾ തന്നെ വേണം ഇന്ന് കോൺഗ്രസ്സിൽ ഒട്ടേറെ യുവാക്കൾ ഉണ്ട് . അവരെ കോൺഗ്രസ് പാർട്ടി ഉപയോഗിക്കണം ഇല്ലെങ്കിൽ മറ്റൊരു വിജയ് കേരളത്തിന്റെ രാഷ്ട്രീയം എന്നന്നേക്കുമായി മാറ്റി മറിക്കും ഫലത്തിൽ അത് ബി ജെപിക്ക് വഴി തെളിക്കും. അത് അറിയാത്തവരല്ല പല സംസ്ഥാനങ്ങൾ കൈവിട്ട കോൺഗ്രസ് നേത്രുത്വം . കോൺഗ്രസ്സിൻറെ എം പിമാരിൽ നല്ല പങ്കും ഇവിടെ നിന്നാണ് എന്നുഅവർ മറക്കുമെന്നു കരുതി കൂടാ .ഏതായാലും കൊട്ടാര വിപ്ലവം നടക്കില്ലെന്ന് ആശ്വസിക്കാം .പക്ഷെ കോൺഗ്രസ് അല്ലെ , ആർക്കും എന്തും ആഗ്രഹിക്കാം , എന്തും നടക്കാം ..

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.




ഇടതുപക്ഷ ജനാധിപത്യ മുന്നണി

# ചുവപ്പുകോട്ടകൾ തകരുമ്പോൾ

എസ് സുന്ദർദാസ്



നിയമസഭാതെരഞ്ഞെടുപ്പിന്റെ പ്രചാരണഘോഷങ്ങളും വോട്ടെടുപ്പും ഫലപ്രഖ്യാപനവും വിജയാഘോഷങ്ങളും കഴിഞ്ഞു. വൻ വിജയത്തോടെ അധികാരത്തിലെത്തിയ യു ഡി എഫ് സർക്കാർ രൂപീകരണത്തിന്റെ നൂലാമാലകളിലേക്ക് കടക്കുകയാണ്. പരാജയപ്പെടുകയും അധികാരം നഷ്ടപ്പെടുകയും ചെയ്ത എൽ ഡി എഫിന് ഇനി എന്താണ് ചെയ്യാനുള്ളത്? മുൻ നിയമസഭയിൽ 99 സീറ്റുകളുണ്ടായിരുന്ന അവരുടെ ഇപ്പോഴത്തെ അംഗബലം 35 മാത്രം.സി പി എം 26, സി പി ഐ 8, ആർ ജെ ഡി 1.ബാക്കി ഘടകകക്ഷികൾ നിയമസഭയെ സംബന്ധിച്ചിടത്തോളം അദൃശ്യരായിരിക്കുന്നു. മുന്നണിയെ നയിക്കുന്ന കക്ഷിയായ സി പി എമ്മിന്റെ നേതൃത്വം പരാജയകാരണങ്ങൾ വിശകലനം നടത്തുകയും പിഴവുകൾ തിരുത്തി മുന്നോട്ടുപോകുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഇത് പരാജയപ്പെടുമ്പോൾ അവർ ഉരുവിടുന്ന പതിവ് പല്ലവിയാണ്. എന്നാൽ ഈ പരാജയം ഒരു പതിവ് പരാജയമല്ല . പാർട്ടി കോട്ടകളുടെ അസ്ഥിവാരം തന്നെ ഇളകിപ്പോയ പരാജയമാണിത്.

> **ഇതുവരെ പരാജയമറിയാത്ത നിയോജകമണ്ഡലങ്ങളിൽ പാർട്ടി തറപറ്റി. പയ്യന്നൂർ, തളിപ്പറമ്പ്, അമ്പലപ്പുഴ എന്നീ മണ്ഡലങ്ങളിൽ സിപിഎമ്മിനെ പരാജയപ്പെടുത്തിയത് തെരഞ്ഞെടുപ്പിനോടടുത്ത ദിവസങ്ങളിൽ പാർട്ടിയോടിടഞ്ഞ് പുറത്തുവന്ന പാർട്ടിയിലെ പ്രമുഖരാണ്.**

ഇതുവരെ പരാജയമറിയാത്ത നിയോജകമണ്ഡലങ്ങളിൽ പാർട്ടി തറപറ്റി. പയ്യന്നൂർ, തളിപ്പറമ്പ്, അമ്പലപ്പുഴ എന്നീ മണ്ഡലങ്ങളിൽ സിപിഎമ്മിനെ പരാജയപ്പെടുത്തിയത് തെരഞ്ഞെടുപ്പിനോടടുത്ത ദിവസങ്ങളിൽ പാർട്ടിയോടിടഞ്ഞ് പുറത്തുവന്ന പാർട്ടിയിലെ പ്രമുഖരാണ്. അവർ നേടിയ വൻ വിജയം സൂചിപ്പിക്കുന്നത് യു ഡി എഫിന്റെ മാത്രമല്ല, സി പി എമ്മിലെ സാധാരണ പ്രവർത്തകരുടെ

വോട്ടും അവർക്ക് ലഭിച്ചു എന്നാണ്. ഈ മണ്ഡലങ്ങളിൽ മത്സരിച്ചുജയിച്ച വി കുഞ്ഞികൃഷ്ണൻ, ടി കെ ഗോവിന്ദൻ, ജി സുധാകരൻ മൂന്നുപേരും പ്രായം 70 കടന്നവർ. ദീർഘകാലം പാർട്ടിയിൽ പ്രമുഖസ്ഥാനങ്ങളിൽ പ്രവർത്തിച്ചവർ. പാർട്ടിയിൽ അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നതായി അവർ ആരോപിക്കുന്നു.

പാർട്ടി എം എൽ എ രക്തസാക്ഷി ഫണ്ട് തട്ടിയെടുത്തതായാണ് കുഞ്ഞികൃഷ്ണൻ ആരോപിക്കുന്നത്. പാർട്ടിയുടെ സംസ്ഥാനസെക്രട്ടറി നടത്തുന്ന സ്വജനപക്ഷപാതമായിരുന്നു ടി കെ ഗോവിന്ദൻ ഉന്നയിച്ച മുഖ്യആരോപണം. പാർട്ടിയുടെ ശക്തികേന്ദ്രമായ ആലപ്പുഴജില്ലയിൽ നടക്കുന്ന നെറികേടുകളെ വിമര്ശിച്ചുകൊണ്ടാണ് സുധാകരൻ രംഗത്തുവന്നത്. ഒരു നല്ല വിഭാഗം പാർട്ടിപ്രവർത്തകർ ഇവർ പറയുന്നത് വിശ്വസിക്കുന്നു എന്നാണ് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നത്.

മറ്റൊരു ചുവപ്പുകോട്ടയായി അറിയപ്പെടുന്ന തൃക്കരിപ്പൂരിൽ കോൺഗ്രസ് സ്ഥാനാർത്ഥി സന്ദീപ് വാരിയർ നേടിയ വിജയവും അമ്പരപ്പിക്കുന്നതാണ്. സമീപകാലത്ത്, ബി ജെ പി വിട്ട് കോൺഗ്രസ്സിൽ വന്ന സന്ദീപ് വാരിയരുടെ വിജയവും സി പി എം അണികളുടെ വോട്ടുകൾ കൊണ്ടുകൂടിയാണ്. ഈ വിജയങ്ങൾക്കും ആരോപണങ്ങൾക്കും യുക്തിസഹമായ, പരസ്യമായ ഒരു വിശദീകരണത്തിന് സി പി എം തയാറാവുകയില്ല.

എല്ലാം പാർട്ടിക്കുള്ളിൽ ചർച്ച ചെയ്യും എന്നാകും അവരുടെ നിലപാട്. എന്നാൽ പാർട്ടി നിലനിൽക്കണമെങ്കിൽ സാധാരണ പാർട്ടി പ്രവർത്തകരോട് ഇപ്പോഴത്തെ പ്രതിസന്ധി വിശദീകരിക്കേണ്ടിവരും. സിനിമയിൽ ശ്രീനിവാസന്റെ ഒരു കഥാപാത്രം പറഞ്ഞതുപോലെ താത്വികമായ അവലോകനമല്ലാതെ, എന്തുകൊണ്ട് തോറ്റുപോയി എന്ന് ലളിതമായി വിശദീകരിക്കേണ്ടിവരും.

**നേതാക്കളുടെ അഴിമതിയും സ്വജനപക്ഷപാതവും അധികാരമോഹവും ആണ് പാർട്ടിയെ ഈ നിലയിലേക്ക് എത്തിച്ചിരിക്കുന്നത്. ആദര്ശ രാഷ്ട്രീയം എന്നത് ആർക്കും വേണ്ടാതായിരിക്കുന്നു. എ കെ ജിയും ഇ എം എസ്സും ഒക്കെ പാർലമെന്ററി രാഷ്ട്രീയത്തെ എങ്ങനെയാണ് കൈകാര്യം ചെയ്തിരുന്നത്? ഇ കെ നായനാരും വി എസ് അച്യുതാനന്ദനും മുഖ്യമന്ത്രിമാരെന്ന നിലയിൽ എങ്ങനെ ഭരിച്ചു? ജീവിച്ചു?**

നേതാക്കളുടെ അഴിമതിയും സ്വജനപക്ഷപാതവും അധികാരമോഹവും ആണ് പാർട്ടിയെ ഈ നിലയിലേക്ക് എത്തിച്ചിരിക്കുന്നത്. ആദർശ രാഷ്ട്രീയം എന്നത് ആർക്കും വേണ്ടാതായിരിക്കുന്നു. എ കെ ജിയും ഇ എം എസ്സും ഒക്കെ പാർലമെന്ററി രാഷ്ട്രീയത്തെ എങ്ങനെയാണ് കൈകാര്യം ചെയ്തിരുന്നത്? ഇ കെ നായനാരും വി എസ് അച്യുതാനന്ദനും മുഖ്യമന്ത്രിമാരെന്ന നിലയിൽ എങ്ങനെ ഭരിച്ചു? ജീവിച്ചു? നായനാരെക്കുറിച്ചുള്ള ഒരു സംഭവം ഓർമ്മവരുന്നു.

ഞാൻ കണ്ണൂരിൽ പത്രപ്രവർത്തകനായിരിക്കെ ആയിരുന്നു നായനാരുടെ എഴുപതാം പിറന്നാൾ. നായനാർ അതൊന്നും ശ്രദ്ധിക്കുന്ന ആളല്ല. പത്രക്കാരും അതത്ര ശ്രദ്ധിച്ചില്ല. എങ്ങനെയോ ആ ദിവസം എന്റെ ശ്രദ്ധയിൽ വന്നു. നായനാരുടെ പത്നി ശാരദടീച്ചറുമായി സംസാരിച്ച് ഞാൻ ഒരു റിപ്പോർട്ട് തയാറാക്കി. തലേദിവസം തന്നെ ഒന്നാം പേജിൽ അത് വാർത്തയായി. അടുത്ത ദിവസം കണ്ണൂരിലുണ്ടായിരുന്ന അദ്ദേഹം പത്രക്കാരുടെ സംസാരിക്കുന്ന



തിനിടയിൽ ഈ പിറന്നാൾ കാര്യം ഞാൻ എടുത്തിട്ടു. അദ്ദേഹം ചോദിച്ചു : ‘ ഇതിലെന്ത് വാർത്ത? കമ്യൂണിസ്റുകാർക്ക് ഇത്തരം ആഘോഷങ്ങളൊന്നും ഇല്ലെന്നറില്ലേ? വേറെ പണിയൊന്നുമില്ലേ? ‘ ഇന്നും പാർട്ടി നേതാക്കൾ ഇത്തരം ആഘോഷങ്ങൾ നടത്താറില്ലെങ്കിലും ഭരണം തന്നെ ഒരാഘോഷമാക്കുന്നു. ആർഭാടങ്ങൾക്കായി കോടിക്കണക്കിന് സർക്കാർ പണം ചെലവിടുന്നു.

പത്തുവർഷത്തെ തുടർച്ചയായ ഭരണം എന്ന ’ചരിത്രനേട്ട’വുമായാണ് പിണറായി വിജയൻ അധികാരക്കസേരയിൽനിന്ന് ഇറങ്ങുന്നത്. എന്നാൽ ആ ഭരണംകൊണ്ട് ജനങ്ങൾക്ക് എന്ത് ഗുണമാണ് ഉണ്ടായത് ? ജീവിത സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ടോ? വിലക്കയറ്റം നിയന്ത്രിക്കാനോ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനോ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനോ കഴിഞ്ഞിട്ടുണ്ടോ? സർക്കാർ തന്നെ തയാറാക്കുന്ന പ്രോഗ്രസ് റിപ്പോർട്ടിൽ ഇതിലൊക്കെ 100 മാർക്ക് വിജയം കാണാമെങ്കിലും ജനങ്ങളുടെ അനുഭവം എന്താണ്? ജനങ്ങൾ തങ്ങളുടെ അനുഭവം സാക്ഷ്യപ്പെടുത്തിയതാണ് ഈ തെരഞ്ഞെടുപ്പ് ഫലം. എല്ലാം ഭദ്രമാണെന്ന് പിണറായി സർക്കാർ പറയുമ്പോഴും ഒന്നും ഭദ്രമല്ലെന്നാണ് ഈ ഫലം വ്യക്തമാക്കുന്നത്.

സി പിഎം നേതൃത്വം ഇപ്പോഴത്തെ പ്രതിസന്ധിയിൽ നിന്ന് പാർട്ടിയെ എങ്ങനെ വീണ്ടെടുക്കും? ഇപ്പോൾ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും പാർട്ടിക്ക് ഭരണമോ ഭരണപങ്കാളിത്തമോ ഇല്ല. തമിഴ്നാട് അടക്കം ചില സംസ്ഥാനങ്ങളിൽ ഒന്നോ രണ്ടോ നിയമസഭാസീറ്റുകൾ മാത്രം.

**ബംഗാളും ത്രിപുരയും കൈവിട്ടപോലെ കേരളവും സി പി എമ്മിനെ കൈവിടുകയാണോ? എങ്കിൽ നിലനിൽപ്പിന്റെ പ്രശ്നമാണ് സി പി എം ഇപ്പോൾ നേരിടുന്നത്. ഈ പ്രശനം നേരിടാൻ ആദ്യം വേണ്ടത് കേരളത്തിൽ വേരറ്റുപോകാതെ ഇരിക്കുക എന്നതാണ്. കോൺഗ്രസ്സിനെ നിയമസഭയിലെ 9 സീറ്റുകളിൽനിന്നും കെ കരുണാകരൻ പിടിച്ചുയർത്തിയ കഥ അറിയാമല്ലോ. അതുപോകട്ടെ. കഴിഞ്ഞ 10 വർഷമായി അധികാരത്തിൽനിന്ന് അകറ്റിനിർത്തപ്പെട്ട കോൺഗ്രസ്സിനെ തിരിച്ചുകൊണ്ടുവരാൻ പ്രതിപക്ഷനേതാവ് വി ഡി സതീശൻ നടത്തിയ ഭഗീരഥപ്രയത്നം നാമെല്ലാം കണ്ടതല്ലേ. അങ്ങിനെ ആരുണ്ട് പരാജയത്തിന്റെ ഈ പടുകുഴിയിൽനിന്ന് സി പി എമ്മിനെ കരകയറ്റാൻ?**

പാർലമെന്റിന്റെ കാര്യമെടുത്താൽ നിലവിലെ ലോക്സഭയിൽ 4 അംഗങ്ങൾ(കേരളം 1, തമിഴ്നാട് 2, രാജസ്ഥാൻ 1). രാജ്യസഭയിൽ 3 അംഗങ്ങൾ. തമിഴ്നാട്ടിൽ ഡി എം കെ നിയമസഭാതെരഞ്ഞെടുപ്പിൽ തകർന്നടിഞ്ഞതോടെ അവരുടെ ഔദാര്യത്തത്തിൽ ഇനി അടുത്ത തവണ ലോകസഭയിലേക്ക് ജയിച്ച് കയറാൻ സാധിക്കുമോ എന്ന സംശയം. നിലവിലെ രാജ്യസഭാംഗങ്ങളുടെ കാലാവധി കഴിയുന്ന മുറക്ക് പകരം ആളെ കയറ്റിവിടാൻ കേരളം നിയമസഭയിൽ നിലവിലെ അംഗബലം മതിയാകുമോ?

ബംഗാളും ത്രിപുരയും കൈവിട്ടപോലെ കേരളവും സി പി എമ്മിനെ കൈവിടുകയാണോ? എങ്കിൽ നിലനിൽപ്പിന്റെ പ്രശ്നമാണ് സി പി എം ഇപ്പോൾ നേരിടുന്നത്. ഈ പ്രശനം നേരിടാൻ ആദ്യം വേണ്ടത് കേരളത്തിൽ വേരറ്റുപോകാതെ ഇരിക്കുക എന്നതാണ്. കോൺഗ്രസ്സിനെ നിയമസഭയിലെ 9 സീറ്റുകളിൽനിന്നും കെ കരുണാകരൻ പിടിച്ചുയർത്തിയ കഥ അറിയാമല്ലോ. അതുപോകട്ടെ. കഴിഞ്ഞ 10 വർഷമായി അധികാരത്തിൽനിന്ന് അകറ്റിനിർത്തപ്പെട്ട കോൺഗ്രസ്സിനെ തിരിച്ചുകൊണ്ടുവരാൻ പ്രതിപക്ഷനേതാവ് വി ഡി സതീശൻ നടത്തിയ ഭഗീരഥ പ്രയത്നം നാമെല്ലാം കണ്ടതല്ലേ. അങ്ങിനെ ആരുണ്ട് പരാജയത്തിന്റെ ഈ പടുകുഴിയിൽനിന്ന് സി പി എമ്മിനെ കരകയറ്റാൻ? താപ്പാനകൾ നിരന്നുനിൽക്കുന്ന പാർട്ടിയുടെ നേതൃനിരയാകെ പുതുക്കിപ്പണിയുക ഒട്ടും എളുപ്പമല്ല. താത്വികാവലോകങ്ങളെല്ലാം മാറ്റിവെച്ച് പാർലമെന്ററി രാഷ്ട്രീയത്തിന്റെ തന്ത്രങ്ങൾ കൊണ്ടുവേണം ഇവിടെ പയറ്റാൻ.

ഇത്രയും സിപിഎമ്മിന്റെ കാര്യം. കൂടെയുള്ള സി പി ഐയുടെ കാര്യമോ? അവർ സി പി എമ്മിന്റെ മാറ്റം കണ്ടുപഠിച്ചുകൊള്ളും. മുന്നണിയിലെ ഏകാംഗകക്ഷികൾ മിക്കതും തോറ്റുപോയി. അവരെ ഇനി പേറാതിരിക്കുകയാണ് നല്ലത്. മെസ്സിയെ കേരളത്തിൽ കൊണ്ടുവന്ന കളിപ്പിക്കാമെന്നുപറഞ്ഞ് ഒരു മന്ത്രി സർക്കാരിനെ ആകെ അപഹാസ്യമാക്കി. മറ്റൊരു മന്ത്രി പെണ്ണുകേസിലൊക്കെപ്പെട്ട് സർക്കാരിനെ നാണംകെടുത്തി. ഇനിയും മറ്റൊരുമന്ത്രി അടിവസ്ത്ര ക്കേസിൽപെട്ട് ശിക്ഷ ഏറ്റുവാങ്ങി. ഈ ഉണങ്ങിയ കൊമ്പുകളൊക്കെ മുറിച്ചുമാറ്റി പാർട്ടിയുടെ ചുവട്ടിൽ വെള്ളവും വളവും നല്കുക ; എങ്കിൽ കേരളത്തിലെങ്കിലും അത് തഴച്ചുവളരാം. അല്ലെങ്കിൽ.....

# Advertise with us to reach

# 10 MILLION+ VIEWERS!



The Power of Television

News Portals

Social Media

eMail Marketing

(combined)

All in one! Simple Package Low Cost!

Plus

Social Media

Newsletter

**eMalayalee | IndiaLife**
**Pravasi Channel**

eMail Blast to 100,000 eMails

emalayalee.com

INDIA LIFE TV HD
www.indialife.tv

INDIA LIFE
www.indialife.us

pravasi CHANNEL HD

## 2026 Special Ad Rates

Call Media Logistics Inc.

1-917-662-1122 (USA) | 91 999 561 1116 (India)



എം.കെ നാരായണമൂർത്തി




**നേതൃത്വത്തിനെതിരെ നടപടിയെടുത്ത് അണികൾ**

## സിപിഎം

# പിണറായിയുടെ പതനം !

അണികൾ നേതൃത്വത്തെ തിരുത്തുമെന്നാണ് പയ്യന്നൂരിലെ നിയുക്ത എം.എൽ.എയും സി.പി.എമ്മിന്റെ മുൻകാല നേതാവുമായ കുഞ്ഞികൃഷ്ണൻ തന്റെ പുസ്തകത്തിന് നൽകിയ പേര്. അക്ഷരാർത്ഥത്തിൽ കേരളത്തിലെ സി.പി.എം അണികൾ ആ തിരുത്തൽ പ്രക്രിയയുടെ ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. ഇടതുപക്ഷ നിലപാടുകളിൽ നിന്നും പാർട്ടി നേതൃത്വം അകലുന്ന കാഴ്ച വേദനയോടെ ഇത്രകാലം നോക്കി നിന്ന സാധാരണ പ്രവർത്തകർ പാർട്ടിയെ അത്തരം നിലപാടുകാരിൽ നിന്നും രക്ഷിച്ചെടുക്കാൻ തീരുമാനിച്ചതിന്റെ പ്രതിഫലനമാണ് പിണറായി വിജയന്റെ പതനം.

തീർച്ചയായും സി.പി.എം എന്ന പാർട്ടിക്ക് കേരളത്തിൽ യാതൊരു പ്രശ്നവും സംഭവിച്ചിട്ടില്ല. യു.ഡി.എഫിന് നൂറിന് മുകളിൽ സീറ്റ് ലഭിച്ചത് കഴിഞ്ഞ പത്ത് വർഷം കോൺഗ്രസ്സോ മുസ്ളീം ലീഗോ

**ഇടതുപക്ഷ നിലപാടുകളിൽ നിന്നും പാർട്ടി നേതൃത്വം അകലുന്ന കാഴ്ച വേദനയോടെ ഇത്രകാലം നോക്കി നിന്ന സാധാരണ പ്രവർത്തകർ പാർട്ടിയെ അത്തരം നിലപാടുകാരിൽ നിന്നും രക്ഷിച്ചെടുക്കാൻ തീരുമാനിച്ചതിന്റെ പ്രതിഫലനമാണ് പിണറായി വിജയന്റെ പതനം.**

കേരളത്തിൽ ജനനന്മയ്ക്കായി പ്രത്യേകിച്ച് ഒന്നും ചെയ്തിട്ടുമല്ല. പിണറായി വിജയൻ എന്ന മുൻമുഖ്യമന്ത്രിയും ഞാനും എന്റെ ഓളും എന്ന മനോഭാവത്തിൽ രാഷ്ട്രീയ തീരുമാനങ്ങളെടുത്ത സി.പി.എം കേരള സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും ചേർന്ന ദ്വയത്തിനു മാത്രമാണ് എൽ.ഡി.എഫിന് അധികാര നഷ്ടം ഉണ്ടായതിന്റെ ഉത്തരവാദിത്വം.

സ്വരാജിനെ പോലുള്ള താത്വികാചാര്യന്മാർ ദയവായി ഇടതുപക്ഷത്തിന്റെ തോൽവി ജനത്തിന് പറ്റിയ അബദ്ധമാണെന്ന് നാളെ പറയരുത്. സി.പി.എമ്മിനേയും എൽ.ഡി.എഫിനേയും അധികാരത്തിൽ നിന്നും മാറ്റിനിറുത്താൻ തീരുമാനിച്ചത് ഈ നാട്ടിലെ സാധാ

**പിണറായി വിജയൻ എന്ന മുൻ മുഖ്യമന്ത്രിയും ഞാനും എന്റെ ഓളും എന്ന മനോഭാവത്തിൽ രാഷ്ട്രീയ തീരുമാനങ്ങളെടുത്ത സി.പി.എം കേരള സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും ചേർന്ന ദ്വയത്തിനു മാത്രമാണ് എൽ.ഡി.എഫിന് അധികാര നഷ്ടം ഉണ്ടായതിന്റെ ഉത്തരവാദിത്വം.**


രണക്കാരാണ്. ഇക്കുറിയെങ്കിലും അത് ചെയ്തില്ലെങ്കിൽ ചെങ്കൊടിയുടെ പവിത്രത പിണറായിയും സംഘവും നഷ്ടപ്പെടുത്തുമെന്ന് അവർ ഭയപ്പെടുന്നു.

തെരഞ്ഞെടുപ്പ് കാലത്ത് കണ്ണൂർ രാഷ്ട്രീയം അടുത്തു നിന്ന് കണ്ടയാളാണ് ഞാൻ.ഓരോ സഖാക്കളും പരസ്പരം ഭീതിയോടെ വീക്ഷിക്കുന്ന വിചിത്രാവസ്ഥയും ഞാൻ കണ്ടു. നേതാക്കൾ അണികളെ പരസ്പരം സ്നേഹിക്കുന്നതിനും കരുതുന്നതിനും പകരം സംശയത്തിന്റെ പിന്നാമ്പുറത്തേക്ക് തള്ളിയിടുന്ന ഈ ഫാസിസ്റ്റ് രീതി പിണറായി വിജയൻ അടക്കമുള്ള നേതാക്കൾ അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി മാത്രം സി.പി.എം അണികളിലേക്ക് കുത്തിവച്ചതാണ്.

അണികളെ വെറും പിണിയാളുകളായി മാറ്റാനുള്ള നേതൃത്വത്തിന്റെ ശ്രമത്തെ ആദ്യമൊക്കെ അവഗണിച്ചെങ്കിലും ആ ശ്രമങ്ങൾ എല്ലാ പരിധികളും വിട്ടപ്പോൾ അവർ പ്രതികരിച്ചു. തളിപ്പറമ്പിൽ കെ.ഗോവിന്ദന് വോട്ടു ചെയ്യുമെന്ന് കടുത്ത സി.പി.എം അനുഭാവിയായ ഒരാൾ ഈ ലേഖകനോട് നേരിട്ടു പറഞ്ഞപ്പോഴാണ് സി.പി.എമ്മിനെ സ്നേഹിക്കുന്നവർ അവർ കെട്ടിയെഴുന്നള്ളിക്കുന്ന പല നേതാക്കളേയും വെറുക്കുന്നു







എന്ന് മനസ്സിലായത്.പയ്യന്നൂർ പോലൊരു ഉറച്ച മണ്ഡലത്തിൽ വിമതനായി കുഞ്ഞിക്കണ്ണൻ മൽസരിച്ചപ്പോൾ സ്വരാജിനെ പോലുള്ള യുവനിരയിൽ നിന്നുണ്ടായ നിലവാരമില്ലാത്ത പ്രതികരണങ്ങൾ പയ്യന്നൂരിൽ മാത്രമല്ല മറ്റ് സി.പി.എം കേന്ദ്രങ്ങളിൽ പോലും മോശമായ പ്രതികരണമാണ് ഉണ്ടാക്കിയത്. പാർട്ടിയുടെ ഏറ്റവും ഉയർന്ന ഘടകമാണ് രക്താസാക്ഷികൾ. ആ രക്തസാക്ഷി ഫണ്ടിൽ തിരിമറി നടത്തിയെന്നാണ് കുഞ്ഞികൃഷ്ണൻ ആരോപിച്ചത്. ആ ആരോപണത്തെ നിസ്സാരവൽക്കരിക്കാൻ കണ്ണൂരിലെ സി.പി.എം നേതാക്കൾ തയ്യാറായപ്പോഴാണ് കുഞ്ഞികൃഷ്ണൻ മൽസരത്തിനിറങ്ങിയത്.

ഇത്തരത്തിലുള്ള മൂല്യശോഷണത്തെ തടയാനുള്ള ഏകമാർഗ്ഗം അധികാരത്തിൽ സ്വന്തം പാർട്ടിയെ അകറ്റി നിറുത്തുന്നതാണ് നല്ലതെന്ന് സാധാരണ സഖാക്കൾ ചിന്തിക്കുമെന്ന് മനസ്സിലാക്കാൻ പിണറായി വിജയനും സംഘത്തിനും സാധിച്ചില്ല. അവർ പാർട്ടിയിൽ നിന്നും എത്ര അകന്നുപോയി എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്. കേരളത്തിൽ വി

**പയ്യന്നൂർ പോലൊരു ഉറച്ച മണ്ഡലത്തിൽ വിമതനായി കുഞ്ഞിക്കണ്ണൻ മൽസരിച്ചപ്പോൾ സ്വരാജിനെ പോലുള്ള യുവനിരയിൽ നിന്നുണ്ടായ നിലവാരമില്ലാത്ത പ്രതികരണങ്ങൾ പയ്യന്നൂരിൽ മാത്രമല്ല മറ്റ് സി.പി.എം കേന്ദ്രങ്ങളിൽ പോലും മോശമായ പ്രതികരണമാണ് ഉണ്ടാക്കിയത്. പാർട്ടിയുടെ ഏറ്റവും ഉയർന്ന ഘടകമാണ് രക്താസാക്ഷികൾ. ആ രക്തസാക്ഷി ഫണ്ടിൽ തിരിമറി നടത്തിയെന്നാണ് കുഞ്ഞിക്കണ്ണൻ ആരോപിച്ചത്. ആ ആരോപണത്തെ നിസ്സാരവൽക്കരിക്കാൻ കണ്ണൂരിലെ സി.പി.എം നേതാക്കൾ തയ്യാറായപ്പോഴാണ് കുഞ്ഞിക്കണ്ണൻ മൽസരത്തിനിറങ്ങിയത്.**

കസന പ്രവർത്തനങ്ങൾക്കൊപ്പം രാഷ്ട്രീയ നൈതികതയും ഭരിക്കുന്നവർക്ക് ഉണ്ടാകണമെന്ന് കേരളം പല തവണ കാണിച്ചു കൊടുത്തിട്ടുള്ളതാണ്. പക്ഷേ താൻ പോരിമയും താനാണ് പാർട്ടിയെന്ന തെറ്റായ വിചാരവും പിണറായിയേയും എം.വി ഗോവിന്ദനേയും സമൂഹമധ്യത്തിൽ അവഹേളിതരാക്കി. പാർട്ടിയിൽ അഭിപ്രായ വ്യത്യാസങ്ങൾ തുറന്നു പറയുന്നവരെ ശത്രുക്കളാക്കി.

മട്ടന്നൂരിൽ ഇതിനു മുന്നിലത്തെ തെരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയ കെ.കെ ശൈലജ ടീച്ചറെ ജയസാധ്യത തീരെ കുറഞ്ഞ പേരാവൂരിലേക്ക് മാറ്റിയത് പിണറായി വിജയന്റെ മാത്രം നിർബന്ധമായിരുന്നു. ശൈലജ ടീച്ചറുടെ പ്രതിച്ഛായയെ എന്നും പിണറായി വിജയൻ ഭയന്നിരുന്നു. ഇത്തരം ഭയങ്ങളിൽ നിന്നും പിണറായി വിജയൻ എടുത്ത തീരുമാനങ്ങൾ ഒരിക്കലും ഒരു കമ്മ്യൂണിസ്റ്റ് സ്വഭാവം ഉള്ളതായിരുന്നില്ല.

തനിക്ക് മുകളിൽ പാർട്ടിയിൽ ആരും വളരരുത് എന്ന് തീരുമാനിക്കാനുള്ള അവകാശം പിണറായി വിജയന് വിട്ടു കൊടുത്ത സി.പി. എമ്മിന്റെ ദേശീയ നേതൃത്വത്തിനും ഈ തോൽവിയിൽ ഉത്തരവാദിത്വമുണ്ട്. തിരുത്തേണ്ട സമയത്ത് പിണറായി വിജയനെ തിരുത്താൻ പോളിറ്റ് ബ്യൂറോയ്ക്ക് സാധിച്ചില്ല. സംസ്ഥാനത്ത് പാർട്ടിയെന്ന നിലയിൽ എടുത്ത തീരുമാനങ്ങളെല്ലാം പിണറായി വിജയന്റെ തീരുമാനങ്ങളായിരുന്നു. കോടിയേരിയുടെ മരണശേഷം ആ പ്രവണത വല്ലാതെ വർദ്ധിച്ചു.

കണ്ണൂരിൽ കെ.കെ രാഗേഷിനെ ജില്ലാസെക്രട്ടറിയാക്കാനുള്ള ചർച്ചകൾ വന്നപ്പോൾ തന്നെ കണ്ണൂരിലെ ഭൂരിഭാഗം ഏരിയാ കമ്മിറ്റി സെക്രട്ടറിമാരും അവരുടെ വിയോജിപ്പ് അറിയിച്ചിരുന്നു. കണ്ണൂർ രാഷ്ട്രീയത്തിൽ വലിയ സ്വാധീനമുള്ള പി.ജയരാജനെ മാറ്റി നിറുത്താനുള്ള പിണറായിയുടെ തീരുമാനത്തിന് പാർട്ടിസംവിധാനം ഉപയോഗിക്കാൻ മാത്രമാണ് കെ.കെ രാഗേഷിനെ വേഷം കെട്ടിച്ചിരിക്കുന്നതെന്ന് കണ്ണൂർ രാഷ്ട്രീയം പഠിക്കുന്ന ആർക്കും മനസ്സിലാകും.

പണത്തിന്റെ സ്വാധീനത്തിൽ പാർട്ടിയെ നിയന്ത്രിക്കാമെന്ന നിയോലിബറൽ തന്ത്രം പിണറായി വിജയൻ സി.പി.എമ്മിനുള്ളിൽ ഗ്രൂപ്പിസം കത്തിനിന്ന കാലത്ത് എടുത്തുപയോഗിച്ചിരുന്ന ഒന്നാണ്. എല്ലാക്കാലവും അത് നടപ്പിലാക്കാൻ കഴിയുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ കിച്ചൺ കാബിനറ്റിൽ പ്രവർത്തിച്ചിരുന്നവരും അദ്ദേഹത്തെ അങ്ങനെയാണ് വിശ്വസിപ്പിച്ചിരുന്നത്.

**തനിക്ക് മുകളിൽ പാർട്ടിയിൽ ആരും വളരരുത് എന്ന് തീരുമാനിക്കാനുള്ള അവകാശം പിണറായി വിജയന് വിട്ടു കൊടുത്ത സി.പി. എമ്മിന്റെ ദേശീയ നേതൃത്വത്തിനും ഈ തോൽവിയിൽ ഉത്തരവാദിത്വമുണ്ട്. തിരുത്തേണ്ട സമയത്ത് പിണറായി വിജയനെ തിരുത്താൻ പോളിറ്റ് ബ്യൂറോയ്ക്ക് സാധിച്ചില്ല. സംസ്ഥാനത്ത് പാർട്ടിയെന്ന നിലയിൽ എടുത്ത തീരുമാനങ്ങളെല്ലാം പിണറായി വിജയന്റെ തീരുമാനങ്ങളായിരുന്നു. കോടിയേരിയുടെ മരണശേഷം ആ പ്രവണത വല്ലാതെ വർദ്ധിച്ചു.**

ഒരു ലിബറൽ സോഷ്യലിസ്റ്റ് സ്വാഭാവമാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുള്ളതെന്ന കാര്യം പിണറായിയ്ക്കും അനുചരവൃന്ദത്തിനും അറിയാഞ്ഞിട്ടല്ല. അതിൽ നിന്നും ഒരു സ്റ്റാലിനിസ്റ്റ് സ്വഭാവമുള്ള ഏകാധിപത്യ മാർഗ്ഗത്തിലേക്ക് പാർട്ടിയേയും ഭരണത്തേയും കൊണ്ടു വരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അഭിനവ പുടിനാകാനുള്ള ആ ശ്രമത്തിനാണ് ഇപ്പോൾ സി.പി.എം അണികൾ തടയിട്ടിരിക്കുന്നത്.

സംസ്ഥാന കമ്മിറ്റിയേയും സംസ്ഥാന സെക്രട്ടറിയേറ്റിനേയുമൊക്കെ തട്ടിൻപുറത്തിരുത്തി അവർ നേരിട്ട് പിണറായി വിജയനെതിരേയും ശ്യാമളയെ തളിപ്പറമ്പിൽ തോൽപ്പിച്ചു കൊണ്ട് ഗോവിന്ദനെതിരെയും നടപടി എടുത്തിരിക്കുന്നു. പാർട്ടി ഗ്രാമങ്ങളിൽ കനത്ത രീതിയിൽ തിരിച്ചടിയേറ്റിട്ടുണ്ട്. പല പാർട്ടി ഗ്രാമങ്ങളിലും നോട്ടയുടെ എണ്ണം അമ്പരിപ്പിക്കുന്നതാണ്. ചിഹ്നം മാറി വോട്ടു രേഖപ്പെടുത്താൻ തയ്യാറാകാത്തവർ അവർ തങ്ങളുടെ പ്രതിഷേധം നോട്ടയിലൂടെ രേഖപ്പെടുത്തി.

ഇടതുപക്ഷത്തിന് കാര്യമായ സ്വാധീനമുള്ള നേമം,കഴക്കൂട്ടം,ചാത്തന്നൂർ മണ്ഡലങ്ങളിൽ ബി.ജെ.പി കടന്നു കൂടിയിരിക്കുന്നത് കേരളരാഷ്ട്രീയത്തിൽ പുതിയ ധാരകൾ രൂപപ്പെടുത്തും. അതിനെ ചെറുക്കാൻ കോൺഗ്രസ്സിന് ശേഷിയില്ല. എന്നു മാത്രമല്ല ഈ മണ്ഡലങ്ങളിലെ പല കോൺഗ്രസ്സുകാരും ബി.ജെ.പി ക്യാമ്പിൽ ഉടനടിയെത്തുകയും ചെയ്യും. മഞ്ചേശ്വരത്ത് കെ.സുരേന്ദ്രൻ പരാജയപ്പെട്ടത് എൽ.ഡി.എഫ് വോട്ടുകൾ യു.ഡി.എഫിലേക്ക് കൂട്ടത്തോടെ ഒഴുകിയത് കൊണ്ടാണ്.

എല്ലാക്കാലവും അത് നടക്കണമെന്നില്ല. സി.പി.എമ്മിന്റെ കേന്ദ്ര നേതൃത്വം ഇത് ഗൗരവമായി കണ്ടില്ലെങ്കിൽ സി.പി.എം അണികളിൽ നിന്നും ബി.ജെ.പിയിലേക്കുള്ള ചോർച്ചയും തടയാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. പാഠങ്ങൾ പഠിക്കാനുള്ളതാണെന്ന മിനിമം ബോധം സി.പി.എമ്മിന്റെ അണികൾക്കുണ്ട്. നേതാക്കൾക്കും ഉണ്ടായാൽ നല്ലത്.




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



● തമിഴ് നാട് നിയമസഭാതെരഞ്ഞെടുപ്പ്

# സിംഹഗർജ്ജനവുമായി സിംഗിളായി വിജയ്

**രണ്ടു വർഷം മുമ്പ് സിനിമയിൽനിന്ന് കയറിവന്ന ജോസഫ് സി വിജയ് ദ്രാവിഡത്തനിമയുടെ ശക്തമായ അടിത്തറ തകർത്തുകൊണ്ടാണ് രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. 234 സീറ്റുകളിൽ 107 സീറ്റുകൾ കരസ്ഥമാക്കിക്കൊണ്ട് ടിവികെ തേരോട്ടം നടത്തിയപ്പോൾ വാസ്തവത്തിൽ ഞെട്ടിപ്പോയത് പാരമ്പര്യത്തിന്റെ പട്ടു കുപ്പായവുമണിഞ്ഞ് രാഷ്ട്രീയം കയ്യാളിയിരുന്ന വേതാളങ്ങളായിരുന്നു**

◉ പി കെ ശ്രീനിവാസൻ

ഇത് അത്ഭുതങ്ങളുടേയും അമ്പരപ്പുകളുടേയും കാലമാണ്. സംഭവിച്ചുകഴിഞ്ഞതിനു ശേഷം മാത്രമേ നേതാക്കൾക്ക് അത് ബോധ്യമാകുകയുള്ളു. നടൻ ജോസഫ് സി വിജയിൻറെ ടിവികെയുടെ (തമിഴക വെട്രി കഴകം) വമ്പൻ വിജയവും മുഖ്യമന്ത്രി മുത്തുവേൽ കരുണാനിധി സ്റ്റാലിന്റെ സിംഹാസനത്തിൽ നിന്നുള്ള വീഴ്ചയും തമിഴകത്തെ എന്നല്ല ഇന്ത്യൻ രാഷ്ട്രീയത്തെത്തന്നെ തകിടം മറിച്ചിരിക്കുന്നു. അമ്പതിലേറെ വർഷങ്ങളായി ദ്രാവിഡകക്ഷികൾ മാറിമാറി ഭരണക്കസേര കൈക്കലാക്കുന്ന തമിഴ്നാട്ടിൽ അതിനെയൊക്കെ നിർദ്ദയം തകർക്കുന്ന മട്ടിലാണ് നടൻ വിജയുടെ



കടന്നുവരവ്. ഈ വിജയം ടിവികെയുടെ അണികളേയും അമ്പരപ്പിച്ചിട്ടുണ്ട്. രണ്ടു വർഷം മുമ്പ് സിനിമയിൽനിന്ന് കയറിവന്ന ജോസഫ് സി വിജയ് ദ്രാവിഡത്തനിമയുടെ ശക്തമായ അടിത്തറ തകർത്തുകൊണ്ടാണ് രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. ദ്രാവിഡനാടിന്റെ ശക്തനായ മുഖ്യമന്ത്രി സ്റ്റാലിനെപ്പോലും ഗോദയിൽ നിലംപരിശാക്കാൻ മപ്പടിച്ചിറങ്ങിയ വിജയ്ന്റെ ആത്മവിശ്വാസത്തെയാണ് നാം സമ്മതിക്കേണ്ടത്. 34.90 ശതമാനം വോട്ടുകൾ നേടി ദ്രാവിഡകക്ഷികളെ മുട്ടുകുത്തിക്കുമ്പോൾ രണ്ടാം സ്ഥാനത്തെത്തിയ ഡിഎംകെക്ക് 31.39 ശതമാനം വോട്ടുകൾ മാത്രമാണ് നേടാൻ കഴിഞ്ഞത്.

234 സീറ്റുകളിൽ 107 സീറ്റുകൾ കരസ്ഥമാക്കിക്കൊണ്ട് ടിവികെ തേരോട്ടം നടത്തിയപ്പോൾ വാസ്തവത്തിൽ ഞെട്ടിപ്പോയത് പാരമ്പര്യത്തിന്റെ പട്ടു കുപ്പായവുമണിഞ്ഞ് രാഷ്ട്രീയം കയ്യാളിയിരുന്ന വേതാളങ്ങളായിരുന്നു. ഡിഎംകെയുടെ ഉരുക്കുകോട്ടകളെ പോലും വിറപ്പിക്കുന്ന തരത്തിലാണ് വിജയ് മുന്നേറിയത്.

വർഷങ്ങളായി ചെന്നൈ നഗരത്തിലെ ഡിഎംകെ കോട്ടകളായിരുന്ന 16 മണ്ഡലങ്ങളിൽ പതിനാലിലും ടിവികെ വിജയം കൈവരിച്ചു. സ്റ്റാലിൻ കുളത്തൂരിൽ വമ്പൻ പരാജയം വരിച്ചു. ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിനും മന്ത്രി ശേഖർബാബുവും മാത്രമാണ് നഗരത്തിൽ കഷ്ടിച്ച് രക്ഷപ്പെട്ടത്. ജനനായകനെന്ന പേരും പെരുമയും മതനിരപേക്ഷകനെന്നുമൊക്കെയുള്ള പരിവേഷം തന്നെ ജയിപ്പിക്കുമെന്ന മൂഢവിശ്വാസമാണ് സ്റ്റാലിനെ തകർത്തുകളഞ്ഞത്. സ്റ്റാലിൻ മാത്രമല്ല പതിനഞ്ചു മന്ത്രിമാരും തോറ്റു തുന്നംപാടി.

പത്തോളം എക്സിറ്റ് പോളുകളിൽ എട്ട് എണ്ണത്തിലും ഡിഎംകെ വിജയിക്കുംമെന്നാണ് പ്രവചിച്ചിരുന്നത്. ആക്സിസ് മൈ ഇന്ത്യ മാത്രമാണ് വിജയുടെ ടിവികെക്ക് ഭൂരിപക്ഷം ഉണ്ടാകുമെന്ന് പ്രവചിച്ചത്. 98 മുതൽ 120 വരെ സീറ്റുകൾ കിട്ടുമെന്നാണ് എക്സിറ്റ് പോളുകളിൽ കണ്ടത്. 10 എക്സിറ്റ് പോളുകളിൽ നാലോളം സംഘങ്ങൾ വിജയിന് 10 സീറ്റ് പോലും ലഭിക്കില്ല എന്നാണ് പ്രവചിച്ചത്. ജെവിസി (37) മാട്രിസ് (1012), പീപ്പിൾസ് പൾസ് (03) പി മാർക്ക് (14), കാമാക്യ അനലറ്റിക്സ് (0), പീപ്പിൾസ് ഇൻസൈറ്റ് (1014), പ്രജാ പോൾ (0), സിഎൻഎൻ ന്യൂസ് 18 (4), പോൾ ഓഫ് പോൾസ് (4), എൻഡിടിവി (4) എന്നിവരായിരുന്നു പ്രവചനം നടത്തിയ മറ്റ് എക്സിറ്റ് പോൾ ഏജന്റുമാർ. അവരുടെ കണക്കുകൂട്ടലുകൾ മാത്രമല്ല മറ്റ് മാധ്യമങ്ങളുടെ റിപ്പോർട്ടുകളെയും അട്ടിമറിച്ചുകൊണ്ടാണ് വിജയ് തന്റെ നില ഉറപ്പിച്ചിരിക്കുന്നത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ട് മുന്നണികൾ മത്സരിച്ചപ്പോൾ ടിവികെ ഒറ്റയ്ക്കാണ് മത്സരത്തിനിറങ്ങിയത്. 234 സീറ്റുകളിൽ മന്ത്രിസഭ രൂപീകരിക്കാൻ 118 സീറ്റുകളാണ് വേണ്ടത്. പതിനൊന്നു എംഎൽഎമാരുടെ പിന്തുണകൂടി ഉണ്ടായാൽ വിജയ്ന് മന്ത്രിസഭ രൂപീകരിക്കാൻ കഴിയും. എന്തായാലും ഡിഎംകെ മുന്നണിയിലെ കോൺഗ്രസ് ഉൾപ്പെടെയുള്ള അസംതൃപ്തരായ ഘടകകക്ഷികളിൽ പലരും രംഗത്ത് എത്തിയിട്ടുണ്ട്. ഫലപ്രഖ്യാപനം നടക്കുമ്പോൾ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വിജയുമായി സംസാരിക്കുകയും പാർട്ടിയുടെ വമ്പിച്ച വിജയത്തിൽ അഭിനന്ദിക്കുകയും ചെയ്തിരുന്നു. അതിനുശേഷം രാഹുൽ ത ൽ എഴുതി: ''ഞാൻ വിജയുമായി സംസാരിക്കുകയും അദ്ദേഹത്തിന്റെ അസാധാരണമായ വിജയത്തിന് അഭിനന്ദനങ്ങൾ നേരുകും ചെയ്തു. ഉയർന്നുവരുന്ന യുവത്വത്തിന്റെ ശബ്ദം അവഗണിക്കാൻ ആർക്കുമാകില്ലെന്നാണ് ഈ വിജയം വ്യക്തമാക്കുന്നത്''



**വർഷങ്ങളായി ചെന്നൈ നഗരത്തിലെ ഡിഎംകെ കോട്ടകളായിരുന്ന 16 മണ്ഡലങ്ങളിൽ പതിനാലിലും ടിവികെ വിജയം കൈവരിച്ചു. സ്റ്റാലിൻ കുളത്തൂരിൽ വമ്പൻ പരാജയം വരിച്ചു. ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിനും മന്ത്രി ശേഖർബാബുവും മാത്രമാണ് നഗരത്തിൽ കഷ്ടിച്ച് രക്ഷപ്പെട്ടത്. ജനനായകനെന്ന പേരും പെരുമയും മതനിരപേക്ഷകനെന്നുമൊക്കെയുള്ള പരിവേഷം തന്നെ ജയിപ്പിക്കുമെന്ന മൂഢവിശ്വാസമാണ് സ്റ്റാലിനെ തകർത്തുകളഞ്ഞത്. സ്റ്റാലിൻ മാത്രമല്ല പതിനഞ്ചു മന്ത്രിമാരും തോറ്റു തുന്നംപാടി.**

ടിവികെ നേടിയ അസാധാരണമായ വിജയത്തിന്റെ രഹസ്യം അന്വേഷിക്കുകയാണ് തമിഴകത്തെ രാഷ്ട്രീയചാണക്യന്മാർ. ദ്രാവിഡപ്പാർട്ടികളുടെ കോട്ടയിൽ വിജയിന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന ചിന്താഗതി വച്ചുപുലർത്തിയിരുന്നവരുടെ വായടപ്പിക്കുന്നതായിരുന്നു തെരഞ്ഞെടുപ്പ് ഫലം. യഥാർത്ഥത്തിൽ ഭരണവിരുദ്ധ വികാരമല്ല വിജയ് അനുകൂല തരംഗമാണ് തമിഴകത്ത് പ്രകടമായത്. വിജയന്റെ പേര് പോലും പറയാതെയായിരുന്നു സ്റ്റാലിന്റെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ. സ്റ്റാലിനെ കുളത്തൂരിൽ പരാജയപ്പെടുത്തിയ പരിചയ

സമ്പന്നനായ രാഷ്ട്രീയക്കാരനാണ് വിഎസ് ബാബു. ഡിഎംകെ സ്ഥാനാർത്ഥിയായി 2006 ൽ ഈ മണ്ഡലത്തിൽ നിന്ന് മത്സരിച്ചുവിജയിച്ച ബാബു 2026 ഫെബ്രുവരിയിലാണ് വിജയ്ന്റെ ടിവികെയിൽ ചേരുന്നത്. 2011 മുതൽ മൂന്നുതവണ കുളത്തൂർ മണ്ഡലത്തിൽ നിന്നാണ് സ്റ്റാലിൻ വിജയിച്ചുവന്നിട്ടുള്ളത്. അതിനാൽ ഇത്തവണ ജയിക്കുമെന്ന ആത്മവിശ്വാസം വേണ്ടത്ര ഉണ്ടായിരുന്നു. എന്നാൽ വിജയ് മത്സരിച്ച പെരമ്പൂരിലും തിരുച്ചിറപ്പള്ളി ഈസ്റ്റിലും വൻ ഭൂരിപക്ഷമാണ് ലഭിച്ചത്.

വിജയിന്റെ 94 പേജുള്ള പ്രകടനപത്രികയിൽ നിരവധി വാഗ്ദാനങ്ങളാണ് ഒഴുകിയെത്തിയത്. സ്ത്രീകൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ, യുവാക്കളുടെ തൊഴിൽ വികസനം, പൊലീസ് സേനയുടെ പരിഷ്ക്കരണം, സാമ്പത്തിക മുന്നേറ്റം തുടങ്ങിയ നിരവധി ഘടകങ്ങൾ പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയിരുന്നു. ഭരണത്തിൽ എത്തിയാൽ അതൊക്കെ നിറവേറ്റാൻ കഴിയുമോ എന്നാണ് ജനം ചോദിക്കുന്നത്.

സ്ത്രീകളെയാണ് വിജയ് ഉന്നം വച്ചത്. 60 വയസ്സിന് താഴെയുള്ള കുടുംബിനികൾക്ക് പ്രതിമാസം 2000 രൂപ നൽകും. അവർക്ക് ബസ്സുകളിൽ സൌജന്യയാത്ര. സ്ത്രീകൾ വിവാഹിതരാകുമ്പോൾ ഒരു പവൻ സ്വർണവും പട്ടുസാരിയും സൗജന്യമായി നൽകും. ഗർഭിണികൾക്ക് 25000 രൂപ സഹായധനം. നവജാതശിശുക്കൾക്ക് സ്വർണമോതിരം. വനിതകളുടെ സംരക്ഷണത്തിനു അഞ്ഞൂറ് പൊലീസ് സേന. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാൻ രക്ഷാകർത്താക്കൾക്ക് 1500 രൂപ സഹായധനം. ഒരു കുടുംബത്തിന് ആറ് ഗ്യാസ് സിലിണ്ടറുകൾ സൗജന്യമായി നൽകും. പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം കൊടുക്കാൻ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കും. 20 ലക്ഷം രൂപ വരെ സെക്യൂരിറ്റി ഇല്ലാതെ ലോൺ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കും. ബിരുദധാരികളായവർക്ക് പ്രതിമാസം 4000 രൂപ സാമ്പത്തിക സഹായം നൽകും. മദ്യവും മയക്കുമരുന്നും നിയന്ത്രിക്കാനുള്ള പദ്ധതികൾ തയ്യാറാക്കും. 50 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അഞ്ച് ഏക്കർ താഴെയുള്ള കർഷകർക്ക് ഏക്കറിന് 4500 രൂപ കാർഷിക ലോൺ. തൊഴിൽ ഇല്ലാത്ത ഡിപ്ലോമ ഹോൾഡേഴ്സിന് പ്രതിമാസം 2000 രൂപ. കുടുംബങ്ങൾക്ക് 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ്, വൈദ്യുതിക്കുള്ള നികുതി ഒഴിവാക്കും. തുടങ്ങിയ നിരവധി ആനുകൂല്യങ്ങളാണ് പ്രകടനപത്രികയിൽ വിജയ് ഉയർത്തി കാണിക്കുന്നത്.

**നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ട് മുന്നണികൾ മത്സരിച്ചപ്പോൾ ടിവികെ ഒറ്റയ്ക്കാണ് മത്സരത്തിനിറങ്ങിയത്. 234 സീറ്റുകളിൽ മന്ത്രിസഭ രൂപീകരിക്കാൻ 118 സീറ്റുകളാണ് വേണ്ടത്. പതിനൊന്നു എംഎൽഎമാരുടെ പിന്തുണകൂടി ഉണ്ടായാൽ വിജയ്ന് മന്ത്രിസഭ രൂപീകരിക്കാൻ കഴിയും. എന്തായാലും ഡിഎംകെ മുന്നണിയിലെ കോൺഗ്രസ് ഉൾപ്പടെയുള്ള അസംതൃപ്തരായ ഘടകകക്ഷികളിൽ പലരും രംഗത്ത് എത്തിയിട്ടുണ്ട്.**



വിജയ്ന്റെ മനസ്സു കണ്ടെത്താൻ ദ്രാവിഡസഖ്യങ്ങൾക്ക് കഴിഞ്ഞില്ല എന്നതാണ് വാസ്തവം. യുവാക്കളെയാണ് വിജയ് ലക്ഷ്യമിട്ടത്. പാട്ടും നൃത്തവുമൊക്കെയായി അവർ തെരഞ്ഞെടുപ്പ് യോഗങ്ങൾ സമ്പന്നമാക്കി. സ്ത്രീകളും കുട്ടികളും സ്വന്തം താരത്തെ ഗ്രാമങ്ങളിൽ പോലും എതിരേറ്റു. എതിർ കക്ഷികൾ നൽകിയ പാരിതോഷികങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെ അവർ വിജയിക്ക് വോട്ടു ചെയ്തു. ന്യൂജനറേഷൻ വോട്ടും പുതിയ സമ്മതിദായകരുടെ പിൻബലവുമാണ് വിജയ്നെ തുണച്ച്ത. മേൽത്തട്ടുകാരും വിജയ്നെ പിന്തുണച്ചു. തുടക്കത്തിൽ ആവേശമൊന്നും വിജയ്ന്റെ പാർട്ടിയിൽ കണ്ടിരുന്നില്ലെങ്കിലും തുടർന്നുള്ള നീക്കങ്ങൾ ചടുലമായിരുന്നു. കരൂർ ദുരന്തത്തിൽ 41 സാധാരണക്കാർ ജനത്തിരക്കിൽപ്പെട്ട് കൊല്ലപ്പെട്ടതിന് കാരണമായ സംഭവം വിജയ്നെ വിട്ടുമാറാതെ വേട്ടയാടിയിരുന്നു. മരിച്ചവർക്ക് ലക്ഷങ്ങൾ സഹായം പ്രഖ്യാപിച്ചുകൊണ്ടാണ് വിജയ് മുന്നേറിയത്. അപകടത്തിൽ ഡിഎംകെ സർക്കാർ കാണിച്ച അനാസ്ഥയും വിജയ് എടുത്തുകാട്ടിയിരുന്നു.

ബിജെപിയുടെ തലതൊട്ടപ്പന്മാർ സിബിഐ ഉൾപ്പെടെയുള്ള അന്വേഷണസംഘങ്ങളെ വിട്ടു വേട്ടയാടാൻ ശ്രമിച്ചിട്ടും വിജയ് തന്റെ നിലപാടുകൾ മാറ്റാൻ തയ്യാറായിരുന്നില്ല. വിജയ് തന്റെ രാഷ്ട്രീയപ്രവേശനത്തിനു ഉതകുമെന്നുവിശ്വസിച്ചു പൂർത്തി



യാക്കിയ ജനനായകൻ എന്ന ചിത്രം സെൻസർ പ്രശ്നത്തിൻെറ പേരിൽ പെട്ടിയിൽ കിടക്കുകയാണ്. തങ്ങളുടെ സഖ്യത്തിൽ ചേരാനുള്ള ക്ഷണം വിജയ് നിരസിച്ചു എന്നതിൻെറ പേരിൽ ബിജെപിയാണ് ഇതിൻെറ പിന്നിൽ കളിച്ചതെന്ന് വിജയ്ൻെറ ആരാധകർ വിശ്വസിക്കുന്നു. അഞ്ഞൂറ് കോടിയോളം ചെലവിട്ട് നിർമ്മിച്ച ഈ ചിത്രം വ്യാജന്മാർ ചില സൈറ്റുകളിൽ പ്രദർശിപ്പിച്ച് നിർമ്മാതാക്കളെ വെട്ടിലാക്കി. അതിൻെറ പിന്നിലും ഭരണകൂടങ്ങളുടെ കളിയുണ്ടായി എന്ന് വിജയ് വിശ്വസിക്കുന്നു. എങ്കിലും ആരെയും കൂസാതെ വിജയ് മുന്നേറി. ''സിംഗം സിഗിളാതാൻ വരും'' (സിംഹം ഒറ്റക്കേ വരാറുള്ളൂ) എന്ന വിജയ്ൻെറ പ്രഖ്യാപനം തമിഴ്ജനതയെ കീഴ്പ്പെടുത്തിയിരിക്കുകയാണ്. മന്ത്രിസഭ രൂപീകരിക്കാൻ ഡിഎംകെ സഖ്യകക്ഷികളിൽ പലരും രംഗത്തുവന്നിട്ടുണ്ട്. തങ്ങളുടെ ആധിപത്യം ഉറപ്പിക്കാൻ ബിജെപിയും ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. എന്നാൽ ബിജെപി പ്രത്യയശാസ്ത്ര ശത്രുവെന്നാണ് വിജയ് പ്രഖ്യാപിച്ചിരിക്കുന്നത്.

തിരഞ്ഞെടുപ്പിൻെറ ചുറ്റുവട്ടങ്ങൾ ആരംഭിക്കുമ്പോൾ തന്നെ 20 ഓളം സഖ്യകക്ഷികളെ സ്റ്റാലിൻ തൻെറ കുടക്കീഴിൽ നിർത്തിക്കൊണ്ടാണ് വിജയ് സാധ്യത ക്ക് കളമൊരുക്കിയത്. എന്നാൽ തുടക്കം മുതൽ ഭരണത്തിൽ തങ്ങൾക്കും പങ്കാളിത്തം വേണമെന്ന് ആവശ്യവുമായി ചില കോൺഗ്രസ് നേതാക്കൾ രംഗത്തുവന്നിരുന്നു പക്ഷേ അധികാരം പങ്കിടുന്ന പ്രശ്നമില്ലെന്ന് പിടിവാശിയിൽ ആയിരുന്നു സ്റ്റാലിൻ. മാത്രമല്ല 30 നിയമസഭാ മണ്ഡലങ്ങൾ തങ്ങൾക്ക് വേണമെന്ന് കോൺഗ്രസുകാർ ആവശ്യപ്പെട്ടെങ്കിലും 27 സീറ്റിൽ ഒതുക്കിയാണ് ആ പ്രശ്നം അവസാനിപ്പിച്ചത്. എന്നാൽ കോൺഗ്രസ് തന്നെയാണ് ഡിഎംകെയുടെ പാലം വലിച്ച് പരാജയത്തിൽ എത്തിച്ചതെന്ന് രഹസ്യസംസാരമുണ്ട്. തങ്ങളുടെ ശക്തികൊണ്ടാണ് ഡിഎംകെ സഖ്യം

**ബിജെപിയുടെ തലത്തൊട്ടപ്പന്മാർ സിബിഐ ഉൾപ്പെടയുള്ള അന്വേഷണസംഘങ്ങളെ വിട്ടു വേട്ടയാടാൻ ശ്രമിച്ചിട്ടും വിജയ് തൻെറ നിലപാടുകൾ മാറ്റാൻ തയ്യാറായിരുന്നില്ല. വിജയ് തൻെറ രാഷ്ട്രീയ പ്രവേശനത്തിനു ഉതകുമെന്നു വിശ്വസിച്ചു പൂർത്തിയാക്കിയ ജനനായകൻ എന്ന ചിത്രം സെൻസർ പ്രശ്നത്തിൻെറ പേരിൽ പെട്ടിയിൽ കിടക്കുകയാണ്. തങ്ങളുടെ സഖ്യത്തിൽ ചേരാനുള്ള ക്ഷണം വിജയ് നിരസിച്ചു എന്നതിൻെറ പേരിൽ ബിജെപിയാണ് ഇതിൻെറ പിന്നിൽ കളിച്ചതെന്ന് വിജയ്ൻെറ ആരാധകർ വിശ്വസിക്കുന്നു.**

വിജയിക്കുന്നതെന്നും ഹൈക്കമാൻഡ് ഇടപെട്ടതിനാലാണ് ഭരണപങ്കാളിത്തം എന്ന ആവശ്യത്തിൽനിന്ന് പിന്മാറിയതെന്നും കോൺഗ്രസ് നേതാക്കൾ പിന്നീട് പറഞ്ഞിരുന്നു. ഡിഎംകെയുടെ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ രാഹുൽ ഗാന്ധി പങ്കെടുക്കാതിരുന്നത്. സംശയങ്ങൾക്ക് കാരണമായി. എന്തായാലും വർഷങ്ങളായി അടിമകളെപ്പോലെ ഒപ്പം നടന്നിരുന്ന തങ്ങൾക്ക് അധികാരത്തിൻെറ സുഖശീതളച്ഛായയിലേക്ക് സഞ്ചരിക്കാൻ വിജയ് സഹായിക്കുമെന്നാണ് കോൺഗ്രസ് കരുതുന്നത്. ഡിഎംകെയുടെ വമ്പൻ പരാജയത്തോടെ തമിഴകത്ത് രാഷ്ട്രീയ ധ്രുവീകരണം നടക്കുമെന്ന് ഉറപ്പായിരിക്കുന്നു.

ചെറുകിട നടനും പ്രൊഡ്യൂസറും ആയിരുന്ന മകൻ ഉദയനിധിയെ ഉപമുഖ്യമന്ത്രിയായി സ്റ്റാലിൻ അവരോധിച്ച നടപടി പാർട്ടിയിലും അണികൾക്കിടയിലും അസംതൃപ്തിയാണ് സൃഷ്ടിച്ചത്. പാർട്ടിയിലെ മുതിർന്ന പല നേതാക്കളെയും വെട്ടി നിരത്തിയാണ് മകനെ മുൻപന്തിയിൽ എത്തിച്ചത്. ഇതും പാർട്ടിയിലെ സാധാരണക്കാരായ അംഗങ്ങളെ ഇരുത്തി ചിന്തിപ്പിച്ചിട്ടുണ്ട്. അഴിമതിക്കാരായ മന്ത്രിമാരെയും പാർട്ടി നേതാക്കളെയും സംരക്ഷിക്കുന്നതിൽ മുൻപിൽ ആയിരുന്നു സ്റ്റാലിൻ. അഴിമതി കേസിൽ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട സെന്തിൽ ബാലാജിയെ ജാമ്യം കിട്ടിയപ്പോൾ വീണ്ടും മന്ത്രിയാക്കുകയും കോടതി ഇടപെട്ടതിൻെറ പേരിൽ ഒഴിവാക്കുകയും ചെയ്ത സംഭവം ജനങ്ങൾക്കിടയിൽ മോശം പ്രതികരണമാണ് സൃഷ്ടിച്ചത്.

എന്തായാലും വിജയ്ൻെറ രംഗപ്രവേശം തമിഴകത്ത് പുതിയൊരു സമവാക്യം സൃഷ്ടിക്കുമെന്നുറപ്പാണ്. അധികാരത്തിൻെറ ശീതളച്ഛായകളിൽവിഹരിച്ച ദ്രാവിഡകക്ഷികളും തമിഴകം ഏതുവിധേനെയും പിടിച്ചെടുക്കാമെന്ന് വ്യാമോഹിക്കുന്ന ബിജെപിയും വിജയിൻറെ സ്വപ്നങ്ങൾ അട്ടിമറിക്കാൻ പുതിയ തന്ത്രങ്ങൾ മെനയുമെന്നതിൽ സംശയമില്ല.

# യഥാർത്ഥ വികസനനായകൻ

**ആധുനിക കേരളചരിത്രത്തിലെ വിശേഷപ്പെട്ട ഒരധ്യായമാണ് അച്യുതമേനോന്റെ ജീവിതകഥ എന്നതു നിസ്തർക്കമാണ്. ആ ജീവിതം ചരിത്രത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെങ്കിലും ലിഖിതചരിത്രത്തിൽ വളരെക്കുറച്ചുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.**



അച്യുത മേനോൻ പ്രസംഗിക്കുന്നു

*ഫോട്ടോ:* പുനലൂർ രാജൻ
*എഴുത്ത്:* മാങ്ങാട് രത്നാകരൻ

**ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക, വിദ്യാഭ്യാസ – ആരോഗ്യരംഗങ്ങളിൽ സർവതോമുഖമായ പുരോഗതി ഉറപ്പുവരുത്തുക, സാംസ്കാരികമായ ഉന്നതിയിലേക്കു നയിക്കുകയും ജനാധിപത്യബോധം ഉണർത്തുകയും ചെയ്യുക തുടങ്ങിയവയാണ് വികസനത്തിന്റെ അടിസ്ഥാനശിലകൾ എന്ന് ആധുനിക കേരളത്തിൽ കൃത്യമായി മനസ്സിലാക്കുകയും അതിനായി നിസ്വാർത്ഥമായി, സമർപ്പിതമായി പ്രവർത്തിക്കുകയും ചെയ്ത രാഷ്ട്രീയനേതാവാണ് സി. അച്യുതമേനോൻ.**

ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയാകട്ടെ, ഐക്യജനാധിപത്യ മുന്നണിയാകട്ടെ, ബി .ജെ.പി. നയിക്കുന്ന ദേശീയജനാധിപത്യസഖ്യമാകട്ടെ, ജനങ്ങൾക്കു മുന്നിൽ വെച്ച ഒരേയൊരു വിഷയം വികസനമായിരുന്നു. രാഷ്ട്രീയവിഷയങ്ങൾ ആരും ഉയർത്തിയില്ല എന്നു മാത്രമല്ല, അത്തരം വിഷയങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ സമർത്ഥമായ, മൗനം കൊണ്ട് നേരിടുകയോ ഒഴിഞ്ഞുമാറുകയോ ആണുണ്ടായത്. വിസകനം, വികസനം എന്ന് ആവർത്തിക്കുകയും ചെയ്തു. കുറച്ചു വർഷങ്ങൾ മുമ്പ് അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി വികസനത്തെക്കുറിച്ച് ആവർത്തിച്ചപ്പോൾ ഡോ.സുകുമാർ അഴീക്കോട്, ഇങ്ങനെ വികസിച്ചാൽ പൊട്ടിപ്പോകുമെന്ന് രൂക്ഷമായി പരിഹസിക്കുകയുണ്ടായത് ഓർമ്മ വരുന്നു.

വിമാനഗതാഗതം, റെയിൽ, റോഡ്, പാലങ്ങൾ തുടങ്ങിയവയാണ് മൂന്നുമുന്നണികളും വികസനം എന്ന 'മുദ്രാവാക്യം' കൊണ്ട് ഉദ്ദേശിച്ചത്. ഇവയെല്ലാം ഒരു നാടിന്റെ വികസനത്തിന് അനുപേക്ഷണീയമാണ് എന്ന കാര്യത്തിൽ തർക്കമില്ല.

പക്ഷേ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക, വിദ്യാഭ്യാസ–ആരോഗ്യരംഗങ്ങളിൽ സർവതോമുഖമായ പുരോഗതി ഉറപ്പുവരുത്തുക, സാംസ്കാരികമായ ഉന്നതിയിലേക്കു നയിക്കുകയും ജനാധിപത്യബോധം ഉണർത്തുകയും ചെയ്യുക തുടങ്ങിയവയാണ് വികസനത്തിന്റെ അടിസ്ഥാനശിലകൾ എന്ന് ആധുനിക കേരളത്തിൽ കൃത്യമായി മനസ്സിലാക്കുകയും അതിനായി നിസ്വാർത്ഥമായി, സമർപ്പിതമായി പ്രവർത്തിക്കുകയും ചെയ്ത രാഷ്ട്രീ



**അച്യുത മേനോൻ ഒരു യോഗത്തിൽ**

യനേതാവാണ് സി.അച്യുതമേനോൻ.

മലയാളികളുടെ മാതൃഭൂമി, മുഴുവൻ മലയാളികളുടേയും മാതൃഭൂമിയായിത്തീർന്നത് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിലേറിയതോടെയാണ്. 1957-ലെ സർക്കാർ അവതരിപ്പിച്ച ഭൂപരിഷ്കരണബിൽ കലോചിതമായ ചെറിയ മാറ്റങ്ങൾ വരുത്തി, 1970 ജനുവരി 1-ന് പ്രാബല്യത്തിൽ വരുന്ന തരത്തിൽ നടപടി സ്വീകരിച്ചത് അച്യുതമേനോന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. അനേക നൂറ്റാണ്ടുകളായി നിലനിന്നുപോലെ ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥിതിക്ക് അന്ത്യം കുറിച്ച ചരിത്രസംഭവമായിരുന്നു. നമ്മുടെ രാജ്യത്തുതന്നെ ഭൂപ്രഭുത്വം അവസാനിപ്പിച്ച ഏക സംസ്ഥാനമായിത്തീർന്നു കൊച്ചുകേരളം. കേരളത്തിലെ ജനസംഖ്യയുടെ ഗണ്യമായ ഒരു വിഭാഗം അതിന്റെ ഗുണഭോക്താക്കളായി. അഞ്ചുലക്ഷം കുടികിടപ്പുകാർക്ക് കുടികിടപ്പിൽ അവകാശം ലഭിച്ചു. 35 ലക്ഷത്തോളം പാട്ടക്കുടിയാന്മാർ ഭൂവുടമകളായി. കേരളചരിത്രത്തിലെ വിപ്ലവകരമായ മാറ്റമായിരുന്നു അത്.


മറ്റൊരു സുപ്രധാനമായ നേട്ടം ലക്ഷംവീട് പദ്ധതിയായിരുന്നു. അടിസ്ഥാനജനവിഭാഗങ്ങളെയും നിസ്വ

**1957-ലെ സർക്കാർ അവതരിപ്പിച്ച ഭൂപരിഷ്കരണബിൽ കലോചിതമായ ചെറിയ മാറ്റങ്ങൾ വരുത്തി, 1970 ജനുവരി 1-ന് പ്രാബല്യത്തിൽ വരുന്ന തരത്തിൽ നടപടി സ്വീകരിച്ചത് അച്യുതമേനോന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. അനേക നൂറ്റാണ്ടുകളായി നിലനിന്നുപോലെ ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥിതിക്ക് അന്ത്യം കുറിച്ച ചരിത്രസംഭവമായിരുന്നു. നമ്മുടെ രാജ്യത്തുതന്നെ ഭൂപ്രഭുത്വം അവസാനിപ്പിച്ച ഏക സംസ്ഥാനമായിത്തീർന്നു കൊച്ചു കേരളം. കേരളത്തിലെ ജനസംഖ്യയുടെ ഗണ്യമായ ഒരു വിഭാഗം അതിന്റെ ഗുണഭോക്താക്കളായി. അഞ്ചുലക്ഷം കുടികിടപ്പുകാർക്ക് കുടികിടപ്പിൽ അവകാശം ലഭിച്ചു. 35 ലക്ഷത്തോളം പാട്ടക്കുടിയാന്മാർ ഭൂവുടമകളായി. കേരളചരിത്രത്തിലെ വിപ്ലവകരമായ മാറ്റമായിരുന്നു അത്.**

വർഗ്ഗത്തെയും ഹൃദയംകൊണ്ട് തിരിച്ചറിഞ്ഞ എം.എൻ.ഗോവിന്ദൻ നായരുടെ മനസ്സിൽ വിരിഞ്ഞ ഈ ആശയം പ്രാവർത്തികമാക്കിയത് അച്യുതമേനോൻ സർക്കാരായിരുന്നു. പഞ്ചായത്തുകൾതോറും നൂറു വീടുകൾ എന്ന കണക്കിൽ ആയിരം പഞ്ചായത്തുകളിലായി ഒരു ലക്ഷം വീടുകളാണ് വിഭാവനം ചെയ്യപ്പെട്ടതും.

പഞ്ചായത്തുകൾ തോറും ഹൈസ്ക്കൂളുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്വകാര്യ കോളേജ് അധ്യാപകർക്ക് നേരിട്ടുള്ള ശമ്പളം, സ്വകാര്യവനങ്ങളുടെ ദേശസാൽക്കരണം, ഗ്രാറ്റുവിറ്റി നിയമം, ഡൈസ്നോൺ, ആശ്രിത നിയമന പദ്ധതി തുടങ്ങിയ നയങ്ങളും അച്യുതമേനോന്റെ കാലത്ത് നടപ്പിലായി.

വികസനരംഗത്തെ വലിയ കുതിപ്പുകളായി കാണാവുന്നത് എണ്ണപ്പെട്ട നാല്പതോളം സ്ഥാപനങ്ങൾ കെട്ടിപ്പടുത്തതാണ്. സംസ്ഥാനത്തിന്റെ പുരോഗതിക്ക് അടിത്തറയായിത്തീർന്നത് ഈ സ്ഥാപനങ്ങളാണെന്ന് തിരിഞ്ഞു നോക്കുമ്പോൾ കാണാനാവും. കെൽട്രോണും അനുബന്ധസ്ഥാപനങ്ങളുമാണ് അവയിൽ ഏറ്റവും





പുനലൂർ രാജൻ ബേക്കലിൽ

പ്രധാനം. കെൽട്രോണിന്റെ സാരഥി യായി ഇലക്ട്രോണിക് സാങ്കേതി കവിദ്യയിൽ വൈഭവം തെളിയിച്ച കെ.പി.പി. നമ്പ്യാരെ നിയമിച്ചതിലൂ ടെ, സംസ്ഥാനത്ത് പലയിടങ്ങളിലാ യി അനുബന്ധ സ്ഥാപനങ്ങൾ കൊ ണ്ടുവരാൻ കഴിഞ്ഞു. അച്യുതമേനേ ാൻ സ്ഥാനമൊഴിഞ്ഞത് കെൽട്രോ ണിന്റെ നല്ലകാലം നിർഭാഗ്യവശാൽ



മാങ്ങാട് രത്നാകരൻ


അവസാനിച്ചു.

എടുത്തുപറയേണ്ട മറ്റു നേട്ടങ്ങ ളിൽ പ്രധാനം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻ ഡ് ടെക്നോളജിയാണ് അതിന്റെ ഡയറക്ടറായി ഡോ.എം.എസ്.വ ല്യത്താനെ നിയമിച്ചു. ആരോഗ്യരം ഗത്ത് അഭൂതപൂർവമായ പുരോഗ തിയാണ് ഈ സ്ഥാപനത്തിലൂടെ ഉണ്ടായത്.

സി.അച്യുതമേനോന്റെ വികസ നസങ്കല്പത്തിന്റെ തിളക്കമാർന്ന മറ്റൊരു ദൃഷ്ടാന്തമാണ് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് എന്ന സി.ഡി എസ് . ലോകപ്രശ സ്ത ധനശാസ്ത്ര പണ്ഡിതനായ ഡോ.കെ.എൻ. അച്യുതമേനോന്റെ ക്ഷണമനുസരിച്ച് ആ പദവി ഏറ്റെ ടുത്ത് കേരളത്തിലെത്തി. വികസന സങ്കല്പങ്ങൾക്ക് ശാസ്ത്രീയമായ അടിത്തറയൊരുക്കാൻ സി.ഡി.എ സിനു കഴിഞ്ഞു.


ദേശീയ ഭൂമിശാസ്ത്രപഠനകേ ന്ദ്രം, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല, കേരള സ്റ്റേറ്റ് പ്ലാ നിംഗ് ബോർഡ്, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, കാർ ഷിക സർവകലാശാല, ഫാം ഇൻഫർമേഷൻ ബ്യൂറോ, കോസ്റ്റ് ഫോർഡ്-അങ്ങനെ വികസനരം ഗത്ത് കുതിപ്പായി മാറിയ നിരവധി സ്ഥാപനങ്ങളും അച്യുതമേനോന്റെ ക്രാന്തദർശിത്വത്തിനു തെളിവാണ്.

**മറ്റൊരു സുപ്രധാനമായ നേട്ടം ലക്ഷംവീട് പദ്ധതിയായിരുന്നു. അടിസ്ഥാനജനവിഭാഗങ്ങളെയും നിസ്വവർഗ്ഗത്തെയും ഹൃദയം കൊണ്ട് തിരിച്ചറിഞ്ഞ എം. എൻ. ഗോവിന്ദൻ നായരുടെ മനസ്സിൽ വിരിഞ്ഞ ഈ ആശയം പ്രാവർത്തി കമാക്കിയത് അച്യുതമേനോൻ സർക്കാരായിരുന്നു. പഞ്ചായത്തു കൾതോറും നൂറുവീടുകൾ എന്ന കണക്കിൽ ആയിരം പഞ്ചായ ത്തുകളിലായി ഒരു ലക്ഷം വീടുക ളാണ് വിഭാവനം ചെയ്യപ്പെട്ടതും.**



'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra
inspires people to recognize
the existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

ഇന്ദിര അശോക്/പ്രദീപ് പനങ്ങാട്











# ഭാവനയുടെ ആകാശത്ത് പറക്കുന്ന പട്ടങ്ങൾ

**ഇന്ദിര അശോകിന്റെ കവിതകൾ കാലികമാകുമ്പോഴും പാരമ്പര്യത്തിന്റെ പ്രകാശ ധാര ഉൾക്കൊള്ളുന്നു. കവിതയ്ക്ക കത്തേക്കും പുറത്തേക്കും സഞ്ചരിക്കാനുള്ള വാതിലുകൾ എപ്പോഴും സജ്ജമാണ്.**




ആത്മ സങ്കീർത്തനങ്ങളാണ് ഇന്ദിര അശോകിന്റെ കവിതകൾ .അനുഭവത്തിന്റെയും ഭാവനയുടേയും പാരസ്പര്യത്തിൽ നിന്നാണ് ആ കവിതകൾ സൃഷ്ടിക്കപെടുന്നത്.ഏകാന്ത വഴി കളല്ല,ബഹു സഞ്ചാരപഥങ്ങളാണ് ഈ കവിതകൾക്കുള്ളത്.അതുകൊണ്ട് തന്നെ ആസ്വാദനത്തിന്റെ വിഭിന്ന രുചികൾ അറിയാൻ കഴിയുന്നു.

ഇന്ദിര അശോകിന്റെ കവിതകൾ കാലികമാകുമ്പോഴും പാരമ്പര്യത്തിന്റെ പ്രകാശ ധാര ഉൾക്കൊള്ളുന്നു.

> **"വിവിധ കാലങ്ങളിൽ, പല അളവുകളിലായി മധുരിച്ചതും, കയ്ച്ചതും കഠിനാനുഭവത്തിന്റെ തിളച്ച തീദ്രാവകം കൊണ്ടു പൊള്ളലേറ്റതും, സമരസത്തിന്റെ രുചിയും അരുചിയും മാറി മാറി എൻറെ കവിതയിൽ വന്നു ചേർന്നു."**




കവിതയ്ക്ക കത്തേക്കും പുറത്തേക്കും സഞ്ചരിക്കാനുള്ള വാതിലുകൾ എപ്പോഴും സജ്ജമാണ്.ആ മൗലികതയാണ് ഈ കവിതകളെ ശ്രദ്ധേയമാക്കുന്നത്.കനൽ കാവടി,പ്രവാചക, ഏകം, ശംഖ് തുടങ്ങിയ കാവ്യ സമാഹാരങ്ങൾ . നിര

വധി പരിഭാഷാ കൃതികൾ എന്നിവ ഇന്ദിര അശോകിന്റെതായുണ്ട് .

**താങ്കളുടെ ഓരോ കവിതയും വ്യത്യസ്ത രൂപത്തിലുള്ളതാണ്. അടിസ്ഥാനപരമായി കവിതയുടെ രസതന്ത്രമെന്താണ് ?**

സഹജീവികളോടുള്ള സ്നേഹം അതിന്റെ അടിസ്ഥാന മൂലകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണെന്നു കരുതുന്നു. ചെറുപ്പം കണ്ട കാഴ്ചകൾ ഒരാളുടെ ഉള്ളിൽ, ആഴത്തിൽ രേഖപ്പെടുമല്ലോ. വീടിന്റെ ഒരു കോണിൽ ഉണ്ടായിരുന്ന ചെറുകാടുകളും മഠവും ചിത്രകൂടങ്ങളും മനസ്സിൽ പതിഞ്ഞു കിടക്കുന്നുണ്ട് .മകരത്തിൽ നിറഞ്ഞു പൂത്ത കാട്ടുപിച്ചകങ്ങൾ എന്നേയ്ക്കുമുള്ള പശ്ചാത്തലചിത്രമൊരുക്കിയിട്ടുണ്ട്. മരങ്ങളുടെ നിറുക വരെ പടർന്നു പൂത്ത്, മണം മുഴുവൻ നിലാവിലേക്കു ചൊരിഞ്ഞ മുല്ലക്കൊടിയും, അല്പം സാത്വികയെപ്പോലെ ഭാവിച്ച പിച്ചിയും, കൃഷിയുടെ പച്ചയും ചേർന്നൊരുക്കിയ ജൈവപ്രകൃതിയാകും അതിന്റെ ചേരുവകൾ നിശ്ചയിച്ചത്.പല പേരിട്ടു വിളിച്ച വളർത്തുമൃഗങ്ങൾ, അതിന്റെ രസക്കൂട്ടിലേക്ക് ഒരിക്കലും ഒഴിയാത്ത സ്നേഹം പകർന്നു. വിവിധ കാലങ്ങളിൽ, പല അളവുകളിലായി മധുരിച്ചതും, കയ്ച്ചതും കഠിനാനുഭവത്തിന്റെ തിളച്ച തീദ്രാവകം കൊണ്ടു പൊള്ളലേറ്റതും, സമരസത്തിന്റെ രുചിയും അരുചിയും മാറി മാറി കവിതയിൽ വന്നു ചേർന്നു.

**സജീവമായ ഒരു കാവ്യപാത തെളിഞ്ഞു വന്നതെപ്പോഴാണ്?**

അനുഭവങ്ങളുടെ ഉച്ചസ്ഥായിയിലും യൗവ്വനത്തിന്റെ തിളച്ചു തൂവലിലും തീരെബോധപൂർവ്വമല്ലാതെ അത് തെളിഞ്ഞു വന്നു.  ആരും നടക്കാത്ത വഴി ഓരോ സഞ്ചാരിയുടെയും സ്വപ്നമാണ് .അറിയാതെ,തികഞ്ഞയാദൃശ്ചികതയോടെ,അതിലേക്ക് എത്തിപ്പെടുകയാണ് ചെയ്യുന്നത്.പിന്നീട് മാത്രമാണ് ഈ വഴി തന്നെ കാത്തിരിക്കുകയായിരുന്നു എന്ന തിരിച്ചറിവ് വരുന്നത്. വെയിൽ തിളച്ച വഴികളിൽ തണൽക്കുടയുമായി കവിത കാത്തു നിന്നു. അസംഖ്യം ഉൽക്കണ്ഠകൾ വേവുന്ന ഒരു സമ്മർദ്ദകപാചകപാത്രത്തിന്റെ ആവി ചീറ്റലായിരുന്നു അത്. അതിലൂടെ ജീവിതം ചെറിയ നേരത്തേക്കെങ്കിലും സ്വാസ്ഥ്യമറിഞ്ഞു എന്നു പറയാം.

**മലയാള കവിതയുടെ പാരമ്പര്യമാണോ സമകാല കവിതയുടെ അനുഭവങ്ങളാണോ ആദ്യം സ്വാധീനിച്ചത്?**

രാമായണത്തിലെ ആദിത്യഹൃദയമാണ് കാവ്യഭംഗികൊണ്ട് ആദ്യം ആകർഷിച്ചത്. അത് നന്നായി ചൊല്ലുന്ന ഒരു ബന്ധുവുണ്ടായിരുന്നു. അതിലെ സംഗീതവും സാഹിത്യവും ഒരു പോലെ ഉള്ളിൽ നിറഞ്ഞു. കുട്ടിക്കാലത്ത് മഠത്തിൽ കേട്ട ഹോമമന്ത്രങ്ങൾ മനസ്സിൽ പതിഞ്ഞു. അതുപോലെ എഴുതാൻ കഴിയണമെന്നായിരുന്നു ആഗ്രഹം.ആവഴിക്ക് ചില സ്തോത്ര കവിതകൾ എഴുതിയിട്ടുമുണ്ട്.അതോടൊപ്പം തന്നെ സമകാലകവിത വിസ്മയിപ്പിച്ചു. കിട്ടുന്നത് വരി വിടാതെവായിക്കുമായിരുന്നു.കവിയുടെ ഒപ്പം നടന്നു ആനന്ദിച്ചും കലഹിച്ചും സ്നേഹിച്ചുമുള്ള വായന, എഴുത്തിന് വലിയ പ്രചോദനമായിരുന്നു.

> **യാദൃശ്ചികതയോടെ,കവിതയിലേക്ക് എത്തിപ്പെടുകയാണ് ചെയ്യുന്നത്.പിന്നീട് മാത്രമാണ് ഈ വഴി തന്നെ കാത്തിരിക്കുകയായിരുന്നു എന്ന തിരിച്ചറിവ് വരുന്നത്. വെയിൽ തിളച്ച വഴികളിൽ തണൽക്കുടയുമായി കവിത കാത്തു നിന്നു.**

**ആധുനിക കവിത സജീവമായി പൂത്തു നിന്നപ്പോഴാണ് കവിത എഴുതിത്തുടങ്ങുന്നത് .അതിനോടുള്ള സമീപനം എന്തായിരുന്നു?**

ഒരേ സമയം ഒരു പോലെ ശക്തമായി നിലകൊണ്ടിരുന്ന പലരുടെയും സാന്നിധ്യം ആധുനിക മലയാള കവിതയെ സമ്പന്നമാക്കിയിരുന്ന കാലമാണത്. പരസ്പരം വായിച്ചിരുന്ന, സജീവമായ അരങ്ങുകൾ ഉണ്ടായിരുന്ന, മുതിർന്ന കവികളുടെ പ്രേരണാബലമുള്ള സുവർണ്ണകാലമെന്നു വേണമെങ്കിൽ പറയാം.ഒ.എൻ.വി, വി.മധുസൂദനൻ നായർ, ഡി.വിനയചന്ദ്രൻ ,ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയവർ പ്രത്യക്ഷമായും വിജയലക്ഷ്മി അകലെ നിന്നും ആ കാവ്യാ രാമത്തിലേക്കു ക്ഷണിക്കുന്നതായിത്തോന്നി. ഓരോ കവിതയും ഒരു അതിശയലോകം തുറന്നു കാട്ടി. വ്യവഹാരങ്ങളുടെ ലോകത്ത് വീർപ്പുമുട്ടുമ്പൊഴും പശ്ചാത്തലം ഏകതാരപോലെ കവിതയുടേതായിരുന്നു. അന്വേഷണത്തിന്റേതായിരുന്നു. ഇത് എഴുത്തിലേർപ്പെട്ട എല്ലാവരും അനുഭവിക്കുന്നതാണ് .നിരന്തരമായ തിരച്ചിലിലും എഴുത്തിലും തുടരാൻ ആധുനികകവിതാലോകം കാരണമായി എന്നതാണ് നേര്.

**താങ്കളുടെ കവിത ഉത്ഭവിക്കുന്നത് അനുഭവത്തിൽ നിന്നാണോ ഭാവനയിൽ നിന്നാണോ?**

ഭാവനയും അനുഭവവുമാണ് എനിക്ക് കവിത.അനുഭവങ്ങളിൽ നിന്ന്, കൂടുതലായും ദുഖാനുഭവങ്ങളിൽ നിന്ന്, അപൂർവ്വമായിമാത്രം സന്തോഷനിമിഷങ്ങളിൽ ലയിച്ചും എഴുതിപ്പോയി. ചില സ്വപ്നങ്ങളും ഭ്രമാത്മകമായ വിചാരങ്ങളും അതീതഭാവനകളുമൊക്കെ കവിതയ്ക്ക് വിഷയങ്ങളായിട്ടുണ്ട്.

**ഭാഷയുടെ കല കൂടിയാണ് കവിത എന്നു പറയാറുണ്ട്. ഭാഷയിൽ സൂക്ഷ്മത പുലർത്താൻ ശ്രമിക്കാറുണ്ടോ?**

ഒരു സ്ക്കൂളിലും പഠിക്കാത്ത കുട്ടിയാണ് ഞാൻ. തോന്നുംപടി എന്നു പറയില്ലേ. കവിത വരുമ്പോൾ സർവ്വാത്മനാ സ്വീകരിക്കുന്നു  എന്നല്ലാതെ അതിനെ അച്ചടക്കപ്പെടുത്താനോ അച്ചിലിട്ട് വയ്ക്കാനോ ശ്രമിച്ചില്ല. ഒരു തരത്തിലെ അഭ്യസനവും അതിനില്ല. ജീവിതത്തിന്റെ പുറമ്പോക്കിൽ നിന്ന് ഒപ്പം ചേർന്ന ആത്മബന്ധു!അതു ചൂണ്ടിക്കാണിച്ചതിലൊക്കെ ഞാൻ

അതിശയം പൂണ്ടു. ഒരുമിച്ചു കരഞ്ഞു, ചിരിച്ചു. പ്രണയിക്കുകയും ആനന്ദി ക്കുകയും ചെയ്തു. വാക്കുകൾ പൂർവ്വികർ പറഞ്ഞു തന്നവയാണെന്നു തോന്നി. അവയ്ക്ക് എന്തോ പ്രത്യേകതയുണ്ടെന്ന് വായിച്ചവർ പറഞ്ഞു. ആഴത്തിൽ പോയ ഒരു വേരിൽ പറ്റിയിരിക്കുന്ന പച്ചമണ്ണിന്റെയോ, ആൾക്കൂട്ടം കാലങ്ങൾക്കപ്പുറം സംസാരിച്ചിരുന്ന ലിപിയില്ലാത്ത ഭാഷയുടെയോ മണം അതിനുണ്ടായിരുന്നിരിക്കണം. ഉപയോഗിക്കുന്ന വാക്കുകൾ നിത്യസാധാരണമാകരുതെന്ന് ഒരു നിഷ്ഠ സ്വയം ഉണ്ടാക്കിയിരുന്നു.അത് നന്നെന്നു പലരും പറഞ്ഞെങ്കിലും, പിന്നീട് മാറിയ അഭിരുചിക്കു ബോധിക്കുവാൻ ,അവയെ സാധാരണ ഭാഷയിലേക്ക് കൊണ്ടുവരേണ്ടിയും വന്നു. എങ്കിലും പഴയ ശീലത്തിന്റെ പൊട്ടും പൊടിയും ഇപ്പൊഴും അതിൽ പറ്റി നില്പുണ്ട്.

**? ജീവിതത്തിനും കവിതയ്ക്കുമിടയിലെ ദൂരം നിശ്ചയിക്കുന്നതെങ്ങനെ?**

അവയ്ക്കിടയിലെ ദൂരം വളരെ കുറഞ്ഞിരുന്ന ഒരു കാലമുണ്ട്. കവിത മാത്രമാണ് ജീവനും ജീവിതവുമെന്ന് വിചാരിച്ചിരുന്ന ഒരു വിഭ്രാന്തകാലം! അത് ഭാവനാ ലോകത്തെ സ്ഥിരതാമസക്കാരിയാക്കി മാറ്റി. അതുകൊണ്ടു തന്നെ പ്രായോഗികത ആവശ്യപ്പെടുന്ന വ്യവഹാരലോകത്തിൽ പരാജയപ്പെടുകയും പരിഹാസ്യയാകേണ്ടിവരികയും ചെയ്തു. ഇപ്പൊഴും പ്രാണൻ ഏഴു തടാകങ്ങൾക്കക്കരെയുള്ള കവിതയുടെ മരപ്പൊത്തിൽ ഭദ്രമായിരിക്കുകയാണ്. ആർക്കും എളുപ്പം ചെന്നെത്താനാകാത്ത നിഗൂഢ ദൂരത്തിൽ .വലിയ ആവേശത്തോടെ ഞാൻ അതിനെ ആവഹിക്കുന്നു. ചങ്കിരുന്നിടത്തെ ശൂന്യത തടവി, മന്ത്രിച്ചുവിളിക്കുമ്പോൾ, ജലദൂരമെല്ലാം പിന്നിട്ട് എന്നിലേക്ക് മടങ്ങുന്നു. ചിലത് പറഞ്ഞു തരുന്നു. വെറും എഴുത്തുപകരണമായി അത് പകർത്തുന്നു.

**? ദീർഘകാലത്തെ കാവ്യജീവിതത്തിനിടയിൽ ഉണ്ടായ ദിശാവ്യത്യാസങ്ങൾ സ്വയം വിലയിരുത്തിയിട്ടുണ്ടോ?.**

വളരെ വൈകി മാത്രമാണ് അങ്ങനെയൊരു വിശകലനം നടന്നത്. ഒറ്റയ്ക്ക് നിൽക്കുന്നവർക്ക് പറ്റുന്ന അബദ്ധമാണത്. ഇത്തരം വിലയിരുത്തലുകൾ സാധാരണ സംഘം ചേർന്ന ചർച്ചകളിലും സംഭാഷണങ്ങളിലുമാണ് നടക്കുന്നത്. ഒരുമിച്ചുള്ള സംസാരത്തിൽ നിന്ന് ഉരുത്തിരിഞ്ഞു

> **ഉപയോഗിക്കുന്ന വാക്കുകൾ നിത്യസാധാരണമാകരുതെന്ന് ഒരു നിഷ്ഠ സ്വയം ഉണ്ടാക്കിയിരുന്നു. അത് നന്നെന്നു പലരും പറഞ്ഞെങ്കിലും, പിന്നീട് മാറിയ അഭിരുചിക്കു ബോധിക്കുവാൻ ,അവയെ സാധാരണ ഭാഷയിലേക്ക് കൊണ്ടുവരേണ്ടിയും വന്നു. എങ്കിലും പഴയ ശീലത്തിന്റെ പൊട്ടും പൊടിയും ഇപ്പൊഴും അതിൽ പറ്റി നില്പുണ്ട്.**

വരുന്ന വിലയേറിയ പ്രായോഗിക ജ്ഞാനം ലഭിക്കാതെ പോയി. ഒരാൾ ഒറ്റയ്ക്കു നടന്നുപോകുന്നു. കാഴ്ചകളാൽ നിറഞ്ഞും ജീവിതത്താൽ ആവേശിതയായും, സമതലവും ആഴവും തിരിച്ചറിയാതെ വീണു മുറിഞ്ഞും ഉയിർത്തും അങ്ങനെ അങ്ങനെ ... അതിനിടയിൽ അത് സ്വയം അപഗ്രഥിക്കാൻ ശ്രമിച്ചില്ല.സ്വന്തം കവിതയിലെ ദിശാവ്യത്യാസത്തെ കുറിച്ചു പറഞ്ഞാൽ, അത് കാലം ചെല്ലുന്തോറും പുറത്തേക്കു സഞ്ചരിച്ചു എന്നു പറയാം. അകം ചുറ്റിക്കളി കുറച്ചു കൊണ്ടു വന്ന് അത് ബാഹ്യലോകത്തിൽ കൂടുതൽ അഭിരമിക്കാൻ തുടങ്ങി .


**? കാവ്യപരിഭാഷകൾ എങ്ങനെയാണ് സ്വന്തം രചനയെ സ്വാധീനിക്കുന്നത്?**

വളരെ ശക്തമായ ഘടനയുള്ള ഒരു നിർമ്മിതിയുടെ അകത്തേക്ക് പ്രവേശിച്ച് അതിന്റെ അധിപയാവുകയാണ് പരിഭാഷ എന്ന പ്രക്രിയയിലൂടെ നടക്കുന്നത് എന്നു തോന്നും. വാക്കുകളിലും വരികളിലും വിന്യസിക്കപ്പെട്ടു കിടക്കുന്ന അതിന്റെ പ്രാണൻ പങ്കിടുകയാണെന്നും തോന്നിയിട്ടുണ്ട്. അതിനായി മറ്റൊരു വൻകരയിലേക്ക് സഞ്ചരിക്കേണ്ടിവരും. പലദേശത്തിന്റെ, നദികളുടെ, പർവ്വതങ്ങളുടെ യാത്രികയാകണം. തുടക്കത്തിൽ ദൃഢമെന്നു തോന്നിക്കുന്ന അതിന്റെ പേശികളിൽ നിന്ന് വഴക്കമുള്ള മൊഴി കറന്നെടുക്കണം. അത് ഒരു സാഹസം തന്നെയാണ്. ഒരു വരിയിൽ തൂങ്ങി അഗാധവും അപരിചിതവുമായ ഒരു താഴ്‌വര കടക്കുമ്പോൾ , തലച്ചോറിലെ ഇതുവരെ സ്പന്ദിക്കാത്ത കോശങ്ങൾ ഉണർന്നേക്കാം. ഇതുവരെ ചിന്തിക്കുക പോലും ചെയ്യാത്തതിനെ കുറിച്ച് എഴുതിയെന്നും വരാം.പുതിയതിലേക്ക് പോകുവാൻ പ്രേരിപ്പിക്കുന്ന ഒന്നായി പരിഭാഷ മാറുന്നുണ്ട്.


**? സ്വന്തം കവിത നിർവ്വചിക്കുന്നത് കാലത്തെയാണോ ചരിത്രത്തെയാണോ ജീവിതത്തെയാണോ?**

അത് പൂർണ്ണമായും ജീവിതത്തെക്കുറിച്ചുള്ളതാണ്. അത് ബൗദ്ധികതയെയും ലാഭേച്ഛകളെയും തള്ളിപ്പറഞ്ഞു കൊണ്ട് കേവലവും ലളിതവുമായ വൈകാരികതയെ പുണരുന്നു . ദയയുടെ വസ്ത്രമുടുത്തു നിന്ന് അത് സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയും ഇഴയടുപ്പത്തെ കുറിച്ച് വാതോരാതെ സംസാരിക്കുന്നു. ഓരോ ജീവനിലും തന്നെത്തന്നെ സന്നിവേശിപ്പിച്ച് പ്രാണന്റെ .സങ്കടങ്ങളെല്ലാമറിയുന്നു. കവിതയും ജീവിതവും രണ്ടല്ലാതാകുന്ന തിക്കുമുട്ടറിഞ്ഞ്, ഇപ്പോൾ കവിഞ്ഞു നിലംതൂവുമെന്ന മട്ടൊരു ആഹ്ലാദം ഓരോ കോശത്തിലും രസമായി ഒളിപ്പിച്ച് വച്ച് , ആളിക്കത്താതെ, സൗമ്യമായി നിത്യവും എരിയണേ എന്ന പ്രാർത്ഥനയോടെ പ്രാപിക്കുന്ന പ്രണയമായും അത് അവനവനെത്തന്നെ ദീപ്തമാക്കുകയാണെന്നു കരുതുന്നു.


'Making Memorials all over the USA, Canada and India'
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com



ജോസഫ് എബ്രഹാം



*വര:*
**പി ആർ രാജൻ**

# പെണ്ണച്ചൻ

"കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും"

സന്ദർശക മുറിയിലെ ചുവരിൽ കണ്ട വചനത്തിൽ കണ്ണുംനട്ടുകൊണ്ട് എന്തുചെയ്യണമെന്നറിയാതെ കുറച്ചുനേരംകൂടി ഞാൻ വെറുതെ നിന്നു. ആരുമില്ല അടുത്തെങ്ങും. കടുത്ത പനിബാധിച്ചപോലെ മേലാകെ ചുട്ടുപൊള്ളാൻ തുടങ്ങി. പുറത്തെ ചാറ്റൽമഴ നനഞ്ഞുകൊണ്ട് നടന്നു. പിന്നിൽ ബിഷപ്പ് ഹൗസിൻറെ വാതിൽ അടയുന്ന ശബ്ദം ചാറ്റൽമഴയുടെ കിരുകിരിപ്പിനൊപ്പം കാതിൽ തുളച്ചുകയറിയപ്പോൾ ഉള്ളാകെ പിടഞ്ഞു.

"പിതാവേ എല്ലാം പൂർത്തിയായെന്നു തോന്നുന്നു"

നടപ്പിനിടയിലും അറിയാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

* * *

ആ രാത്രിയിലും വിചിത്രവും ഭയാനകവുമായ സ്വപ്നംകണ്ടു ഞെട്ടിയുണർന്നു.

നഗ്നയായി ക്രൂശിൽ തറയ്ക്കപ്പെട്ട ഒരു സ്ത്രീ.

അവളുടെ മുലകൾ ഛേദിച്ചു കളഞ്ഞിരുന്നു.

ചെമ്പട്ടുപോൽ രക്തം അവളുടെ അരക്കെട്ടിനെ മറച്ചുകൊണ്ട് ഒഴുകിയിറങ്ങിക്കൊണ്ടിരുന്നു.

''ദൈവത്തിൻറെ സഭയെ വഴി തെറ്റിക്കാൻവന്ന നരക പിശാചിനിയാണിവൾ. ഇവൾക്ക് ഇങ്ങിനെ തന്നെ വേണം.''

കയ്യിൽകിട്ടിയ കല്ലുകളും പ്ലാസ്റ്റിക്ക് കുപ്പികളും പഴത്തൊലികളും അവൾക്കു നേരെ വലിച്ചെറിഞ്ഞുകൊണ്ട് ജനങ്ങൾ വിളിച്ചു പറഞ്ഞു.

മേശപ്പുറത്തിരുന്ന ജഗ്ഗിൽ നിന്നും വെള്ളമെടുത്തുകുടിച്ചു. വിയർത്തൊലിച്ച മുഖം കൈപ്പടം കൊണ്ട് ഒപ്പിക്കൊണ്ട് ഡ്രസ്സിംഗ് മേശയിലെ കണ്ണാടിയിൽ നോക്കി. പ്രതിരൂപത്തിനു സ്വപ്നത്തിലെ സ്ത്രീയുമായി നടുക്കുന്ന രൂപസാദൃശ്യം!.

* * *

തോട്ടുമൂല ചെറിയപള്ളി വികാരിയായ എൻറെ പേര് ഫാദർ ജോൺസൺ എന്നാണെന്ന് എത്ര പേർക്ക് അറിയാമായിരിക്കും. 'പെണ്ണച്ചൻ' എന്ന പേരു പക്ഷേ എല്ലാർക്കും അറിയാം. സ്ത്രീകളുടെതു പോലുള്ള ശരീരപ്രകൃതവും നടപ്പുംമൂലം ആരോ കളിയാക്കിയിട്ട പേരാണ് ''പെണ്ണച്ചൻ''. ആ വട്ടപ്പേര് സ്രഷ്ടാവിൻറെ അപൂർണ്ണക്രിയയെ ഓർമിപ്പിക്കുമാറ് പേരിൻറെ പേരച്ചമായിത്തീർന്നു. ശരിക്കുമുള്ള പേരെന്തെന്ന് ആരും അന്വേഷിച്ചില്ല. നേരിൽ കാണുമ്പോൾ അച്ചോ എന്നു വിളിച്ചു, അല്ലാത്തപ്പോൾ പെണ്ണച്ചനെന്നും.

കാടിനോട് ചേർന്നുള്ള അതിർത്തി ഗ്രാമത്തിലെ പള്ളിയിൽ കഴിഞ്ഞ ആറുവർഷമായി ജോലി ചെയ്യുന്നു. സാധാരണയായി വികാരിയച്ചന്മാർ മൂന്നുവർഷക്കാലമാണ് ഒരിടവകയിലിരിക്കുക. പക്ഷേ എൻറെ അപേക്ഷപ്രകാരം അവിടെത്തന്നെ തുടരാൻ മെത്രാൻ സമ്മതിച്ചു. വേണമെങ്കിൽ എത്രകാലം വേണമെങ്കിലും അവിടെത്തന്നെ ആയിക്കൊള്ളട്ടെ എന്നാണ് അങ്ങേരുടെ മനസ്സിലിരുപ്പും. 'ജോൺസണച്ചൻറെ പ്രകൃതത്തിനു വലിയ ഇടവകയൊന്നും ശരിയാവില്ലന്ന വിചാരമാണ് മെത്രാനുള്ളത്. മാത്രവുമല്ല വലിയ കിട്ടപ്പോരൊന്നും ഇല്ലാത്ത കുഗ്രാമ ഇടവകകളിൽ ദൈവവേല ചെയ്യാൻ ഇഷ്ട്ടപ്പെടുന്ന അച്ചന്മാരും കുറവാണ്. ഇടവകക്കാർക്കും അവരുടെ അച്ചൻ അവിടെനിന്നും പോകാതിരിക്കുന്നതാണിഷ്ട്ടം.

**കാടിനോട് ചേർന്നുള്ള അതിർത്തി ഗ്രാമത്തിലെ പള്ളിയിൽ കഴിഞ്ഞ ആറുവർഷമായി ജോലി ചെയ്യുന്നു. സാധാരണയായി വികാരിയച്ചന്മാർ മൂന്നുവർഷക്കാലമാണ് ഒരിടവകയിലിരിക്കുക. പക്ഷേ എൻറെ അപേക്ഷ പ്രകാരം അവിടെത്തന്നെ തുടരാൻ മെത്രാൻ സമ്മതിച്ചു. വേണമെങ്കിൽ എത്രകാലം വേണമെങ്കിലും അവിടെ ത്തന്നെ ആയിക്കൊള്ളട്ടെ എന്നാണ് അങ്ങേരുടെ മനസ്സിലിരുപ്പും.**

സ്വപ്നം ഉറക്കത്തെ അകറ്റിയപ്പോൾ വേദപുസ്തകമെടുത്ത് തുറന്നു.

'അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദു:ഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചു കളഞ്ഞു''

ഒരാശ്വാസം തേടിയാണ് വേദപുസ്തകം തുറന്നത്. പക്ഷെ അവിടെയും കണ്ണിൽപ്പെട്ടത് സ്വന്തം ജീവിതത്തെക്കുറിച്ചുള്ള പ്രവചനങ്ങളെന്നു തോന്നിക്കുന്ന വചനങ്ങളും. മനസ്സ് കുറേക്കൂടി അസ്വസ്ഥമായി മാറി.

* * *

' ആണ്ടെടാ ദേ പോണേ പെണ്ണച്ചൻ!''

''പെണ്ണച്ചൻ ഇപ്പോൾ ശരിക്കും അച്ചൻപെണ്ണായി!''

വഴിയിൽ വച്ചുകണ്ടപ്പോൾ കുട്ടികൾ കളിയാക്കിക്കൊണ്ട് ഓടി മറഞ്ഞു.

''അച്ചോ ഇനി ളോഹ മാറ്റി സാരിയുടുത്താൽ മതി. അച്ചന് നന്നായി ചേരും.''

വഴിയരികിലെ കടയിൽ നിന്നാരോ വിളിച്ചു പറഞ്ഞു.

ജനങ്ങൾ അതുകേട്ടു ചിരിച്ചു.

പൌരോഹിത്യം നൽകുന്ന ബഹുമതിയുടെ ഉയരത്തിൽ നിന്നുമുള്ള വീഴ്ച പ്രാണനെ തകർത്തു കളഞ്ഞു.

മെല്ലെ നടക്കാൻ തോന്നിയില്ല, ഓട്ടമായിരുന്നു.

ഓടിവന്നു മുറിയിൽ കയറി കണ്ണാടിയിലേക്ക് ഉറ്റുനോക്കിനിന്നു കിതച്ചു.

''മോനെ, അമ്മിണി''

തൊട്ടു പുറകിൽനിന്നും ഒരു വിളികേട്ടു തിരിഞ്ഞു നോക്കിയപ്പോൾ അമ്മ അവിടെ നിൽക്കുന്നു.

''അമ്മിണിയെ, എൻറെ പൊന്നു മാനെ, നീ വിഷമിക്കേണ്ടെടാ. ആളുകൾ എന്തുവേണമെങ്കിലും പറയട്ടെ, അവർക്കെന്തറിയാം?

''നമ്മടെ മാതാവൊരു പെണ്ണല്ലേ?

''എന്നിട്ടും സകലപുണ്യാളമ്മാരിലും മേലെയല്ലേ?

''സത്യം പറഞ്ഞാൽ അമ്മച്ചിക്കു സന്തോഷമായെടാ.

''നീ ഓർക്കുന്നോ, ചെറിയ ക്ലാസ്സിൽ സ്കൂളിൽ പോകുമ്പോൾ


ഞാൻ നിന്നെ കണ്ണെഴുതി പൊട്ടും തൊടീച്ചു വിട്ടിരുന്നത് ?

''നീ വയറ്റിലുള്ളപ്പോൾ ഞാനെന്നും പ്രാർത്ഥിക്കുമായിരുന്നു നീയെങ്കിലും പെണ്ണായി പിറക്കണേന്നു.

''നിന്നെ അമ്മിണിയെന്നു വിളിച്ചതും, പൊട്ടുകുത്തിച്ചതും ഒരു പെൺകൊച്ചിനെ കൊഞ്ചിക്കാനുള്ള കൊതികൊണ്ടായിരുന്നു.

''എൻറെ മോൻ വിഷമിക്കേണ്ട ദൈവം നിൻറെ കൂടെയുണ്ടാകും''

**വൈദീക പട്ടത്തിൻറെ ഇരുപത്തിയഞ്ചു വർഷങ്ങൾ പിന്നിട്ട് അമ്പതാം വയസിൽ എത്തിയപ്പോഴേക്കും ഒരു സ്ത്രീയായി മാറിയിരിക്കുന്നു!. അതത്ര അവിശ്വസനീയമായി തോന്നിയില്ലെങ്കിലും ഈ ജന്മം അങ്ങിനെ സംഭവിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല**



മുറിയിലെ പ്രകാശം പൊടുന്നനെ അണഞ്ഞു. അകത്തും പുറത്തും ഇരുൾ. മുറിയിൽ ആരെയും കാണുന്നില്ല. പുറത്തെ ഇരുളിലേക്ക് നോക്കി. വരാൻ പോകുന്ന ദിവസങ്ങളെക്കുറിച്ചുള്ള ദർശനമായിരുന്നോ അത്? അല്ലെങ്കിൽ വെറും തോന്നലുകളോ? അതോ പാതി മയക്കത്തിൽ കണ്ട സ്വപ്നമോ? വിയർപ്പിന്റെ ഈർപ്പവും 'കൊട്ടംചുക്കാതി' കുഴമ്പിന്റെ മണവും കുഴഞ്ഞുചേർന്ന അമ്മയുടെ സാമീപ്യം സത്യമെന്നാണ് തോന്നിയത്.

അമ്മ കൂടെയില്ലാത്തത് നന്നായി. അല്ലെങ്കിൽ ഇപ്പോളത്തെ അവസ്ഥയറിഞ്ഞാൽ അവർക്ക് വല്ലാതെ ഉള്ളുരുകിയേനെ. സ്വപ്നമൊക്കെ വെറും ആഗ്രഹങ്ങളല്ലേ.

* * *

വൈദീക പട്ടത്തിൻറെ ഇരുപത്തിയഞ്ചു വർഷങ്ങൾ പിന്നിട്ട് അമ്പതാം വയസിൽ എത്തിയപ്പോഴേക്കും ഒരു സ്ത്രീയായി മാറിയിരിക്കുന്നു!. അതത്ര അവിശ്വസനീയമായി തോന്നിയില്ലെങ്കിലും ഈ ജന്മം അങ്ങിനെ സംഭവിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

പേശികൾ മെല്ലെമെല്ലെ അയഞ്ഞപ്പോഴും ത്വക്കിന് അസാധാരണമായ ഒരു മൃദുത്വം വന്നപ്പോഴും ആദ്യമൊക്കെ കരുതിയത് ശരീരപ്രകൃതിയിൽ പ്രായം വരുത്തുന്ന മാറ്റങ്ങൾ മാത്രമെന്നാണ്. പക്ഷെ ഇപ്പോൾ അങ്ങിനെയല്ലന്നു തിരിച്ചറിയുന്നു. ശരീരം മനസ്സിനോടൊപ്പം ഓടിയെത്തിയത് ഇപ്പോൾ മാത്രമാണെന്ന് വൈദ്യശാസ്ത്രം തന്നെ പറഞ്ഞിരിക്കുന്നു.

ഈ മാറ്റമാണ് ദിവസങ്ങളായി മനസ്സിനെ തകർത്തുകൊണ്ടിരിക്കുന്നത്. സ്ത്രീയായി മാറിയതിനാൽ പുരോഹിതനായി തുടരുന്നത് സഭയോടും ജനങ്ങളോടും ചെയ്യുന്ന വലിയ അനീതിയാണെന്ന ചിന്ത മനസ്സിനെ സദാ കുത്തിനോവിച്ചു കൊണ്ടിരുന്നു.

ഒരു പെണ്ണ് അർപ്പിക്കുന്ന കുർബാനകൾ ദൈവം സ്വീകരിക്കുമോ?

കുമ്പസാരത്തിലൂടെ നല്കുന്ന പാപമോചനം ഈ അയോഗ്യതമൂലം സംഭവിക്കാതിരിക്കുമോ?

അങ്ങിനെവന്നാൽ വിശ്വാസികളെ നരകാന്ധകാരത്തിലേക്ക് തള്ളിവിടുന്നതിൻറെ കൊടിയ പാപഭാരം കൂടി വഹിക്കേണ്ടിവരില്ലേ?

അതിനുമെല്ലാം അപ്പുറമായി ആത്മാവിപ്പോൾ ലൗകികസുഖങ്ങൾക്കായി ദാഹിക്കുന്നു. ആണായിരുന്നപ്പോൾ മനസ്സിന് ഇത്രയും കുതിപ്പ് ഉണ്ടായിരുന്നില്ല. ബ്രഹ്മചര്യവ്രതം മനസ്സുകൊണ്ടെങ്കിലും തെറ്റിക്കഴിഞ്ഞു.

ഇല്ല, ഇനിയാവില്ല ഇങ്ങനെ ആത്മവഞ്ചനയോടെ ജീവിക്കാൻ. ഇതുവരെ സ്ത്രീകളുടെ വേഷം ധരിക്കുന്നതൊക്കെ ഒരു രസം മാത്രമായിരുന്നു. സ്ത്രീയായി മാറിയിയപ്പോൾ പുരുഷവേഷം ധരിക്കുന്നത് കൊടിയ ആത്മവഞ്ചനയായിട്ടാണ് തോന്നുന്നത്. ശത്രുവിന്റെ വീട്ടിൽ വീട്ടിൽ അതിഥിയായി കഴിയുന്നപോലെ.

മനസ്സു മറ്റെന്തോക്കയോ തേടിക്കൊണ്ടിരിക്കുന്നു. അമ്പതുവയസു കഴിഞ്ഞു. ഇനി എങ്ങിനെ ഒരു പുതിയ ജീവിതം തുടങ്ങും? കഴിഞ്ഞ കാലങ്ങളെ മറക്കാം. പക്ഷെ മുന്നോട്ടുള്ള കാലങ്ങളെ എങ്ങിനെ നേരിടും. ജോലിയില്ല. വരുമാനമില്ല. കർത്താവേ, അങ്ങു പറഞ്ഞതുപോലെ ആകാശത്തിലെ കിളികളെപ്പോലെ ജീവിക്കാനാകുമോ? തലചായ്ക്കാൻ ഒരു കൂരയെവിടെ? താൻ പുരോഹിതനായിരിക്കുന്നതിൽ അഭിമാനിക്കുന്ന കൂടെപ്പിറപ്പുകൾ കുപ്പായമുപേക്ഷിച്ചു സ്ത്രീയായി തിരികെ ചെന്നാൽ സ്വീകരിക്കുമോ?

ഇതെല്ലാം ദൈവഹിതമെന്നു കരുതി ഇപ്പോഴത്തെ അന്തസ്സിൽ തന്നെ തുടർന്നാൽ അത് കൊടും പാപമാകില്ലേ?

ഉത്തരം കിട്ടാത്ത അനേകം

**ഇല്ല, ഇനിയാവില്ല ഇങ്ങനെ ആത്മവഞ്ചനയോടെ ജീവിക്കാൻ. ഇതുവരെ സ്ത്രീകളുടെ വേഷം ധരിക്കുന്നതൊക്കെ ഒരു രസം മാത്രമായിരുന്നു. സ്ത്രീയായി മാറിയിയപ്പോൾ പുരുഷവേഷം ധരിക്കുന്നത് കൊടിയ ആത്മവഞ്ചനയായിട്ടാണ് തോന്നുന്നത്. ശത്രുവിന്റെ വീട്ടിൽ വീട്ടിൽ അതിഥിയായി കഴിയുന്നപോലെ.**

സങ്കീർണ്ണ ചോദ്യങ്ങൾ തിങ്ങിനിറഞ്ഞു തലയും നെഞ്ചും വിങ്ങിവേദനിച്ചു. കുരിശുമരണം തിരഞ്ഞെടുക്കുമ്പോൾ ദൈവപുത്രനും ഇതായിരുന്നോ അവസ്ഥ?

ഏതുനിമിഷവും പിടിയിലാകുമെന്ന ഭയം സദാഅലട്ടുന്നു. ദേവാലയത്തെ കള്ളന്മാരുടെ കൂടാരമാക്കിയവരുടെ മുതുകിൽവീണ ചാട്ടവാർ തൻറെ മേലും പതിക്കേണ്ടതല്ലേ?

ഇന്നേവരെയില്ലാത്ത രീതിയിൽ ശരീരവും അലട്ടാൻ തുടങ്ങിയിരിക്കുന്നു. മുൻപെങ്ങും അനുഭവിച്ചിട്ടില്ലാത്ത ശാരീരികവേദനകൾ, അകാരണമായ നെടുവീർപ്പുകൾ തളർച്ച, ക്ഷീണം. എല്ലാം കൊണ്ടും വല്ലാതെ പരിക്ഷീണനായി മാറിക്കഴിഞ്ഞു.

എല്ലാം അറിയുന്ന നിമിഷം താൻ സഭയുടെയും ലോകത്തിൻറെയും മുൻപിൽ ഒരു അശ്ലീലബിംബമായി മാറും. മറ്റൊരു ചിന്തയും മനസ്സിൽ ഇടയ്ക്കിടെ കടന്നുവരുന്നു. എല്ലാം അറിയുന്ന തമ്പുരാൻ ആത്മഹത്യയെന്ന ആ പാപത്തിനു പൊറുതി തരാതിരിക്കില്ല.

പക്ഷെ അങ്ങിനെ അവസാനിച്ചാലും പ്രശ്നങ്ങൾ അവസാനിക്കാനിടയില്ല. ഒരു വൈദീകൻറെ ആത്മഹത്യ പരക്കെ ചർച്ചചെയ്യപ്പെടും കാരണങ്ങൾ തിരയും. പ്രേതപരിശോധന നടത്തുന്ന പോലീസുകാർക്കും ഡോക്ടർക്കും ആത്മഹത്യ ചെയ്യാനുള്ള കാരണം എളുപ്പത്തിൽ മനസ്സിലാകും. മറുപടി പറയാൻ ചത്തുപോയവനെക്കൊണ്ട് ആവതില്ലാത്തതിനാൽ കഥകൾ നാനാവിധമായിരിക്കും.

പക്ഷെ ഈ വേഷവും ചുറ്റുപാടുകളും ഒട്ടും ഇണങ്ങുന്നില്ല.

""Why do you dress me in borrowed robes?"

അങ്ങിനെ ചോദിച്ചത് മാക്ബെത്തല്ലേ?

അതുപക്ഷേ ആത്മബലിക്ക് മുന്നോടിയായിട്ടായിരുന്നില്ല. അശ്വമേധങ്ങളുടെ ചോരക്കളത്തിൽ നിന്നപ്പോഴായിരുന്നു. 'ഞാനെന്തിനാണ് കടം വാങ്ങിയ കുപ്പായം ധരിക്കുന്നതെന്ന്' ഈ പരാജിതന്റെ കുറ്റസമ്മതം ആര് വകവെയ്കാൻ?

ഇനി ഏതുവേഷം അണിയണമെന്ന ചോദ്യത്തിനുത്തരം ആദ്യമേ കണ്ടെത്തണം. അവിടെയുമൊരു ആത്മവഞ്ചനയുണ്ട്. തിരുവസ്ത്രത്തിനടിയിൽ രഹസ്യമായി സ്ത്രീകളുടെ വസ്ത്രങ്ങൾ കുറേക്കാലമായി അണിയുന്നു. ഇതൊക്കെ ആരോടാണ് ദൈവമേ ഒന്ന് തുറന്ന് പറയുക?

അല്ലെങ്കിൽ എന്തിനിതെല്ലാം പുറത്തുപറയണം? ലോകത്തിൽ ഒരു മാറ്റം വരുത്താനുള്ള ദൈവീക പദ്ധതിയുടെ സൂചകമാണ് ഇതെന്ന് കരുതിക്കൂടെ? ഈ മനുഷ്യനെ സൃഷ്ടിച്ചതും പുരോഹിതനാക്കിയതും അയാളുടെ ശരീരപ്രകൃതിയിൽ കൈവെച്ചതും ദൈവം തമ്പുരാൻ തന്നെയല്ലേ?

ഈ ശരീരത്തിലൂടെ ഒരുമാറ്റം ലോകത്തിലുളവാക്കുവാൻ ദൈവം ആഗ്രഹിക്കുന്നുവോ? അങ്ങിനെയെങ്കിൽ ഈ സത്യം പുറംലോകം അറിയാതെ പോയാൽ എങ്ങിനെ മാറ്റം സംഭവിക്കും?

മറഞ്ഞിരിക്കുന്നതു വെളിയിൽ വന്നില്ലെങ്കിൽ അതെങ്ങിനെ മാറ്റങ്ങൾക്കു കാരണമാകും? വിളക്കു കൊളുത്തി പറയുടെ അടിയിൽ വച്ചാൽ അതെങ്ങിനെ പ്രകാശം പരത്തും? മരണശേഷമാണ് ഈ രഹസ്യം വെളിപ്പെടുന്നതെങ്കിൽ സഭയോടും വിശ്വാസികളോടും

സത്യം പറയാത്ത വഞ്ചകൻ എന്നു മാത്രമേ അവർ പറയൂ. 'സത്യം പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾ അംഗീകരിക്കുമായിരുന്നല്ലോ എന്ന വമ്പുപോലും അവർ പറഞ്ഞേക്കാം.'

പരസ്പരം ഉൽലംഘിക്കുന്ന ചിന്തകളുടെ ഭാരത്താൽ വലഞ്ഞുപോകുന്നു. ആരോടും പറയാനും പറയാതിരിക്കാനും വയ്യാത്ത, ഒരു തീരുമാനവും എടുക്കാനാവാത്ത, അവസ്ഥ.

ഒരു സാധാരണ മനുഷ്യനായിരുന്നുവെങ്കിൽ ആരോടെങ്കിലും ഇതൊക്കെ തുറന്ന് പറഞ്ഞ് ഉപദേശം തേടാമായിരുന്നു. കുമ്പസാരത്തിലും വലിയ രഹസ്യമായി സൂക്ഷിക്കേണ്ട ഈ കുരിശ് ഇനിയും എത്രകാലം ചുമക്കണം?. എന്നായാലും എവിടെയായാലും ഈ കുരിശിൽ തന്നെയാവും ഞാൻ തറയ്ക്കപ്പെടുക എന്നതുറപ്പാണ്.

ആരോടെങ്കിലും തുറന്നു പറഞ്ഞില്ലെങ്കിൽ ശ്വാസംമുട്ടി പിടഞ്ഞുമരിക്കും. ആരോട് പറയും? മനസ്സിൽ തെളിയുന്ന ഒരാൾ ജോസഫ് മാത്രമാണ്.

അവനോ, ദൈവവഴികളിൽ നിന്നും എക്കാലവും മാറി നടന്നവൻ. മദ്യപാനി, ദുർമാർഗ്ഗി, താന്തോന്നി, പള്ളിയിൽ പോകാത്തവൻ, നിരീശ്വരവാദി, കെട്ടിയപെണ്ണിനെ യാതൊരു കാരണമില്ലാതെ ഉപേക്ഷിച്ചു എന്ത്യാനിച്ചു നടക്കുന്നവൻ...

ജോസെഫിനെക്കുറിച്ചുള്ള നാട്ടുകാരുടെ വിശേഷണങ്ങൾ.

ദൈവവേലയെക്കുറിച്ചുള്ള ഈ സമസ്യക്ക് അവനോട് മാത്രമേ ഉത്തരം തേടാൻ കഴിയുന്നുള്ളൂ എന്നത് എന്തൊരു വിധിവൈപരീത്യമാണ്.

പൌരോഹിത്യത്തെ നിശിതം വിമർശിക്കുന്നവനും തെമ്മാടിയെന്ന വിളിപ്പേരുള്ളവനുമായ ജോസഫാണ് എൻറെ ആത്മമിത്രം!

''അധ്വാനിച്ചു ജീവിക്കുന്ന മനുഷ്യൻ ഒരു ദിവസം ഒരു മിനിറ്റ് പ്രാർത്ഥിച്ചാൽ മതി എന്നാണ് യേശു പഠിപ്പിച്ചിരിക്കുന്നത്.

''അവനെക്കൊണ്ട് ദിവസംമുഴുവൻ നീണ്ടുനിൽക്കുന്ന പ്രാർത്ഥനകൾ ചൊല്ലാൻ നിർബന്ധിക്കുന്നതും ദിവസങ്ങളോളം ധ്യാനകേന്ദ്രങ്ങളിൽ കൊണ്ടുപോയി ഇരുത്തുന്നതും നിങ്ങൾ പുരോഹിതരുടെ കച്ചവടതാൽപര്യം മാത്രമാണ്''

ജോസഫ് എന്താണ് പറഞ്ഞുവരുന്നതെന്നു മനസ്സിലായിരുന്നില്ല. അവൻ തന്നെ വിശദീകരിച്ചു.

''സ്വർഗ്ഗസ്ഥനായ പിതാവേ എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലാൻ എത്ര നേരം വേണം?''

'' ഒരു മിനിറ്റ് മതിയാകും '

'ഈയൊരു പ്രാർത്ഥനയല്ലാതെ വേറെ ഏതെങ്കിലും പ്രാർത്ഥന തൊഴിലാളികളായ തൻറെ ശിഷ്യന്മാരെ യേശു പഠിപ്പിചിട്ടില്ലല്ലോ?''

അവൻറെ യുക്തികളെ അവഗണിക്കാനാവില്ല. അവൻറെ മുൻപിൽ എത്തുമ്പോൾ പഠിച്ച ദൈവശാസ്ത്രവും തത്വശാസ്ത്രവുമെല്ലാം വിസ്മരിച്ചു പോകും.

* * *

'ജോസഫ്, സമൂഹമെന്നെ തിരസ്കരിക്കും. ഞാനൊരു ഭീരുവാണ്. ഉപദേശങ്ങൾ നൽകാനുള്ള

**മറഞ്ഞിരിക്കുന്നതു വെളിയിൽ വന്നില്ലെങ്കിൽ അതെങ്ങിനെ മാറ്റങ്ങൾക്കു കാരണമാകും? വിളക്കുകൊളുത്തി പറയുടെ അടിയിൽ വച്ചാൽ അതെങ്ങിനെ പ്രകാശം പരത്തും? മരണശേഷമാണ് ഈ രഹസ്യം വെളിപ്പെടുന്നതെങ്കിൽ സഭയോടും വിശ്വാസികളോടും സത്യം പറയാത്ത വഞ്ചകൻ എന്നു മാത്രമേ അവർ പറയൂ. 'സത്യം പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾ അംഗീകരിക്കുമായിരുന്നല്ലോ എന്ന വമ്പുപോലും അവർ പറഞ്ഞേക്കാം.'**

പഠിപ്പുകൾ മാത്രമേ എനിക്കുള്ളൂ. ജീവിതത്തെ നേരിടാനുള്ള കഴിവെനിക്കില്ല.''

''ജോൺസാ ഒരാളുടെ രൂപമല്ല, അയാളുടെ മനസ്സാണ് അവൻ ആരെന്നു തീരുമാനിക്കുന്നത്. പക്ഷെ പുറമേനിന്നു നോക്കുന്നവർ രൂപം കൊണ്ടായിരിക്കും വിലയിരുത്തുക. അതുകൊണ്ടുതന്നെ സമൂഹം നിന്നെ ബാഹ്യരൂപംകൊണ്ട് വിലയിരുത്തട്ടെ. നീ ആരോടും ഒന്നും ഏറ്റുപറഞ്ഞു സ്വസ്ഥത കളയേണ്ട...'

'പക്ഷെ ജോസഫ്, സഭയുടെ നിയമങ്ങൾ പുരുഷനെ മാത്രമേ പുരോഹിതനാകാൻ അനുവദിക്കുന്നുള്ളല്ലോ. എനിക്കിതു ഏറ്റുപറയാതെ വയ്യ. അല്ലെങ്കിൽ സഭയോടും വിശ്വാസികളോടും അതിലെല്ലാം മേലയായി എന്നോടു തന്നെ ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും''

''ഏറ്റുപറച്ചിൽ നല്ലതാണ് പക്ഷെ അതോടെ നിൻറെ ലോകം മാറിമറിയും. അതിനെ നേരിടാൻ നീ തയ്യാറായിട്ടുണ്ടോ?''

ശാന്തമായി ഒഴുകുന്ന ഒരു അരുവിയായി തീരാനായിരുന്നു എന്നുമെൻറെ ആഗ്രഹം. പക്ഷെ ഈ ഉരുൾപൊട്ടലിൽ എല്ലാം മാറിയിരിക്കുന്നു. സ്വയം രക്ഷപ്പെടാനാവില്ലന്നറിയാം പക്ഷെ മറ്റുള്ളവരെ എങ്ങിനെ രക്ഷിക്കാനാവുമെന്നതാണ് ഏറെ അലട്ടുന്നത്

''ഞാൻ അരമനയിൽചെന്നു പിതാവിനോട് കാര്യങ്ങൾ തുറന്നു പറഞ്ഞാലോ?''

''എന്തിന്? പെണ്ണായി മാറിയെന്നു കേൾക്കുമ്പോൾ മെത്രാൻ നിന്നെ പിടിച്ചു നേരെ മഠത്തിലമ്മയാക്കുമെന്നാണോ നീ കരുതുന്നത് ?''

''അല്ലാതെ ഞാനെന്താണ് ചെയ്യുക? ഇടവക്കാർക്കെല്ലാം സമാധാനം ആശീർവദിക്കുന്ന എനിക്ക് സമാധാനം ഇല്ലാതായിട്ട് എത്ര നാളായി! '

'ഏറ്റുപറഞ്ഞാൽ പ്രശ്നം പരി



ഹരിക്കുമോ അതോ വഷളാകുമോ? എനിക്കു തോന്നുന്നത് ഏറ്റുപറച്ചിൽ കാര്യങ്ങളെ കൂടുതൽ കുഴപ്പിക്കുമെന്നാണ് '

'സത്യമറിഞ്ഞാൽ അവരെന്നെ പുറത്താക്കും, കല്ലെറിയും. അവരുണ്ടാക്കുന്ന വ്യാഖ്യാനങ്ങൾ എണ്ണമറ്റതായിരിക്കും. ഞാൻ ചതിയനും തെറ്റുകാരനുമാകും. പക്ഷേ

കാര്യങ്ങൾ പറയാതിരുന്നാൽ കർത്താവിൻറെ തിരുസന്നിധിയിൽ ഞാൻ അപരാധിയായി മാറും''

അവൻ ഒന്നും മിണ്ടാതെയിരുന്നു.

ഞാൻ എഴുന്നേറ്റുപോയി ജനലിനരികിൽ പുറത്തെ ഇരുളിലേക്ക് നോക്കിനിന്നു. കാട്ടിൽനിന്നും ആനകളുടെ ചിന്നം വിളികൾ കേട്ടു.

കുറച്ചു നാളുകൾക്ക് മുൻപ് ആനകളിറങ്ങി വിളകൾ നശിപ്പിച്ചപ്പോൾ നാട്ടുകാർക്കൊപ്പം പടക്കംപൊട്ടിച്ചും പന്തം വീശിയും ആനകളെ തുരത്താനിറങ്ങിയിരുന്നു.

അത്തരത്തിലുള്ള എല്ലാ ധൈര്യവും പൊയ്പ്പോയിരിക്കുന്നു. പുറത്തിറങ്ങാൻ ധൈര്യമില്ല എന്നത് വിചിത്രമായി തോന്നുന്നു. സ്ത്രൈണസഹജമായ ഭയവും ഉൽക്കണ്ഠയുമൊക്കെ സ്വാഭാവമായിരിക്കുന്നു. അതിലുമത്ഭുതം മനസ്സ് അതിലൊക്കെ അഭിരമിക്കുന്നതാണ്.

സ്ത്രൈണസഹജമായ ഭയം എന്നെങ്ങിനെ പറയും. അസാമാന്യമായ സാഹസികത ഉള്ളിൽ കൊണ്ടുനടക്കുന്നവരാണ് സ്ത്രീകൾ. സാഹചര്യങ്ങളുടെ സമ്മർദ്ദം വരുമ്പോൾ അവരിൽ പലരും പുരുഷനെ വെല്ലുന്ന ധൈര്യം കാട്ടാറുമുണ്ട്.

എങ്കിലും പ്രധാനമായും പുരുഷനിർമ്മിതമായ മതത്തിലൂടെയും സാഹിത്യത്തിലൂടെയും ആരുടെയൊക്കെയോ സൗകര്യത്തിനും നേട്ടങ്ങൾക്കുമായി സ്ത്രീയെയും പുരുഷനെയും സമൂഹം നിർവ്വചിച്ചിരിക്കുന്നു. ഒരു ദൈവപുത്രനും കൽപ്പിച്ചിട്ടില്ലെങ്കിൽ പോലും പുരോഹിതവസ്ത്രവും പുരുഷനു മാത്രമായി മാറ്റി വച്ചിരിക്കുന്നു. അതും ഒരു വസ്ത്രം മാത്രം. ഒരുപക്ഷേ ആർക്കും വേണമെങ്കിലും ധരിക്കാവുന്ന വേഷം. ആടാവുന്ന വേഷങ്ങൾ.

താനും അത് തന്നെയാണ് ചെയ്ത് വരുന്നത്. അല്ലെങ്കിൽ സ്ത്രീയായി മാറി എന്ന് കരുതി, മുൻപുണ്ടായിരുന്ന ധീരത എവിടെപ്പോയി മറയാൻ? അതും ധീരമായ തീരുമാനങ്ങൾ എടുക്കേണ്ട ജീവിതത്തിന്റെ ഈ ദശാസന്ധിയിൽ.

ജാലകത്തിനപ്പുറത്തെ ഇരുളിൽ മിന്നാമിനുങ്ങുകൾ ഇണകളെ ആകർഷിച്ചുകൊണ്ട് മിന്നിത്തെളിഞ്ഞു പറന്നുകൊണ്ടിരുന്നു. ഒരു രാത്രിയുടെ ജീവിത ആഹ്ലാദത്തിനുശേഷം ജീവൻ ഒടുങ്ങുമെന്ന ആകുലതയൊന്നുമില്ലാതെ അവർ അവരുടെ നിമിഷങ്ങളിൽ തിളങ്ങി തിമർത്തുകൊണ്ടിരുന്നു. എന്തുകൊണ്ടാണ് മരണം ഉള്ളിൽ കുടിപ്പാർക്കുമ്പോഴും ജീവിതം ഇങ്ങനെ അവരെ കൊതിപ്പിക്കുന്നത് ?

'സ്നേഹിതനു വേണ്ടി ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമെവിടെ?'

ഒന്നു കാണണമെന്നു പറഞ്ഞപ്പോൾ ഇതുപോലൊരു പ്രശ്നത്തിൻറെ കുരുക്കഴിക്കാനായിരിക്കുമെന്നു ജോസഫ് കരുതിയിട്ടുണ്ടാവില്ല. ചെറുപ്പംമുതലേ ജോസെഫിനോടല്ലാതെ മറ്റാരുമായി കൂട്ടുകെട്ടില്ലായിരുന്നു. ഒരേ

പ്രായക്കാരെങ്കിലും മുതിർന്ന ആളോടെന്നപോലുള്ള ബഹുമാന മായിരുന്നു അവനോടെന്നും.

സ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ കണ്ടാൽ സുന്ദരിപ്പെണ്ണെന്നു പറഞ്ഞുകൊണ്ട് ചില ആൺകുട്ടികൾ തോളിലൂടെ കയ്യിട്ട് മാറിൽ അമർത്തിയിരുന്നു. ചിലർ തരംകിട്ടുമ്പോൾ തുടയിൽ അമർത്തിപ്പിടിക്കുമായിരുന്നു.

വീടിനടുത്തുള്ള കുന്നിലെ റബർ തോട്ടത്തിൽ വച്ചായിരുന്നു ഒരു ദിവസം താളംതെറ്റിയ ഹൃദയമിടിപ്പിൽ വിറയ്ക്കുന്ന കൈകൾ കൊണ്ട് ജോസഫ് ചേർത്തു പിടിച്ചതും ചുണ്ടുകൾ അവൻറെ വായ്ക്കുള്ളിലാക്കി ഉമ്മവെച്ചതും. കന്നി റബർമരം മാർക്കു ചെയ്യുന്നതുപോലെ അവൻ ചുണ്ടിൽ പല്ലമർത്തി. കരിയിലകൾക്കു മീതെ അവനോടൊപ്പം കിടന്നപ്പോൾ അവൻ കൈകുത്തി ഉയർന്ന് മീതെ കിടന്നു.

ഒട്ടുപാൽപോലെ പറ്റിപ്പിടിച്ചത് മുണ്ടുകൊണ്ട് തുടച്ച് അവനെ തള്ളിമാറ്റി വീട്ടിലേക്കു ഓടിപ്പോയി. അതിനുശേഷം രണ്ടാഴ്ചത്തേക്കു സ്കൂളിൽവച്ചു കണ്ടിട്ടും മിണ്ടാതെ നടന്നു.

അവൻ അങ്ങിനെ ചെയ്തതിലുള്ള എതിർപ്പായിരുന്നില്ല, അന്നുണ്ടായത് വലിയ പാപമെന്ന ചിന്തയായിരുന്നു അപ്പോൾ അലട്ടിയിരുന്നത്.

മിന്നാമിനുങ്ങുകൾ പറന്നകന്നു.

ജോസെഫിന്റെ നേരെ തിരിഞ്ഞുനോക്കിയപ്പോൾ അവനെന്നെ സാകൂതം നോക്കിയിരിക്കുന്നതായി കണ്ടു. എന്നിൽ വന്നുചേർന്ന മാറ്റങ്ങൾ അവൻ ശ്രദ്ധിച്ചതാകും. ശരീരം തടിച്ചിട്ടുണ്ട്. പ്രായം ഏറിയതോടെ സ്ത്രൈണതയേറിയ ശരീരപ്രകൃതിയായി മാറി.

''തണുപ്പ് കയറുന്നു ജനൽ അടച്ചേക്കാം''

ജോസഫിൻറെ കണ്ണുകളിൽ നിന്നും ഒഴിഞ്ഞുമാറാനായി ജനാലയ്ക്കലേയ്ക്ക് തിരിഞ്ഞപ്പോൾ അവൻ ചോദിച്ചു.

''എടാ, ചില സഭകളിൽ സ്ത്രീകളെ പുരോഹിതരായി വാഴിക്കുന്നുണ്ടല്ലോ അപ്പോൾ അവർ ചെയ്യുന്നതു ക്രിസ്തുവിന്റെ പഠിപ്പിക്കലിനു എതിരാണോ?''

വെയിലേറ്റ് തടി വട്ടച്ചുപോയ ജനൽപാളികളുടെ കുറ്റികൾ ബലംപിടിച്ചു ബന്ധിക്കുന്നതിനിടയിൽ ഞാൻ പറഞ്ഞു.

**"ജോസഫേ, വിശ്വാസത്തിൽ ഒരു പ്രതിസന്ധി വരുമ്പോഴാണ് വചനങ്ങളെ കൂടുതൽ പഠിക്കുകയും ദൈവശാസ്ത്രപരമായ പുതിയ വ്യാഖ്യാനങ്ങൾക്ക് യുക്തിഭദ്രമായ ഇടമുണ്ടോയെന്ന അന്വേഷണം നടത്തേണ്ടിയും വരിക. പുരുഷനായിരിക്കെ എനിക്കു വിശ്വാസപ്രതിസന്ധിയൊന്നും തോന്നിയില്ല. ഒരു പെണ്ണായപ്പോൾ എനിക്കൊരു തുല്യസ്ഥാനം കണ്ടെത്താൻ പറ്റുമോയെന്ന അന്വേഷണത്തിലാണ്."**

''ജോസഫേ, യേശു ആരെയെങ്കിലും പുരോഹിതനായി അഭിഷേകം ചെയ്തിട്ടുണ്ടോ? സത്യത്തിൽ പൌരോഹിത്യത്തിനെതിരെ ആയിരുന്നില്ലേ അവൻ നിലകൊണ്ടത്? തന്നെ ആരാധിക്കുന്നതിൽ നിന്നും അവൻ സ്ത്രീകളെ തടഞ്ഞുവോ? ഒരു സ്ത്രീ തൈലാഭിഷേകം ചെയ്തുകൊണ്ട് ആരാധിച്ചപ്പോൾ അവൻ അതിനെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്തത് ?

''എന്നേയ്ക്കും വേണ്ടി ക്രിസ്തു സ്വയം ബലിയർപ്പിച്ചുകഴിഞ്ഞു. അതിലും വലിയ ഒരു ബലിയും ഇനി അർപ്പിക്കാനില്ല അതുകൊണ്ട് സത്യം പറഞ്ഞാൽ പുരോഹിതർ തന്നെ ആവശ്യമില്ല.''

'' ഇതൊക്കെ അറിയാമായിരിക്കെ നീ എന്തിനു പുരോഹിതനായി?''

''ജോസഫേ, വിശ്വാസത്തിൽ ഒരു പ്രതിസന്ധി വരുമ്പോഴാണ് വചനങ്ങളെ കൂടുതൽ പഠിക്കുകയും ദൈവശാസ്ത്രപരമായ പുതിയ വ്യാഖ്യാനങ്ങൾക്ക് യുക്തിഭദ്രമായ ഇടമുണ്ടോയെന്ന അന്വേഷണം നടത്തേണ്ടിയും വരിക. പുരുഷനായിരിക്കെ എനിക്കു വിശ്വാസപ്രതിസന്ധിയൊന്നും തോന്നിയില്ല. ഒരു പെണ്ണായപ്പോൾ എനിക്കൊരു തുല്യസ്ഥാനം കണ്ടെത്താൻ പറ്റുമോയെന്ന അന്വേഷണത്തിലാണ്.''

''എന്നിട്ടു കണ്ടെത്തിയോ?''

''തീർച്ചയായും ദൈവത്തിൻറെ മുന്നിൽ എനിക്കൊരു ഇടമുണ്ട്. എന്നാൽ അതൊന്നും ഭൂമിയിലെ നടത്തിപ്പുകാരുടെ നിലപാടുമായി ഒത്തുപോകില്ല.

'' ദൈവമിവിടെ നിസഹായനാണ്.

''കർത്താവ് സ്ത്രീകളോടും പുരുഷന്മാരോടും ഒരുപോലെ ഇടപെട്ടു. അവരോടു സംസാരിച്ചു, അവരെ കേട്ടു. യേശുവിനു ധാരാളം സ്ത്രീസുഹൃത്തുക്കൾ ഉണ്ടായിരുന്നില്ലേ?''

അവൻ ശ്രദ്ധയോടെ കേട്ടിരുന്നു.

''നോക്കൂ ജോസഫ്, സ്ത്രീകൾ സഭയിൽ നിശബ്ദരായിരിക്കണമെന്നു പറഞ്ഞത് കർത്താവല്ല മറ്റുചിലരാണ്. ആ വാക്കുകളെ അനുസരിക്കാൻ സ്ത്രീകൾക്ക് യാതൊരു ബാധ്യതയുമില്ല. ഓർക്കണം, കർത്താവിനുവേണ്ടി രക്തസാക്ഷികളായ സ്ത്രീകളുമുണ്ട്.

''ചട്ടങ്ങളും പാരമ്പര്യങ്ങളും മനുഷ്യരുടെ സൃഷ്ടിയാണ്. ഓരോ സഭകൾക്കും ഓരോ നിയമങ്ങളാണ്.''

''നന്നായി ജോൺസൺ. അപ്പോൾ പ്രശ്നപരിഹാരം നിനക്കുതന്നെ അറിയാം. എന്നാൽ ആ വഴിക്ക് ശ്രമിച്ചാൽ പോരെ ?''

''ജോസെഫ്, നിൻറെ മുന്നിൽ

ഞാനെൻറെ വാദങ്ങൾ നിരത്തുന്നുവെങ്കിലും ഞാൻ അശക്തനാണ്, ഭീരുവാണ്. ഒന്നിനെയും എതിർത്തു തോൽപ്പിക്കാനുള്ള ശക്തിയെനിക്കില്ല. അതിനുള്ള ആയുസുമിനി ബാക്കിയില്ല. എൻറെ പുതിയ ജന്മത്തെ എങ്ങിനെ നേരിടുമെന്ന ഭയം മാത്രമാണിപ്പോൾ.''

''ആചാരങ്ങളും പാരമ്പര്യങ്ങളും ലംഘിക്കാൻ ആളുകൾ തയ്യാറായത് കൊണ്ടല്ലേ സമൂഹത്തിൽ മാറ്റങ്ങളുണ്ടായത്. ഇവിടെ കാലം നിന്നെ വലിയൊരു ഉത്തരവാദിത്തം ഏൽപ്പിച്ചുവെന്നു കരുതുക.''

''ഇല്ല ജോസഫ്, എനിക്കാവില്ല ഞാനൊരു സാധാരണ മനുഷ്യനെങ്കിൽ എനിക്കു ലോകത്തോട് എല്ലാം ഏറ്റുപറയാനുള്ള ധൈര്യമുണ്ടാകുമായിരുന്നു.

ഇതിപ്പോൾ വാർദ്ധക്യം മുന്നിൽ കണ്ട് കരുതൽ എടുക്കേണ്ട സമയം. ഇതിൽ നിന്നും താഴേക്ക് ചാടിയാൽ ഞാനെങ്ങിനെ ജീവിക്കുമെന്ന അടിസ്ഥാന ചോദ്യത്തിനൊരു ഉത്തരമുണ്ടെങ്കിൽ എനിക്കു ലോകത്തോട് എന്നെത്തന്നെ വെളിപ്പെടുത്താനും സമരം ചെയ്യാനും ധൈര്യമുണ്ടാകുമായിരുന്നു.''

''അതുശരിയാണ്. അതിജീവനത്തിനായൊരു വഴികണ്ടെത്താൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്നാട്ടിലെ ഒടുമിക്ക സന്യാസിനി മഠങ്ങളും അടച്ചുപൂട്ടേണ്ടി വരുമായിരുന്നു.''

''യാതൊരു സമ്പാദ്യവുമില്ലാത്ത ഞാൻ സഭയിൽനിന്നും പുറത്തിറങ്ങുന്ന നിമിഷം പൊടിയിലെ കൃമിക്കു സമാനമായി തീരും.

'നാഥാ നാളയെക്കുറിച്ച് ആകുലപ്പെടേണ്ട എന്നരുളിച്ചെയ്ത അങ്ങയുടെ വാക്കുകൾ വിശ്വസിക്കാൻ എനിക്കിപ്പോൾ ആകുന്നില്ല. എന്നോടു പൊറുക്കേണമേ'''

ഹതാശനായി ഇരുകൈകളും ഉയർത്തി പ്രാർത്ഥിക്കുന്നത് കണ്ടപ്പോൾ ജോസഫിന് ചിരി. അവൻ പറഞ്ഞു,

''വിഷമിക്കാതെ, എല്ലാത്തിനും ഒരു വഴിയുണ്ടാകും.''

ആശ്വാസവാക്കായി ജോസഫ് അങ്ങിനെ പറഞ്ഞെങ്കിലും ഏന്തു മാർഗ്ഗമെന്നു അപ്പോൾ യാതൊരു ഊഹവുമില്ലായിരുന്നു.

''പുരുഷനെന്ന മിഥ്യ മാഞ്ഞുപോയി. സത്യം പറഞ്ഞാൽ ഇനിയുള്ള കാലം എനിക്കൊരു സ്ത്രീയായി ജീവിച്ചാൽ മതി. അതിനായി എൻറെ ആത്മാവ് അതിയായി ദാഹിക്കുന്നു. സ്ത്രീയെ പുരോഹിതനാക്കണമോ വേണ്ടയോ എന്നതൊന്നും എന്റെ വിഷയമല്ല. ഒന്നുമാത്രം പറയാം ഈ ളോഹയെ ഞാനിപ്പോഴും സ്നേഹിക്കുന്നു. ഇതുധരിക്കുമ്പോൾ ഒരു സ്ത്രീയെപ്പോലെ വസ്ത്രം ധരിക്കുന്നെന്ന തോന്നലുണ്ടാകുന്നു, അതല്പം ആശ്വാസവും തരുന്നു.''

ഞാൻ അലമാര തുറന്നു. അതിനുള്ളിൽ പലപ്പോഴായി വാങ്ങിയ സ്ത്രീകളുടെ വസ്ത്രങ്ങളും അടിവസ്ത്രങ്ങളും അടുക്കി വച്ചിട്ടുണ്ടായിരുന്നു. അതെല്ലാം ജോസഫിനെ കാണിച്ചു.

''ജോസഫ് കണ്ടില്ലേ ഇതൊക്കെ ധരിക്കാനാണ് എനിക്കു കൊതി. ഇതിൽ പകൽ സമയത്തു ധരിക്കാനാവാത്തവ രാത്രിയിൽ അണിഞ്ഞുകൊണ്ടാണ് ഞാൻ എൻറെ ആഗ്രഹം തീർക്കുന്നത്''

തൻറെ വയറ്റിലുള്ള കുഞ്ഞൊരു പെണ്ണായി പിറക്കണമെന്ന് അമ്മ ആഗ്രഹിച്ചിരുന്നു. അങ്ങനെ ബാലനായിരിക്കെ തന്നെ ഒരു പെൺകുട്ടിയായി മാറാൻ അവർക്ക് പിറന്ന കുഞ്ഞും ആഗ്രഹിച്ചിരിക്കാം.

അന്നു തൊട്ടേ ഉള്ളവും പ്രകൃതവും ഒരു പെൺകുട്ടിയുടേതെന്നു അറിയാമായിരുന്നു. രൂപംകൊണ്ട് പെൺകുട്ടികളോട് ചേരാൻ കഴിഞ്ഞില്ല, മനസുകൊണ്ട് ആൺകുട്ടികളോടും. പെൺകുട്ടികളായിരുന്നു ഒരു പ്രായംവരെ കളിക്കൂട്ടുകാർ. അതിൻറെ പേരിൽ ആളുകൾ കളിയാക്കാൻ തുടങ്ങിയപ്പോൾ അവരിൽ നിന്നും അകന്നു. കാണുന്നതല്ല സത്യം എന്ന് ആര് ചിന്തിക്കുന്നു. അതിനിടയിലും 'ഗേൾസിനെപ്പോലെ നാണം കുണുങ്ങുന്നു'വെന്നു പറഞ്ഞുകൊണ്ട് ആൺകുട്ടികൾ കളിയാക്കിയപ്പോൾ ഉള്ളിൽ സന്തോഷിച്ചു.

'നിന്നെക്കണ്ടാൽ ഒരു സുന്ദരി പ്പെണ്ണിനെപ്പോലെയെന്ന്' ആൺകുട്ടികൾ പറഞ്ഞപ്പോൾ ആഹ്ളാദിച്ചു. സത്യത്തിൽ ആൺകുട്ടികളോടടുക്കാൻ കുറച്ച് നാണവും ഭയവുമായിരുന്നു. അതുകൊണ്ടുതന്നെ തീർത്തും ഒറ്റപ്പെട്ട് പോയിരുന്നു കൂട്ടുകൂടാൻ ആരുമില്ല. ജോസെഫിനോട് മാത്രം പ്രത്യേകമായ ഒരു മമതയുണ്ടായിരുന്നു. മറ്റൊരു ആൺകുട്ടിയോടും തോന്നാത്ത സ്നേഹം.

''ജോസഫ്, നീ എപ്പോഴും എന്റെ ലോകത്തും നിന്നും അകലെയായിരുന്നു. ആൺകുട്ടികളുടെ കൂടെ പന്തുകളിയും സിനിമാകാണലുമായി നീ നടന്നപ്പോൾ അതൊന്നും എന്റെ ലോകമായിരുന്നില്ല. പന്തുകളിയോ നീന്തലോ എനിക്ക് താല്പര്യമില്ലായിരുന്നതിനാൽ എന്നെ നിങ്ങൾ കൂടെ കൂട്ടാൻ ശ്രമിച്ചുമില്ല''

പെൺകുട്ടികളുമായി കൂട്ടുകൂടാനായിരുന്നു നൃത്തപഠനത്തിന് പോയത്. അവർക്കെന്നെ വലിയ ഇഷ്ട്ടവുമായിരുന്നു. ഒരുപക്ഷെ എന്റെ ഉള്ളിലെ പെൺകുട്ടിയെ അവരുടെ മനസ്സുകൾ കണ്ടെത്തിയിരുന്നിരിക്കാം. ഹൈസ്കൂൾ തലം ആയപ്പോഴേക്കും വീട്ടുകാർ ഇടപെട്ടു നൃത്തപഠനം നിർത്തിച്ചു. നൃത്തംപഠിച്ചു പെൺപിള്ളേരുടെ കൂടെ നടക്കുന്നത് കൊണ്ടാണ് സ്വാഭാവവും നടപ്പും പെൺകുട്ടികളുടേതുപോലെയാകുന്നത് എന്നായിരുന്നു അവരുടെ കണ്ടെത്തൽ.

അങ്ങിനെ ഏകാന്തതമാത്രം കൂട്ടിനായിപ്പോളാണ് പ്രാർത്ഥനയിലേക്കും ബൈബിൾ വായനയിലേക്കും തിരിഞ്ഞത്. മകൻറെ പ്രാർത്ഥനയും ബൈബിൾ വായനയും

കണ്ടപ്പോൾ വീട്ടുകാർക്ക് സന്തോഷമായി. മകനിലുള്ളത് ദൈവവിളിയെന്നു കരുതി സെമിനാരിയിൽ ചേരാനായി അവരാണ് നിർബന്ധിച്ചത്.

''എന്റെ ചൊടിയില്ലായ്മ ഒരു വൈദീകനു വേണ്ടുന്ന ശാന്തസ്വഭാവമായി എല്ലാവരും കരുതി. വളരെ ദുർബലമായ ആണടയാളം മാത്രമുള്ള എനിക്ക് മറ്റുപുരുഷന്മാരെപ്പോലെ ജീവിക്കാനാവില്ലെന്ന തോന്നലിൽ സെമിനാരിയിൽ ചേരാമെന്ന തീരുമാനം ഞാനും കൈക്കൊണ്ടു. ജീവിതം അതിന്റെ നിയതാവിനു വിട്ടുകൊടുത്തതുകൊണ്ട് അതങ്ങിനെ ഒഴുകിനീങ്ങി. അക്കാലങ്ങളിൽ മനസ്സിൽ തോന്നിയിരുന്ന വിഭ്രാന്തികളെയും തകിടം മറിച്ചിലുകളെയും എന്റെമേൽ വീണ വിശുദ്ധിയുടെ മേലങ്കിയുടെ കീഴിൽ ഞാൻ ഞെരിച്ചമർത്തി പക്ഷെ ഇപ്പോളിതാ കാറ്റുംകോളും നിറഞ്ഞു കലുഷിതമായ നടുക്കടലിൽ ജീവിതം എത്തിച്ചേർന്നിരിക്കുന്നു.''

''അപ്പോൾ നിന്റെ തിരഞ്ഞെടുപ്പുകൾ ഒന്നും നിന്റേതല്ല പിന്നെന്തിനു ഭയപ്പെടണം. ഈ തിരഞ്ഞെടുപ്പും നിയതാവിന്റെ എന്നുകരുതി മുന്നോട്ടു പൊയ്ക്കൂടേ ?''

''എങ്കിലും ഞാൻ സത്യം പറയാതിരിക്കുന്നതെങ്ങനെ?''

''എല്ലാ സത്യങ്ങളും അങ്ങിനെ വിളിച്ചു പറയാനുള്ളതല്ല. എല്ലാവരോടും എല്ലാ കാര്യങ്ങളും പറയേണ്ടതില്ല അത് നിന്റെ മനസുഖം കളയും.

''ജോൺസൺ, ആരറിയുന്നു ഒരു ളോഹയുടെ ഉള്ളിൽ ആരെന്ന് ? ഒരുപക്ഷെ നിനക്കു മുൻപ് ആരെങ്കിലും ഇതുപോലെ കടന്നു പോയിട്ടുണ്ടാകാം''

''ആയിരിക്കാം, പക്ഷെ കളവു ചെയ്യാൻ എനിക്കാവില്ല. പിടിക്കപ്പെട്ടാൽ സത്യം പുറത്തുവരില്ലേ, അപ്പോൾ ഞാൻ ചതിയൻ കൂടിയായി മാറില്ലേ ?''

''പിടിക്കപ്പെടട്ടെ. സത്യം



പുറത്തുവരട്ടെ. അങ്ങിനെ ലോകത്തിലെ ആദ്യ വനിതാ കത്തോലിക്കാ പുരോഹിതയാണ് നീയെന്നു ലോകം വിളിച്ചുപറയട്ടെ. അതൊരു മാറ്റത്തിൻറെ തുടക്കമാകട്ടെ.

''നിന്നെ എതിർക്കുന്നവരോട് ചോദിക്കാൻ നിനക്കും ചോദ്യങ്ങളില്ലേ?

''നിന്നെ സൃഷ്ടിച്ചതും പുരോഹിതനാക്കിയതും നിന്റെ ശരീരപ്രകൃതിയിൽ കൈവെച്ചതും ആരാണ് ?

''വൈദീകനായ നിന്റെ ജാതിയെ മാറ്റിമറിച്ചത് ദൈവമെങ്കിൽ ദൈവം മാറ്റങ്ങൾ വരുത്തുന്നുവെന്നു എല്ലാവരും വിശ്വസിക്കണം. അല്ലെങ്കിൽ സർവശക്തൻ എന്തിനു അവൻറെ അഭിഷക്തനായ നിന്നിൽ മാറ്റങ്ങൾ വരുത്തുന്നു.?''

''അറിയാം ജോസഫ്, നീ പറയുന്നത് യുക്തമാണ്. പക്ഷെ ഞാൻ ദുർബലനാണ് വിപ്ലവങ്ങൾക്കായി പോരടിക്കാൻ എനിക്കാവില്ല. ഞാൻ കീഴടങ്ങികൊള്ളാം. എല്ലാ അപമാനങ്ങളും നഷ്ടങ്ങളും സഹിക്കാൻ ഞാൻ ഒരുക്കമാണ്. ഞാനൊരു തുടർചോദ്യചിഹ്നമായി തീരുമെങ്കിൽ അതായിരിക്കും എന്റെ നിയോഗം.

''ഞാനൊരു അവഹേളന കഥാപാത്രമാകും. ഇപ്പോൾ ബഹുമാനത്തോടെ അഭിവാദ്യം ചെയ്യുന്നവർ പരിഹാസത്തോടെ ചിരികോട്ടും, പരിചയക്കാരും സ്നേഹിതരും അറിയാത്ത മട്ടിൽ കടന്നുകളയും, എല്ലാവർക്കും ഞാനൊരു ദുശ്ശകുനമായി മാറും. പക്ഷെ അതൊന്നും എനിക്ക് പ്രശ്നമല്ല പുറത്തിറങ്ങാതെ കാലംകഴിക്കാൻ ഞാനൊരുക്കമാണ് പക്ഷെ എന്റെ വിശപ്പ്...

'ഇനിയൊരു ജീവിതമോ തുണയോ എനിക്കു ലഭിക്കുമോ? വാർദ്ധക്യത്തിൽ ഞാൻ ഏകനായി നരകിക്കേണ്ടി വരില്ലേ? ദൈവത്തിനും എന്നെ വേണ്ട. ഞാൻ ഇത്രയും നാൾ പൂജ ചെയ്ത ദൈവമെന്നെ കൈവിട്ടുവോ? നരകത്തിനു പോലും എന്നെ വേണ്ടെന്നായി.

പ്രിയ സ്നേഹിതാ, ദൈവമുണ്ടോ ഇല്ലയോ എന്നുപോലും എനിക്കിപ്പോൾ അത്ര ഉറപ്പില്ല.''

* * *

പള്ളിമുറ്റം നിറയെ പോലീസുകാർ നിറഞ്ഞിരുന്നു.

തോട്ടമൂല എന്ന അതിർത്തി ഗ്രാമവും അവിടുത്തെ ചെറിയ പള്ളിയും ദേശീയശ്രദ്ധ പിടിച്ചുപറ്റി. പള്ളിയുടെ പരിസരത്ത് ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നതു വിലക്കിക്കൊണ്ട് ജില്ലാകലക്റ്റർ നിരോധനാജ്ഞ പുറപ്പെടുവിച്ചിരുന്നുവെങ്കിലും പള്ളിയുടെ മതിലിനുവെളിയിലും റോഡിലുമായി ഇടവകക്കാരും സഭാവിശ്വാസികളും മനുഷ്യാവകാശ പ്രവർത്തകരും അവർക്കൊപ്പം പുരോഗമനവാദികളായ ചെറിയൊരുകൂട്ടം വിശ്വാസികളും കൂട്ടംകൂടി നിന്നിരുന്നു.

ഏതാനും ദിവസങ്ങൾക്കു മുൻപ് ഞാൻ മെത്രാനെ കണ്ടു എല്ലാം തുറന്നു പറഞ്ഞിരുന്നു. എന്നെ മനസ്സിലാക്കുമെന്നും എന്നോടു സഹാനുഭൂതി ഉണ്ടാകുമെന്നും തന്നെയായിരുന്നു ആ നിമിഷംവരെ ഞാൻ കരുതിയിരുന്നത്. എന്നാൽ എല്ലാം തെറ്റിപ്പോയിരുന്നു.

''നിങ്ങളെപ്പോലുള്ള ഒരാൾക്ക് ധരിക്കാനുള്ളതല്ല തിരുവസ്ത്രം. കുപ്പായം ഊരിവച്ചിട്ടു വേറെ വല്ല പണിയും നോക്കിക്കോ''

**തോട്ടമൂല എന്ന അതിർത്തി ഗ്രാമവും അവിടുത്തെ ചെറിയ പള്ളിയും ദേശീയശ്രദ്ധ പിടിച്ചുപറ്റി. പള്ളിയുടെ പരിസരത്ത് ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നതു വിലക്കിക്കൊണ്ട് ജില്ലാകലക്റ്റർ നിരോധനാജ്ഞ പുറപ്പെടുവിച്ചിരുന്നുവെങ്കിലും പള്ളിയുടെ മതിലിനുവെളിയിലും റോഡിലുമായി ഇടവകക്കാരും സഭാവിശ്വാസികളും മനുഷ്യാവകാശ പ്രവർത്തകരും അവർക്കൊപ്പം പുരോഗമനവാദികളായ ചെറിയൊരുകൂട്ടം വിശ്വാസികളും കൂട്ടംകൂടി നിന്നിരുന്നു.**

മെത്രാന്റെ വാക്കുകൾ സൂചിമുനപോലെ ചങ്കിൽ കുത്തിക്കയറി. ഹൃദയം ഏറെ ഭാരപ്പെട്ടു. പടിയിറങ്ങുമുമ്പായി പിതാവിൻറെ വിശുദ്ധ മോതിരത്തിൽ മുത്തിക്കൊണ്ട് വിട ചൊല്ലാനായി മുട്ടുമടക്കിയെങ്കിലും അദ്ദേഹം കൈ പിന്നോട്ട് വലിച്ചു, അവിടെനിന്നും പോയി.

കഴിഞ്ഞ രണ്ടുദിവസമായി പള്ളിമുറിക്കു പോലീസ് കാവലാണ്.

വിഷമകരമെങ്കിലും ആ കാര്യത്തിലൊരു തീരുമാനമെടുക്കാൻ കഴിഞ്ഞതിൽ ആശ്വാസം തോന്നി. മെത്രാന്റെ അടുക്കൽ ചെന്നതും അതിനെത്തുടർന്ന് രാജിസമർപ്പിക്കാൻ തീരുമാനിച്ച കാര്യവും ഇടവകക്കാരോട് പറയുന്നതിനു മുൻപേന്നെ അവരിൽ പലരും കാര്യങ്ങൾ അറിഞ്ഞിരുന്നു. പള്ളിമുറ്റത്തു എത്തിയവരിൽ പലരും മുഖം നൽകാതിരിക്കാൻ ശ്രമിച്ചത് ആശ്വാസമായിട്ടാണ് തോന്നിയത്. ചിലർ അമ്പരപ്പോടെ കേട്ടുനിന്നു .വേറെ ചിലർ അമർത്തിചിരിച്ചു, മറ്റുചിലർ നിസ്സംഗരായി കേട്ടുനിന്നു. സ്ത്രീകളിൽ പലരും ഇതൊക്കെ അവർക്കു നേരത്തെ അറിയാമായിരുന്നുവെന്ന മട്ടിൽ യാതൊരു ഭാവഭേദവുമില്ലാതെ വെറും കാഴ്ചക്കാരായി നിന്നു.

പക്ഷെ കാര്യങ്ങൾ മാറി മറിഞ്ഞത് വളരെ പെട്ടന്നായിരുന്നു.

ഇത്രയുംകാലം പെണ്ണച്ചൻ ചൊല്ലിയ കുർബാനകളെല്ലാം ദൈവത്തിനു സ്വീകാര്യമാകാതെ പാഴായിപ്പോയെന്നു ചിലർ പറഞ്ഞു.

തങ്ങളുടെ പ്രിയപ്പെട്ടവർക്ക് നൽകിയ അന്ത്യകൂദാശയും അന്ത്യകർമ്മങ്ങളും പിഴച്ചുപോയെന്നും അവരെല്ലാം നരകത്തിൽ പോകുമെന്നും അവർ ഭയപ്പെട്ടു. പുരോഹിതനെന്ന നിലയിൽ നടത്തിയ കൂദാശകളായ മാമോദീസയും ആദ്യകുർബാനയും വിവാഹവുമെല്ലാം പിഴച്ചുപോയെന്നും അതെല്ലാം വീണ്ടും നടത്തണമെന്നും സഹപ്രവർത്തകരായ ചില വൈദീകർ പറഞ്ഞതോടെ വിശ്വാസികൾ അങ്കലാപ്പിലായി. പെണ്ണച്ചൻ കാരണം പിഴച്ചുപോയ കർമ്മങ്ങൾ മൂലം അന്ത്യയാത്ര പറഞ്ഞുപോയ മാതാപിതാക്കളും ഉറ്റവരും നരകത്തീയിൽ വേദന അനുഭവിക്കേണ്ടി വരുമോന്നാർത്തു ചിലർ ആധിപ്പെട്ടു.

ദു:ഖവും ആശങ്കയും രോഷമായി മാറാൻ അധികനേരം വേണ്ടി വന്നില്ല. യഥാർത്ഥത്തിൽ ഒരു പെണ്ണായിരുന്ന വികാരിയച്ചൻ ഇത്രയുംകാലം അവരെ വഞ്ചിക്കുകയായിരുന്നുവെന്നവർ കരുതി. അവരെ വഞ്ചിച്ച പെണ്ണച്ചനെ വെറുതെ വിട്ടു



കൂടാ എന്നവർ  തീരുമാനിച്ചു.
ജോസെഫ്  ഒറ്റയ്ക്ക് ഒരു സംരക്ഷകവചമായി.

പള്ളിപരിസരത്തു  സംഘർഷം വളർന്നു. പല ഇടവകകളിൽ നിന്നും ആളുകൾ അവിടേക്കു വരുന്നു. വിശ്വാസികളുടെ പ്രതിഷേധമിരമ്പുന്നു. ആരെയും  പോലീസ് പള്ളിയിലേക്ക്  കടത്തിവിടുന്നില്ല. കൈക്കാരനെയും ഏതാനും കമ്മറ്റിക്കാരെയും  മാത്രം അകത്തേക്ക് കടത്തിവിട്ടു.

എല്ലാം പൂർത്തിയാകാൻ ഇനി ഏതാനും മിനിട്ടുകൾ മാത്രം. അതിനപ്പുറം എൻറെ ലോകവും ജീവിതവും മാറിമറിയാൻ പോകുന്നു. വിശാലമായ ലോകത്തിലെ ചെറിയൊരു തുരുത്തിലെ ഏകാന്തവാസിയായി മാറ്റപ്പെട്ടേക്കാം.

പള്ളിമുറിയുടെ പിൻഭാഗത്തേക്കു നടന്നു. അവിടെ  ചെടികൾ നനയ്ക്കാനായി വെള്ളം നിറച്ചുവച്ചിരുന്ന ഒരു സിമന്റു തൊട്ടിയുണ്ടായിരുന്നു.  അതിലിറങ്ങി മുങ്ങിനിവർന്നു. പുതിയ ജീവിതത്തിലേക്കുള്ള എൻറെ ജ്ഞാനസ്നാനം.

പള്ളിയുടെ മണിഗോപുരത്തിൻറെ മുകളിൽ കൂടുവച്ചിരുന്ന പ്രാവുകൾ പ്രാർത്ഥനനിറഞ്ഞ കുറുകലോടെ അടുത്തേയ്ക്ക് പറന്നുവന്നു.  ഈറൻമാറ്റി പുതുവസ്ത്രമണിഞ്ഞു. അയഞ്ഞ ഒരു പൈജാമയും കുർത്തയുമായിരുന്നു വേഷം. വർഷങ്ങളായി മാനസിക സംഘർഷങ്ങളുടെ ആവരണവും കാരണവുമായിരുന്ന  തിരുവസ്ത്രം കയ്യിലെടുത്തുകൊണ്ട്  പുറത്തിറങ്ങി.

പള്ളിമുറ്റത്ത്  നിൽക്കുന്ന പോലീസുകാരെയും ആളുകളെയും ഗൗനിക്കാതെ  പള്ളിയിൽ കയറി അൾത്താരയുടെ മുൻപിൽ മുട്ടുകുത്തി. കയ്യിലെ  തിരുവസ്ത്രം അൾത്താരയ്ക്ക് മുൻപിൽ സമർപ്പിച്ചശേഷം എഴുന്നേറ്റു പുറത്തേക്കു നടന്നു. പള്ളിമതിലിനു വെളിയിലായി ധാരാളം ആളുകൾ  കാഴ്ചക്കാരായി നിന്നിരുന്നു.

''ഓടി ഒളിക്കാൻ ഇടമില്ല. എന്നോട് സഹതപിക്കുന്നവരുണ്ടോ എന്നു ഞാൻ അന്വേഷിച്ചു നോക്കി. ആരെയും ഞാൻ കണ്ടില്ല ..''
എന്ന വചനമപ്പോൾ ഓർമ്മയിൽ ഓടിയെത്തി.

അല്ല എന്തിനായി ഇനിയും ഓടിയൊളിക്കണം?

എനിക്കൊരിടം ഇവിടയുമുണ്ട്. അതുവരെയും എൻറെ ജനമായിരുന്നവർ അവജ്ഞയോടെയും പരിഹാസത്തോടെയും കാഴ്ചക്കാരായി ദൂരെനിൽക്കുന്നതു  കണ്ടു.  സ്വകാര്യതയെ ഒട്ടും തന്നെ മാനിക്കാതെ മാധ്യമങ്ങളും ജനങ്ങളും  എൻറെ ദൃശ്യങ്ങൾ പകർത്തിക്കൊണ്ടിരുന്നു.

ജോസഫ്  പെട്ടികളും  സാധനങ്ങളും എടുത്തു  വണ്ടിയിൽവച്ചു. കാർ പള്ളിയുടെ കവാടം കടന്നു പോലീസ് അകമ്പടിയിൽ മുന്നോട്ട് പോകുന്ന നേരം   ബഹളംവയ്ക്കുന്ന ജനങ്ങൾക്ക് ഇടയിൽനിന്നും ഒരാൾ, നീണ്ടമുടിയും താടിയുമുള്ള ഒരു ചെറുപ്പക്കാരൻ  മാത്രം  കൈകൾ വീശുന്നതുകണ്ടു. അയാളെ മുൻപെങ്ങും അവിടെ കണ്ടതായി ഓർമിക്കുന്നില്ല. തിരികെ കൈവീശിക്കൊണ്ട് അയാൾ ആരാണെന്ന് സൂക്ഷിച്ചുനോക്കി. അയാളുടെ ചുണ്ടിൽ വിരിഞ്ഞുനിന്ന ചിരി എൻറെ ഹൃദയത്തിലേക്കും പടരുന്നത് ഞാനറിഞ്ഞു.




# Blue Ocean Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

**PHILIPOSE SAMUEL (SAM)**
30 Years of Service
Financial Services Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



# തകർന്നുപോയ തലസ്ഥാനം

◉ സുഭാഷ് വലവൂർ

പെല്ലിങ്ങിലുള്ളപ്പോൾ സിക്കിമിന്റെ ഒരു പഴയ തലസ്ഥാനത്തിന്റെ അവശിഷ്ടങ്ങൾ കാണാൻ പോയിരുന്നു. അവലോകിതേശ്വര പ്രതിമയുടെ അധികം ദൂരെയല്ല. നാലോ അഞ്ചോ കിലോമീറ്റർ മാത്രം. ഒരു പഴയ തലസ്ഥാനം എന്നു പറയാൻ കാര്യം പല തലസ്ഥാനങ്ങളുണ്ടായിരുന്നു എന്നതു കൊണ്ടാണ്. സിക്കിം എന്ന ഹിമാലയ രാജ്യത്തിന്റെ ആദ്യ തലസ്ഥാനം യുക്സോം ആയിരുന്നു.

പൊതുവർഷം 1642 ൽ സിക്കിമിലെ ആദ്യത്തെ ചോഗ്യാലാണ് ഭരണമേറ്റതോടെ യുക്സോമിൽ തലസ്ഥാനം സ്ഥാപിച്ചത്. ടിബറ്റൻ ഭാഷയിൽ ചോഗ്യാൽ എന്ന വാക്കിന്റെ അർത്ഥം 'ധർമ്മരാജാവ്'

> **ടിബറ്റിൽ നിന്നും പീഡനം ഭയന്ന് സിക്കിം ഭാഗത്തേയ്ക്ക് എത്തുകയും അവിടെ വാസമുറപ്പിക്കുകയും ചെയ്ത മൂന്നു സന്യാസിമാർ ചേർന്നാണ് ഫൺസോങ് നംഗ്യാൽ എന്ന ചെറുപ്പക്കാരനെ ആദ്യത്തെ ചോഗ്യാലായി അഭിഷേകം ചെയ്തത്. അതുവരെ സിക്കിം പ്രദേശത്ത് ഏകീകൃതമായ ഒരു ഭരണസംവിധാനമുണ്ടായിരുന്നില്ല. രണ്ടാമത്തെ ചോഗ്യാലായ ടെൻസുങ് നംഗ്യാലിന്റെ കാലത്ത് തലസ്ഥാനം യുക്സോമിൽ നിന്ന് കുറച്ചു കൂടി തന്ത്രപരമായ സ്ഥലമെന്നു തോന്നിയ റാബ്ഡെൻറ്റ്സെയിലേക്ക് മാറ്റുകയുണ്ടായി.**

എന്നാണ്. രാജ്യത്തിന്റെ അധിപൻ എന്നതോടൊപ്പം മതനേതാവും കൂടി ആകുമ്പോഴാണ് ധർമ്മരാജാവ് എന്ന സ്ഥാനം കിട്ടുന്നത്. ടിബറ്റിൽ നിന്നും പീഡനം ഭയന്ന് സിക്കിം ഭാഗത്തേയ്ക്ക് എത്തുകയും അവിടെ വാസമുറപ്പിക്കുകയും ചെയ്ത മൂന്നു സന്യാസിമാർ ചേർന്നാണ് ഫൺസോങ് നംഗ്യാൽ എന്ന ചെറുപ്പക്കാരനെ ആദ്യത്തെ ചോഗ്യാലായി അഭിഷേകം ചെയ്തത്. അതുവരെ സിക്കിം പ്രദേശത്ത് ഏകീകൃതമായ ഒരു ഭരണസംവിധാനമുണ്ടായിരുന്നില്ല. രണ്ടാമത്തെ ചോഗ്യാലായ ടെൻസുങ് നംഗ്യാലിന്റെ കാലത്ത് തലസ്ഥാനം യുക്സോമിൽ നിന്ന് കുറച്ചു കൂടി തന്ത്രപരമായ സ്ഥലമെന്നു തോന്നിയ റാബ്ഡെൻറ്റ്സെയിലേ



കണ്ടുള്ളൂ. എന്തായാലും നല്ല ട്രെക്കിങ്ങ് ആയിരുന്നു.

അവിടെയെത്തിയാൽ അവശിഷ്ടങ്ങൾക്കിടയിൽ നടക്കാനായി കല്ലുവിരിച്ച നടപ്പാതകളും ഇടയ്ക്കുള്ള സ്ഥലത്ത് പുൽത്തകിടിയും ഉണ്ടായിരുന്നു. രാജഗൃഹത്തിന്റെയും രാജസഭയുടേയും അവശിഷ്ടങ്ങൾ കൃത്യമായി കാണാം. രാജാവിന്റെ സിംഹാസനം ഉണ്ടായിരുന്ന സ്ഥാനം കണ്ടെത്തുകയും പ്രജകൾക്ക് രാജാവിനോട് ആവലാതി പറയാനുള്ള പൊതുവിടം തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ബുദ്ധമതത്തിന് ഔദ്യോഗികമായി പ്രാധാന്യം നൽകിയ രാജകുടുംബമാണ് നാംഗ്യാൽ രാജവംശം. ആ പ്രദേശത്ത് സുലഭമായ കല്ലുകൾ ഉപയോഗിച്ചാണ് കോട്ടയും രാജമന്ദിരവുമൊക്കെ നിർമ്മിച്ചയിട്ടുള്ളത്. 'റിസും ഗോംപ' എന്ന പേരിൽ ഒരു മൊണാസ്റ്ററി തന്നെ ഇവിടെയുണ്ടായിരുന്നതായി കരുതപ്പെടുന്നു. എന്നാൽ മതിയായ തെളിവു ലഭിച്ചിട്ടില്ല. അതുകൊണ്ടാകണമല്ലോ ഡുബ്ഡി മൊണാസ്റ്ററിയെ സിക്കിമിലെ ആദ്യ മൊണാസ്റ്ററിയായി ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു വലിയ വെണ്ണക്കല്ല് സന്യാസിമഠത്തിന്റെ തെളിവെന്ന രീതിയിൽ അവിടെ കാണാം. നാട്ടുകാർ അതിനുമുൻപിൽ പ്രാർത്ഥന നടത്തുന്നു. കൊട്ടാരത്തോട് ചേർന്നുതന്നെയാണ് മൂന്നു പ്രാർത്ഥനാസ്തൂപങ്ങൾ ഉള്ളത്. സാധാരണ കല്ലുകളുപയോഗിച്ചു നിർമ്മിച്ചതാണ് സ്തൂപങ്ങൾ. സ്തൂപങ്ങളിൽ ചിലപ്പോൾ തൂവെള്ള നിറത്തിലുള്ള 'ഖാട്ട' വസ്ത്രം ആരെങ്കിലും സമർപ്പിച്ചിട്ടുണ്ടാവും. ഖാട്ട വസ്ത്രം ബഹുമാനത്തെ കുറിക്കുന്ന വസ്ത്രമാണ്.

ആർക്കിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഇവിടെയൊരു ചെറിയ മ്യൂസിയം തുറന്നിട്ടുണ്ടെങ്കിലും ഞാൻ ചെല്ലുമ്പോൾ അതു തുറന്നിട്ടുണ്ടായിരുന്നില്ല

ക്ക് മാറ്റുകയുണ്ടായി. താഴ്വരയിൽ നിന്ന് പടനീക്കമുണ്ടായാൽ കാണത്തക്കവിധം സൗകര്യപ്രദമായ ഒരു സ്ഥാനമായിരുന്നു അത്. എന്നാൽ മറ്റൊരു വിപത്ത് രാജാവ് തിരിച്ചറിഞ്ഞില്ല.

1842 ൽ ഏഴാമത്തെ ചോഗ്യാലിന്റെ കാലത്ത് നേപ്പാളിൽ നിന്നുള്ള ഗൂർഖാ സൈന്യത്തിന്റെ ആക്രമണത്തിൽ റാബ്ഡെന്റ്സെയിലെ തലസ്ഥാനം ഏതാണ്ട് പൂർണ്ണമായും തകർന്നു. റാബ്ഡെന്റ്സെ നേപ്പാളിന്റെ കിഴക്കൻ അതിർത്തിയോട് അടുത്തായതുകൊണ്ടും ഗൂർഖകൾക്ക് അവിടേയ്ക്ക് എത്തിച്ചേരാൻ മലമ്പാതകൾ ഉള്ളതുകൊണ്ടുമാണ് അപ്രതീക്ഷിതമായ ആക്രമണത്തിൽ തലസ്ഥാനം വീണുപോയത്. അത്തരത്തിലൊരു സംഭവവികാസം പ്രതീക്ഷിച്ചിരുന്നതല്ല. അതേത്തുടർന്നാണ് തലസ്ഥാനം തുംലോങിലേയ്ക്ക് മാറ്റിയത്.

മെയിൻ റോഡിൽ നിന്നും പ്രധാനകവാടം കടന്നാൽ പുരാവസ്തുമേഖലയിലേക്ക് എത്തണമെങ്കിൽ ഒരു ചെറിയ കാട്ടിലൂടെ രണ്ടുകിലോമീറ്ററോളം നടക്കണം. വഴിയൊക്കെ കൃത്യമായി വെട്ടിയിട്ടിട്ടുണ്ട്. എങ്കിലും വളഞ്ഞുപുളഞ്ഞുപോകുന്നതുകൊണ്ട് മുൻപിലെ വഴി കാണാൻ ബുദ്ധിമുട്ടായിരുന്നു. പക്ഷെ ചിലസ്ഥലങ്ങളിൽ ഇനിയുള്ള ദൂരം കുറിക്കുന്ന ചെറിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. സാമാന്യം ഇടതൂർന്ന വൃക്ഷങ്ങൾ കാണാം. ചിലയിടങ്ങളിൽ കുറുക്കുവഴിപോലെ രണ്ടാമതൊരു നടപ്പാത കണ്ടേയ്ക്കാം. അപൂർവ്വം ചിലർ മാത്രമേ ആ വഴികളിലൂടെ നടക്കുന്നതായി

**മെയിൻ റോഡിൽ നിന്നും പ്രധാന കവാടം കടന്നാൽ പുരാവസ്തുമേഖലയിലേക്ക് എത്തണമെങ്കിൽ ഒരു ചെറിയ കാട്ടിലൂടെ രണ്ടു കിലോമീറ്ററോളം നടക്കണം. വഴിയൊക്കെ കൃത്യമായി വെട്ടിയിട്ടിട്ടുണ്ട്. എങ്കിലും വളഞ്ഞു പുളഞ്ഞുപോകുന്നതുകൊണ്ട് മുൻപിലെ വഴി കാണാൻ ബുദ്ധിമുട്ടായിരുന്നു. സാമാന്യം ഇടതൂർന്ന വൃക്ഷങ്ങൾ കാണാം. ചിലയിടങ്ങളിൽ കുറുക്കുവഴിപോലെ രണ്ടാമതൊരു നടപ്പാത കണ്ടേയ്ക്കാം. എന്തായാലും നല്ല ട്രെക്കിങ്ങ് ആയിരുന്നു.**



സങ്കൽപ്പം സർക്കാർ തലത്തിൽ മുന്നോട്ടുവെച്ച പ്രകൃതിസ്നേഹി ആയിരുന്നു അദ്ദേഹം. സിക്കിമിലെ വനവൽക്കരണത്തിന്റെ പിതാവായി അദ്ദേഹം അറിയപ്പെടുന്നു. പക്ഷിസങ്കേതം മുഴുവൻ നടന്നുകാണാനുള്ള ഉയർത്തിക്കെട്ടിയതുൾപ്പെടെയുള്ള നടപ്പാതകൾ ഉണ്ട്. അവിടെയെത്തുന്ന ഏതാണ്ടെല്ലാവരും ഏറെനേരം ഫോട്ടോസെഷനുവേണ്ടി ചെലവഴിക്കുന്നത് കാണാം.

**ഡുബ്ഡിയാണ് സിക്കിമിലെ ആദ്യത്തെ മൊണാസ്റ്ററി. പതിനേഴാം നൂറ്റാണ്ടിന്റെ പകുതിയോടെ, അതായത് നാംഗ്യാൽ രാജവംശം സ്ഥാപിതമായശേഷം അവരുടെ ഉത്സാഹത്തിലാണ് ഈ മൊണാസ്റ്ററി സ്ഥാപിതമായത്. നോർബുഗാങ് കോറോണഷൻ ത്രോൺ, പേമയാങ്സെ മൊണാസ്റ്ററി, താഷിഡിങ് മൊണാസ്റ്ററി, സംഗ ചോലിങ് മൊണാസ്റ്ററി, ഖേച്ചുപെൽറി തടാകം എന്നിവയാണ് സാധാരണ ഈ സർക്യൂട്ടിൽ പെടുത്തുന്ന മറ്റു സ്ഥലങ്ങൾ.**

റാബ്ഡെന്റ്സെ അവശിഷ്ടങ്ങൾ ഒറ്റപ്പെട്ട സന്ദർശനയിടമല്ല. ടിബറ്റൻ ബുദ്ധിസവുമായി ബന്ധപ്പെട്ട അഞ്ചാറു സ്ഥലങ്ങൾ കൂടിച്ചേർന്നുള്ള യാത്രയിലെ ഒരു കാഴ്ചയാണ്. ഞാൻ ഒറ്റയ്ക്കു പോയതുകൊണ്ട് സാധാരണ വിനോദ സഞ്ചാര പരിപാടികളുടെ യാത്രാക്രമം നോക്കിയില്ല. പെല്ലിങ്ങിൽ രണ്ടു ദിവസം തങ്ങുന്നതുകൊണ്ട് സൗകര്യപ്രദമായി യാത്രകൾ ക്രമീകരിച്ചു. പൊതുവെ ട്രാവൽ ഏജൻസികൾ ഡുബ്ഡി മൊണാസ്റ്ററിയിൽ ആദ്യം സന്ദർശനം നടത്തും. നേരത്തേ പറഞ്ഞതുപോലെ ഡുബ്ഡിയാണ് സിക്കിമിലെ ആദ്യത്തെ മൊണാസ്റ്ററി. പതിനേഴാം നൂറ്റാണ്ടിന്റെ പകുതിയോടെ, അതായത് നാംഗ്യാൽ രാജവംശം സ്ഥാപിതമായശേഷം അവരുടെ ഉത്സാഹത്തിലാണ് ഈ മൊണാസ്റ്ററി സ്ഥാപിതമായത്. നോർബുഗാങ് കോറോണഷൻ ത്രോൺ, പേമയാങ്സെ മൊണാസ്റ്ററി, താഷിഡിങ് മൊണാസ്റ്ററി, സംഗ ചോലിങ് മൊണാസ്റ്ററി, ഖേച്ചുപെൽറി തടാകം എന്നിവയാണ് സാധാരണ ഈ സർക്യൂട്ടിൽ പെടുത്തുന്ന മറ്റു സ്ഥലങ്ങൾ.

തിരിച്ചിറങ്ങി പ്രധാനകവാടത്തിൽ എത്തുന്നതിനു മുൻപ്, നന്നായി പരിരക്ഷിച്ചിട്ടുള്ള പക്ഷിസങ്കേതം കാണാം. ഇവിടെ നിർബന്ധമായും കയറണം. കാരണം, ഹിമാലയപ്രദേശങ്ങളിലെ നിരവധി പക്ഷികളെ വളരെ അടുത്തുതന്നെ കാണാവുന്നതാണ്. 'സിഡ്കിയോങ് തുൽക്കു ബേർഡ് പാർക് ' എന്നാണ് അതിന്റെ പേര്. സിക്കിമിലെ പത്താമത്തെ ചോഗ്യാലിന്റെ പേരാണ് അത്. കഷ്ടിച്ച് പത്തുമാസം മാത്രമേ അധികാരത്തിലിരുന്നുള്ളൂവെങ്കിലും ആധുനികരീതിയിൽ വനവൽക്കരണം എന്ന



# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

CALL


**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

● ചെറുകഥ



# ആനപ്പക

വര:
പി ആർ രാജൻ

ഷജിബുദീൻ.ബി



അടപടലം ഒന്നിച്ചു പിടിയേ, ആനക്കുത്തിൽ അമർത്തി പിടിയേ

വടത്തിന്റെ ഒരറ്റം മരത്തിൽ കെട്ടിവലിച്ച് ബിനു വിളിച്ചു കൂവി.

ഇടം കുത്തി വലം മാറേ,
ഇടം കുത്തി വലം മാറേ
കുങ്കിക്കാല് ചോട് മാറേ,
ആയം കൊടുത്താഞ്ഞുവലിച്ചോ,
കുലമഹിമയോർത്തു വലിച്ചോ,
കുലത്തോരപ്പനെയോർത്തു വലിച്ചോ.

ബിനു ഓരോ ചുവടിലും ആയം പിടിച്ച് കയറ്റക്കാർക്ക് നിർദ്ദേശവും ആവേശവും പകർന്നു കൊടുത്തു കൊണ്ടിരുന്നു. വാരിക്കുഴിയ്ക്കരികിൽ കുങ്കിയാനകൾക്കൊപ്പം ബിനുവും സംഘവും ചേർന്നു നിന്നു.

'വീണത് പിടിയാ.' കൂട്ടക്കാരിൽ ഒരാൾ പറഞ്ഞു.

'നല്ലതു തന്നെ. ഒരു പിടിയെ

ത്തേടി കുറേയായി അലയുന്നു.'വല്യപാപ്പാൻ തൊട്ടടുത്ത കരിമ്പാറയിലിരുന്ന് വിളിച്ചു പറഞ്ഞു.

ബിനുകുമാർ, കരിപ്പുറം പാപ്പാൻകുടുംബത്തിലെ ഒടുവിലത്തെ കണ്ണി. വല്യപ്പൻ കരിങ്കുറ്റിപ്പാപ്പാനായിരുന്നു ഗുരു. തോട്ടി ഏറ്റുവാങ്ങിയതും കരിങ്കുറ്റി പാപ്പാന്റെ കൈയ്യിൽ നിന്നുമായിരുന്നു.

'ആനയെ  തെളിക്കാനും ഒരായം വേണം, ഒരുതഞ്ചം വേണം. അത് പഠിച്ചെടുക്കാൻ പ്രയാസമാടാ. ചോരേല് വേണം. അതുള്ളോനേ പാപ്പാനാകാവൂ .ആനച്ചൂടും ആനക്കൊതിയും ആനപ്പകയും അറിയണം. അതറിയുന്നോന്റെ അടിമയാവും ആന. അത് കുടുംബത്തിലെ പുതിയ തലമുറയിൽ നിനക്കേ ഒള്ളെടാ.' കരിങ്കുറ്റിപ്പാപ്പാൻ ബിനുകുമാറിനെ ചേർത്തു നിർത്തി ഒരിക്കൽ പറഞ്ഞു .

ബിനുവിന്റെ രക്തത്തിൽ അലിഞ്ഞ കലയായിരുന്നു ആന മെരുക്കൽ .വാരിക്കുഴി നിർമ്മാണത്തിൽ തന്റേതായ ചില തന്ത്രങ്ങൾ ബിനുകുമാറിന് സ്വന്തമായിട്ടുണ്ടായിരുന്നു. കുഴിയിൽ വീഴ്ത്തിയതാണെന്ന് ആനയ്ക്ക് തോന്നരുത്. താനെങ്ങനെയോ പെട്ടു പോയ കുഴിയിൽ നിന്നും പാപ്പാനായ രക്ഷകൻ തന്നെ രക്ഷിക്കുകയായിരുന്നു. തന്റെ രക്ഷകനാണ് പാപ്പാൻ എന്നു ആനയ്ക്കു തോന്നണം .ആനയ്ക്ക് ആ തോന്നൽ ഉള്ളവായാൽ പാപ്പാൻ വിജയിച്ചു.ആ പാപ്പാനെ വിട്ട് ആന പോകില്ല.

കുഴിയിൽ പെട്ട ആനയെ കുങ്കികൾ കരയിലെത്തിച്ച് ലോറിയിലെ വേലിക്കുള്ളിൽ കയറ്റി.

വലിയ എതിർപ്പില്ലാതെ ആന കീഴടങ്ങി.

'അവൾ സാധുവാടാ.'

കരിമ്പാറപ്പുറത്തു നിന്ന് വല്യപ്പൻ പറഞ്ഞു.

'എന്നാൽ അവളെ സാധു എന്നു വിളിക്കാം അല്ലെ ?'ബിനുകുമാർ ചോദിച്ചു.

' നീ അങ്ങനെ വിളിച്ചോ. പിന്നെ സാധുവാണെന്നു കരുതി തലയിൽ കേറ്റി വയ്ക്കരുത്.കൊണം മാറ്റം അറിഞ്ഞ് മേയ്ക്കണം.' വല്യപ്പൻ ചില ആനപ്പാഠങ്ങൾ കൂടി പറഞ്ഞു.

**ബിനുകുമാർ, കരിപ്പുറം പാപ്പാൻ കുടുംബത്തിലെ ഒടുവിലത്തെ കണ്ണി. വല്യപ്പൻ കരിങ്കുറ്റിപ്പാപ്പാനായിരുന്നു ഗുരു. തോട്ടി ഏറ്റുവാങ്ങിയതും കരിങ്കുറ്റി പാപ്പാന്റെ കൈയ്യിൽ നിന്നുമായിരുന്നു. 'ആനയെ  തെളിക്കാനും ഒരായം വേണം, ഒരുതഞ്ചം വേണം. അത് പഠിച്ചെടുക്കാൻ പ്രയാസമാടാ. ചോരേല് വേണം. അതുള്ളോനേ പാപ്പാനാകാവൂ .ആനച്ചൂടും ആനക്കൊതിയും ആനപ്പകയും അറിയണം. അതറിയുന്നോന്റെ അടിമയാവും ആന. അത് കുടുംബത്തിലെ പുതിയ തലമുറയിൽ നിനക്കേ ഒള്ളെടാ.' കരിങ്കുറ്റിപ്പാപ്പാൻ ബിനുകുമാറിനെ ചേർത്തു നിർത്തി ഒരിക്കൽ പറഞ്ഞു .**


ഒരാഴ്ച മെരുക്കൽക്കാലമായിരുന്നു. കുങ്കിയാനകൾ വട്ടംചുറ്റി നിന്നു. മസ്തകം കൊണ്ട് തള്ളിയും അത്യാവശ്യം വേണ്ടി വന്നപ്പോൾ കൊമ്പിനു തോണ്ടിയും തുമ്പിക്കൈയ്യാൽ വലിച്ചും അവളെ വരുതിയിലാക്കാൻ തുടങ്ങി. വശങ്ങളിൽ നിന്ന് ശരീരം കൊണ്ട് തള്ളി ഒരു ഇടുക്കം തോന്നിക്കണം. വേലിക്കകത്ത് മുറുക്കം വരുത്തി നിർത്തണം. ചെവിവട്ടം കൊണ്ട് പുറം കാണാനാകാത്ത ആനയ്ക്ക് സ്പർശനം കൊണ്ട് ഒരു ചെറിയ ഇടം അനുഭവപ്പെടും.തന്റെ ലോകം അത്രയേയുള്ളൂ എന്ന തോന്നൽ.പിന്നെ ആ ചെറിയ ലോകത്തിലായിരിക്കും ആ വലിയ ആന. ആ തോന്നൽ ഉണ്ടാക്കിക്കൊടുക്കേണ്ടതും ആനകളെ കൊണ്ടു തന്നെയാവണം. അതുളവാക്കി ആനവർഗ്ഗത്തിന്റെ ലോകം ചെറുതാണ് എന്നു വരുത്തി തീർക്കലാണ് കുങ്കികളുടെ നിയോഗം.പട്ടിണിക്കിട്ട് വിശപ്പിന്റെ കത്തൽ പഠിപ്പിക്കണം.

ആ തീയിൽ വെന്തു പിടയുമ്പോൾ അൽപ്പം ഭക്ഷണം. പിന്നെയും പട്ടിണി, പിന്നെയും അൽപ്പം ഭക്ഷണം. ആജ്ഞകൾ അനുസരിച്ചാലേ ആഹാരം ലഭിക്കൂ എന്ന ജീവിതമന്ത്രം അതിന്റെ ചോരയിൽ ചാലിക്കണം. ഒരു അടിമയെ എങ്ങനെയാണോ പരുവപ്പെടുത്തുന്നത് അപ്രകാരം. കാടിന്റെ സ്വാഭാവികതയിൽ നിന്നും ചിട്ടവട്ടങ്ങളുടെ ക്രമത്തിലേയ്ക്കുള്ള പരുവപ്പെടൽ.

ബിനുകുമാർ പനമ്പട്ടയുമായി സാധുവിന്റെ അടുക്കലേയ്ക്ക് നടന്നു. 'ടാ, നാളെ ആ പെണ്ണിനെ പോയി കാണണം. കുറേയായി ചെല്ലപ്പനോട് വരാംന്ന് പറയുന്നു. നിന്റെ തായ് വഴിയിൽ വേരുള്ള പെണ്ണാ.ആന മെരുക്കലൊക്കെ ഇവിടെ നടന്നോളും .നീയിനിയും അതിന്റെ പിന്നാലെ പായണ്ട.' കരിങ്കുറ്റി വല്യപ്പൻ ആ നടത്തത്തിനിടയിൽ വിളിച്ചു പറഞ്ഞു.

കരിങ്കുറ്റി വല്യപ്പന്റെ വാക്കുകൾ ബിനു തെറ്റിക്കാറില്ല. കുടുംബത്തിന്റെ ആനപ്പെരുമ മുഴുവൻ വല്യപ്പന്റെ അധ്വാനമാണ്. തലമുറകളിലൂടെ ഒഴുകി വന്ന മഹത്വത്തിന്റെ ഒരു നദിയായിരുന്നു അത്. പണ്ട് ആരാലും മെരുങ്ങാത്ത കൊച്ചമ്മിണി എന്ന ആനയെ ഒറ്റത്തോട്ടിയ്ക്ക് പിടിച്ചു നിർത്തിയ ആളാണ്. നാട്ടിലിറങ്ങി വിള നശിപ്പിച്ചും കാട്ടിൽ കയറി മദിച്ചു തുള്ളിയും നടന്ന കൊച്ചമ്മിണി. മലയടിവാരത്തിലൂടെ ഒരു കൊടുങ്കാറ്റുപോലെ അവൾ ചിന്നം വിളിച്ചുപാഞ്ഞു.ഒരു നിർവ്വാഹമില്ലാതെ നാട്ടുകാർ കരിങ്കുറ്റി വല്യപ്പനെ കണ്ടു.

'നിങ്ങൾ വിചാരിക്കണം. വിചാരിച്ചാലേ പറ്റൂ. ഇല്ലെങ്കിൽ നാടു മുടിയ്ക്കും അവൾ.'നാട് ഒന്നടങ്കം ആവശ്യപ്പെട്ടു.



**ആ ചെറിയ ലോകത്തിലായിരിക്കും ആ വലിയ ആന. ആ തോന്നൽ ഉണ്ടാക്കിക്കൊടുക്കേണ്ടതും ആനകളെ കൊണ്ടു തന്നെയാവണം. അതുളവാക്കി ആനവർഗ്ഗത്തിന്റെ ലോകം ചെറുതാണ് എന്നു വരുത്തി തീർക്കലാണ് കുങ്കികളുടെ നിയോഗം. പട്ടിണിക്കിട്ട് വിശപ്പിന്റെ കത്തൽ പഠിപ്പിക്കണം. ആ തീയിൽ വെന്തു പിടയുമ്പോൾ അൽപ്പം ഭക്ഷണം. പിന്നെയും പട്ടിണി, പിന്നെയും അൽപ്പം ഭക്ഷണം. ആജ്ഞകൾ അനുസരിച്ചാലേ ആഹാരം ലഭിക്കൂ എന്ന ജീവിതമന്ത്രം അതിന്റെ ചോരയിൽ ചാലിക്കണം. ഒരു അടിമയെ എങ്ങനെയാണോ പരുവപ്പെടുത്തുന്നത് അപ്രകാരം. കാടിന്റെ സ്വാഭാവികതയിൽ നിന്നും ചിട്ടവട്ടങ്ങളുടെ ക്രമത്തിലേയ്ക്കുള്ള പരുവപ്പെടൽ.**

അന്നു രാത്രി കരിങ്കുറ്റി വല്യപ്പൻ തോട്ടിയുമായി ഇറങ്ങി. നാട്ടുകാർ അവരവരുടെ വീടുകളിൽ ഉറക്കമിളച്ചിരുന്നു. കരിങ്കുറ്റിമലയുടെ താഴ് വാരത്തിൽ ചിന്നം വിളിയും മുക്രയിടലും ആക്രോശങ്ങളും രാത്രി മുഴുവൻ ഇടവിട്ടിടവിട്ട് കേട്ടുകൊണ്ടിരുന്നു. കരിങ്കുറ്റിയെ കൊച്ചമ്മിണി  ചതച്ചിട്ടുണ്ടാകും. രാവിലെ നോക്കാം. ഓരോ വീട്ടിലെയും അംഗങ്ങൾ ആ കാളരാത്രിയുടെ അങ്ങേ തലയ്ക്കൽ വച്ച് ഒരു തീരുമാനത്തിലെത്തി.

പിറ്റേന്ന് പ്രഭാതത്തിൽ കൊച്ചമ്മിണിയുമായി കരിങ്കുറ്റി ചെമ്മൺപാത കടന്നു വന്നു.

'ഇതാ വടക്കേപ്പുറത്തെ മാവിൻ ചോട്ടിൽ തളച്ചോ.'

കരിങ്കുറ്റി കൊച്ചമ്മിണിയെ രണ്ടാം പാപ്പാനെ ഏൽപ്പിച്ച് പറഞ്ഞു.

ഇത്രയും അനുസരണയുള്ള ആനയൊരുത്തി ആ തറവാട്ടിൽ പിന്നെ വന്നില്ല എന്നു വേണം പറയാൻ. ഒരു കാലത്ത് കാടടക്കി വാണവൾ പിന്നീടുള്ള കാലം വീടൊതുങ്ങി നിന്നു.പാപ്പാൻമാർ കൊടുത്ത ഓലയിലും പനമ്പട്ടയിലും അവൾ തൃപ്തിപ്പെട്ടു.

കരിങ്കുറ്റി വല്യപ്പന്റെ വാക്കനുസരിച്ച് ബിനു ഞായറാഴ്ച പെണ്ണു കണ്ടു. ചായ കുടിച്ച് ബന്ധുക്കൾ കുശല സംസാരത്തിനെന്നോണം മാറിയപ്പോൾ ബിനുകുമാർ പെണ്ണിന്റെ പേര് ചോദിച്ചറിഞ്ഞു.

'ആരതി.'

ആനയെ പോലെയല്ല. മെല്ലിച്ച പ്രകൃതമാണ്. അവൾ തിരിഞ്ഞു

നടക്കുമ്പോൾ അവൻ നിരീക്ഷിച്ചു.ഗജവിരാജിത മന്ദഗതിയും ഇല്ലായിരുന്നു.രണ്ടാം പാപ്പനോട് അവന്റെ സങ്കടം പറഞ്ഞു.

'അതൊക്കെ നല്ല തീറ്റ കിട്ടുമ്പോൾ ഇങ്ങു പോരില്ലേ.പിന്നെ ഇപ്പൊ ഏതു പെണ്ണിനാടെ ആനന ടേീ അന്നനടേം ഉള്ളത്. '

സംഗതി ശരിയാണ്. നാട്ടിലിപ്പോൾ അമ്മാതിരിയുള്ളതെല്ലാം നാൽപതോ അൻപതോ കഴിഞ്ഞവരാണ്.

'പക്ഷേ  എന്റെ സങ്കൽപ്പം അതാണ് ശശിയണ്ണാ. അതൊരു ചന്തം തന്നെയല്ലേ. നമ്മുടെ സാധുവിന്റെ നടത്തം നീ കണ്ടിട്ടില്ലേ.'

'ടേയ്, ഇതുവരെ കണ്ട പെണ്ണിനെയെല്ലാം നീ ഇതു പറഞ്ഞാ വേണ്ടെന്നു വച്ചത്. ഇതിനേം വേണ്ടെന്നു വച്ചാ ഞാൻ ഒള്ള കാര്യം നിന്റെ തള്ളയോട് പറയും... അവന് മൂലം കൂടുതലുള്ള പെണ്ണിനെ നോക്കാൻ.... '

അൽപ്പം കെറുവിച്ച ശേഷം രണ്ടാം പാപ്പാൻ തുടർന്നു.

'നീ സമാധാനപ്പെട് . മറ്റു കുഴപ്പമില്ലെങ്കിൽ നീയങ്ങ് സമ്മതിക്ക്. ഇല്ലെങ്കിൽ നിന്ന് മോഴയായിത്തീരും നീ.'

ഒരു ആകർഷണം തോന്നിയത് പേരിലായിരുന്നു. അതിൽ രതി എന്നൊരു പദം കൊള്ളാം.ആ രതി. രതി അങ്ങനെ വിളിക്കാം. ചില രതിച്ചിത്രങ്ങൾ മനസിൽ തിരശീല വിടർത്തി കെട്ടിമറിയാൻ തുടങ്ങി. പണ്ടു കണ്ട രതിനായികമാർ മനസിലൂടെ ഹരിന്നം വിളിച്ചു കടന്നു പോയി. കരിങ്കുറ്റി വല്യപ്പൻ വല്യമ്മയോട് പറഞ്ഞതും ബാല്യത്തിൽ ഒളിച്ചു നിന്നു കേട്ടതുമായ ഒരു ഉണ്ണിയച്ചിക്കഥയിലെ വരികൾ ഓർമ്മ വന്നു. 'കുൻറോടൊക്കും നിന്റെ മുലയോ സഖീ, മലയോടൊക്കും നിന്റെ ജഘനമോ.....'

കുഴപ്പമില്ല. ബിനുകുമാർ സമ്മതിച്ചു. 'നിന്റെ കൈയ്യിൽ മെരുങ്ങുവോടാ.'

രഘുവണ്ണൻ, സാധുവിന്റെ മൂന്നാം പാപ്പാൻ ചോദിച്ചു.

'ങ്ങാ. മെരുങ്ങിയില്ലെങ്കിൽ മെരുക്കിയെടുക്കാം. അതല്ലോ നമ്മുടെ പാപ്പാൻമാരുടെ നിയോഗം. '

'കണ്ടിട്ട് അവളും സാധുവെന്നാ തോന്നണെ.'

രഘുവണ്ണൻ മുറുക്കാൻ തുപ്പിക്കൊണ്ട് പറഞ്ഞു. പുറത്തേയ്ക്ക് തെറിക്കാത്ത കുറച്ച് മുറുക്കാൻ ചിറിക്കോണിലൂടെ ഒലിച്ചിറങ്ങി.

**കുങ്കിയാനകൾ രണ്ടും ബിനുകുമാറും ചേർന്ന് സാധുവിനെ വളരെ വേഗം മെരുക്കി. അടിച്ചും കുത്തിയും തോട്ടിക്കു വലിച്ചും സാധുവിന്റെ സ്വാഭാവിക പ്രകൃതത്തെ കടഞ്ഞു. വേദനയിൽ തലോടി ആശ്വസിപ്പിച്ചു. തല്ലിയും തലോടിയും വേണം മെരുക്കാൻ. എങ്കിലെ ആന വരുതി പഠിക്കൂ. മുരണ്ടും കാലിട്ടടിച്ചും തല വെട്ടിച്ച് ഉറക്കെ വിളിച്ചും  തന്റെ വലിയ ലോകത്തു നിന്നും അവൾ ആ ഇടുങ്ങിയ ലോകത്തിലേയ്ക്ക് നടന്നു.പതിയെപ്പതിയെ അവൾ പാപ്പാൻമാരുടെ വരുതിയിലായി.**

കുങ്കിയാനകൾ രണ്ടും ബിനുകുമാറും ചേർന്ന് സാധുവിനെ വളരെ വേഗം മെരുക്കി. അടിച്ചും കുത്തിയും തോട്ടിക്കു വലിച്ചും സാധുവിന്റെ സ്വാഭാവിക പ്രകൃതത്തെ കടഞ്ഞു. വേദനയിൽ തലോടി ആശ്വസിപ്പിച്ചു. തല്ലിയും തലോടിയും വേണം മെരുക്കാൻ. എങ്കിലെ ആന വരുതി പഠിക്കൂ. മുരണ്ടും കാലിട്ടടിച്ചും തല വെട്ടിച്ച് ഉറക്കെ വിളിച്ചും  തന്റെ വലിയ ലോകത്തു നിന്നും അവൾ ആ ഇടുങ്ങിയ ലോകത്തിലേയ്ക്ക് നടന്നു.പതിയെപ്പതിയെ അവൾ പാപ്പാൻമാരുടെ വരുതിയിലായി.

പറമ്പിലെ ഓലവാരൽ തുടങ്ങി ചെറുകിട ജോലികളിലൂടെ അവളെ കുലത്തൊഴിലിലേയ്ക്ക് നയിച്ചു.ബിനുകുമാറുമായി വേഗത്തിൽ ഇണക്കത്തിലായി.

'അവൻ പരമ്പരയുടെ ചോരയുളളവനാ. അവനിൽ മെരുങ്ങാത്ത കരിയില്ല.' കരിങ്കുറ്റി വല്യപ്പൻ മസ്തകം പോലുള്ള തന്റെ വയറിൽ തലോടിക്കൊണ്ട് അവന്റെ കേമത്തം പറഞ്ഞു. ക്രമേണ സാധു പുറം പണിയ്ക്ക് പോയിത്തുടങ്ങി. മിക്കവാറും ബിനുകുമാറിനൊപ്പവും ചിലപ്പോൾ രണ്ടാം പാപ്പാൻ ശശിയ്ക്കൊപ്പവുമായിരിക്കും അവൾ പുറം പണിയ്ക്കെത്തുക.

'പെണ്ണിനിതെന്തിന്റെ കുരു.അറിയപ്പെടുന്ന പാപ്പാൻ കുടുംബത്തിലെ അംഗവാ. അവിടെന്നൊരു ബന്ധം കിട്ടുവാന്നു വച്ചാല് ചില്ലറ ഭാഗ്യമാ?' ആരതിയുടെ അച്ഛൻ പെങ്ങൾ പാരുഷ്യത്തോടെ പറഞ്ഞു.

'അവൾക്ക് പഠിപ്പ് തീർക്കണമെന്നാ പറേണത് .' അമ്മ അറിയിച്ചു.

'അവൾടെ പഠിപ്പാ തീർക്കണ്ടത്. പെറാൻ കാലമായാ പെണ്ണു പെറണം. അല്ലെങ്കി കൊമരി മൂത്ത് കൊരങ്ങാവും. ' അച്ഛൻ പെങ്ങൾ തുടർന്നു.

'വല്യ റാങ്ക് വാങ്ങിയ കുട്ട്യല്ലേ്യാ.' 'അവൾടെ റേങ്ക്. എടുത്ത് നിലത്തടിക്കണം. ഞാനുമൊക്കെ എന്തോരംചാടിയതാ. ഓന്തിന്റെ കഥയാ പെണ്ണിന്റേം. ചാടിയാ ചാടിയാ തൊട്ടടുത്ത ഓടവരെ. അതിനപ്പുറം അവൾക്കൊരു ഉലകമില്ല. നല്ല പാപ്പാന്റെ കൈയ്യീ കിട്ടിയാ മെരുങ്ങാത്ത ആനയെവിടെ.'ഒടുവിൽ അച്ഛൻ പെങ്ങൾ പറഞ്ഞു നിർത്തി. 'ചെറുക്കന് തള്ളയില്ലെന്നാ പറേന്നത്. അതവൾടെ ഭാഗ്യല്ലെ. സേനാധിപൻ ഇല്ലാത്ത കൊട്ടിൽ.അവൾക്കവിടെ കാട്ടാനക്കൂട്ടത്തിന്റെ നേതാവാകാം.

ഒടുവിൽ വളയിടീൽ തീരുമാനിച്ചു.ചെറിയമ്മ, രണ്ടാമത്തെ ചെറിയമ്മ, കരിങ്കുറ്റി വല്യപ്പൻ തുടങ്ങിയവർക്കൊപ്പം ബിനു ആരതിയെ വളയണിയിച്ചു.

'പെണ്ണിന് മസ്തകം കുറവാ.' പെണ്ണുകാണലിന് വസ്ത്രം മാറവേ അവളുടെ മാറിടം കണ്ട ചെറ്യമ്മ പറഞ്ഞു.

'അതൊക്കെ അവൻ തിടമ്പേറ്റി എടുത്തോളും. 'രണ്ടാമത്തെ ചെറിയമ്മ സമാധാനം കൊടുത്തു.

അത്യാവശ്യം കെങ്കേമമായി കെട്ടു നടന്നു.ചെറുക്കൻ ആനപ്പുറത്തു കയറി വന്നു. തിരികെ ആനപ്പുറത്തു പോകണമെന്നു പറഞ്ഞപ്പോൾ അവൾ കൊണം മാറി ഇടഞ്ഞു. 'ആനപ്പുറത്തോ? നാണക്കേടല്ലേ.' അവൾ ചോദിച്ചു.

'നാണക്കേടോ.അഭിമാനല്ലേ. അഭിമാനം.'

തൊടക്കത്തിലേ മെരുക്കിയില്ലെങ്കിൽ കൊട്ടിലിലൊതുങ്ങാത്ത പിടിയാവും.'ശശിയണ്ണൻ ബിനുകുമാറിന്റെ ചെവിയിൽ മന്ത്രിച്ചു.

'നമുക്ക് കുങ്കികളെക്കൊണ്ട് പിടിപ്പിക്കാം. പറന്നു നടന്നിരുന്ന വർഗ്ഗമാ. കഷ്ടപ്പെട്ടാ ദേവൻമാർ നിലത്തിറക്കിയത്.വീണ്ടും പറന്നുയരാനാ ശ്രമം.'

'നമുക്ക് മാതംഗമന്ത്രം ഓതാം.' 'പനങ്കള്ള് കിട്ടാനില്ലെടാ. തൽക്കാലം ഈ വാറ്റിൽ നമുക്ക് മന്ത്രിക്കാം.' കെട്ടുപുരയ്ക്ക് പുറകിൽ ശശിയണ്ണൻ ബിനുവിന് ഗ്ലാസ് കൈമാറിക്കൊണ്ട് തുടർന്നു. ഒരു കുപ്പി വാറ്റ് തീരും വരെ ശശി ചില മെരുക്കൽ തന്ത്രങ്ങൾ കൂടി ഓതിക്കൊണ്ടിരുന്നു.

ആനപ്പിണ്ഡങ്ങൾക്കിടയിലൂടെ അവൾ ഉമ്മറത്തെത്തി.പിണ്ഡച്ചൂരു നിറഞ്ഞു തൂവുന്ന അന്തരീക്ഷം വന്ന് അവളെ കൈപിടിച്ച് തലയുഴിഞ്ഞ് പടി കയറ്റി.

ചുറ്റിലും വിശാലമായ പറമ്പും തൊടിയും. ബന്ധുക്കൾ ഓരോരുത്തരായി വന്നു പരിചയപ്പെട്ടു. താഴത്തെ തൊടിയിൽ താമസിക്കുന്ന  അമ്മായി, മൂത്ത ചേട്ടന്റെ ഭാര്യ, ഒരു നാത്തൂൻ അങ്ങനെ കുറേ സ്ത്രീകൾ.എല്ലാവരും  ഗജവിരാജിതമന്ദഗതിയിൽ തന്നെ.ആനപ്പിണ്ഡങ്ങൾക്കിടയിലൂടെ അവൾ ഉമ്മറപടി കടന്നു. ഒരു ആന മെരുക്കലിന്റെ വട്ടം എവിടെയും ഉണ്ടായിരുന്നു.

വിശാലമായ തെങ്ങിൻ തോപ്പ്. അതിന്റെ മധ്യത്തിലായി പഴമ കൈവിടതെ ഒരു വീട്. ചുറ്റിലും ജീർണിച്ചു കിടക്കുന്ന പാരമ്പര്യത്തിന്റെ മഹിമ. അഴുക്കുപുരണ്ട ചുമരുകൾ.നിറയെ മാറാലകൾ ഇടയ്ക്കിടയ്ക്ക് കൊതുമ്പും ചൂട്ടും

**ഒടുവിൽ വളയിടീൽ തീരുമാനിച്ചു. ചെറിയമ്മ, രണ്ടാമത്തെ ചെറിയമ്മ, കരിങ്കുറ്റി വല്യപ്പൻ തുടങ്ങിയവർക്കൊപ്പം ബിനു ആരതിയെ വളയണിയിച്ചു. 'പെണ്ണിന് മസ്തകം കുറവാ.' പെണ്ണുകാണലിന് വസ്ത്രം മാറവേ അവളുടെ മാറിടം കണ്ട ചെറ്യമ്മ പറഞ്ഞു. 'അതൊക്കെ അവൻ തിടമ്പേറ്റി എടുത്തോളും. 'രണ്ടാമത്തെ ചെറിയമ്മ സമാധാനം കൊടുത്തു.**

ചോദിച്ചു വരുന്ന അയൽവാസികൾ .

അടുക്കളയിൽ അടുപ്പിനരികൽ ആരതി വിറകിനായി പരതി. ഇടതു വശത്ത് മരിച്ചീനി അരിഞ്ഞു കൊണ്ട് ചെറ്യമ്മയും വലതു വശത്ത് തേങ്ങ ചുരണ്ടിക്കൊണ്ട് രണ്ടാമത്തെ ചെറിയമ്മയും കുങ്കിയാനളെപ്പോലെ നിന്നു. പെണ്ണിന്റെ ലോകത്തിന്റെ വലുപ്പം എത്രയെന്ന് അവൾക്ക് ബോധ്യമാണം. സ്വന്തം നിതംബവലിപ്പം എത്രയോ അത്രയാണ് പെണ്ണിന്റെ ലോകം. ചെറ്യമ്മ വല്യമ്മമാരുടെ നിതംബങ്ങൾക്കിടയിൽ അവളുടെ ലോകം ചുരുക്കപ്പെട്ടു. അവൾക്ക് വശങ്ങളിലേയ്ക്ക് നീങ്ങാൻ ഇടം കിട്ടിയില്ല. പുറകിലേക്ക് നീങ്ങി.

'അടുപ്പിലെ തീ കെട്ടുപോകും. തീ കെടാതെ കാക്കേണ്ടത് വീട്ടിലെ പെണ്ണാണ്. അവിടെ നിക്ക്. '

ചെറിയമ്മ അവളെ കൈ പിടിച്ചു നിർത്തി. അടുപ്പിലെ പുക അവളുടെ ശ്വാസത്തിൽ കടന്നുപിടിച്ചു. ആനയെ ചങ്ങലകൊണ്ട് മരത്തിൽ എന്നപോലെ പുക അവളുടെ ശ്വാസകോശത്തെ ചങ്ങലയ്ക്കിട്ടു അടുപ്പിൻ ചോട്ടിൽ തളച്ചു.

പുകവീടിന്റെ ചുറ്റുവട്ടത്തെ ആനത്താര അവളുടെ വഴികളായി.

ആനപ്പിണ്ഡത്തിലേയ്ക്ക് തെങ്ങുകയറ്റക്കാരൻ പപ്പു അടർത്തിയിട്ട തേങ്ങകൾ അവൾ വീട്ടുമുറ്റത്ത് പെറുക്കിക്കൂട്ടി.തേങ്ങയാണെന്ന് കരുതി പിണ്ഡത്തെ പല പ്രാവശ്യം അവൾ കൈ കൊണ്ട് വാരി. ആദ്യം ഒരറപ്പോടെ പിന്നോട്ടു മാറി. ചെറ്യമ്മ പിണ്ഡം പറ്റിയ തേങ്ങയെടുത്ത് ആരതിയുടെ കൈകളിലേയ്ക്കിട്ടു കൊടുത്തു.ശരീരത്തിനു നേർക്കു വന്ന ഏറിനെയെന്ന പോലെ അവൾ സ്വാഭാവികയായി അതിനെ പിടിച്ചു. തെങ്ങോലയും പനയോലയും വാരി ആനക്കൊട്ടിലിലേയ്ക്ക് ഓടി.

വാരിക്കുഴിയിൽ നിന്നും കയറ്റിപ്പോൾ സാധുവിന്റെ കാലിൽ തോട്ടിക്കു വലിച്ചതിന്റെ മുറിവു പറ്റിയിരുന്നു.ക്രമേണ അത് പഴുക്കാൻ തുടങ്ങി. ആരതിയൊഴികെ ആരുമത് ശ്രദ്ധിച്ചില്ല. അവൾ തനിക്കറിയാവുന്ന പച്ചിലമരുന്നുകൾ കശക്കി ഇടക്ക് മുറി വായിൽ ഒഴിച്ചു കൊടുത്തു. അപ്പോൾ നേരിയ ആശ്വാസത്തിൽ സാധു അവളെ നോക്കി. തിന്നാൻ കൊടുക്കുമ്പോഴല്ല, വേദനയ്ക്ക് മരുന്നു പുരട്ടുമ്പോഴാണ് സ്നേഹത്തിന്റെ ഉറവപൊട്ടുക. സാധുവിന്റെ കണ്ണുകൾ അവളോട് പറഞ്ഞു.

ആനച്ചൂരും വാറ്റ് ചാരായത്തിന്റെ മണവും കുടിക്കലർന്ന് പുതിയ ഒരു ഗന്ധം കൊണ്ട് ബിനു ആരതിയെ ഉഴിഞ്ഞു. അവൾ പലവട്ടം ഓക്കാനിച്ചുകൊണ്ട് എഴുന്നേറ്റു. അവളുടെ രാത്രികൾ കലത്തിനുള്ളിൽ വാറ്റപ്പെട്ടു. പല രാത്രികളിലും അവൾ ആനയായി രൂപാന്തരപ്പെ



**അടുക്കളയിൽ അടുപ്പിനരികൽ ആരതി വിറകിനായി പരതി. ഇടതു വശത്ത് മരിച്ചീനി അരിഞ്ഞു കൊണ്ട് ചെറ്യമ്മയും വലതു വശത്ത് തേങ്ങ ചുരണ്ടിക്കൊണ്ട് രണ്ടാമത്തെ ചെറിയമ്മയും കുങ്കിയാനകളെപ്പോലെ നിന്നു. പെണ്ണിന്റെ ലോകത്തിന്റെ വലുപ്പം എത്രയെന്ന് അവൾക്ക് ബോധ്യമാണം. സ്വന്തം നിതംബവലിപ്പം എത്രയോ അത്രയാണ് പെണ്ണിന്റെ ലോകം. ചെറ്യമ്മ വല്യമ്മമാരുടെ നിതംബങ്ങൾക്കിടയിൽ അവളുടെ ലോകം ചുരുക്കപ്പെട്ടു. അവൾക്ക് വശങ്ങളിലേയ്ക്ക് നീങ്ങാൻ ഇടം കിട്ടിയില്ല. പുറകിലേക്ക് നീങ്ങി.**

ട്ടു.കട്ടിലിൽ പിടിച്ച് നാലുകാലിൽ ആനയായി. രാത്രി മുഴുവൻ അവന്റെ മുന്നിൽ ഗജവിരാചിത മന്ദഗതി പരിശീലിച്ചു. സ്വപ്നം പൂവണിയുന്നതും കാത്ത് അവൻ കിടന്നു.അവൾ തളർന്നുറങ്ങി.

കിണറ്റിൽ നിന്നും വെള്ളം കോരി ആനക്കൊട്ടിലിലെത്തി. വല്യമ്മ ചൂലെടുത്ത് കൈയ്യിൽ കൊടുത്തു. ഇനിയീ കൊട്ടിലിന്റെ വൃത്തി നിന്റെ കൈയ്യിലാണ്. വല്യമ്മയ്ക്ക് പ്രായമായി. എങ്കിലും ഇത്ര കാലം കുറവില്ലാതെ ഞാൻ വൃത്തിയെ കാത്തു. ഇനി നിന്റെ കൈയ്യിൽ. ഈ മടയുടെ ഉടമയാണ് ഇനി നീ.

ഈ ആനത്തറയാണ് പെണ്ണിന്റെ സാമ്രാജ്യം. ഇവിടെ നീ റാണിയാണ്. അവളെ തലയിൽ കൈവച്ച് അനുഗ്രഹിച്ച് വല്യമ്മ അവളുടെ പട്ടാഭിഷേകം നടത്തി.ശക്തമായ കാറ്റിൽ ഒരു ആനച്ചൂര് അവളുടെ മൂക്കിനെ തുളച്ചു കയറി. അവൾ ഓക്കാനിച്ചു കൊണ്ട് ഒതുക്കുകല്ലിലിരുന്നു. ഇത് സുഗന്ധമാണ്. ക്രമേണ നിനക്കത് സുഗന്ധമായി തോന്നും. അന്നാണ് ശരിക്കും ഈ ആനക്കൊട്ടിലിന്റെ കൊച്ചമ്മയായി നീ മാറുക. പിന്നെ ബിനുവിന്റെ വല്യമ്മയ്ക്കു വന്ന ഗതികേട് വരാതെ നോക്കണം.

‘ വല്യമ്മയ്ക്കെന്തു പറ്റി? ‘ആരതി ചോദിച്ചു.

‘കേശവന്റെ കൊമ്പിൽ അവൻ കോർത്തു. എന്റെ നേരെ മൂത്തവള്. കൊട്ടില് കഴുകിയിറങ്ങിയതാ.മദപ്പാടിൽ മൂത്തു നിൽക്കുകയായിരുന്നു അവൻ. അവളത് അറിഞ്ഞില്ല. അവൾടെ പരാജയവും അതായിരുന്നു. ആനയുടെ മദപ്പാട് തിരിച്ചറിയണം.അതിനു വേണ്ട ചികിത്സ നൽകണം.പനയോല എടുത്തിടാൻ മറന്നു.അന്നുവരെ കൊടുത്ത തീറ്റയൊക്കെ കേശവൻ മറന്നു. അവളെ കൊമ്പിൽ കോർത്ത് മുറ്റത്തിട്ടു. ‘

അതു കേട്ട് ചെറ്യമ്മ വിതുമ്പി.

'അവളുപോയ ശേഷം ഈ കൊട്ടിലിന്റെ വൃത്തി കാക്കാൻ ആളില്ലാണ്ടായി. ബിനൂൻറച്ചൻ കുടുംബത്തിൽ ബാക്കിയായ ഞങ്ങളെ രണ്ടു പെണ്ണുങ്ങളേം ഒരുമിച്ചു ഇങ്ങട് കൂട്ടിക്കൊണ്ടുവന്നു. അവൾക്ക് മക്കളില്ലായിരുന്നു. ബിനു ഇവൾടെ മോളാ.എനിക്കും മക്കളില്ല. ശാന്തി ചെറ്യമ്മ പറഞ്ഞു നിർത്തി.

മനസിലെ മാറാലകൾ വെടിപ്പാക്കാൻ പ്രയാസമാ. അത് വലകൾക്കു മീതെ വലകളായി കുരുക്കുകൾ പുനരുൽപ്പാദിപ്പിച്ച് സങ്കീർണ്ണമായി വളർന്നുകൊണ്ടിരിക്കും. കാലങ്ങൾ കടക്കവേ അതൊരു ഭീകരരൂപമായി പരിണമിക്കും. ഒടുവിൽ സമചിത്തത പോലും നശിച്ച് ഒരു പേയായി അലറി വിളിച്ചു നടക്കും. അങ്ങനെയൊരു പേയുടെ സാന്നിധ്യം ആ ആന കൊട്ടിലിൽ എവിടെയോ പതിയിരിപ്പുണ്ട്.ചൂല് വലിയ കമ്പിൽ കെട്ടി ചുമരിലെ മാറാലകൾ തൂത്തിറക്കവേ ആരതിക്കു തോന്നി.

ബിനുകുമാർ ആനയ്ക്കൊപ്പം ഉറങ്ങി, ആനയ്ക്കൊപ്പം ഉണർന്നു.

'ശശിയണ്ണാ അവൾക്ക് ജോലിക്കു പോണംന്നാ പറേണത് .'

'അന്നേ പറഞ്ഞില്ലേ ബിനൂ.വേഗം പണി കൊടുക്കാൻ .'

'അതിനവൾ സമ്മതിക്കണ്ടേ. ഇപ്പോൾ മക്കൾ വേണ്ടെന്നാ അവൾ പറേണത് .'

'അത് അവളാണോടാ തീരുമാനിക്കണത്. '

'ശശിയണ്ണാ അത് നിങ്ങൾക്ക് പറഞ്ഞാ മനസിലാവൂല. 'ബിനു നിരാശനായി.

'ഈ കൊട്ടിലിലില്ലാത്ത എന്ത് പണിയാ അവളു പൊറത്ത് പോയി ചെയ്യണത്? '

'അവളുടെ അമ്മയെ നോക്കണം. അനിയത്തിയെ പഠിപ്പിക്കണം എന്നൊക്കെ കുറേ ആവശ്യങ്ങൾ.'

'അവൾ ഇത്ര നാളായിട്ടും കൊട്ടിലിൽ ഒതുങ്ങീലേ ബിനൂ'.ബിനു മറുപടി പറഞ്ഞില്ല.

'നീ ആ ചന്ദ്രവളയം എടുക്ക്. കരിങ്കുറ്റി വല്യപ്പന്റെ ചന്ദവളയം . അതിന്റെ ഒറ്റ വലിക്കാ വല്യപ്പൻ കൊച്ചമ്മിണിയെ മെരുക്കിയത്.'.

ബിനു പക്ഷേ വീണ്ടും ക്ഷമിച്ചു. അവളെ ഗജവിരാജിത മന്ദഗതിയിൽ നടത്തണം. മസ്തകത്തിന്റെ വലിപ്പം കൂട്ടണം.'കുൻറോടൊക്കും മുലയോ സഖീ, മലയോടൊക്കും ജഘനമോ....' കരിങ്കുറ്റി വല്യപ്പന്റെ പാട്ടിനൊപ്പം പിന്നെയും ഒരു പാട് മോഹങ്ങൾ അവന്റെ ചുറ്റിലും ചിറകടിച്ചു.

**ആനച്ചൂരുമായി വന്ന ഒരു സന്ധ്യയിൽ ആരതി ബിനുവിനോട് പറഞ്ഞു, 'ആനയെ നോക്കാൻ വേറെ ആളെ വയ്ക്കണം. ഞാൻ നാളെ മുതൽ ജോലിക്കു പോകുന്നു.' ബിനുകുമാറിന് ദേഷ്യം ഇരച്ചു വന്നു. അകത്തു കയറി കരിങ്കുറ്റി വല്യപ്പന്റെ ചന്ദ്രവളയവുമായി കൂട്ടം വിട്ട കൊമ്പനെപ്പോലെ പുറത്തുവന്നു.**

ആനച്ചൂരുമായി വന്ന ഒരു സന്ധ്യയിൽ ആരതി ബിനുവിനോട് പറഞ്ഞു, 'ആനയെ നോക്കാൻ വേറെ ആളെ വയ്ക്കണം. ഞാൻ നാളെ മുതൽ ജോലിക്കു പോകുന്നു.'

ബിനുകുമാറിന് ദേഷ്യം ഇരച്ചു വന്നു. അകത്തു കയറി കരിങ്കുറ്റി വല്യപ്പന്റെ ചന്ദ്രവളയവുമായി കൂട്ടം വിട്ട കൊമ്പനെപ്പോലെ പുറത്തുവന്നു.

ചങ്ങലയുരസി സാധുവിന്റെ കാലുകളിലെ മുറിവ് പഴുത്തു പൊട്ടി വ്രണമായി മാറിയിരുന്നു. ആരതി മുറിവ് കഴുകി വൃത്തിയാക്കി മരുന്നു വച്ചുകെട്ടി.

അവൾ സാധുവിനായി പനയോലയുമായി തിരികെ വരികയായിരുന്നു. ബിനു തോട്ടിയോങ്ങി അവളുടെ മുതുകിൽ ആഞ്ഞടിച്ചു.

'ബിനു മെരുക്കാത്ത ആനയോടീ മോഴേ. ഈ കരികുലത്തിന്റെ മഹിമയറിയാതെയാ നീ കേറി വന്നത്?' അവൻ രണ്ടാമതും തോട്ടിയോങ്ങി. ആരതി സാധുവിന്റെ അടുക്കലേയ്ക്ക് ഓടി.

സാധു മുൻ കാൽ മടക്കി താഴ്ത്തി. ആരതി കാലിൽ ചവിട്ടി വളരെപ്പെട്ടന്ന് തികഞ്ഞ മെയ് വഴക്കത്തോടെ സാധുവിന്റെ ചുമലിൽ കയറി. സാധു തുമ്പിക്കൈ മുകളിലേയ്ക്കുയർത്തി. കൊട്ടിലിന്റെ കമ്പുകൾ കാലുകൾക്ക് ചവിട്ടി മറിച്ചു.

പുതിയൊരു ശബ്ദാവേഗത്തോടെ കൊട്ടിൽ ഒടിഞ്ഞുമാറി. ഒടിഞ്ഞുമാറിയ കൊട്ടിൽ ഭാഗത്തെ തുമ്പിക്കൈയ്യാൽ ഉയർത്തി ഉറക്കെ ചിന്നം വിളിച്ചു.

അന്തിച്ചു പോയ ബിനു ഭയന്ന് പിന്നാക്കം മറിഞ്ഞു. ചന്ദ്രവളയം സാധു തുമ്പിക്കൈ വീശി തട്ടിത്തെറിപ്പിച്ചു. അതിലേയ്ക്ക് ആഞ്ഞു ചവിട്ടി.ചന്ദ്ര വളയം പല കഷണങ്ങളായി മുറിഞ്ഞ് ആകൃതിയില്ലാത്ത ഒരവസ്ഥയിലായി.ആനമെരുക്കലിന്റെ അനേകനൂറ്റാണ്ടു നീണ്ട ചരിത്രം ഒടിഞ്ഞു തകർന്ന് തരിപ്പണമായി.സാധു തുമ്പിക്കൈ മുകളിലേയ്ക്കുയർത്തി ചിന്നം വിളിച്ചു കൊണ്ട് പുറത്തേയ്ക്ക് നടന്നു.

ചുറ്റുമതിലിന്റെ കവാടംചവിട്ടിമറിച്ചു. മതിൽ ഒരു ഭീകര ശബ്ദത്തോടെ നിലംപൊത്തി.സിമന്റ് കട്ടകൾ പൊടിഞ്ഞമർന്ന് പൂഴി പടർന്നു.അവളുടെ ചുമലിൽ ആരതി ഒരു യോദ്ധാവിനെപ്പോലെ കാണപ്പെട്ടു. വ്രണത്തിൽ കാറ്റു വന്നു തൊട്ടപ്പോൾ സാധുവിന് അതുവരെ ലഭിക്കാത്ത ഒരാശ്വാസം തോന്നി. സാധു അവളേയും കൊണ്ട് പുറത്തിറങ്ങവേ മേഘം മഷിയാക്കി ആകാശം ഒരു പുതിയ കഥയെഴുതാൻ തുടങ്ങിയിരുന്നു.

# BIG ANNOUNCEMENT!

## THE WORLD JUST GOT BIGGER

## 6 BRAND NEW CHANNELS

**NOW STREAMING ON**

MediaAppUSA

THE TABERNACLE CHOIR AT TEMPLE SQUARE

NTD

Harmony Gospel Music TV

Diya TV

THE WALK

NJOY TV 21.2

**Experience a whole new level of global entertainment, news, and culture – now expanded like never before.**

### Why MediaAppUSA?

- Unlimited Global Live Channels
- Premium Video-On-Demand Content
- Integrated News & Media Platforms
- Multi-Device Streaming – Anytime, Anywhere
- Built for the Worldwide Audience

### More Content. More Diversity. More Power.

MediaAppUSA continues to redefine digital broadcasting, bringing the world closer to you.

**WATCH ANYTIME. ANYWHERE. ON ANY DEVICE.**

iPhone | android | Roku — ROKU TV | SMART TV — Samsung TV | tv — Apple TV | amazon fireTV — Amazon fireTV | Google TV — GoogleTV

Panasonic — Panasonic TV | Vizio TV | SONY — Sony TV | LG Life's Good — LGTV

**Available on AppStore | Playstore**

ANDROID APP ON Google play | Download on the App Store

**NO LIMITS. NO BOUNDARIES. JUST GLOBAL STREAMING.**

Call North America | UK | Europe: 1-917-900-2123

Gulf Region | India 91 999 561 1116 eMail: info@medialogistics.us

നോവൽ




# നിഗൂഢതകളുടെ തടവറ

സാൻഞ്ചോ

**അദ്ധ്യായം മൂന്ന്**

## ഡി നഗരത്തിൽ വഴിതെറ്റി ഒരു രാത്രി

രാജാക്കന്മാരും ഫ്യൂഡൽ പ്രഭുക്കന്മാരും നടത്തിയ പീഡനങ്ങളുടെ യഥാതഥ ചരിത്രമായ മധ്യകാലഘട്ടത്തിലെ രഹസ്യ ജീവിതത്തെക്കുറിച്ച് എഴുതാൻ അതുല്യക്ക് അച്ഛൻ ഹിരണ്യന്സറെ സഹായം കിട്ടി .പീഡനത്തിൽ രസിക്കുന്ന സാഡിസ്റ്റുകളും വക്രബുദ്ധികളും ക്രൂര മനസ്ക്കരും തയ്യാറാക്കിയ ശിക്ഷയുടെ പുതിയ തലങ്ങൾ അതിൽ എഴുതി ചേർത്തിരുന്നു .

നാല് ഘട്ടങ്ങളുള്ള ശാരീരിക പീഡനങ്ങളും മാനസിക പീഡ നങ്ങളും ശത്രു പീഡനത്തിൽ ഉൾപ്പെടുന്നു. ഒരുവനെ ഭ്രാന്തിലേ ക്ക് തള്ളിവിടുന്ന കളികൾ .രാജാ ക്കന്മാരുടെയും ഏകാധിപത്യ ഭരണകൂടങ്ങളുടെയും മതമേലധി കാരികളുടെയും കൽപ്പനകൾ അനു സരിക്കാത്ത മനുഷ്യർക്ക് സങ്കൽ പ്പിക്കാനാവാത്ത ശിക്ഷാരീതികൾ നടപ്പിലാക്കി വന്നു .. സാഡിസ്റ്റുകൾ ഇരകളെ കൊണ്ടു കുറ്റങ്ങൾ ഏറ്റുപ റയാൻ പീഡനത്തിന്റെ ഒരു പുതിയ കല തന്നെ പരിപൂർണ്ണമാക്കിയിരു ന്നു .

മരണത്തിന് മുമ്പും ശേഷവും പീഡിപ്പിക്കപ്പെട്ട ഒരാളുടെ അവസ്ഥ യെക്കുറിച്ചു ഭയാനകമായ വിശ ദാംശങ്ങളോടെ ഉദാഹരണങ്ങൾ സഹിതം ഈ പ്രബന്ധത്തിൽ വി ശദമായി വിവരിക്കുന്നുണ്ട് .അത്ത രം വിവരണങ്ങൾ വായിച്ചാൽ ചിലപ്പോൾ നിങ്ങൾ ഛർദ്ദിച്ചെന്നു വരും.പക്ഷെ അതുല്യ നിസ്സംഗനാ യി അവ പകർത്തി . ചരിത്രത്തിന്റെ മൂക വായനക്കാരനായ അയാൾ , പീഡന യന്ത്രം, വിവിധ തരം വിഷ ങ്ങൾ വേർതിരിച്ചെടുക്കാൻ ഉപ യോഗിക്കുന്ന വിഷ സസ്യങ്ങൾ, വാട്ടർ ബോർഡിംഗ്, വായുവിൽ പറക്കൽ ,ഒട്ടകത്തിൻറെ മേൽ സഞ്ചിയിൽ തൂക്കിയിടൽ -അത് ശിക്ഷിക്കപ്പെട്ടവരെ നിർജ്ജലീകര ണം ചെയ്യും-തുടങ്ങി മരണത്തിനു അടുത്തെത്തുന്ന വിധം പീഡനം മൂർദ്ധന്യത്തിലേക്ക് എത്തിക്കാൻ ഉപയോഗിക്കാവുന്ന പലതരം ഉപകരണങ്ങളെക്കുറിച്ചു അതിൽ വിശദമായി വിവരിക്കുന്നുണ്ട് .. പ്രതിയോഗികളെ ശിക്ഷിക്കാൻ ഭരണാധികാരികൾ സ്വീകരിക്കുന്ന ഹീനമായ വഴികൾ കാണുമ്പോൾ അയാളുടെ മനസ്സിൽ അവ്യാഖ്യേയ മായ സന്തോഷം നിറഞ്ഞു . ഹിരണ്യനു ഇഷ്ടമല്ലാത്ത വിധം അതിരു കടന്നു പോകുകയാണ് തൻറെ പഠനം എന്നയാൾക്ക് മന സ്സില്ലായി.പക്ഷെ തൻറെ മനസ്സിനെ ഇങ്ങനെ നിയന്ത്രിക്കുന്ന വിധം ശക്തിയുള്ള ഹിരണ്യൻ അയാൾ ക്ക് ആരാണ്?അയാൾ സംശയിച്ചു .

ഇരുപതു വർഷങ്ങൾക്കു മുൻപാ യിരുന്നു അത് .പാപികളുടെ നഗരം എന്ന് വിശേഷിപ്പിക്കപെടുന്ന ഡി നഗരത്തിൽ യാദൃച്ഛികമായി എത്തി യതായിരുന്നു അതുല്യ .ഇറ്റലിയിൽ നിന്ന് ഹിരണ്യന്റെ എഞ്ചിനീയറിം ഗ് ലാബിലേക്ക് തിരികെ വരുമ്പോൾ ഏതോ ഒരു ഉൾപ്രേരണ കൊണ്ടു

**ഒരു ഫോൺ നമ്പർ ആയിരുന്നു അതുല്യയുടെ ആ നഗരവുമാ യുള്ള ബന്ധം . ഏതോ ഒരു ബോ സ് . ആ ബോസ്സിനെ കാണണം. പ്രബന്ധം നൽകണം . ആരാണ് അയാൾ?ഹിരണ്യൻ ഒരിക്കലും അയാളോട് ബോസിനെ പറ്റി പറഞ്ഞിട്ടില്ല . അങ്ങനെ ഒരാൾ ഉണ്ടെന്ന വിവരം അതുലിന്റെ ഓർ മ്മകളിൽ ഒരിടത്തുമില്ല . അമ്മയു മായി ബന്ധമുള്ള ആൾ?ആരാണ് തൻറെ അമ്മ?സന്ന്യാസിക്ക് അമ്മ യില്ലേ ?അറിയാതെ ചോദ്യങ്ങൾ അതുലിനെ വലയം ചെയ്യുകയാണ് .**

ഡി നഗരത്തിൽ ഇറങ്ങിയതാണ് . കാട്ടിൽ ആശ്രമ തുല്യമായ ഒരു ഇട ത്ത് ഇനി എത്രയോ നാളുകൾ ചെല വഴിക്കേണ്ടി വരും എന്ന് ഭയന്ന് ഡി നഗരത്തിൽ അന്ന് തങ്ങിയതാണ് . പാപത്തിന്റെ ഈ നഗരത്തിൽ കാൽ വെച്ചവർ ആരും സ്വതവേയുള്ള ദി വ്യാംശം നഷ്ടപ്പെടുത്താതെ പോ യിട്ടില്ല എന്ന് സഹഗവേഷകനായ അജയ് സിംഗ് മുന്നറിയിപ്പ് നൽകി യിരുന്നു പക്ഷേ യുവത്വത്തിന്റെ തിളപ്പിൽ അതെല്ലാം ആര് വക വെ യ്ക്കുന്നു .മറ്റാരും കൈവരിക്കാത്ത നേട്ടത്തിന്റെ നെറുകയിൽ എത്തിയ ഒരു യുവാവിനു അതൊരു തമാശ യായേ തോന്നിയുള്ളൂ .ദൈവങ്ങളെ പറ്റിയുള്ള പൌരസ്ത്യ സങ്കൽപ്പ ങ്ങളെ പറ്റി പഠിച്ചു കൊണ്ടിരുന്ന അജയ് അതുലിനെ പോലും സംശ യത്തോടെയാണ് കണ്ടത് .വ്യാജസ ന്യാസികളെ പറ്റി പഠിച്ചിരുന്ന അജയ് തെല്ലു പരിഹാസത്തോടെ അവനെ പോലും കപട സന്യാസി യായി മുദ്രകുത്തി .ശാസ്ത്രത്തിലും യുക്തിയിലും മാത്രം വിശ്വസിച്ചി രുന്ന ഒരു വ്യക്തിയെ പരിഹസി ക്കാൻ അതിലും നല്ല ഒരു വിശേഷ ണം വേണ്ടിയിരുന്നില്ല .

അതുല്യ ഡി നഗരത്തിൽ ഒരു രാത്രി ചെലവഴിക്കാനാണ് ഇറങ്ങി യത് .കയ്യിൽ ഏറെക്കാലത്തെ പ ഠനത്തിനു ശേഷം തയ്യാറാക്കിയ ''മധ്യകാലത്തെ പീഡനമുറകളും ആധുനികയുഗത്തിൽ അവയുടെ പ്രസക്തിയും അവ ഉയർത്തുന്ന ഭീഷണിയും ''എന്ന പ്രബന്ധത്തിൻ റെ ആകെയുള്ള ഒരു കോപ്പിയു മായാണ്. .ചെറിയ പ്രായം. ആരും മനസ്സ് കൊണ്ടു തുള്ളിപോകുന്ന കാലം. പക്ഷെ ആ ദിവസം അതുല്യ യുടെ ജീവിതം ആകെ മാറി മറിയു മെന്നു ആരറിഞ്ഞു !

കയ്യിൽ ഇഷ്ടം പോലെ പണം.ഒ രു ബാധ്യതയും ഇല്ലാത്ത ദിവസ ങ്ങൾ .ഹിരണ്യന്റെ പഴയ എഞ്ചി നീയറിംഗ് ലാബിൽ ഇനി എന്ത് ചെയ്യാൻ എന്ന ആലോചനയിൽ ആയിരുന്നു അയാൾ .ഒരു സന്യാ സിയെ പോലെ തന്നെ വളർത്തി വരുന്ന ഹിരണ്യൻ തന്നെ അവി ടം വിട്ടുപോകാൻ സമ്മതിക്കുമോ എന്ന് അയാൾ ഭയന്നു.എന്ത് കൊ ണ്ടോ തൻറെ ദൌത്യം അതല്ലെന്നു അയാൾക്ക് ഉള്ളിൽ തോന്നിയിരു ന്നു .വിദേശത്തെ പഠനത്തോടെ ആ വികാരം ശക്തമായി .പക്ഷെ ഏതോ ഒരു ഉൾവിളി അയാളെ ഹിരണ്യനു മായി ഒന്നിപ്പിച്ചു നിർത്തി .അച്ഛൻ ആയതു കൊണ്ടാണോ അത് ?എ ല്ലാ അച്ഛന്മാരും ഇങ്ങനെയാണോ ? ഒറ്റയ്ക്ക് ആശ്രമത്തിൽ ബാല്യ കൌമാരങ്ങൾ കഴിച്ച അതുലിനു

അതറിഞ്ഞു കൂടാ.തൻറെ സുഹൃത്തുക്കളിൽ നിന്ന് താൻ എത്രയോ വ്യത്യസ്തനാണെന്നു മാത്രം അവനറിയാം.എന്താണ് ആ വ്യത്യസ്തത ?അത് അയാൾ  അറിയാൻ ഇനിയും നാളുകൾ എടുക്കും .ചില പ്പോൾ വർഷങ്ങൾ തന്നെ.

ഒരു ഫോൺ നമ്പർ ആയിരുന്നു അതുല്യയുടെ  ആ നഗരവുമായുള്ള ബന്ധം .ഏതോ ഒരു ബോസ് .ആ ബോസ്സിനെ കാണണം .പ്രബന്ധം നൽകണം .ആരാണ് അയാൾ?ഹിരണ്യൻ ഒരിക്കലും അയാളോട് ബോസിനെ പറ്റി പറഞ്ഞിട്ടില്ല .അങ്ങനെ ഒരാൾ ഉണ്ടെന്ന വിവരം അതുലിന്റെ ഓർമ്മകളിൽ ഒരിടത്തുമില്ല .അമ്മയുമായി ബന്ധമുള്ള ആൾ?ആരാണ് തൻറെ അമ്മ?സന്ന്യാസിക്ക് അമ്മയില്ലേ ?അറിയാതെ ചോദ്യങ്ങൾ അതുലിനെ വലയം ചെയ്യുകയാണ് .

ഇതിനിടക്ക് അയാളുടെ മുൻപ ിൽ ഒരു മായകാഴ്ചപോലെ ഒരു വലിയ കെട്ടിടം പ്രത്യക്ഷപെട്ടു .യക്ഷികഥകളിലെ  പോലെ ഒരു കൊട്ടാരം .

പഴയ ബ്രിട്ടീഷ് കാലഘട്ടത്തിലെ ഒരു കൂറ്റൻ ബംഗ്ലാവ് ആയിരുന്നു അത് .തുറസ്സായ മുൻഭാഗം .പൂന്തോട്ടത്തിനു പിന്നിൽ വൈദ്യുതി വിളക്കുകളുടെ പ്രഭയിൽ കുളിച്ച മുറികൾ .നേർത്ത ജനാലവിരികളിൽ കൂടി കാണുന്ന രൂപങ്ങൾ .കെട്ടിടത്തിനു മുൻപിൽ പലതരം വിദേശ കാറുകൾ .അവിടെ വലിയ ആഘോഷം നടക്കുകയാണ്.അയാൾ കൌതുകത്തോടെ കാഴ്ചകൾ നോക്കി നിന്നു.കോട്ടും സുട്ടും  വില പിടിച്ച ഇറ്റാലിയൻ ഷൂസും ധരിച്ചിരുന്നതിനാൽ അയാളെ ക്ഷണിക്കപ്പെട്ട ഒരു അതിഥി ആയെ എല്ലാവരും കണ്ടുള്ളൂ .ഉള്ളിൽ നിന്ന് ആരോ അയാളെ വിളിച്ചു .പരിഭ്രമത്തോടെ അയാൾ അങ്ങോട്ട് നടന്നു .

അവിടെ ജനകൂട്ടത്തിനു നടുവിൽ  .നൃത്തവും പാട്ടും നടക്കുന്നു.സന്യസ്ഥൻ ആകേണ്ട ഒരാളിൽ നിന്ന് പ്രതീക്ഷിക്കാൻ പാടില്ലാത്ത കാര്യമാണ്.പക്ഷെ ഏതോ ഒരു ഉൾവിളി കൊണ്ടെന്ന പോലെ അയാൾ അത് നോക്കി നിന്നു.പാട്ടുകൾ മാറി. നർത്തകികളും മാറി .കാഴ്ചക്കാർ ഇടക്കിടെ കുറഞ്ഞു വന്നു.അയാൾ മുന്നിലായി .നർത്തകിമാരുടെ അടുത്തായി ഇപ്പോൾ.പരിചാരകൻ അയാളുടെ അടുത്തെത്തി ഉള്ളിലേക്ക് ക്ഷണിച്ചു .

ബംഗ്ലാവിന്റെ ഉള്ളിൽ ചെ ന്ഒനപ്രുപോഴാണ് അത്  വില കുറഞ്ഞ  മനുഷ്യ മാംസവില്പന

**അവിടെ ജനകൂട്ടത്തിനു നടുവിൽ .നൃത്തവും പാട്ടും നടക്കുന്നു.സന്യസ്ഥൻ ആകേണ്ട ഒരാളിൽ നിന്ന് പ്രതീക്ഷിക്കാൻ പാടില്ലാത്ത കാര്യമാണ്.പക്ഷെ ഏതോ ഒരു ഉൾവിളി കൊണ്ടെന്ന പോലെ അയാൾ അത് നോക്കി നിന്നു.പാട്ടുകൾ മാറി. നർത്തകികളും മാറി .കാഴ്ചക്കാർ ഇടക്കിടെ കുറഞ്ഞു വന്നു.അയാൾ മുന്നിലായി .നർത്തകിമാരുടെ അടുത്തായി ഇപ്പോൾ.പരിചാരകൻ അയാളുടെ അടുത്തെത്തി ഉള്ളിലേക്ക് ക്ഷണിച്ചു**

കേന്ദ്രമാണെന്ന് മനസ്സിലായത് .മുൻപിൽ ഉണ്ടായിരുന്ന ആഡംബരത്തിന്റെ സൂചകങ്ങൾ വിലകുറഞ്ഞ വസ്തുക്കൾക്ക് വഴിമാറി .വിദേശവാസം കഴിഞ്ഞു വന്ന  അയാളെ മോഹിപ്പിക്കുന്ന ഒന്നും അവിടെ ഉണ്ടായിരുന്നില്ല .വിലകുറഞ്ഞ സുഗന്ധ ദ്രവ്യങ്ങളുടെ മണം പരന്നപ്പോൾ അയാൾക്ക് ചർദ്ദിക്കാൻ തോന്നി . പഴകിയ കോറതുണി കൊണ്ടുള്ള കിടക്കവിരികൾ .പൂപ്പലിന്റെ അസുഖകരമായ മണം.ഒഴുകി .വിലകുറഞ്ഞ മദ്യം വിളമ്പുന്നത് അയാൾ നോക്കി നിന്നു.അല്പമാത്രവസ്ത്രധാരിണികളായ.യുവതികളാണ് അത് വിളമ്പുന്നത് .ഓരോരുത്തരും വൻതുക നൽകി ഓരോ ഗ്ലാസിൽ അവ കുടിക്കുന്നു.എങ്ങനെയെങ്കിലും അവിടെ നിന്ന് പുറത്തേക്ക് കടക്കണം എന്ന് അയാൾക്ക് തോന്നി .പക്ഷെ ഉള്ളിലേക്ക് വന്ന വഴി അടച്ചിരിക്കുന്നു .തിരികെ പോകാൻ വഴി തിരയുമ്പോൾ ആരോ അയാളുടെ ബ്രീഫ്കേസ് തട്ടിപ്പറിച്ചു  .

ഹൃദയം നുറുങ്ങിയ വേദനയാണ് അപ്പോൾ അയാളുടെ മനസ്സിൽ ഉണ്ടായത് .വളരെ വൃത്തിയായി ടൈപ്പ് ചെയ്ത പ്രബന്ധം അതിന്റെ കൂടെ നഷ്ടപ്പെട്ടു .ആകെ മൂന്നു കോപ്പികൾ മാത്രമാണ് അതിനുണ്ടായിരുന്നത് . .രണ്ടു എണ്ണം മിലാനിൽ സർവ്വകലാശാലയിൽ മാത്രം .അവിടെ കയറാൻ ഇടയായ സാഹചര്യം ഓർത്ത് അയാൾ സ്വീയം ശപിച്ചു. അറിയാതെ കണ്ണിൽ നിന്ന് ധാരയായി വെള്ളം ഒഴുകി .അയാളെ മാത്രം നോക്കിയിരുന്ന ഒരു യുവതി അടുത്തു വന്നു..

''ആഹ്ലാദിക്കാൻ വന്നതല്ലേ .പണം നഷ്ടമായോ?',അവൾ ചിരിച്ചു കൊണ്ടു ചോദിച്ചു .പണത്തിൻറെ കാര്യം അയാൾ മറന്നു പോയിരുന്നു. എതാനും വിദേശ കറൻസികൾ. പിന്നെ കുറെ നൂറിൻറെ നോട്ടുകൾ .അവ ഇല്ലെങ്കിലും ഡി നഗരത്തിൽ കഴിഞ്ഞു പോകാം . പക്ഷെ ആ പ്രബന്ധം കിട്ടാതെ പോയാൽ ..

അയാൾ അത് പറഞ്ഞില്ല .യാത്രയുടെ ചില സോവനീറുകൾ നഷ്ടപ്പെട്ടു എന്നയാൾ അവളോടു പറഞ്ഞു .ആ യുവതിക്ക് അവിടെ നല്ല സ്വാധീനം  ഉള്ളത് പോലെ തോന്നി .നർത്തകിയെ പോലെ തോന്നിയെങ്കിലും അവർ ശരീരം നല്ല പോലെ മറച്ചിരുന്നു .എവിടെയോ കണ്ടു മറന്നു പോയ ഒരാളെ പോലെ .എവിടെയാണ് ആ മുഖം കണ്ണിൽ പെട്ടത് ?വായിച്ച പുസ്തകങ്ങളിൽ ?.അമ്മയെ തിരഞ്ഞ നാളുകളിൽ ഓർമയിൽ കുരുങ്ങിയ മുഖം. ഓർമ്മകളിൽ ആ മുഖം പെട്ടെന്നു അയാൾക്ക് ഒരു വേദനയായി.

''ആരാണ് നിങ്ങൾ?'',അയാൾ ചോദിച്ചു.നീണ്ട പൊട്ടിച്ചിരിയായിരുന്നു മറുപടി''ഇവിടെ ആരും പേര് ചോദിക്കാറില്ല..പറയാറുമില്ല .അതിന്റെ ആവശ്യവുമില്ല '.

ആ മറുപടിയുടെ അർഥം അയാൾക്കറിയാത്തതല്ല.

പക്ഷെ അയാൾ ആവർത്തിച്ചു , എവിടെയോ കണ്ടു മറന്നത് പോലെ '

ഹിരണ്യന്റെ ലാബിൽ അലക്ഷ്യമായി കിടന്ന ആ ചിത്രത്തിലെ രൂപം തന്നെയാണോ ഇത് ?ജമുന? മാലിനി?

അയാളുടെ മനസ്സ് പ്രവർത്തനനിരതമായി .ഒരു കൃത്രിമ യന്ത്രം പോലെ അയാൾ പല അറകളിൽ ഊളിയിട്ടു ഇറങ്ങി .അവസാനം തൻറെ തന്നെ വിഡ്ഢിത്വം ഓർത്ത് ലജ്ജ തോന്നി .

''എൻറെ ബ്രീഫ് കേസ് നഷ്ടപ്പെട്ടു പോയി'',അയാൾ പറഞ്ഞു .

ആ വീടിന്റെ ഉടമയുടെ അടുത്തേക്ക് അവർ അയാളെ നയിച്ചു . പണം പോയാലും ആ പ്രബന്ധം എങ്ങനെയെങ്കിലും കിട്ടിയേ തീരു . പക്ഷെ അത് പറഞ്ഞാൽ ഉണ്ടാകുന്ന പ്രതികരണം അയാൾ ഭയന്നു. പോലീസിൽ പോകാം.പക്ഷേ അവർ ഇവരുമായി ഒത്തുകളിക്കും . ചിലപ്പോൾ പ്രബന്ധം എന്നന്നേക്കുമായി നഷ്ടപ്പെടും . .അത് കൊണ്ടു കുറച്ചുകൂടി കാത്തിരിക്കാൻ അയാളുടെ മനസ്സ് പറഞ്ഞു ..

''ഇവിടെ വന്നു വെറും കയ്യോടെ ആരും പോകാറില്ല ,''ആ വീടിന്റെ ചുമതലയുള്ള സ്ത്രീ പറഞ്ഞു .തുപ്പൽ കൊണ്ടു ചുവന്ന ചുണ്ടുകളിൽ നിറഞ്ഞ പരിഹാസം .''പണമില്ലേ ?''.

''കണ്ടാൽ പണക്കാരൻ .പക്ഷെ കയ്യിൽ കാശില്ല ',അവർ തുടർന്നു . അവർക്കറിയാവുന്ന ഭാഷ പണത്തിന്റെതാണ്.താൻ അവഗണിക്കുന്നതും അതാണ് .

''അയാളെ ഗ്രീൻ റൂമിൽ കൊണ്ടു പോകു ,''ആ സ്ത്രീ ആജ്ഞാപിച്ചു.

പെട്ടിയില്ലാതെ പുറത്തേക്ക് ഇല്ലെന്നു അയാളും തീരുമാനിച്ചു . ഡി നഗരത്തെ പറ്റി പല കഥകളും കേട്ടിട്ടുണ്ട്.പണക്കാർ നിമിഷം കൊണ്ടു പാപ്പരാകുന്ന ഇടം .അധികാരം കയ്യാളുന്നവർ അപഹാസ്യരാകുന്ന നഗരം .നിമിഷം കൊണ്ടു ചൂതാട്ടക്കാർ പണക്കാരാകുന്ന ഇടം .അത്തരമൊരു പാളയത്തിലാണ് താൻ വന്നു പെട്ടിരിക്കുന്നത് .ഒരേയൊരു ആശ്വാസം ആ പ്രബന്ധത്തിന്റെ വില അവിടെ യാർക്കും അറിയില്ല എന്നതാണ് .

**പക്ഷെ അയാൾ ആവർത്തിച്ചു ,"എവിടെയോ കണ്ടു മറന്നത് പോലെ 'ഹിരണ്യന്റെ ലാബിൽ അലക്ഷ്യമായി കിടന്ന ആ ചിത്രത്തിലെ രൂപം തന്നെയാണോ ഇത് ?ജമുന? മാലിനി? അയാളുടെ മനസ്സ് പ്രവർത്തനനിരതമായി .ഒരു കൃത്രിമ യന്ത്രം പോലെ അയാൾ പല അറകളിൽ ഊളിയിട്ടു ഇറങ്ങി .അവസാനം തൻറെ തന്നെ വിഡ്ഢിത്വം ഓർത്ത് ലജ്ജ തോന്നി .**

ഗ്രീൻ റൂം സന്ദർശകരെ പിഴിഞ്ഞ് പണം എടുക്കുന്ന മുറിയായിരുന്നു . മാന്യനാണെങ്കിൽ അയാളെ തൊലി ഉരിക്കുന്ന പ്രയോഗങ്ങൾക്കു വിധേയനാക്കും .വിഷയാസക്തനാണെങ്കിൽ അയാളെ പരമാവധി മദ്യപിപ്പിച്ചു രഹസ്യ ക്രീഡകൾക്ക് വിധേയനാക്കും .ഇതെല്ലാം അവിടെയെത്തുന്ന സഞ്ചാരികൾക്ക് വിധിക്കപ്പെട്ടതാണ്.സ്ഥിരമായി എത്തുന്ന ഇടപാടുകാർക്ക് അങ്ങനെ ഒരു ലോകം അവിടെ ഉണ്ടെന്നു അറിയുക പോലുമില്ല .എപ്പോഴെങ്കിലും കടലിൽ അജ്ഞാതജഡം ഒഴുകിനടക്കുന്ന വാർത്തകൾ വരുമ്പോഴേ ഈ നിശാശാലകൾ ആളുകളുടെ ശ്രദ്ധയിൽ പെടൂ.അപ്പോഴേക്കും ഒരു സമ്പന്നൻ അല്ലെങ്കിൽ അയാളുടെ ബിസിനസ് സാമ്രാജ്യം തവിടു പൊടിയായിരിക്കും .

അതുലിനു അതിൽ വലിയ അതിശയമൊന്നും തോന്നിയില്ല . എല്ലാ കാലത്തും ക്രൂരമായ പീഡനങ്ങൾ നടപ്പാക്കിയിരുന്നത് സ്ത്രീകൾ വഴിയായിരുന്നു .ശത്രുവിനെ നശിപ്പിക്കാൻ ഉപയോഗപ്പെടുത്തിയിരുന്ന വിഷകന്യകമാരെ കുറിച്ചു അയ്യാൾ ഓർത്തു സ്ത്രീ ഒരേ സമയം പീഡന ഉപാധിയും ഇരയും ആയിരുന്നു .പ്രബന്ധത്തിലെ ചില വരികൾ അയാളുടെ മനസ്സിൽ ഓടിയെത്തി .

ആ മുറിയിൽ പ്രതീക്ഷിച്ച പോലെ പീഡിപ്പിക്കാൻ തയാറായി നിന്ന മല്ലന്മാർ ഉണ്ടായിരുന്നില്ല . മുറിയിൽ പല വലിപ്പത്തിൽ ഉള്ള പേഴ്സ് കുമിഞ്ഞു കൂടിയിരുന്നു . പൊട്ടിപ്പൊളിച്ച ചില പെട്ടികൾ . അക്കൂട്ടത്തിൽ തൻറെ ബ്രീഫ് കേസ് കാണുമെന്നു കരുതി അയാൾ നോക്കിയെങ്കിലും അങ്ങനെ വിലപിടിച്ച ഒന്നും അവിടെ കാണാൻ ഉണ്ടായിരുന്നില്ല .

''ഉള്ളിലേക്ക് വരൂ ',ഒരു സ്വരം അയാൾ കേട്ടു.മെല്ലെ അയാൾ നടന്നു .ഒരു ഗുഹാമുഖത്താണ് അയാളിപ്പോൾ.എല്ലാം നഷ്ടപ്പെട്ട ഒരാൾക്ക് എന്ത് പേടിക്കാനാണ് ?

മദ്യപനെ പോലെ മനസ്സിൽ വല്ലാത്ത ഭാരവുമായി അയാൾ ആ മുറിയിലേക്ക് ചെന്നു.അവിടെ മറ്റാരും ഉണ്ടായിരുന്നില്ല ,ഒരു സ്ത്രീ അല്ലാതെ.യുവത്വം നഷ്ടപെട്ടുകൊണ്ടിരിക്കുന്ന മദാലസയായ ഒരു സ്ത്രീ .നന്നായി വസ്ത്രധാരണം നടത്തിയിട്ടുണ്ട് എങ്കിലും അവരുടെ അഴകളവുകൾ ആർക്കും തിരിച്ചറിയാമായിരുന്നു .നഗരത്തിൽ ധനികരും അധികാരസ്ഥാനത്തുള്ളവരുമായി അടുത്ത ബന്ധമുള്ള ഒരാൾ ആണ് അവർ എന്ന് പ്രകടമായിരുന്നു .വാക്കിലും എടുപ്പിലും നടപ്പിലും ആ ഓജസ്സ് പ്രകടമായിരുന്നു .എത്രയോ രാജ്യങ്ങളുടെയും

വ്യവസായ സാമ്രാജ്യങ്ങളുടെയും ഭാഗധേയം നിശ്ചയിച്ച ആ സ്ത്രീക്ക് ആ യുവാവ് ഒരു കൌതുക വസ്തു മാത്രം .പക്ഷെ അയാളുടെ വാക്കും പെരുമാറ്റവും നടപ്പും നിരീക്ഷിച്ച അവർക്ക് അയാൾ സാമാന്യൻ അല്ലെന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല

''ആരാണ് നീ?എന്തിനു ഇവിടെ വന്നു ?ഈ നഗരത്തിൽ ?'',അധികാരത്തോടെ അവർ ചോദിച്ചു . മദ്യലഹരിയിൽ ആയിരുന്നെങ്കിലും എല്ലാം അവരുടെ നിയന്ത്രണത്തിൽ ആയിരുന്നു .

''നഗരം കാണാൻ ഇറങ്ങിയ സാധുവാണ് ഞാൻ'',അയാൾ മറുപടി പറഞ്ഞു.

''സാധു?സന്യാസി ?'',അവർ പൊട്ടിച്ചിരിച്ചു . ''അല്ല,പാവപ്പെട്ടവൻ ',അയാൾ പൂരിപ്പിച്ചു . .

''രാത്രിയിൽ ആണ് ആളുകളുടെ  തനിനിറം വെളിപ്പെടുക ',അവർ പരിഹസിച്ചു .

''ഡി നഗരത്തിൽ പാവപ്പെട്ടവർക്ക് വിലയില്ല .ഏതെങ്കിലും ചേരിയിൽ അന്തിയുറങ്ങുന്ന കൂലിപ്പട്ടാളം മാത്രമാണ് അവർ ,''അവർ പറഞ്ഞു .

ഡി നഗരത്തിൽ മാത്രമല്ല, അയാൾ സഞ്ചരിച്ചിരുന്ന എല്ലാ നഗരങ്ങളിലും അങ്ങനെ തന്നെയായിരുന്നു .ഡോളറും സ്വർണ നാണയങ്ങളും മാത്രമായിരുന്നു എവിടെയും വാതിൽ തുറന്നത്. അല്ലെങ്കിൽ തിരിച്ചു കൊടുക്കാനാകാത്ത കടപ്പാട് .അത് അധികാരസ്ഥാനത്തും ആത്മീയമേഖലയിലും മാത്രമാണ് .നൊടിയിട കൊണ്ടു  ഹിരണ്യൻ സ്വർണ നാണയങ്ങൾ ദക്ഷിണയായി വാങ്ങുന്നത് അയാൾ കണ്ടിട്ടുണ്ട് .അത് അയാൾ തൊട്ടുകൂടാനാവാത്ത വസ്തു പോലെ ഒഴിവാക്കുന്നതും അയാൾ കണ്ടിട്ടുണ്ട്. ആ സന്യാസിയുടെ കാണാമറയത്ത് നിൽക്കാൻ എല്ലാവരും ശ്രദ്ധിച്ചു .കണ്ടു പോയാൽ അയാളുടെ രോഷത്തിനു ഇരയാകാതിരിക്കാ

നും .നാശവും തളർച്ചയും ആ മഹർഷിയെ ചുറ്റിപ്പറ്റി നിന്നു.

ഡി നഗരത്തിലെ ധനികയായ ഒരു വേശ്യയുടെ മുൻപിൽ തലകുനിക്കാൻ എന്തായാലും അതുല്യൻ തയാറായിരുന്നില്ല .

''മദാം,യാദൃശ്ചികമായാണ് ഈ കണ്ടു മുട്ടൽ .പണം അല്ല എനിക്ക്

> **ഡി നഗരത്തെ പറ്റി പല കഥകളും കേട്ടിട്ടുണ്ട്.പണക്കാർ നിമിഷം കൊണ്ടു പാപ്പരാകുന്ന ഇടം .അധികാരം കയ്യാളുന്നവർ അപഹാസ്യരാകുന്ന നഗരം .നിമിഷം കൊണ്ടു ചൂതാട്ടക്കാർ പണക്കാരാകുന്ന ഇടം .അത്തരമൊരു പാളയത്തിലാണ് താൻ വന്നു പെട്ടിരിക്കുന്നത് .ഒരേയൊരു ആശ്വാസം ആ പ്രബന്ധത്തിന്റെ വില ആർക്കും അറിയില്ല എന്നതാണ് .**



പ്രശ്നം എനിക്ക് നഷ്ടപ്പെട്ടത് അതിലും എത്രയോ വലുതാണ് ,''അവർക്ക് മനസ്സിലാകുമോ എന്ന് ആലോചിക്കാതെ അയാൾ പറഞ്ഞു .

അത് ഡി യിലെ ഉന്നത വേശ്യയെ പ്രകോപിപ്പിച്ചു .

''വേശ്യാവിടുതിയിൽ ഗീർവ്വാണം പറയാനാണോ താങ്കളുടെ പുറപ്പാടു ?'',അവർ പുച്ഛത്തോടെ അയാളോട് ചോദിച്ചു .

''എവിടെ പണം ?എത്ര നിനക്ക് തരാനാകും ?''അവർ വല്ലാതെ ചൊറിഞ്ഞു.

അരുതാത്ത ഇടത്ത് അറിവിനോ മിടുക്കിനോ വിലയില്ല എന്നറിയാമെങ്കിലും അയാൾ തികഞ്ഞ ഔദ്ധത്യത്തോടെ പറഞ്ഞു

''മദാം ,വേണ്ടി വന്നാൽ ഈ നഗരം  ഞാൻ വിലക്കെടുക്കും .വേണ്ടി വന്നാൽ ഇത് തകർക്കാൻ പോലും എനിക്ക് കഴിയും''.

''ഇല്ലാവചനം പറയുന്ന കറുത്ത സന്യാസി ,നീ ഇവിടെ നിന്ന് പോകൂ.നിന്നെ അവർ മർദ്ദിച്ചു കടലിൽ തള്ളുന്നതിനു  മുൻപേ ',അവർ ആക്രോശിച്ചു .

അരിശപ്പെട്ടപ്പോൾ അവരുടെ അവശേഷിക്കുന്ന സ്ത്രൈണ ഭംഗി പോലും നഷ്ടപ്പെട്ടിരുന്നു .നഗരത്തിലെ ഏറ്റവും വിലകുറഞ്ഞ ഒരു ശരീര വില്പനകാരിയെ പോലെയായി മാറി  അവർ . പക്ഷെ അയാൾ ഭയന്നു.മരണം മുന്നിൽ ഉള്ളത് പോലെ.  അയാൾ കണ്ണുകൾ അടച്ചു .വരാനുള്ളത്  വഴിയിൽ  തങ്ങില്ലല്ലോ .

കണ്ണ് തുറന്നപ്പോൾ മറ്റൊരു ലോകത്തായിരുന്നു അയാൾ .ആല്ക്തികദീപങ്ങൾ തിളങ്ങി നിന്ന ആ രാത്രിയിൽ അയാളുമായി ആ രമ്യഹർമ്യത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീ കിടക്ക പങ്കിട്ടു . വിലകൂടിയ മദ്യങ്ങൾ അയാളുടെ ചഷകത്തിൽ നിറഞ്ഞു .അകലെ വാദ്യഘോഷങ്ങൾ .ഇത് സ്വപ്നമാണോ അയാൾ സംശയിച്ചു .

### അദ്ധ്യായം നാല്

# ക്രൂരതയുടെ സാക്ഷി



ആ രാത്രി അതുലിന്റെ ജിവിതം മാറി മറിഞ്ഞു. ഡി നഗരത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും അയാൾക്കായി തുറക്കപ്പെട്ടു .ആ ദിവസം മറ്റൊരു ക്രൂര യാഥാർത്ഥ്യവും അയാൾ അറിഞ്ഞു.

പക്ഷെ അയാൾക്ക് നഷ്ടപ്പെട്ടു പോയതെല്ലാം അന്ന് തിരികെ കിട്ടി. അയാൾ അലക്ഷ്യമായി എഴിതിയിട്ടിരുന്ന ഒരു ഫോൺ നമ്പർ ആണ് എല്ലാം മാറ്റി മറിച്ചത്. ബോസ് അയാളുമായി ബന്ധപ്പെട്ടു അതോടെ ആ കൊട്ടാരം അയാളുടെ പോലെ സ്വന്തമായി ...

ആ മുറിയിൽ ആരോ ഒരുകാലത്ത് ഉപേക്ഷിച്ചു പോയ ഒരു പുസ്തകവും അയാൾക്ക് ലഭിച്ചു .

പണ്ഡിതൻ അല്ലെ , ഇത് ഉപകാരപ്പെടും എന്ന് പറഞ്ഞ് അയാളെ പരിചരിച്ച സ്ത്രീ അയാൾക്ക് അത് സമ്മാനിക്കുകയായിരുന്നു

വർഷങ്ങൾക്കു മുൻപ് അവരുടെ അമ്മയ്ക്ക് ഒരു സന്യാസി വര്യനിൽ നിന്ന് ലഭിച്ചതായിരുനു ആ പുസ്തകം

എത്ര അപ്രതീക്ഷിതമാണ് ഈ ജീവിതം ,അയാൾ ചിന്തിച്ചു .

ഡി എന്ന നഗരത്തിൽ അന്ന് രണ്ടു സംഭവങ്ങൾ ഉണ്ടായി .ബോസിന് ഏറെക്കാലമായി താൻ അന്വേഷിച്ചു കൊണ്ടിരുന്ന സുഹൃത്ത് ഹിരണ്യനെ പറ്റി ചെറിയ സൂചന ലഭിച്ചു .അതേപോലെ ഏറെക്കാലമായി താൻ അന്വേഷിച്ചിരുന്ന ആ മാന്ത്രിക പുസ്തകം തൻറെ കൈവിളിപ്പാടകലെ ആണെന്ന് അയാൾ തിരിച്ചറിഞ്ഞു. ആ പുസ്തകം ഉടനെ കണ്ടെത്തണമെന്നും അത് തുറന്നു വേണ്ടത് ചെയ്യേണ്ട നേരം സമാഗതമായിരിക്കുന്നു എന്നും അയാൾക്ക് ഉറപ്പായി.

**ഡി എന്ന നഗരത്തിൽ അന്ന് രണ്ടു സംഭവങ്ങൾ ഉണ്ടായി . ബോസിന് ഏറെക്കാലമായി താൻ അന്വേഷിച്ചു കൊണ്ടിരുന്ന സുഹൃത്ത് ഹിരണ്യനെ പറ്റി ചെറിയ സൂചന ലഭിച്ചു . അതേപോലെ ഏറെക്കാലമായി താൻ അന്വേഷിച്ചിരുന്ന ആ മാന്ത്രിക പുസ്തകം തൻറെ കൈവിളിപ്പാടകലെ ആണെന്ന് അയാൾ തിരിച്ചറിഞ്ഞു . ആ പുസ്തകം ഉടനെ കണ്ടെത്തണമെന്നും അത് തുറന്നു വേണ്ടത് ചെയ്യേണ്ട നേരം സമാഗതമായിരിക്കുന്നു എന്നും അയാൾക്ക് ഉറപ്പായി.**

തങ്ങളുടെ ജീവിതത്തെ പറ്റിയും ലക്ഷ്യങ്ങളെ പറ്റിയും കഥകളിലൂടെയും സൂചകങ്ങളിലൂടെയും പറഞ്ഞിരുന്ന "പീഡനത്തിന്റെ രഹസ്യങ്ങൾ" എന്ന പുസ്തകത്തിലൂടെ യാദൃശ്ചികമായി ഇന്നാണ് ബോസ് കടന്നു പോയത് .അതിലെ എല്ലാ വാക്കുകളും ,ഭൂമിയിലെ എല്ലാ കാര്യങ്ങളും പ്രവചിച്ചിരുന്ന ഹിരണ്യന്റെ വാക്കുകൾ പോലെയായിരുന്നു .കെ എന്ന സാങ്കല്പിക നഗരത്തിലെ എകാധിപതിയായ ഭരണാധികാരി കൈക്കൊണ്ടിരുന്ന നിരവധിയായ പീഡന മുറകളെ പറ്റിയുള്ള ഒരു സർവവിജ്ഞാന കോശമായിരുന്നു അത് .കൌടില്യൻറെയും ആധുനികനായ പ്ലേറ്റോയുടെയും സംഹിതകൾ ചേർത്തു വെച്ചു അതുല്യ ഒരു പുതിയലോകത്തെ പറ്റി സ്വപ്നം കാണുകയാണ് .ആരോഗ്യമുള്ള

ദൃഢഗാത്രരായ ,രാഷ്ട്രീയമായി ഒരു വകതിരിവും അനുവദിക്കാത്ത സ്പാർട്ടന്മാരെ മാത്രം ഉൾക്കൊള്ളുന്ന ഒരു ലോകമായിരുന്നു ആ ഭാവനയിൽ .അവിടെ കവികളോ വ്യത്യസ്ത മതക്കാരോ വിഭാഗങ്ങളോ ഭിന്ന ശേഷിക്കാരോ ഉണ്ടായിരിക്കില്ല .ഭിന്ന ലൈംഗീകകത അവിടെ അനുവദിക്കില്ല .നിയമം ലംഘിക്കുന്നവരുടെ അവയവങ്ങൾ ഛേദിച്ചു കളയുകയോ അവരെ മരുന്ന് കൊണ്ടു വന്ധ്യംകരിക്കുകയോ ചെയ്യണം എന്നാണു നിർദേശിക്കപ്പെട്ടിരുന്നത് .മരണത്തെക്കാൾ ഭീതിദമായ പീഡനങ്ങൾ ആണ് കുറ്റവാളികൾക്ക് കരുതി വെച്ചിരുന്നത് .അവയുടെ സചിത്ര പട്ടിക ആയിരുന്നു ആ പുസ്തകം. അയാൾക്കത് വല്ലാതെ ഇഷ്ടപ്പെട്ടു.

അയാൾ താൻ മലയോരത്തു കുറ്റവാളികൾക്കും ഭിന്ന ലൈംഗീകതക്കാർക്കും പൌരത്വമില്ലാതവർക്കും സൃഷ്ടിക്കുന്ന ശാന്തി ഭവനെപറ്റിയോർത്തു ഉള്ളിൽ ചിരിച്ചു .ജീവിതകാലം മുഴുവൻ അവർ അവിടെ കഴിച്ചു കൂട്ടും.അവരുടെ ഓർമ്മ എന്നെന്നേക്കുമായി തുടച്ചു നീക്കും അങ്ങനെ താൻ ഭരണകൂടങ്ങളെ ശക്തിപ്പെടുത്തും.പഴയ കാലത്തെ രാജർഷിയെപ്പോലെ അവരെ ഉപദേശിക്കും .

ശാന്തിഭവനിൽ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നതേയുള്ളൂ .പ്രളയങ്ങളും ഭൂകമ്പങ്ങളും മഹാമാരിയും അതിന്റെ നിർമാണം തടസ്സപ്പെടുത്തി .അത് പോലെ തൊഴിലാളികളും സഹകരിച്ചില്ല .ഇതിനിടെ, തങ്ങൾഏതോ ഒരു വൃത്തികെട്ട പദ്ധതിയുടെ ഭാഗമാണെന്നു അവരെ ആരോ ധരിപ്പിച്ചു അത്രേ! അയാൾ അതിൽ നിന്നും രക്ഷപെടാൻ ഒരു മാർഗം കണ്ടു.പല ദേശങ്ങളിൽ നിന്നുള്ള പല തരത്തിൽ ഉള്ള തൊഴിലാളികളെ അവിടെ കൊണ്ടു വന്നു .അവർ റെക്കോർഡ് വേഗത്തിൽ അത് പണി തീർത്തു. സാമൂഹിക നന്മ ലക്ഷ്യമാക്കി

> **ആരോഗ്യമുള്ള ദൃഢഗാത്രരായ , രാഷ്ട്രീയമായി ഒരു വകതിരിവും അനുവദിക്കാത്ത സ്പാർട്ടന്മാരെ മാത്രം ഉൾക്കൊള്ളുന്ന ഒരു ലോകമായിരുന്നു ആ ഭാവനയിൽ . അവിടെ കവികളോ വ്യത്യസ്ത മതക്കാരോ വിഭാഗങ്ങളോ ഭിന്ന ശേഷിക്കാരോ ഉണ്ടായിരിക്കില്ല . ഭിന്ന ലൈംഗീകകത അവിടെ അനുവദിക്കില്ല . നിയമം ലംഘിക്കുന്നവരുടെ അവയവങ്ങൾ ഛേദിച്ചു കളയുകയോ അവരെ മരുന്ന് കൊണ്ടു വന്ധ്യംകരിക്കുകയോ ചെയ്യണം എന്നാണു നിർദേശിക്കപ്പെട്ടിരുന്നത് . മരണത്തെക്കാൾ ഭീതിദമായ പീഡനങ്ങൾ ആണ് കുറ്റവാളികൾക്ക് കരുതി വെച്ചിരുന്നത് . അവയുടെ സചിത്ര പട്ടിക ആയിരുന്നു ആ പുസ്തകം . അയാൾക്കത് വല്ലാതെ ഇഷ്ടപ്പെട്ടു .**

യുള്ള ഗുരുജിയുടെ ഉന്നതമായ ആശയങ്ങൾ കണ്ടറിഞ്ഞു ചിലർ സൗജന്യമായി പോലും പണി ചെയ്യാൻ തയാറായി .

ഇനി വേണ്ടത് അതിനു ഒരു മാനേജരെ കണ്ടെത്തുകയാണ് .ശ

അതുല്യയെക്കുറിച്ചു മറ്റാർക്കും അറിയാത്ത കാര്യങ്ങൾ ബോസിന് നിശ്ചയമായിരുന്നു .ഹിരണ്യനു മാത്രം അറിയാവുന്ന കാര്യങ്ങളായിരുന്നു അത് . അതുല്യയുടെ നിഗമനം ശരിയായിരുന്നു .ബോസിനോട് തന്റെ പേര് നിർദ്ദേശിച്ചത് ഹിരണ്യൻ ആയിരുന്നു . ബോസ് അത് സമ്മതിച്ചു.

മധ്യകാലഘട്ടത്തെ പീഡന മുറകളെ പറ്റിയുള്ള അതുലിന്റെ പഠനത്തെ ബോസ് അഭിനന്ദിച്ചു .

‘എന്ത് കൊണ്ടാണ് ഇങ്ങനെ ഒരു വിഷയം തെരഞ്ഞെടുത്തത് ?‘

അത് പഠിക്കാൻ തന്നെ പ്രേരിപ്പിച്ചത് ഹിരണ്യനാണെന്ന് അതുൽ ഓർത്തു..

യഥാർത്ഥത്തിൽ ഹിരണ്യൻ തന്നെ പഠിക്കാൻ ആഗ്രഹിച്ച വിഷയമാണത് . എന്നാൽ നീണ്ടു നിന്ന യുദ്ധവും അതുമായി ബന്ധപ്പെട്ട ചിലരുടെ മരണവും മൂലം അദ്ദേഹത്തിന് താൻ ഏറ്റവും ആഗ്രഹിച്ച ആ പഠനം തുടരാൻ കഴിഞ്ഞില്ല.

ബോസ് അവന്റെ മനസ്സ് വായിക്കുന്നത് പോലെ തിരിഞ്ഞു നോക്കി. ബോസിൻറെ ലക്ഷ്യം ബിസിനസ്സ് ആണ് .അതിനു യോജിച്ച ആളെ തിരയുകയാണ് അയാൾ. സാധ്യതയുള്ള എല്ലാ ഉദ്യോഗാർഥികളുടെയും വിവരങ്ങൾ അടങ്ങിയ ഒരു ഡോസിയർ അയാളുടെ പക്കലുണ്ടാകുമെന്ന് അതുല്യയ്ക്ക് അറിയാമായിരുന്നു ,അവരുടെ കുടുംബ ബന്ധങ്ങളും കോൺടാക്റ്റുകളും ഇന്റർവ്യൂവിന് മുമ്പ് നന്നായി അദ്ദേഹം അന്വേഷിച്ചിരിക്കണം. ആരെപ്പറ്റിയും എല്ലാവിവരങ്ങളും നൊടിയിടയിൽ ഹാക്ക് ചെയ്യുന്ന വിവരദാതാക്കളുടെയും ഡാറ്റ മോഷ്ടാക്കളുടെയും ഒരു വലിയ ശൃംഖല അദ്ദേഹത്തിന് ഉണ്ടായിരുന്നു. അതുല്യയുടെ ഭൂതകാലം തികച്ചും ശുദ്ധമാണെന്നും അവിടെ മുൻ കാല ജീവിതത്തിന്റെ യാതൊരു കാൽപ്പാടുകളും ഇല്ലെന്നും വ്യക്തമായിരുന്നു.

മാത്രമല്ല മധ്യകാലഘട്ടത്തിലെ പീഡനമുറകൾ എന്ന പഠനം അതുല്യയുടെ മനസ്സിന്റെ താക്കോലായിരുന്നു.ബോസ് അത് പലതവണ വായിച്ചുവെന്നു വ്യക്തം .അയാൾ ചോദിച്ച ചോദ്യങ്ങളിൽ നിന്ന് അതറിയാം ..

‘‘നിങ്ങൾ വ്ലാഡിനെക്കുറിച്ച് ഗൗരവമായി പഠിച്ചിട്ടുണ്ടോ?’’, ബോസ് ചോദിച്ചു.

അവൻ തലയാട്ടി.

‘‘കാർപാത്തിയ മലനിരകൾ ഇപ്പോൾ എങ്ങനെയുണ്ട് ’,? ബോസ് ചോദിച്ചു .അങ്ങനെയൊരു ചോദ്യം പ്രതീക്ഷിച്ചിരുന്നെങ്കിലും അതിന് നന്നായി ഉത്തരം നൽകാൻ അയാൾക്ക് കഴിഞ്ഞില്ല.

''അത് തരിശുഭൂമിയാണ് . ഡ്രാക്കുളക്ക് വസിക്കാൻ പറ്റിയ ഇടമല്ല അത് '.താനാണ് യഥാർത്ഥ അതുല്യ എന്ന് ഉറപ്പിക്കാൻ അവൻ തന്റെ തൊലി നുള്ളി .

കാർപാത്തിയൻസിൽ നിന്നു വന്ന ഒരു പ്രേതത്തെ നേരിൽ കാണുന്നത് പോലെ ബോസ് അവനെ കൗതുകത്തോടെ നോക്കികൊണ്ടിരുന്നു.

''ഡ്രാക്കുളയുടെ കഥയിൽ എന്തെങ്കിലും സത്യമുണ്ടോ ?മരണത്തിലേക്ക് നയിക്കുന്ന കറുത്ത ദ്രംഷ്ട്രങ്ങൾ സത്യമാണോ ?നിങ്ങളുടെ ശരീരത്തിൽ നിന്ന് രക്തം വലിച്ചെടുക്കുന്ന വാമ്പയർമാർ അവിടെയുണ്ടോ ? ''ബോസ് കൌതുകത്തോടെ ചോദിച്ചു .

അവൻ ദേഷ്യപ്പെട്ടു .'പ്രേതങ്ങളെ പ്രകോപിപ്പിക്കരുത് .'

നരബലികളെ പറ്റി പഠിച്ചിരുന്നതിനാൽ കുടുതൽ ഒന്നും ചോദിച്ചില്ല.

മതപരമായ ആചാരങ്ങളിൽ അഭിരമിച്ചിരുന്ന ,ഭ്രാന്തരായ വ്യക്തികൾ പുരോഹിതന്മാരുടെ വേഷം ധരിച്ച് അവരുടെ രക്തം ഇറ്റിച്ചു ഒരു പാത്രത്തിൽ ശേഖരിച്ചു ദൈവങ്ങളെ പ്രീതിപ്പെടുത്താൻ കുടിക്കും. ഒരു ആചാരം എന്നതിലുപരി അതൊരു ശിക്ഷയായിരുന്നു, ഭരണകൂടത്തിന്റെ ശത്രുക്കളോ സുഹൃത്തുക്കളോ ശത്രുക്കളോ വഞ്ചകരോ ആയി മാറിയവരെ മാനസികമായി പീഡിപ്പിക്കാനുള്ള ഒരു വഴിയായിരുന്നു അത് .പരലോകത്ത് പോലും മോചനം ഇല്ല എന്ന അവസ്ഥയിൽ അവർ വെന്തുരുകും. ഒറ്റിക്കൊടുക്കുന്നവരുടെ തോൽ ജീവനോടെ ഉരിക്കുമായിരുന്നു ഇല്ലെങ്കിൽ അവരുടെ രക്തം അവർ അബോധാവസ്ഥയിലാകുന്നതുവരെ ഒഴുക്കിവിടും ..

കുറ്റവാളികളെ രക്തം കുടിപ്പിച്ചു അടുത്ത കൊലപാതകത്തിനായി പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ച് അദ്ദേഹം കേട്ടിരുന്നു ...

എല്ലാ സമൂഹത്തിലും ഇത്തരം ക്രൂരമായ ആചാരങ്ങൾ ഉണ്ടായിരുന്നു, ആളുകൾ അത് ഒരു വലിയ ആവേശമായി കണ്ടു .

ബോസിന് അവന്റെ മാനസിക നില പിടി കിട്ടി ...

'അതായിരുന്നു കാലം ...

ഇപ്പോഴും അത് മാറിയിട്ടില്ല, ''അദ്ദേഹം അവനെ തിരുത്തി.

**ശാന്തിഭവനിൽ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നതേയുള്ളൂ . പ്രളയങ്ങളും ഭൂകമ്പങ്ങളും മഹാമാരിയും അതിന്റെ നിർമാണം തടസ്സപ്പെടുത്തി . അത് പോലെ തൊഴിലാളികളും സഹകരിച്ചില്ല. ഇതിനിടെ ,തങ്ങൾഏതോ ഒരു വൃത്തികെട്ട പദ്ധതിയുടെ ഭാഗമാണെന്നു അവരെ ആരോ ധരിപ്പിച്ചു അത്രേ! അയാൾ അതിൽ നിന്നും രക്ഷപെടാൻ ഒരു മാർഗം കണ്ടു. പല ദേശങ്ങളിൽ നിന്നുള്ള പല തരത്തിൽ ഉള്ള തൊഴിലാളികളെ അവിടെ കൊണ്ടു വന്നു . അവർ റെക്കോർഡ് വേഗത്തിൽ അത് പണി തീർത്തു . സാമൂഹിക നന്മ ലക്ഷ്യമാക്കിയുള്ള ഗുരുജിയുടെ ഉന്നതമായ ആശയങ്ങൾ കണ്ടറിഞ്ഞു ചിലർ സൗജന്യമായി പോലും പണി ചെയ്യാൻ തയാറായി . ഇനി വേണ്ടത് അതിനു ഒരു മാനേജരെ കണ്ടെത്തുകയാണ് .**

ബോസ് അവനെ സൂക്ഷിച്ചു നോക്കി.സ്നേഹത്തിന്റെയോ കാരുണ്യത്തിന്റെയോ തരിപോലും ഇല്ലാത്ത തണുത്ത വരണ്ട നോട്ടം.

എത്ര വാഗ്ദാനം ചെയ്താലും അയാളുടെ കീഴിൽ പ്രവർത്തിക്കേണ്ടതില്ലെന്ന് അതുല്യ തീരുമാനിച്ചു.

പെട്ടെന്ന് സമനില വീണ്ടെടുത്ത ബോസ് അവനെ ശാന്തമായി നോക്കി .അയാൾ തൻറെ സൌമ്യതയുടെ മുഖംമൂടി അണിഞ്ഞു മധുരമായി സംസാരിച്ചു തുടങ്ങി .

'ഞാൻ നിൻറെ പ്രൊഫൈൽ നോക്കുകയായിരുന്നു .എവിടെയെങ്കിലും എന്തെങ്കിലും ദുരന്തമോ കൊലപാതകമോ നടന്നാൽ നിങ്ങൾ അവിടെ ഉണ്ടാകുമല്ലോ ! '

'താങ്കൾ പറയുന്നത് ശരിയല്ല. ഞാൻ മനഃപൂർവ്വം സംഘർഷ മേഖലകളിൽ പോയതല്ല .പലപ്പോഴും പെട്ടുപോയതാണ് .അത് എന്നെ സഹായിച്ചു . പ്രതിസന്ധി ഘട്ടങ്ങളിൽ ആളുകളുടെ പെരുമാറ്റം എങ്ങനെയാണ് എന്ന് അറിയാൻ കഴിയും .സ്വാഭാവികമായും, സംഘർഷ മേഖലകളിൽ യുദ്ധവും രക്തച്ചൊരിച്ചിലും ഉണ്ടാകും. '

'എല്ലാ മേഖലകളും സംഘർഷ മേഖലകളാണെന്നും ചിലത് മറഞ്ഞിരിക്കുന്നവയും മറ്റുള്ളവ പരസ്യമായി നടക്കുന്നത് ആണെന്നും നിങ്ങൾക്കറിയാമോ.'

''തീ ആളിക്കത്തിക്കുക എന്നത് എന്റെ രീതിയല്ല. ' അതുല്യ നിസ്സംഗനായി അയാളോട് പറഞ്ഞു.

പല രാജ്യങ്ങളിലെയും അധികാരികളുടെ രോഷത്തിനു നേരിട്ട് ഇരയായതിനെ തുടർന്നു , പലപ്പോഴും ജയിലുകളിൽ അയാൾ കഴിയേണ്ടി വന്നു .എങ്കിലും അയാൾ ഒരിക്കലും താൻ ആരാണെന്ന് വെളിപ്പെടുത്തിയിട്ടില്ല, മാത്രമല്ല, അയാളെ അയാൾ പോലും അറിയാത്ത ചില ശക്തികൾ എപ്പോഴും പുറത്തു കൊണ്ടു വന്നു .

'കളിയിൽ ,കാപട്യത്തിൽ എപ്പോഴും നിങ്ങൾ മുന്നിലായിരുന്നു .'

അതും പറഞ്ഞു ബോസ് വശ്യമായി ചിരിച്ചു.

അയാൾ നരകത്തിൽ നിന്ന് അപ്പോൾ ഇറങ്ങിവന്ന ഒരു മനുഷ്യനാണെന്ന് അതുലിനു തോന്നി, ഒരു മനുഷ്യനായി വേഷം ധരിച്ച പിശാച്..

ഒരു സാധാരണ മനുഷ്യനുമായല്ല താൻ ബന്ധപ്പെടുന്നത് എന്ന്

മനസ്സിലായത് കൊണ്ടു അതുല്യ തൻറെ വികാരങ്ങൾ മറച്ചുവച്ചു.

'ബോസ്നിയയിലും റുവാണ്ടയിലും നിങ്ങൾ ഉണ്ടായിരുന്നു. ഐഎസ് ഓപ്പറേഷൻ സമയത്ത് സിറിയയിലും?'

ഞാൻ യു എൻ നിരീക്ഷണ സംഘത്തിന്റെ ഭാഗമായിരുന്നു, കഴിയുന്നത്ര ഞാൻ കുഴപ്പങ്ങൾ ഉണ്ടാക്കി, ''അതുല്യ മറുപടി പറഞ്ഞു

''ഒരു വാർത്താവിനിമയ തകരാർ യുദ്ധം സങ്കീർണ്ണമാക്കി അല്ലെ ,'ബോസ് അർത്ഥഗർഭമായി അവനെ നോക്കി .

റവാണ്ടയും ബോസ്നിയയും അയാളുടെ മനസ്സിൽ എത്തി. എത്ര ശ്രമിച്ചിട്ടും മായാത്ത നിലവിളികൾ .പരിചിതമല്ലാത്ത ഒരു വിഭാഗത്തിൽ പെട്ടവർ ഇയാമ്പാറ്റകളെ പോലെ വെന്തെരിയുന്നത് അതുല്യ നിർവികാരമായി നോക്കി നിന്നു.എന്ത് കൊണ്ടു താൻ അതിൽ ഇടപെട്ടില്ല .കുറെപ്പെരെയെങ്കിലും തനിക്കു രക്ഷിക്കാൻ സാധിക്കുമായിരുന്നില്ലേ ?അതുല്യ അമ്പരപ്പോടെ തെല്ലു കുറ്റ ബോധത്തോടെ ചിന്തിച്ചു .

'വിഷമിക്കരുത്, ഇത് കർമ്മമാണ്, കർമ്മത്തിൽ നിന്ന് , കഷ്ടപ്പാടുകളിൽ നിന്ന് മോചനമില്ല',ബോസ് അതുല്യയെ ആശ്വസിപ്പിച്ചു .

പക്ഷെ അത് അത് അവനെ കുടുതൽ വേദനിപ്പിച്ചു .ഒരു ഹീനമായ കൃത്യം ന്യായീകരിക്കാൻ കർമ്മസിദ്ധാന്തം ഉദ്ധരിക്കുന്നത് അവനു ഇഷ്ടമായില്ല.

തനിക്കു അന്ന് മറ്റെന്താണ് ചെയ്യാൻ കഴിയുമായിരുന്നത്? ബോസ്നിയയും റുവാണ്ടയും ജീവിതത്തിലെ വലിയ വെല്ലുവിളികളായിരുന്നു.കൌണ്ടർ ഹാക്കിംഗുമായി പരിചയമുള്ള ഒരേയൊരു വ്യക്തി എന്ന നിലയിൽ, പ്രതിനിധി സംഘത്തിന്റെ ഭാഗമാകുകയല്ലാതെ അതുലിനു മറ്റ് മാർഗമില്ലായിരുന്നു .അതുല്യ ഫ്രാൻസിലേക്കുള്ള തന്റെ കോളുകൾ ഓർത്തു, പ്രസിഡന്റ് തന്നെ തന്റെ അവതരണങ്ങൾ ഒഴിവാക്കി. കുറ്റമോ കുറ്റവാളികളോ അല്ല, അവ സാധ്യമാക്കിയത് .ജനതയെ പിന്തുണക്കുന്നവരാണ് പരാജയപ്പെട്ടത് ., അധികാരമുള്ള മനുഷ്യർ ഒന്നും ചെയ്യാതെ നോക്കിയിരുന്നു ..

**നരബലികളെ പറ്റി പഠിച്ചിരുന്നതിനാൽ കുടുതൽ ഒന്നും ചോദിച്ചില്ല. മതപരമായ ആചാരങ്ങളിൽ അഭിരമിച്ചിരുന്ന ,ഭ്രാന്തരായ വ്യക്തികൾ പുരോഹിതന്മാരുടെ വേഷം ധരിച്ച് അവരുടെ രക്തം ഇറ്റിച്ചു ഒരു പാത്രത്തിൽ ശേഖരിച്ചു ദൈവങ്ങളെ പ്രീതിപ്പെടുത്താൻ കുടിക്കും. ഒരു ആചാരം എന്നതിലുപരി അതൊരു ശിക്ഷയായിരുന്നു, ഭരണകൂടത്തിന്റെ ശത്രുക്കളോ സുഹൃത്തുക്കളോ ശത്രുക്കളോ വഞ്ചകരോ ആയി മാറിയവരെ മാനസികമായി പീഡിപ്പിക്കാനുള്ള ഒരു വഴിയായിരുന്നു അത് .പരലോകത്ത് പോലും മോചനം ഇല്ല എന്ന അവസ്ഥയിൽ അവർ വെന്തുരുകും . ഒറ്റിക്കൊടുക്കുന്നവരുടെ തോൽ ജീവനോടെ ഉരിക്കുമായിരുന്നു ഇല്ലെങ്കിൽ അവരുടെ രക്തം അവർ അബോധാവസ്ഥയിലാകുന്നതുവരെ ഒഴുക്കിവിടും ..**

പക്ഷെ ഒടുവിൽ അതുല്യക്കു യു എന്നിലെ ഉന്നതമായ ജോലി നഷ്ടപ്പെട്ടു.മറ്റുള്ളവരുടെ വീഴ്ചക്ക് അയാൾ ബലിയാടായി .തൻറെ നിയോഗം മറ്റൊന്നാണെന്ന് അറിയാവുന്ന അതുല്യ അധീരനായില്ല .

എന്നാൽ സെർബിയയും റുവാണ്ടയും വലിയ പാഠമായിരുന്നു ലോകത്തെ ക്രൂരമായ പീഡന സമ്പ്രദായങ്ങൾ കാണാൻ നിങ്ങൾ മധ്യകാലഘട്ടത്തിലായിരിക്കണമെന്നില്ല.അതുല്യ അവിടെ എല്ലാ ക്രൂരതയും നേർക്ക് നേർ കണ്ടു ....

ഇല്ല, ജീവൻ പോയാലും , ഞാൻ കണ്ട ക്രൂരതകൾ ഞാൻ ഒരിക്കൽകൂടി പുറത്തു പറയില്ല , അവൻ സ്വയം പറഞ്ഞു.

മൈൻഡ് ഗെയിമുകളിൽ, ബോസ് മികച്ചതായിരുന്നു, പക്ഷേ അയാൾ അവനെ റിലാക്സ് ചെയ്യിപ്പിക്കാൻ ശ്രമിച്ചു, ആ ഓപ്പറേഷനെക്കുറിച്ചൊന്നും അയാൾ അവനോട് ചോദിച്ചില്ല.

തീർച്ചയായും, ബോസിന് എണ്ണമറ്റ സ്രോതസ്സുകൾ ഉണ്ടായിരുന്നു, അവർ അദ്ദേഹത്തിന് മുമ്പാകെ തത്സമയ വിവരണം നൽകും,ദൃശ്യങ്ങൾ സഹിതം .

തീർച്ചയായും, അവനുമായി പങ്കിടാൻ ആഗ്രഹിക്കാത്ത എല്ലാ സംഭവങ്ങളിലും അദ്ദേഹത്തിന് ഒരു പ്രത്യേക കാഴ്ചപ്പാടുണ്ടായിരുന്നു.അയാൾ അവയെല്ലാം കണ്ടു രസിച്ചിരുന്നു .





അദ്ധ്യായം
അഞ്ച്
# കഴുകൻ

അതുലിനു അതൊന്നും ഒരിക്കലും ഒരു പ്രശ്നമായിരുന്നില്ല .കഴുകൻ എന്ന് പേരിട്ടിട്ടുള്ള ഒരു അധോലോക സംഘത്തിലെ അംഗമായിരുന്നു അതുല്യ .ആശയപരമായി എതിർ നിൽക്കുന്നവരെ ഹിംസിക്കാനുള്ള ദൌത്യത്തിൽ ഏർപ്പെട്ടിരുന്ന സംഘടനയായിരുന്നു അത് .കുടുതലും വിദേശരാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്ന സംഘടന .

അപ്പോൾ ബോസ് അതുല്യയോട് വെറുതെയെന്ന പോലെ ചോദിച്ചു, ''അവിടെ ഉണ്ടായിരുന്ന ടെർമിനേഷൻ സ്ക്വാഡായിരുന്ന വൾച്ചറിനെ (കഴുകൻ )കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ .അവരുടെ സാന്നിധ്യത്തെക്കുറിച്ച് രഹസ്യ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു, പക്ഷേ അവർ എവിടെ നിന്നാണ് ഉത്ഭവിച്ചതെന്നോ ആരാണെന്നോ ആർക്കും ഒരു ധാരണയുമില്ല. കണ്ടു മുട്ടിയ പല പ്രമുഖരും അതിലെ അംഗങ്ങളായിരുന്നു. അത് വളരെ രഹസ്യമായി പ്രവർത്തിച്ചു, അതിലെ ഒരു അംഗത്തിന് മറ്റൊരാളെ അറിയില്ലായിരുന്നു . ആവശ്യമെങ്കിൽ വലിയ ബഹളമില്ലാതെ ,ഒരു കോടാലി പോലെ പ്രവർത്തിക്കാൻ ,ശത്രുക്കളെ ഉന്മൂലനം ചെയ്യാൻ അവർ ശ്രദ്ധിച്ചു .

ആരായിരുന്നു അവരുടെ ശത്രുക്കൾ ?അതിൽ പ്രവർത്തിച്ചിരുന്ന കാലത്തെ പറ്റി ഇപ്പോൾ ഭീതിയോടെയെ ഓർക്കാനാകൂ .അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ എതിർക്കുന്ന ആരും അവരുടെ ശത്രുവായിരുന്നു .അവസാനം വരെ വിധേയത്വം പുലർത്തിയ വ്യക്തികളായിരുന്നു അതിന്റെ നട്ടെല്ല്. അതുല്യയുടെ പ്രൊഫൈൽ അതിശക്തമായിരുന്നത് കൊണ്ടു ആരും അവനെ സംശയിച്ചില്ല. അല്ലെങ്കിൽ തന്നെ രണ്ടു മനുഷ്യക്കുരുതികളെ സഹായിച്ചു പോറൽ പോലും ഇല്ലാതെ രക്ഷപെട്ട മറ്റാരും ആ ഡെലിഗെഷനിൽ ഉണ്ടായിരുന്നില്ല .

അതുല്യയെ ആശ്ചര്യപ്പെടുത്തിയത് മനുഷ്യരെ ഇല്ലാതാക്കുന്നതിന് മുമ്പ് അവർ ചെയ്ത ക്രൂരതയാണ് .അവന്റെ സ്ഥാനത്ത് മറ്റാരെങ്കിലും ആയിരുന്നെങ്കിൽ അവർ ഭ്രാന്തരാകുമായിരുന്നു.അവസാനം റവാണ്ടയിൽ നിന്ന് യു എസിലേക്ക് തിരിക്കുമ്പോൾ കൂടെയുണ്ടായിരുന്നത് വിരലിൽ എണ്ണാവുന്നവർ മാത്രം .അതിൽ ചിലർ മറുള്ളവരെ പേടിപ്പെടുത്തുന്ന വിധം ക്രൂരമായി ആല്മഹത്യ ചെയ്തു .

പണ്ടുമുതലേ നിലനിന്നിരുന്ന ഒരു സംഘടനയായിരുന്നു കഴുകൻ, എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ രഹസ്യമായിരുന്നു .. അതിലെ അംഗങ്ങൾ രക്തത്തിൽ ചാലിച്ചു നടത്തിയ പ്രതിജ്ഞ ,ഒരു മാഫിയ സംഘത്തിലെ അംഗമെന്ന പോലെ ,പവിത്രമായ കോഡ് സ്വയം പാലിച്ചു, അവർക്കറിയാവുന്ന മറ്റ് അംഗങ്ങളോട് ഒരിക്കലും സ്വയം വെളിപ്പെടുത്തുകയോ തുറന്നുപറയുകയോ ചെ

യ്തില്ല. പ്രതികാരം ചെയ്യുമെന്ന ഭയം കുത്തിനിറച്ചതിനാൽ, അവർ പങ്കെടുത്ത പരിപാടികളെക്കുറിച്ചും മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾ ചെയ്ത അംഗങ്ങളെക്കുറിച്ചും അവ വിട്ടു പോയവർ , ജീവനോടെ ഇരുന്നാൽ , പോലും സംസാരിച്ചില്ല. പല രാജ്യങ്ങളിലും കഴുകൻ പല പേരുകളിൽ അറിയപ്പെട്ടു കൂടാതെ ലോകമെമ്പാടുമുള്ള നെറ്റ്‌വർക്കുകളുമായി അവർക്ക് രഹസ്യ ധാരണയുണ്ട്. വിവിധ രാജ്യങ്ങളിലെ തലവന്മാർക്ക് സ്വയംഭരണാധികാരം നൽകിക്കൊണ്ട് ലോകത്തെ നിയന്ത്രിക്കുക എന്നത് എളുപ്പമല്ലെന്ന് നെറ്റ്‌വർക്കിന്റെ നേതാക്കൾക്ക് അറിയാമായിരുന്നു .അവർ മനുഷ്യശക്തിയും യുദ്ധോപകരണങ്ങളും ഉപയോഗിച്ച് പ്രത്യയശാസ്ത്രപരമായ പിന്തുണയും അന്താരാഷ്ട്ര പിന്തുണയും നൽകി. സോഫ്റ്റ്‌വെയറിന്റെ സാധ്യതകൾ വർദ്ധിച്ചതോടെ നെറ്റ്‌വർക്ക് ചെയ്യാനും അവർ ആഗ്രഹിക്കുന്നതുപോലെ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും ഇത് എളുപ്പമായി. എന്നാൽ അവരെ കണ്ടെത്താനും അവരുടെ പദ്ധതികൾ വഴിതിരിച്ചു വിടാനും കഴിയുന്നതിനാൽ ഇത് പല പ്രശ്നങ്ങൾ സൃഷ്ട്ടിച്ചു .. അതിനാൽ കൂട്ടക്കുരുതിക്ക് വേണ്ടിയുള്ള സൈന്യത്തെ വർദ്ധിപ്പിക്കാൻ മിടുക്കരായ ഹാക്കർമാരെയും റോബോട്ടുകളെയും നിയമിച്ചു. കഴുകൻ എല്ലായിടത്തും ഉണ്ടായിരുന്നതിനാലും ലോകത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിനോട് യോജിപ്പുള്ള ഒട്ടേറെപ്പേർ ഉള്ളതിനാലും, അത് ലോകമെമ്പാടും പെട്ടെന്ന് വ്യാപിച്ചു .

അവൻ മെല്ലെ തന്റെ മധ്യവയസ്സിലായിരുന്ന ബോസിനെ വീക്ഷിച്ചു.അയാളിൽ അസ്വാഭാവികമായി ഒന്നുമില്ല. അയാൾ ഒരു കുള്ളനായിരുന്നു, ആ തടിച്ച വയർ അയാൾക്ക് ഒരു വ്യാപാരിയുടെ രൂപം നൽകി . .പക്ഷെ ഒരു കാര്യം അതുല്യ ശ്രദ്ധിച്ചു .അയാളുടെ കണ്ണുകൾ തീവ്രമായിരുന്നു. അവൻ എവിടെയാണ് ആ കണ്ണുകൾ കണ്ടത്?

**മനുഷ്യൻറെ ക്രൂരത എത്രത്തോളം പോകുമെന്നു കണ്ടത് റവാണ്ടയിൽ ആണ് . സെർബിയയിൽ ആഭ്യന്തര യുദ്ധകാലത്ത് കുറെ കാലം ഇന്റേൻ ആയി പ്രവർത്തിച്ച അതുലിനു അങ്ങനെ ഈ ആധുനിക ലോകത്തിൽ മനുഷ്യനു മനുഷ്യർക്കെതിരെ എത്ര മാത്രം ക്രൂരമായി പെരുമാറാൻ കഴിയുമെന്ന് മനസ്സിലായിരുന്നു. വിദ്വേഷത്തിന്റെ മഹാമേരുക്കളെ പറ്റി ഗവേഷണം നടത്തി വന്ന ഒരാൾക്ക് ഇതെല്ലാം നിസ്സാരമായി തോന്നും . മനുഷ്യർ ചത്തൊടുങ്ങിയത് കണ്ടിട്ടു തനിക്കു ഒരു വിഷമവും വരുന്നില്ലല്ലോ എന്നവൻ ആലോചിച്ചു**

അവൻ പെട്ടെന്ന് അത് ഓർത്തെടുക്കുകയും ആ ചിന്തയിൽ വിറയ്ക്കുകയും ചെയ്തു.മിലാനിലെ ആ ദിവസം അവന്റെ ഓർമ്മയിൽ പൊടുന്നനെ എത്തി. അയാൾ അകാരണമായ ഭീതിയാൽ ഞെട്ടി ...

മനുഷ്യൻറെ ക്രൂരത എത്രത്തോളം പോകുമെന്നു കണ്ടത് റവാണ്ടയിൽ ആണ് .സെർബിയയിൽ ആഭ്യന്തര യുദ്ധകാലത്ത് കുറെ കാലം ഇന്റേൻ ആയി പ്രവർത്തിച്ച അതുലിനു അങ്ങനെ ഈ ആധുനിക ലോകത്തിൽ മനുഷ്യനു മനുഷ്യർക്കെതിരെ എത്ര മാത്രം ക്രൂരമായി പെരുമാറാൻ കഴിയുമെന്ന് മനസ്സിലായിരുന്നു .

വിദ്വേഷത്തിന്റെ മഹാമേരുക്കളെ പറ്റി ഗവേഷണം നടത്തി വന്ന ഒരാൾക്ക് ഇതെല്ലാം നിസ്സാരമായി തോന്നും . മനുഷ്യർ ചത്തൊടുങ്ങിയത് കണ്ടിട്ടു തനിക്കു ഒരു വിഷമവും വരുന്നില്ലല്ലോ എന്നവൻ ആലോചിച്ചു

ക്രൂരത മനുഷ്യനിൽ അന്തർലീനമായ ഒരു വികാരമാണ്. എത്ര മുഖം മൂടി ധരിച്ചാലും വിദ്വേഷത്തിൻറെ മുഖം മറക്കാനാവില്ല .തിന്മയോടുള്ള മനുഷ്യൻറെ സമർപ്പണം ഒരിക്കലും ഇല്ലാതാകില്ല. അല്ലെന്നു പറയുന്ന പ്രത്യശാസ്ത്രവും മതവും ശരിയല്ല . അതുല്യ മനസ്സിൽ പറഞ്ഞു

കഴുകന്റെ ജന്മം ജർമൻ രഹസ്യ പോലീസിൽ നിന്നായിരുന്നു സോവിയറ്റ് ചാര സംഘടനയുടെ സഹായം അവർക്കുണ്ടായി ഇഷ്ടമില്ലാത്തവരെ നിഹനിക്കാൻ അവർ രാജ്യാന്തര സംഘം തന്നെ സൃഷ്ടിച്ചു എല്ലാ ക്രൂര കൃത്യത്തിലും പതിവ് പോലെ ബോസും ഹിരണ്യനും പങ്കാളികളായി. അങ്ങനെ അതുലും .



കവിത



സോയ നായർ

# ചിതയ്ക്ക് മുൻപേ..!

വെന്റിലേറ്റർ മുറിയുടെ വാതിൽക്കൽ
ജന്മം തന്നവരുടെ ജീവനു വേണ്ടി
ഈശ്വരന്റെ
കാലുപിടിക്കുമ്പോഴാണു
ഓർമ്മയാകാൻ,
ഒരു ശ്വാസത്തിന്റെ ദൂരമേയുള്ളൂ
അതും തീരാൻ
ഏതാനും ദിവസങ്ങളേയുള്ളൂ
എന്ന് ഞാൻ ഓർത്തെടുത്തത്.
അപ്പോഴാണു
അതു വരെ ചെയ്യാതെ പോയ
കടമകളെപ്പറ്റി ബോധവതിയായത്.
തിരക്കുകളിൽ മുക്കി വച്ച
നീണ്ട ഫോൺ വിളികൾ
പുനരാരംഭിച്ചത്...
അത് വരെ തിരിഞ്ഞ് പോകാത്ത
ബന്ധങ്ങളിലേക്ക് ഊളിയിട്ടത്..
ഒരു ചിതയിൽ  എല്ലാം തീരുമ്പോഴാണ്,
ഒരു ചിത്രത്തിൽ മാലയിട്ട് തൂക്കുമ്പോഴാണു
പലതും ഓർക്കാൻ ശ്രമിക്കുന്നത്..
അമ്മയും അച്ഛനും എന്തെന്നറിയുന്നത്,
അവർ ജീവിച്ചത് എന്തിനു വേണ്ടിയെന്നറിയുന്നത്,
അവർക്ക് നൽകാതെ പോയ സ്നേഹം
ഓർത്ത് വിലപിക്കുന്നത്,
കാത്തിരിപ്പിന്റെ വിലയറിയുന്നത്.
അപ്പോൾ മാത്രമാണു
നികത്താനാവാത്ത ശൂന്യത ബാക്കിയാക്കി
നാം ഈ ഭൂവിൽ ഒറ്റപ്പെടുന്നത്.
പഴിച്ചും പരിതപിച്ചും അവഗണിച്ചും
മറ്റുള്ളവരുടെ പഴി കേട്ടും
ജീവിതം ജീവിക്കുമ്പോൾ
ഓർമ്മകളിൽ മാത്രം എല്ലാം ബാക്കിയാകുമ്പോൾ
ആശ്വാസമേകാൻ ഒന്നു മാത്രം
അദൃശ്യമായ അങ്ങേ ലോകത്തിരുന്നും
നമുക്ക് ആപത്ത് വരരുത് എന്ന്
കണ്ണടച്ച് പ്രാർത്ഥിക്കുന്ന
നക്ഷത്രങ്ങളായി അവതരിച്ച
മാതാപിതാക്കൾ..
ഒന്ന്തൊടാൻ, കെട്ടിപ്പിടിക്കാൻ, ഉമ്മ കൊടുക്കാൻ
മക്കളേ, എന്ന വിളി കേൾക്കാൻ
കൊതിച്ച് നിൽക്കുമ്പോൾ
ഒരിളം കാറ്റായ് അവർ നമ്മളെ തലോടും.
അല്ലേലും നഷ്ടങ്ങളാണ്
മൂല്യങ്ങളെപ്പറ്റി ചിന്തിപ്പിക്കുക.
അടുക്കാനാകാത്ത വിധം
വേണ്ടപ്പെട്ടവർ അകലെയാകുമ്പോൾ
മാത്രമെന്തേ നാം
വേറൊരു മനുഷ്യനായി
മാറുന്നൂ..
മൂല്യങ്ങളെപ്പറ്റി ചിന്തിക്കുന്നു.
ഉത്തരം മുട്ടി നിൽക്കുമ്പോഴും
ഓർക്കണം നാളെ നാം
താണ്ടേണ്ടുന്നതും ഇതേ പാതകളാണെന്ന്..!

● ചെറുകഥ



ഫ്രാൻസിസ്
സെബാസ്റ്റ്യൻ
ഡാലസ്

# മഞ്ഞിലും മറയാത്ത മഴയുടെ ഓർമ്മകൾ!




വര: മറിയം ജാസ്മിൻ

ഡാലസിലെ ആ വൈകുന്നേരം അസാധാരണമായിരുന്നു. മഞ്ഞ് നിശ്ശബ്ദമായി വീഴുകയായിരുന്നുആകാശത്തിൽ നിന്ന് പതിക്കുന്ന ഓരോ തുള്ളിയും ഭൂമിയെ സ്പർശിക്കുന്നതിനു മുമ്പ് ലോകത്തെ മുഴുവൻ ഒരു നിശ്ശബ്ദതയിലേക്കു നയിക്കുന്നതുപോലെ. ഓഫീസ് മുറിയിലെ ജനാലക്കൽ നിന്ന് പുറത്തേക്ക് നോക്കിനിൽക്കുമ്പോൾ, ആ വെളുത്ത ശൂന്യതയിൽ രവിക്ക് സ്വന്തം മനസ്സിന്റെ ഒരു പ്രതിബിംബം കാണാനായിസുന്ദരമായെങ്കിലും, എവിടെയോ ഒറ്റപ്പെട്ടത്.

**ഓഫീസ് മുറിയിലെ ജനാലക്കൽ നിന്ന് പുറത്തേക്ക് നോക്കിനിൽക്കുമ്പോൾ, ആ വെളുത്ത ശൂന്യതയിൽ രവിക്ക് സ്വന്തം മനസ്സിന്റെ ഒരു പ്രതിബിംബം കാണാനായി സുന്ദരമായെങ്കിലും, എവിടെയോ ഒറ്റപ്പെട്ടത്.**

അത് തന്നെ അവനെ വർഷങ്ങൾ പിന്നിലേക്ക് കൊണ്ടുപോയി.

കർക്കിടകമാസത്തിലെ മഴ...

മഴത്തുള്ളികൾ ചില്ലുകളിൽ പതിക്കുന്ന ശബ്ദം...

ഉമ്മറത്ത് ഇരുന്ന് കാറ്റിന്റെ തണുപ്പ് ഏറ്റുവാങ്ങിക്കൊണ്ട് ചൂടോടെ

കപ്പപുഴുങ്ങിയതും, കണ്ണുനീർ വരുത്തുന്ന കാന്താരി ചമ്മന്തിയും...

അവിടെ, ഓരോ രുചിക്കും ഒരു കഥയുണ്ടായിരുന്നു. ഓരോ നിമിഷത്തിനും ഒരു ബന്ധമുണ്ടായിരുന്നു.

ഇവിടെ, എല്ലാം ഉണ്ടെങ്കിലുംഎന്തോ ഒന്നില്ല.

ഇരുപത് വർഷം മുൻപ് അമേരിക്കയിലെത്തിയപ്പോൾ, രവിയുടെ മനസ്സ് സ്വപ്നങ്ങളാൽ നിറഞ്ഞിരുന്നു. വലിയ വീട്, നല്ല ജോലി, സ്വാതന്ത്ര്യംഎല്ലാം കൈവരിക്കാനുള്ള ഒരു യാത്ര. പക്ഷേ, ആ യാത്രയിൽ എവിടെയോ അവൻ പതുക്കെ തന്റെ ചില ഭാഗങ്ങൾ നഷ്ടപ്പെടുത്തി.

**ആദ്യ ദിവസങ്ങളിൽ ഭാഷ തന്നെ ഒരു മതിലായിരുന്നു. "Sorry?" "Come again?" എന്നിങ്ങനെ പലതവണ കേൾക്കുമ്പോൾ, ഓരോ തവണയും അവന്റെ ആത്മവിശ്വാസം അല്പം വീതം ചോരുകയായിരുന്നു. പറയാൻ അറിയാത്തതല്ല, പക്ഷേ കേൾക്കുന്നവർക്ക് മനസ്സിലാകാത്തത്അതായിരുന്നു ഏറ്റവും വലിയ വേദന.**

ആദ്യ ദിവസങ്ങളിൽ ഭാഷ തന്നെ ഒരു മതിലായിരുന്നു.

""Sorry?" "Come again?" എന്നിങ്ങനെ പലതവണ കേൾക്കുമ്പോൾ, ഓരോ തവണയും അവന്റെ ആത്മവിശ്വാസം അല്പം വീതം ചോരുകയായിരുന്നു.

പറയാൻ അറിയാത്തതല്ല, പക്ഷേ കേൾക്കുന്നവർക്ക് മനസ്സിലാകാത്തത്അതായിരുന്നു ഏറ്റവും വലിയ വേദന.

കാലം കഴിഞ്ഞപ്പോൾ ഭാഷയും ശൈലിയും അവൻ പഠിച്ചു.

പക്ഷേ, ഒരു ദിവസം മുഴുവൻ ഇംഗ്ലീഷിൽ സംസാരിച്ച ശേഷം, വീ






ട്ടിലെത്തിയപ്പോൾ മലയാളത്തിൽ രണ്ട് വാക്ക് പോലും പറയാൻ ആരുമില്ലാത്ത അവസ്ഥഅത് അവന്റെ ഉള്ളിൽ ഒരു ശൂന്യതയായി വളർന്നു.

അത് ഏകാന്തതയല്ല മാത്രം... അത് ''തനിച്ചാവുക'' എന്നൊരു അനുഭവം.

ചില രാത്രികളിൽ സുഹൃത്തുക്കളോടൊപ്പം ഇരുന്നു ചെറിയ ചിരികളിലും പഴയ ഓർമ്മകളിലും മുങ്ങിക്കുളിക്കുമ്പോൾ, ഗ്ലാസ്സിലിരിക്കുന്ന Glenfidich പോലും നാട്ടിലെ ഒരു കള്ള് ഷാപ്പിന്റെ ചൂട് നൽകാൻ ശ്രമിക്കുന്നതുപോലെ തോന്നും.

പക്ഷേ, ആ ചൂട് ഒരു നിമിഷം മാത്രം... പിന്നെ വീണ്ടും നിശ്ശബ്ദത.

**"Spice and Rice" പോലുള്ള ഇടങ്ങളിൽ പോയി ഒരു കപ്പ ബിരിയാണി കഴിക്കുമ്പോൾ പോലും, അവൻ വെറും ഭക്ഷണം കഴിക്കുന്നില്ലഓർമ്മകളെയാണ് വീണ്ടും ജീവിപ്പിക്കുന്നത്. ഓണം വന്നാൽ ആ നൊസ്റ്റാൾജിയ അതിന്റെ ഉച്ചസ്ഥായിയിലെത്തും.**

ഭക്ഷണം പോലും അവനു ഒരു ഓർമ്മയായിരുന്നു.

പാസ്തയും ബർഗറും അവൻ കഴിക്കും, ആസ്വദിക്കും... പക്ഷേ മനസ്സിന്റെ ആഴത്തിൽ, പച്ചമാങ്ങ ചേർന്ന മത്തി കറിയുടെ ഒരു കഷണം മാത്രം അവനെ പൂർണ്ണമാക്കും.

'"Spice and Rice" പോലുള്ള ഇടങ്ങളിൽ പോയി ഒരു കപ്പ ബിരിയാണി കഴിക്കുമ്പോൾ പോലും, അവൻ വെറും ഭക്ഷണം കഴിക്കുന്നില്ലഓർമ്മകളെയാണ് വീണ്ടും ജീവിപ്പിക്കുന്നത്.

ഓണം വന്നാൽ ആ നൊസ്റ്റാൾജിയ അതിന്റെ ഉച്ചസ്ഥായിയിലെത്തും.

നാട്ടിൽ പോലെ ആയിരങ്ങൾ കൂടിയൊരു ആഘോഷമല്ലെങ്കിലും, ഒരു ചെറിയ ഹാളിൽ ഒത്തുചേരുന്ന മലയാളികൾസെറ്റ് മുണ്ടും കുർത്തയും ധരിച്ച്, പാട്ടും നൃത്തവും പങ്കുവെച്ച്അവിടെ ഒരു ചെറുകേരളം ജനിക്കുന്നു.

ആ നിമിഷങ്ങളിൽ, ''നമ്മൾ ആരാണ്'' എന്ന ചോദ്യത്തിന് ഒരു ഉത്തരം ലഭിക്കുന്നു.

എന്നാൽ, വീട്ടിനുള്ളിൽ മറ്റൊരു കഥ നടക്കുന്നു.

അമേരിക്കയിൽ വളർന്ന സഹോദരൻ അരുൺ, ജീവിതത്തെ വേറൊരു കണ്ണിലൂടെ കാണുന്നു.

അവനു ബന്ധങ്ങൾ ഒരു തിരഞ്ഞെടുപ്പാണ്.

രവിക്ക്, അത് ഒരു ഉത്തരവാദിത്തം.

ഈ രണ്ട് ലോകങ്ങൾ തമ്മിൽ പലപ്പോഴും മൗനമായ ഒരു സംഘർഷം നടക്കുംവാക്കുകൾക്കപ്പുറം.

ഒരു രാത്രിയിൽ, ഏറെ ഏകാന്തത തോന്നിയപ്പോൾ, രവി അമ്മയെ വിളിച്ചു.

ഫോൺ എടുത്ത ഉടൻ കേട്ടത്

'മോനെ...'

ആ ഒരു വാക്ക് മാത്രം മതിയായിരുന്നു.

അവന്റെ ഉള്ളിൽ അടിഞ്ഞുകൂടിയ വേദനകളും ശൂന്യതയും എല്ലാം അലിഞ്ഞുപോയി.

കണ്ണുനീർ ഒഴുകി... പക്ഷേ അത് ദുഃഖത്തിന്റെയല്ലതിരിച്ചു കിട്ടിയൊരു ആശ്വാസത്തിന്റെ.

അന്ന് അവൻ മനസ്സിലാക്കി

നമ്മൾ എത്ര ദൂരെ പോയാലും, നമ്മളുടെ വേരുകൾ നമ്മളെ ഒരിക്കലും വിടുന്നില്ല.

മഞ്ഞ് മൂടിയ ഡാലസിലെ ആ നിശ്ശബ്ദതയിൽ, അവന്റെ ഉള്ളിൽ ഇപ്പോഴും മഴ പെയ്യുന്നുകേരളത്തിന്റെ മഴ.

അതൊരു ഓർമ്മയല്ല മാത്രം...

അതൊരു തിരിച്ചറിവാണ്.

പ്രവാസജീവിതം ഒരു യാത്ര മാത്രമല്ല അതൊരു വലിവാണ്...

സ്വപ്നങ്ങളുടെയും വേരുകളുടെയും ഇടയിൽ.



മുരളി
മുണ്ടേക്കാട്

# പത്രം !

ദുഃഖം നിറച്ചുള്ള പ്രാതലിൻ പാത്രമായ്
പത്രങ്ങളെത്തും പ്രഭാതങ്ങളിൽ..
സ്നേഹ സന്തോഷങ്ങൾ മായും ജനത്തിന്റെ
നേർചിത്രമാകുന്നു , പത്രങ്ങളും !

പഹൽഗാമിൽ, ഗാസയിൽ, പുൽവാമയിൽ,.. പിന്നെ
ഏതു ദിനത്തിലും ഏതിടത്തും..
ഭേദങ്ങളില്ലാതെ മൃത്യുവിൻ താണ്ഡവം
ആടിത്തിമർക്കുന്ന വാർത്തകളും!

പത്തു തരികിലോ ലക്ഷങ്ങൾ തന്നിടാം
എന്ന് ചൊല്ലീടുന്ന തട്ടിപ്പിലും..
ചെന്ന് ചാടുന്നൊരാ കേരള വിഡ്ഢിതൻ
ആർത്ത നിലവിളി നാദങ്ങളും !

എന്നിഷ്ടമാകണം, നിന്നിഷ്ടമെന്നതിൽ
തീർപ്പുകൽപ്പിച്ചിടും, സ്വാർത്ഥ പ്രേമം..
ഇല്ലെങ്കിൽ തീർക്കുമാ , ജിവിതമെന്നത്രെ
ഇന്ന് ചിന്തിക്കുന്ന പ്രേമലോകം!

നാടിനും വീടിനും ഊർജ്ജം പകർന്നൊരാ..
വീര യുവത്വം തളർന്നു പോയോ?..
ലഹരിതൻ മാസ്മര ലോകത്തുറങ്ങുന്ന
പുത്തൻ തലമുറ കാഴ്ചയെങ്ങും!

കുഞ്ഞിനെ ലാളിച്ചു നിർവൃതി കൊണ്ടിടും..
അമ്മ മനസ്സിനിന്നെന്ത് പറ്റി.?..
നല്ല വില ചൊല്ലി വിറ്റിടാം കുഞ്ഞിനെ
എന്നു ചിന്തിക്കുന്നു മാതൃത്വവും !

മാതാവിൻ കാൽപ്പാദം തൊട്ടു വന്ദിച്ചിടും..
ഭാരത മക്കൾക്കിതെന്ത് പറ്റി?..
അമ്മതൻ കണ്ഠത്തിൽ കത്തി വെച്ചീടുന്ന
മക്കൾതൻ വാർത്തകൾ നിത്യമായി!

ധർമ്മവും നീതിയും സംസ്കാരവും പിന്നെ
സ്ത്രീത്വത്തെയാദരിക്കും മനസ്സും..,
ഉൾക്കൊണ്ട് മാതൃകയാവേണ്ട നേതാക്കൾ
മാൻ വേട്ട ചെയ്യും മൃഗങ്ങളായി !

എല്ലാം നിനക്കാണ് എന്റെ സർവ്വസ്വവും
എന്ന് ചിന്തിച്ചൊരാ,.. രാഷ്ട്രബോധം..
എന്തും ഞാൻ നേടിടും, എന്ത് ചെയ്താകിലും
എന്നുറപ്പിച്ചുള്ള രഷ്ട്രീയമായ് !

കർപ്പൂര ഗന്ധവും ശരണംവിളികളും
പൂത്തുലഞ്ഞീടുന്ന കാനനത്തിൽ..
അത്യാഗ്രഹത്തിൻ ഇരുമുടി കെട്ടുമായ്
സ്ഥാനീയരെത്തുന്ന വാർത്തകളും !

പത്രം മുഴുവനും വായിച്ചു തീർത്ത ഞാൻ..
കണ്ടില്ല ധർമ്മ തരിമ്പിൻ കണം..!
എന്തിനീ പത്രങ്ങൾ വായിച്ച് നീറണം..
വായനാശീലവും ശാപമായോ?

പത്രങ്ങൾ വായിച്ചു കുഞ്ഞേ വളരൂ നീ
എന്നു ചൊല്ലിത്തന്ന ഗുരുഭൂതരേ..
അസ്വസ്ഥമാക്കുമീ പത്രതാളിൽ നിന്ന്
എന്ത് ഞാൻ നേടണം.., ചൊല്ലിടേണം.!

പ്രാർത്ഥനയോടെ എൻ ഗുരുവിനെ ധ്യാനിച്ച്
ഉത്തരം തേടി ഇരുന്ന നേരം..
കൃഷ്ണൻ ജഗദ്ഗുരു, ഗീതയുമായ് വന്ന്..
ഉത്തരം നൽകി, ചിരിച്ചു ചൊല്ലി.!

'വാസനാ ബദ്ധരായെത്തുന്ന മാനുഷർ
മായാ പ്രഭാവത്താൽ നൃത്തമാടും!
വാസനാ ശക്തിയെ നിൻ മനശക്തിയാൽ
ഉദ്ധരിച്ചീടണം ശ്രേയസ്സിനായ്.!

ആസുര ചിന്തയും സദ്ഗുണ ഭാവവും
എന്നും പ്രകടമാണീ ജഗത്തിൽ !
ഏതിൽ രമിക്കണം, ഏതു വരിക്കണം
എന്നതു നിൻ തീർപ്പു മാത്രം സഖേ!'



**ഒരു സിനിമാ തിയേറ്ററിനോളം വലിപ്പമുള്ള റെക്കോഡിംഗ് സ്റ്റുഡിയോയിൽ സംഗീത വിഭാഗത്തിൻറെ മൊത്തം നിയന്ത്രണം വഹിക്കുന്ന സംഗീത സഹസംവിധായകരുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്.**

എൻ്റെ സംഗീത വഴികൾ–15

# ഹിസ് ഹൈനസ് സമ്പത്ത്

**എസ് രാജേന്ദ്ര ബാബു**

മദിരാശിയിലെ കോടമ്പാക്കം ഓവർ ബ്രിഡ്ജ് കഴിഞ്ഞ് വടപഴനിയിലേക്കു പോകുമ്പോൾ രണ്ടാമത്തെ ജംഗ്ഷനാണ് പവർഹൗസ്. അവിടെ നിന്ന് ഇടത്തോട്ടു പോയാൽ കാമരാജ് കോളനി – ഒരുകാലത്ത് കോടമ്പാക്കത്തിന് കുപ്രസിദ്ധി നേടിക്കൊടുത്ത സ്ഥലം. വഴിപോക്കരെപ്പോലും പിന്തുടർന്ന് വ്യഭിചാരത്തിനു പ്രേരിപ്പിക്കുന്ന ഒരു കറുത്തകാലം കാമരാജ് കോളനിക്കുണ്ടായിരുന്നു. അടുത്ത ജംഗ്ഷൻ സ്വാമിയാർ മഠമാണ്. അവിടെയാണ് പ്രശസ്ത സംഗീത സംവിധായകൻ എആർ റഹ്മാൻറെ വീടും സ്റ്റുഡിയോയും. നമുക്ക് പവർ ഹൗസിലേക്കു തന്നെ മടങ്ങാം.

പവർഹൗസ് ജംഗ്ഷനിൽ വർഷങ്ങൾക്കു മുമ്പ് ഒരു കെട്ടിടമുണ്ടായിരുന്നു – പാർവതീ മന്ദിരം. സിനിമയിലെ ഭാഗ്യാന്വേഷികൾ തിങ്ങിപ്പാർക്കുന്ന ചെറിയ ഒറ്റ മുറികളും ഇടനാഴികളുമുള്ള വലിയ വീട്. ഏതോ തെലുങ്ക് നിർമ്മാതാവുമായുള്ള ബന്ധമാണ് കെട്ടിടം പാർവതിക്ക് സ്വന്തമാകാൻ കാരണമെന്നു പറയപ്പെടുന്നു. ആദ്യകാല മലയാള, തമിഴ്, തെലുങ്ക് ചിത്രങ്ങളിൽ ചെറിയ ചെറിയ വേഷങ്ങൾ



സമ്പത്ത്




**മൊബൈൽ പോസ്റ്റ് ഓഫീസ്**

അവതരിപ്പിച്ചിരുന്ന പാർവതി ആറടിപ്പൊക്കവും അതിനൊത്ത ശരീരവടിവും ഉള്ള ആജാനബാഹുവായിരുന്നു.

എല്ലാ വർഷവും പതിവായി ശബരിമല സന്ദർശിച്ചിരുന്ന പാർവതിയെ എപ്പോഴും ശരീരമാസകലം സിന്ദൂരവും ഭസ്മവും ചാർത്തി ശ്യാമവസ്ത്രധാരിയായി മാത്രമേ കാണാൻ കഴിയൂ. മിക്ക ഇന്ത്യൻ ഭാഷകളും അനായാസമായി സംസാരിക്കുന്ന പാർവതിയുടെ ജന്മസ്ഥലം ഏതാണെന്ന് അന്വേഷിക്കാനുള്ള ധൈര്യം ആർക്കും ഉണ്ടായിരുന്നില്ല. സ്ഥിരമായി വാടക കൊടുക്കാതെ താമസിക്കുന്നവരോട് പാർവതി കുറേയൊക്കെ ക്ഷമിക്കും.

കാലാവധി അതിരു വിട്ടാൽ ഉഗ്രതാണ്ഡവമാടി ജംഗമവസ്തുക്കളെല്ലാം വാരി റോഡിലെറിഞ്ഞ് മുറി വേറെ താഴിട്ടുപൂട്ടാൻ പാർവതിക്ക് യാതൊരു മടിയുമില്ല.

പാർവതീ മന്ദിരത്തിൻറെ പ്രധാന ഇടനാഴിയുടെ ഇടതുവശത്ത് കാണുന്ന വിശാലമായ മുറി ഫിലിം ജേർണലിസ്റ്റ് ഹരി നീണ്ടകരയുടെ ഓഫീസാണ്. ഇവിടെ നിന്നാണ് എഴുപതുകളിലും എൺപതുകളിലും തൊണ്ണൂറുകളിലുമൊക്കെ കോടമ്പാക്കത്തെ ചൂടുള്ള സിനിമാ വാർത്തകളും ഫോട്ടോകളും കേരളത്തിലെ

**എല്ലാ ദിവസവും വൈകുന്നരം ഏഴു മണിക്ക് പവർ ഹൗസിൽ എത്തുന്ന മൊബൈൽ പോസ്റ്റ് ഓഫീസിൽ നാട്ടിലെ പത്രമാഫീസുകളിലേക്കുള്ള എല്ലാ കത്തുകളും കവറുകളും ഹരി നീണ്ടകര പോസ്റ്റ് ചെയ്യും. ഓഫീസ് ജീവനക്കാരും മറ്റ് സംവിധാനങ്ങളും ഉള്ള, മണി ഓർഡറും രജിസ്റ്റേർഡ് കത്തും പാർസലും ഒക്കെ അയക്കാവുന്ന ചുവപ്പ് നിറത്തിലുള്ള വലിയ വാൻ ആണ് മൊബൈൽ പോസ്റ്റ് ഓഫീസ്.**

വിവിധ സിനിമാ മാസികകളിൽ അച്ചടിച്ചു വന്നിരുന്നത്. പിൽക്കാലത്തെ പല പ്രശസ്തരായ തിരക്കഥാകൃത്തുക്കളും സംവിധായകരുമൊക്കെ അന്ന് ഹരി നീണ്ടകരയുടെ ഓഫീസിൽ കൂലിയെഴുത്തുകാരായിരുന്നു. ചില വൈകുന്നരങ്ങളിൽ അവിടം സന്ദർശിച്ചിരുന്ന ഞാൻ അവിടത്തെ കൂലിയെഴുത്തുകാരിൽ ഒരാളാകാൻ കൊതിച്ചിരുന്നുവെന്നത് ഇതുവരെ പുറത്തു പറയാത്ത രഹസ്യം.

എല്ലാ ദിവസവും വൈകുന്നരം ഏഴു മണിക്ക് പവർ ഹൗസിൽ എത്തുന്ന മൊബൈൽ പോസ്റ്റ് ഓഫീസിൽ നാട്ടിലെ പത്രമാഫീസുകളിലേക്കുള്ള എല്ലാ കത്തുകളും കവറുകളും ഹരി നീണ്ടകര പോസ്റ്റ് ചെയ്യും. ഓഫീസ് ജീവനക്കാരും മറ്റ് സംവിധാനങ്ങളും ഉള്ള, മണി ഓർഡറും രജിസ്റ്റേർഡ് കത്തും പാർസലും ഒക്കെ അയക്കാവുന്ന ചുവപ്പ് നിറത്തിലുള്ള വലിയ വാൻ ആണ് മൊബൈൽ പോസ്റ്റ് ഓഫീസ്. നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ അരമണിക്കൂർ വീതം കാത്തു കിടന്ന ശേഷം രാത്രി പത്ത് മണിയോടെ വാൻ മെയ്ൻ പോസ്റ്റ് ഓഫീസിലെത്തും. കോടമ്പാക്കത്തെ മലയാളികളിൽ ഭൂരിഭാഗവും അക്കാലത്ത് ആശ്രയിച്ചിരുന്നത് ഈ മൊബൈൽ പോസ്റ്റ് ഓഫീസാണ്.

നമ്മുടെ കാമ്പസുകളിലും വായനശാലകളിലും മറ്റ് സാംസ്കാരിക കേന്ദ്രങ്ങളിലും നടന്നിരുന്ന ചൂടേറിയ ചലച്ചിത്ര സംവാദങ്ങളെല്ലാം ഈ വാർത്തകളെ അടിസ്ഥാനമാക്കിയായിരുന്നു. ദൃശ്യമാധ്യമങ്ങളൊന്നും അന്ന് ഉണ്ടായിരുന്നില്ലല്ലോ.

ഇന്നത്തെ പല വലിയ താരങ്ങളും ഹരി നീണ്ടകരയുടെ ഓഫീസിലെ നിത്യസന്ദർശകരായിരുന്നു. കൈയിൽ അവർ അഭിനയിച്ച ചിത്രത്തിലെ ഒരു ഫോട്ടോയുണ്ടാകും. നാട്ടിലെ ഏതെങ്കിലും സിനിമാ വാരികണ്യിൽ അത് അച്ചടിച്ചു വരണം. ഹരി നീണ്ടകര വിചാരിച്ചാലേ അതു നടക്കൂ.

പാർവതീ മന്ദിരത്തിനടുത്തായി നാഷണൽ ടെക്സ്റ്റൈൽസ് എന്നൊരു തുണിക്കടയുണ്ടായിരുന്നു. ചുവന്നു തുടുത്ത സുന്ദരനായ ഒരു ചെറുപ്പക്കാരൻ കാഷ് കൗണ്ടറിൽ എപ്പോഴുമുണ്ടാകും. കടയുടമയും അദ്ദേഹം തന്നെ. സിനിമാ മോഹമാണ് ഉള്ളിലിരുപ്പെന്ന് മുഖഭാവം കണ്ടാലറിയാം. ഒരിക്കൽ എൻറെ ഗുരുനാഥൻ കണ്ണൂർ രാജൻ എന്നെയും കൂട്ടി കടയിലേക്കു കയറി. കടയുടമയ്ക്ക് ഒരു നാടകട്രൂപ്പ് ഉണ്ട്.

പ്രധാന നടനും അദ്ദേഹം തന്നെ. പുതിയ നാടകത്തിൻറെ സംഗീത സംവിധായകൻ കണ്ണൂർ രാജനാ



ഹരി നീണ്ടകര



രാജാമണി



ലതികയും
മലേഷ്യ വാസുദേവനും

ണ്. അതിൽ ഒരു പാട്ട് പാടാനായി നാട്ടിൽ നിന്ന് ലതികയെ കൂട്ടിക്കൊണ്ടു വരാൻ കണ്ണൂർ രാജൻ എന്നോടു നിർദ്ദേശിച്ചു. കേരളത്തിൽ ചില നാടകങ്ങൾക്ക് കണ്ണൂർ രാജൻറെ ചില പാട്ടുകൾ ലതിക പാടിക്കഴിഞ്ഞിരുന്നു. ഞാൻ ലതികയുമായി മദിരാശിയിൽ തിരികെയെത്തിയപ്പോഴേക്കും കണ്ണൂർ രാജൻ പാട്ടുകൾ ചിട്ടപ്പെടുത്തിക്കഴിഞ്ഞു. എൻറെ അഭാവത്തിൽ ഹാർമോണിസ്റ്റായി സമ്പത്ത് എന്ന ചെറുപ്പക്കാരൻ സഹകരിച്ചു. വെളുത്ത് മെലിഞ്ഞ് പൊക്കം കുറഞ്ഞ സമ്പത്ത് സംസാരിക്കുമ്പോൾ എന്തോ രഹസ്യം പറയുകയാണെന്നേ തോന്നൂ. അത്ര പതിയെയാണ് അദ്ദേഹം സംസാരിക്കുന്നത്. പാട്ടുകൾക്ക് മനോഹരമായ പശ്ചാത്തല സംഗീതമൊരുക്കാൻ മിടുമിടുക്കനാണ് സമ്പത്ത്. ഹാർമോണിയം, ഗിറ്റാർ, മാൻഡലിൻ തുടങ്ങിയ വാദ്യോപകരണങ്ങൾ അദ്ദേഹം അനായാസം കൈകാര്യം ചെയ്തിരുന്നു.

ഏൻ ഇന്ത വിളയാട്ട് മുരുകാ
എനക്കൊരു വഴികാട്ട് ...

ലതിക പാടിയ ഈ പാട്ടും രംഗവും നാടകത്തിൽ മികച്ചു നിന്നു. ലതികയുടെ ആലാപനവും തമിഴ് ഉച്ചാരണവും മികച്ചതാണെന്ന് സമ്പത്ത് അഭിപ്രായപ്പെട്ടു. തമിഴ് സിനിമയിൽ ഒരുകാലത്ത് വളരെ പ്രശസ്തനായിരുന്ന കുലദൈവം രാജഗോപാൽ എന്ന നടൻറെ മകനാണ് സമ്പത്ത്. 'കുലദൈവം' എന്ന ചിത്രത്തിൽ എംജിആറിനൊപ്പം തുല്യപ്രാധാന്യത്തോടെ അഭിനയിച്ചതിനാലാണ് അദ്ദേഹം അങ്ങനെ അറിയപ്പെട്ടിരുന്നത്. എംഎസ് വിശ്വനാഥൻ ഉൾപ്പെടെയുള്ള പ്രശസ്തരും അപ്രശസ്തരുമായ പല സംഗീത സംവിധായകർക്കും സമ്പത്ത് സംഗീതോപകരണം വായിച്ചിരുന്നു. സമ്പത്തിൻറെ ഇളയ സഹോദരൻ സെൽവ എംഎസ് വിശ്വനാഥൻറെ ഓർക്കസ്ട്രയിലെ സമർത്ഥനായ മാൻഡലിൻ വാദകനാണ്. നാടകം കഴിഞ്ഞതോടെ സമ്പത്ത് എൻറെ അടുത്ത സുഹൃത്തായി. ഒരു പുതിയ നിർദ്ദേശവും അദ്ദേഹം മുന്നോട്ടു വച്ചു: 'തമിഴ്നാട്ടിൽ ധാരാളമായി കച്ചേരികൾ (ഗാനമേള) നടക്കാറുണ്ട്.

കല്യാണത്തിനും ഉത്സവത്തിനും മറ്റേതു ചടങ്ങിനും ഗാനമേളയുണ്ടാകും. പക്ഷേ നന്നായി പാടുന്ന പെൺകുട്ടികൾ തീരെ കുറവ്. ലതിക ഇവിടെ നിന്നാൽ ധാരാളം പ്രോഗ്രാം കിട്ടും. ലതികയ്ക്ക് തമിഴ് നന്നായി വഴങ്ങുന്നുമുണ്ടല്ലോ.?

രോഗി ഇച്ഛിച്ചതും വൈദ്യൻ വിധിച്ചതും... എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. മദിരാശിയിൽ പിന്നണിഗാന രംഗത്ത് ഒന്നു ശ്രമിച്ചാലോ എന്നു വീട്ടിലെല്ലാവരും ചിന്തിച്ചിരുന്ന സമയത്താണ് സമ്പത്തിൻറെ നിർദ്ദേശം വന്നത്.

അച്ഛനും അമ്മയും സമ്മതം മൂളി. ബന്ധുക്കളിൽ ചിലർ പുരികം ചുളിച്ചു – കോടമ്പാക്കം അത്ര നല്ല സ്ഥലമല്ല. എല്ലാ കാര്യങ്ങളിലും പിന്തുണ നൽകിയിരുന്ന എൻറെ പൊടിയൻ മാമൻ ധൈര്യം പകർന്നു. അങ്ങനെ കുറച്ചുകാലം മദിരാശിയിൽ താമസിക്കാമെന്ന തീരുമാനത്തോടെ ഞാൻ അമ്മയും ലതികയുമായി മദിരാശിയിലെത്തി. അഡയാറിലെ ഞങ്ങളുടെ ബന്ധുവായ തമ്പിയണ്ണൻറെ വീട്ടിൽ താമസിച്ചുകൊണ്ട് ഞാൻ കോടമ്പാക്കത്ത് വീട് അന്വേഷിക്കാൻ തുടങ്ങി.

**ഞാൻ ലതികയുമായി മദിരാശിയിൽ തിരികെയെത്തിയപ്പോഴേക്കും കണ്ണൂർ രാജൻ പാട്ടുകൾ ചിട്ടപ്പെടുത്തിക്കഴിഞ്ഞു. എൻറെ അഭാവത്തിൽ ഹാർമോണിസ്റ്റായി സമ്പത്ത് എന്ന ചെറുപ്പക്കാരൻ സഹകരിച്ചു. വെളുത്ത് മെലിഞ്ഞ് പൊക്കം കുറഞ്ഞ സമ്പത്ത് സംസാരിക്കുമ്പോൾ എന്തോ രഹസ്യം പറയുകയാണെന്നേ തോന്നൂ. അത്ര പതിയെയാണ് അദ്ദേഹം സംസാരിക്കുന്നത്. പാട്ടുകൾക്ക് മനോഹരമായ പശ്ചാത്തല സംഗീതമൊരുക്കാൻ മിടുമിടുക്കനാണ് സമ്പത്ത്.**



സമ്പത്ത് , സെൽവ



തബല ബാലൻ

എൻറെ സുഹൃത്ത് തബല ബാലൻ അതിന് എന്നെ വളരെയധികം സഹായിച്ചു. ഗായകൻ ജയചന്ദ്രൻ ബാലനു സമ്മാനിച്ച റാലി സ്പോർട്ട്സ് സൈക്കളിൽ ഞങ്ങൾ കോടമ്പാക്കത്തെ തെരുവുകളിൽ ചുറ്റി നടന്നു. ഓരോ തെരുവിനെക്കുറിച്ചും തബല ബാലനു പറയാൻ കഥകളേറെയുണ്ടായിരുന്നു.

അങ്ങനെ ബാലൻറെ വീടിനടുത്ത് വണ്ണിയർ തെരുവിൽ 175 രൂപ വാടകയ്ക്ക് ഒരു മുറിയും അടുക്കളയുമുള്ള ഒരു വീട് സംഘടിപ്പിച്ച് താമസം തുടങ്ങി.

ദിവസങ്ങൾക്കുള്ളിൽ സമ്പത്ത് ഗാനമേളക്കു ക്ഷണിക്കാനെത്തി. കൂടെ കറുത്തു മെലിഞ്ഞ് പൊക്കം കൂടിയ ഒരു ചെറുപ്പക്കാരനും ഉണ്ടായിരുന്നു. കടുംനിറത്തിൽ ചിത്രങ്ങളുള്ള വലിയ ഷർട്ടും ജീൻസുമാണ് വേഷം. സമൃദ്ധമായ മുടിക്കു തീപിടിച്ചപോലെ ഒരു നീഗ്രോരൂപം. ആള് മലയാളിയാണെന്നറിഞ്ഞപ്പോൾ അതിലേറെ ആശ്ചര്യം! സമ്പത്ത് ആളെ പരിചയപ്പെടുത്തി - മണി. മണിയുടെ അച്ഛൻ മലയാളത്തിലെ വലിയ മ്യൂസിക് ഡയറക്ടറാണ് - ചിദംബരനാഥ്. ഞാൻ ഞെട്ടി.

രാജാമണിയാണ് നീഗ്രോരൂപത്തിൽ മുന്നിൽ നിൽക്കുന്നത്. പച്ചക്കറി വാങ്ങി തിരികെയെത്തിയ അമ്മ രാജാമണിയുടെ മലയാളം കേട്ട് അന്തംവിട്ടു! 'ങ്ആ ഹാ, ഇയാൾ നന്നായി മലയാളം പറയുന്നല്ലോ.?'അമ്മയുടെ കമൻറ് കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. ഏതോ ഒരു നീഗ്രോ എന്നാണ് അമ്മ ധരിച്ചത്. പിൽക്കാലത്ത് പല സുഹൃദ്സദസ്സുകളിലും ഈ അനുഭവം രാജാമണി പങ്കുവയ്ക്കുമായിരുന്നു. ഗിറ്റാറും ഹാർമ്മോണിയവും ഒക്കെ വായിക്കുമെങ്കിലും രാജാമണി അപ്പോൾ ചലച്ചിത്ര രംഗത്ത് കടന്നിരുന്നില്ല.

**സമ്പത്ത് തമിഴിൽ പല സംഗീത സംവിധായകർക്കും ഉപകരണങ്ങൾ വായിക്കുകയും അസിസ്റ്റൻറാവുകയും ചില ചിത്രങ്ങൾക്കും നിരവധി ആൽബങ്ങൾക്കും സംഗീതം നൽകുകയും ചെയ്തു. സമ്പത്തിനെ മലയാളികൾക്ക് ഓർക്കാൻ ഒരൊറ്റ ഗാനം മതി - 'പ്രമദവനം വീണ്ടും...'രവീന്ദ്രൻറെ ഹിസ് ഹൈനസ് അബ്ദുള്ളയിലെ ഗാനങ്ങളുടെ പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത് സമ്പത്താണ്.**

ദുബായിൽ സംഗീതോപകരണം വിൽക്കുന്ന ഒരു കടയിലെ ഡെമോൺൺസ്ട്രേറ്റർ ജോലി ഉപേക്ഷിച്ച് തിരികെ മദിരാശിയിൽ എത്തിയിരിക്കുകയാണ്. സമ്പണ്ത്തിനൊപ്പം ചുറ്റിനടക്കലാണ് അക്കാലത്തെ രാജാമണിയുടെ പ്രധാന ജോലി.

മലേഷ്യാ വാസുദേവൻറെ ഗാനമേളകളിൽ പാടാൻ സമ്പത്ത് വഴിയൊരുക്കിയതോടെ ലതിക തിരക്കിലായി.

ആദ്യത്തെ തമിഴ് പിന്നണിഗായകനായ ത്രിച്ചി ലോകനാഥ്, ടിഎം സൗന്ദരരാജൻ, പിബി ശ്രീനിവാസ്, എംഎസ് വിശ്വനാഥൻ, ശങ്കർ ഗണേഷ്, എൽആർ ഈശ്വരി തുടങ്ങിയവരുടെ ഗാനമേളകളിൽ ലതിക ഗായികയായി.

രാജാമണി ജോൺസൻറെ ഓർക്കസ്ട്രയിൽ സഹായിയായി ചേർന്നു. പിൽക്കാലത്ത് ജോൺസൻറെ വിദഗ്ധ ശിക്ഷണത്തിൽ രാജാമണി മികച്ച മ്യൂസിക് കണ്ടക്ടറായും അസിസ്റ്റൻറായും ക്രമേണ സംഗീത സംവിധായകനായും വളർന്നു. സമ്പത്ത് തമിഴിൽ പല സംഗീത സംവിധായകർക്കും ഉപകരണങ്ങൾ വായിക്കുകയും അസിസ്റ്റൻറാവുകയും ചില ചിത്രങ്ങൾക്കും നിരവധി ആൽബങ്ങൾക്കും സംഗീതം നൽകുകയും ചെയ്തു. സമ്പത്തിനെ മലയാളികൾക്ക് ഓർക്കാൻ ഒരൊറ്റ ഗാനം മതി - 'പ്രമദവനം വീണ്ടും...'രവീന്ദ്രൻറെ ?ഹിസ് ഹൈനസ് അബ്ദുള്ള?യിലെ ഗാനങ്ങളുടെ പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത് സമ്പത്താണ്.

പക്ഷേ പിന്നീട് സംഗീതരംഗത്തു നിന്ന് അദ്ദേഹം അകന്നകന്നു പോകുന്ന കാഴ്ചയാണ് കണ്ടത്. ആ മേഖലയിൽ അർഹിക്കുന്ന സ്ഥാനം അദ്ദേഹത്തിനു ലഭിച്ചില്ല. സഹോദരൻ സെൽവയും ഭാര്യയും ഒരു വിപത്തിൽ പെട്ട് അകാല ചരമമടഞ്ഞതോടെ അവരുടെ പിഞ്ചുകുഞ്ഞുങ്ങളുടെ സംരക്ഷണവും സമ്പത്തിന് ഏറ്റെടുക്കേണ്ടി വന്നു.

അവരെയൊക്കെ വിദ്യാഭ്യാസം ചെയ്യിക്കാനും വിവാഹം കഴിപ്പിച്ചയക്കാനും സമ്പത്ത് നന്നായി അദ്ധ്വാനിച്ചു. നഗരത്തിൽ നിന്നൊഴിഞ്ഞ ഒരു സ്കൂളിൽ സംഗീതം അഭ്യസിപ്പിക്കുകയായിരുന്നു ഒടുവിൽ അദ്ദേഹം. തൊഴിലില്ലായ്മയും ജീവിതഭാരവും തളർത്തിയ സമ്പത്ത് അക്ഷരാർത്ഥത്തിൽ ദരിദ്രനായിത്തീർന്നു. ഇന്ന് അദ്ദേഹം നമ്മോടൊപ്പമില്ല. സംഗീതം എന്നും അദ്ദേഹത്തിന് ഒരു തീർത്ഥയാത്രയായിരുന്നു. പക്ഷേ മോക്ഷം വളരെ അകലെയും!



ആനന്ദവല്ലി
ചന്ദ്രൻ



# വടക്കുഭാഗത്തെ ചകിരിമാവ്

തറവാട്ടിന്റെ വടക്ക് ഭാഗത്ത്
മുറ്റത്തോട് ചേർന്നു നിന്ന
വൻവൃക്ഷം-- ചകിരിമാവ്
സമൃദ്ധമായുതിർത്തൂ മാങ്ങനീർ
നിറഞ്ഞ് വീർത്ത മാമ്പഴങ്ങൾ.
ചന്തയിലെങ്ങും കണ്ടിട്ടില്ല
ചന്തവും സ്വാദും ഏറുമിപ്പഴത്തെ.
മാങ്ങനീർ മുട്ടിക്കുടിച്ച് വയർ നിറയ്ക്കും
ഞങ്ങളേവരും ബാല്യത്തിലൊരുമിച്ച്.
തട്ടിയും തടഞ്ഞും ബഹളമുണ്ടാക്കി
അഹമഹമികയാ മാങ്ങ പെറുക്കാ-
നോടിയെത്തും ബാല്യം - സ്മരണ മാത്രമിന്ന്.
മാങ്ങരസമൊഴിഞ്ഞ അണ്ടികൾ
വെറും പരുപരുക്കൻ ചകിരിത്തുപ്പ്,
വൃദ്ധന്റെ താടിരോമങ്ങൾ പോലെ-
ഴുന്നു നിൽക്കുന്നതും നോക്കി ചിരിച്ചു-
കൊണ്ടോരൊറ്റയേറങ്ങ് വളപ്പിലേയ്ക്ക്.
എത്രയോ തൈകൾ മുളച്ചു,
എങ്കിലും ഒന്നും വളർന്നു മൂപ്പെത്തിയില്ല
അണ്ടിയെങ്ങാൻ കുളത്തിൽ വീണാൽ
കുറച്ചുനാൾ കഴിഞ്ഞാൽ നിറം മങ്ങും
പിന്നെ കുഴപ്പമില്ലാതെയവിടെക്കിടക്കും.
ചാറ്റൽ മഴയത്ത്, ഇളം കാറ്റത്ത്
പടപടാന്നു വീഴും മാങ്ങകൾ
പെറുക്കിക്കൂട്ടാനെന്തുൽസാഹമായിരുന്നന്ന്!
കുട്ടികൾ വളർന്ന് വലുതായതറിയാതെ
വൃദ്ധൻ ചകിരിമാവ് ഫലങ്ങൾ തന്നേയിരുന്നു.
പിന്നെയൊരുദിനം കോടാലി കൊണ്ടൊ-
രു വെട്ട്- വൃദ്ധൻ പതിച്ചങ്ങു ഭൂമിയിൽ .
വീട്ടിന്റെ മുകളിലെങ്ങാൻ വീണാ --
ലപകടം നിശ്ചയം തന്നെ.
അതൊഴിവാക്കാനിതല്ലാതെ മറ്റെന്തു വഴി??
തറവാട്ടിൽ പോകുമ്പോഴെല്ലാം ചകിരി--
മാവിന്നസാന്നിദ്ധ്യം -- കണ്ണ് നിറയ്ക്കും.

● കവിത

# കുരിശു വരച്ച വഴി

◉ നസ്രേത്തിൽ ജോസ് വർഗ്ഗീസ്



നാഥന്റെ വ്യഥ കണ്ടു കുരിശു മൊഴിയുന്നു
''നാഥാ ഒരു വാക്കരുളീടുകിൽ
ഗാഗുൽഥയോളം ഞാൻ നടന്നെത്തിടാം
ഒരിക്കൽക്കൂടി നീ വീഴരുതേ''

സ്വേദകൂപങ്ങളിൽ ശോണം കിനിയുമ്പോൾ
മാന്തളിർപോലെ തിരുമുഖം വാടുമ്പോൾ
അതുകണ്ട അത്തി കുടനീർത്തി നിൽക്കുവാൻ
ഈശനോടനുവാദം ചോദിച്ചു കേഴുന്നു!

വെള്ളം ചമച്ചതൻ നാവു വരളുമ്പോൾ
ജീവജലം വാങ്ങി ദാഹമകറ്റിയോൾ
അബ്രഹാമിൻകിണറവനായ് നീട്ടുന്നു
സ്വച്ഛജലനദീതീരത്തടുക്കുവാൻ!

വിഭാതമഴലിൻ നിഴലിഴ നെയ്യുന്നു,
ഒലിവിൻകൊമ്പുകൾ വിയർത്തുവിറയ്ക്കുന്നു,
മുന്തിരി കരളിൽ ചാറു നിറയ്ക്കുന്നു,
കോതമ്പു പുത്തന്നുടമ്പടി നേടുന്നു!


തലയോട്ടികൾ വെക്കം താഴ്വരെ തേടുന്നു,
ആട്ടിൻ പറ്റങ്ങൾ ചിതറിയങ്ങോടുന്നു,
അഞ്ചപ്പംചുട്ടകൈ കണ്ണീർത്തുടയ്ക്കുന്നു,
തിന്നവരൊക്കെയും നെഞ്ചത്തടിക്കുന്നു!

അന്നോളം ക്രൂശിൽ മരിച്ച കള്ളന്മാരോ
അതുവരെ ഇടത്തും വലത്തുമറിഞ്ഞില്ല
തലയിലേറ്റുന്നു അവർ തലയോടിടം മെല്ലെ
ഗുരുവിൻ തിരുവഴി പൂരിപ്പിച്ചീടുവാൻ!

പീലാത്തോസിന്റെ കൈകളിൽ നിന്നതാ
നിഷ്കളങ്കന്റെ തെളിനീരൊഴുകുന്നു
ചുടുനിണമുണങ്ങിമേലാകെപറ്റിയ മേലങ്കി
ലോകമോ ത്വചമോടെപങ്കിട്ടെടുക്കുന്നു!

പച്ചയായ് നിൽക്കുന്നു ഏദൻനടുവിലായ്
രക്തനിറത്തിൽ നിറവോടെ നിത്യജീവമരം
ലോകം രണ്ടായ് പിളർന്നങ്ങു നിൽക്കുന്നു
ഒരു പാതി ചത്തപാമ്പിൻവാലിലടിക്കുന്നു,

വടികൂട്ടി വാലിനു നീളവും കൂട്ടുന്നു!
ധരയുടെ മാറിൽ കുരിശാൽ വരച്ചിട്ടവഴി
സ്വന്തവീട്ടിലേക്കുള്ള വഴിയാണു ലോകരേ
തിരിഞ്ഞു നടന്നാൽ ലോകത്തിലെത്തിടാം
ലോകമോ പാമ്പിൻഫണത്തിൻറെ കീഴിലാം!



ഡോ. അജയ്
നാരായണൻ

# അമ്മവിഷു



അഗ്നിശലാകയൊന്നു ചിറകടിച്ചു ദൂരേ
ചുറ്റിലും കൊടുങ്കാറ്റാഞ്ഞുതുള്ളി
ആളുന്ന തീയിലാരോ തെന്നിവീഴുന്നുവോ,
ഞെട്ടിയുണർന്നു അമ്മക്കിനാവുകൾ...
കാണാകുഞ്ഞിനെയോർത്തു
പേക്കിനാവിൽ ചോരയൂറുന്നു,
മേലാകെ പിളരുന്നു പലതായ്
മുലക്കണ്ണുകൾ ചിതലരിക്കുന്നു
പേറൊഴിഞ്ഞ കോശങ്ങളഴുകുന്നു
പേരു മൊഴിഞ്ഞ നാവ് ചാകുന്നു!

തട്ടിയെടുത്ത സമത്വ-സാഹോദര്യത്തെ
കൊട്ടിഘോഷിക്കുന്നു വേദാന്തികൾ
വിട്ടുപോവില്ലെന്നലറുന്നു പ്രേതങ്ങൾ
വെട്ടിമാറ്റില്ലെന്നുഴറുന്നു ഭ്രാന്തുകൾ!
കല്ലുകൾ മൂന്നും അടുക്കി,യടുപ്പിന്റെ
വായിൽ തെളിച്ചു തീ വൈതാളികർ,
ഊതിപ്പെരുപ്പിച്ചു വൈജ്ഞാനികർ, ഓട്ടു-
പാത്രത്തിൽ വെട്ടിത്തിളച്ചു കാരീയം!


START YOUR CHANNEL!
ML TurnKey
24hr LIVE!
MEDIA LOGISTICS
MediaAppUSA
Call for Details
1-917-900-2123
info@medialogistics.us
Media Logistics Inc. introduces 'ML TurnKey System' a total TV channel package easily for managing LIVE 24 Hr Channel, Video Playout, Capture, Scheduling and all operations. Delivering automatic and unattended efficiency 24/7, 'ML TurnKey' is the perfect tool for anyone who wants to have a 24 LIVE Channel including Playout andservers and Video On Demand. Launch on to 'Media App USA' readily available on iOS, Android, All Smart TV's and Streaming Devices around the world.




ബാബു കുഴിമറ്റം




# അഞ്ചാമത്തെ എസ്റ്റേറ്റ് എന്ന വ്യാമോഹം

കൃഷ്ണകുമാർ എം



## സോദ്ദേശ്യകത എന്ന പാപം

ജീവിതത്തിന്റെയും പ്രകൃതിയുടെയും താളം നിർണ്ണയിക്കുന്നതിൽ സോദ്ദേശ്യകത ഒരു സുപ്രധാന ഘടകമാണ്. പ്രകൃതിയിലെ സസ്യ-ജന്തു ജാലങ്ങളിൽ പ്രകടമാകുന്ന പെരുമാറ്റങ്ങൾക്കു പിന്നിൽ ചില ഉദ്ദേ ശ്യങ്ങൾ ഉള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കട തുടങ്ങുന്ന ആളുകളും പള്ളിക്കൂടത്തിൽ പോകുന്ന ആളു കളും പള്ളിക്കൂടത്തിൽ തങ്ങളുടെ കുട്ടിയെ വിടുന്ന ആളുകളും കൃഷി ചെയ്യുന്നവരും ഭാഗ്യക്കുറി എടുക്കുന്നവരും വിൽക്കുന്നവരും എന്നുവേണ്ട ജീവിതത്തിലെ ഏതേത് വ്യവഹാരങ്ങളിൽ ഏർപ്പെടുന്നവരും അവരവരുടെ വ്യവഹാരങ്ങൾക്ക് നിശ്ചിതമായ ഒരു ഉദ്ദേശ്യത്തെ ഗണിച്ചുകൊണ്ടുതന്നെയാണ് അവയിൽ ഏർപ്പെടുന്നത്. നമ്മുടെ കാലത്തെ സർവ്വശക്തനായ ദൈവത്തിന്, മൂലധനശക്തിക്ക്, ലാഭമെന്ന പരമ പാവനമായ ഉദ്ദേശ്യമുള്ളത് നമുക്കറിയാവുന്ന കാര്യമാണല്ലോ. ലാഭം എന്ന ഉദ്ദേശ്യത്തെ ഗണിക്കാതെയല്ല മുതലാളിമാർ മൂലധനമിറക്കുന്നതെന്നു സാരം. ഉദ്ദേശ്യങ്ങൾ സാദ്ധ്യമാകാതെ വരുന്നതോ സാദ്ധ്യതകൾക്ക് മങ്ങലേൽക്കു ന്നതോ അവരെയൊക്കെ സംബന്ധിച്ചിടത്തോളം ദുസ്സഹമായിരിക്കുകയും ചെയ്യും. ചിലപ്പോഴെങ്കിലും അത്തരം സാഹചര്യങ്ങൾ അവരിൽ സംഘർഷങ്ങൾ പോലും സൃഷ്ടിക്കുകയും ചെയ്യും.

സോദ്ദേശ്യകതക്ക് അവൈയക്തികമായ അർത്ഥവും നൈതികമായ വിതാനവും കൈവരുന്നത് മനുഷ്യരിലാണ്. അവനവനുവേണ്ടിയല്ലാതെ യത്നിക്കുവാനുള്ള ത്വരയെ ഉദാത്തമായ ആദർശമായി പരിഗണിക്കുന്നത് അതുകൊണ്ടാണ്. പരാർത്ഥമാക്കുക പകലും രാവും എന്ന പ്രാർത്ഥന ഉണ്ടാകുന്നത് അങ്ങനെയാണ്. അന്യജീവനുതകുമ്പൊഴാണ് ജീവിതം ധന്യമാകുക എന്നത് മാനവികതയുടെ ആഴമാർന്ന ബോദ്ധ്യങ്ങളിലൊന്നാണ്.

എന്നാൽ, സോദ്ദേശ്യകത ഒരു പാ

പമാണെന്ന് കുറച്ചുകാലമായി നാം കേട്ടുവരുന്നുണ്ട്. ഉദ്ദേശ്യാധി ഷ്ഠിത മാകുകയെന്നാൽ, ചില ലക്ഷ്യങ്ങൾ പരിഗണിക്കുന്നുണ്ട് എന്നാണല്ലോ അർത്ഥം. നമ്മുടെ പ്രവൃത്തികൾക്ക് ചില ലക്ഷ്യങ്ങൾ ഉണ്ടെന്നു നാം അം ഗീകരിക്കുമ്പോഴാണ് അവയ്ക്ക് പ്രേ രകമായ ഉദ്ദേശ്യങ്ങൾ ഉണ്ടെന്നും ന ാം അംഗീകരിക്കുന്നത്. ഉദ്ദേശ്യങ്ങൾ ഉള്ളവർക്ക് ചില ആദർശങ്ങളും ഉണ്ടാകും. എന്നാൽ, ജീവിതത്തിനും കലയ്ക്കും സാഹിത്യത്തിനുമൊ ന്നും ആദർശാത്മകമായ ഉദ്ദേശ്യങ്ങ ളും ലക്ഷ്യങ്ങളും ആവശ്യമില്ലെന്ന് ചില കോണുകളിൽ നിന്നും വീറോ ടെ വാദിക്കുന്നത് കുറെക്കാലമായി കേൾക്കുന്നവരാണ് നമ്മൾ. ആ ഉദീ രണങ്ങൾക്ക് ഒറ്റ അർത്ഥമേ ഉള്ളൂ. സമത്വഭാവനയില്ലാത്ത ഈ സമൂഹം അതിലെ  ജീവിതങ്ങൾക്ക് ഉദാ രമാ യി അനുവദിച്ചുനല്കുന്ന ഉദ്ദേശ്യ ങ്ങൾ മാത്രമേ പാടുള്ളൂ എന്നാണത്. അതുകൊണ്ടാണ് ആദർശം, സോ ദ്ദേശ്യകത, സാമൂഹികലക്ഷ്യം, സാ മൂഹ്യമാറ്റം, പ്രതിബദ്ധത തുടങ്ങിയ ആലോചനകളെ അധിക്ഷേപിക്കുന്ന ത് സമകാലിക ധൈഷണികതയുടെ അംഗീകൃത മുദ്രാവാക്യമാകുന്നത്. സമൂഹത്തിന്റെ അധികാരഘടനയെ അസ്വസ്ഥമാക്കുന്നതരം ഉദ്ദേശ്യങ്ങ ളെയും ലക്ഷ്യങ്ങളെയും നീതിപരി കല്പനകളെയുമെല്ലാം രോഗ മോ ഭ്രാന്തോ ഉട്ടോപ്പിയയോ ഒക്കെയായി മുദ്രകുത്തി പരിഹസിച്ചും ആക്രോ ശിച്ചും ശകാരിച്ചും കഴിയുന്ന തിനാ ണ് ഇന്ന് വിപണിമൂല്യമുള്ളത്.

സാമൂഹ്യപ്രവർത്തനമായാലും കലയായാലും സാഹിത്യമായാലും. വി പണിമൂല്യമുള്ളവയുടെ ചന്തക ളെ ധൈഷണികോത്സവങ്ങളെന്നോ സാഹിത്യോത്സവങ്ങളെന്നോ ഒക്കെ നാം വിളിച്ചും തുടങ്ങിയിരിക്കുന്നു. നാലാമത്തെ എസ്റ്റേറ്റുപോലും ഈ വിപണിയുത്സവങ്ങളുടെ ഭാഗവും പ്രാണനുമായി മാറിയിരിക്കുന്നു. അവിടെയാണ് അഞ്ചാമത്തെ എസ്റ്റേ റ്റിന്റെ സാംഗത്യത്തെക്കുറിച്ചുള്ള വ്യാമോഹം വളരുന്നത്.

## “ഉള്ളിന്നുള്ളിലിരിപ്പൂ പുഷ്കര, നുഗ്രൻ കലിയും....”

ഇത്തരം ഒരു കാലത്താണ് പ്രൊ ഫ. ഡോ ശിവദാസമേനോന് ജീവി ക്കേണ്ടിവന്നിരിക്കുന്നത്. അയാൾ സോദ്ദേശ്യകമായി, എന്നല്ല സദു ദ്ദേശ്യകമായി, ജീവിക്കണമെന്ന് ഇച്ഛിക്കുന്ന ആളാണ്. നിശിതമായ ആലോ ചനായുക്തികളും നീതി വിചാരവുമുള്ള ആൾ. അയാളുടെ ജീവിതത്തിലെ സവിശേഷമായ ഒരു സംഘർഷ നിമിഷത്തെയും അതി

**പ്രൊഫ. ഡോ ശിവദാസമേനോന് സോദ്ദേശ്യകമായി, എന്നല്ല സദുദ്ദേ ശ്യകമായി, ജീവിക്കണമെന്ന് ഇച്ഛി ക്കുന്ന ആളാണ്. നിശിതമായ ആലോചനായുക്തികളും നീതിവി ചാരവുമുള്ള ആൾ. അയാളുടെ ജീവിതത്തിലെ സവിശേഷമായ ഒരു സംഘർഷ നിമിഷത്തെയും അതിന്റെ പരിണതിയെയും വിവരി ക്കുന്ന കഥയാണ് 'അഞ്ചാമത്തെ എസ്റ്റേറ്റ്.'**

ന്റെ പരിണതിയെയും വിവരിക്കുന്ന കഥയാണ് ‘അഞ്ചാമത്തെ എസ്റ്റേറ്റ്.’ നീതി സ്ഥാ പിക്കുവാനായി തെളിവു രേഖയെന്ന നിലയിൽ നിർമ്മിച്ച ഒരു വീഡിയോ എത്ര അനായാസമായാ ണ് ലൈം ഗികഭോഗവാസന തൃപ് തിപ്പെടുത്താനുള്ള ഉപാധിയായി മാറുന്നതെന്നു നാം ഇതിൽ കാണും. രേഖകളും തെ ളിവുകളും സാക്ഷിക ളുമെല്ലാം വാസ്തവത്തെ സ്ഥാ പിച്ചുറപ്പിക്കുവാൻ പര്യാപ്തമാകാ തെപോകുന്ന സങ്കടകരമായ അവ സ്ഥയിൽ നീതിയും നീതിബോധവും അകപ്പെട്ടിരിക്കുന്നു എന്ന നിലവിളി ഈ കഥയിൽ നിന്നും ഉയരുന്നുണ്ട്. ആ അശരണമായ നിലവിളി ഉറക്കം കെടുത്തുമ്പൊഴാണ് ഇതിനൊക്കെ കാരണമെന്തെന്ന അ ന്വേഷണത്തി ലേക്ക് നാം എടുത്തെറിയപ്പെട്ടു പോ കുന്നത്. അത്തരം അന്വേഷണങ്ങളെ പ്രകോപിപ്പിച്ചുണർ ത്തുമ്പൊഴാണ ല്ലോ കല സാർത്ഥകമാകുന്നതും.

അങ്ങനെയൊരു ആലോചന യിലേക്കു കടക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്. എന്തുകൊണ്ടായി രിക്കാം ഇത്ര പഠിപ്പും മാന്യതയും ഒരളവുവരെ നൈതികമായ ആഭിമു ഖ്യവും ഉണ്ടായിട്ടും ശിവദാസമേ നോൻ ഇടറി പ്പോകുന്നത്? അതാണ ല്ലോ നമ്മെ അലോസരപ്പെടുത്തുന്ന കാര്യം. ഉത്തരം അത്ര ലളിതമല്ല. സത്യസന്ധത യെപ്പറ്റി വാചാലമാ കുമ്പൊഴും കൈക്കൂലി വാങ്ങുന്നത്, എല്ലാ ഭാരതീയരും സഹോദരീ-സ ഹോദരന്മാരാണെന്നു പ്രതിജ്ഞയെ ടുത്തുകൊണ്ട് ജാതിസ്പർദ്ധയും മതസ്പർദ്ധയും പ്രചരിപ്പിക്കുന്നത്, ജനാധിപത്യം എന്ന് ഉച്ചത്തിൽ വിളി ച്ചുകൂവിക്കൊണ്ട് എതിരഭിപ്രാ യമുള്ളവരെ വകവരുത്തുന്നത്... അങ്ങനെയങ്ങനെ സ്വന്തം  വാ ക്കിൽനിന്നും ആദർശങ്ങളിൽനി ന്നും ദൂരംപാലിച്ചു നിലകൊള്ളാൻ മനുഷ്യർക്ക് മനഃസാക്ഷിക്കുത്തില്ലാ തെയാക്കുന്നതെങ്ങനെയാണ്? ഏതു ശക്തികളാണ്? ഈ ആലോചനയും അതിന്റെ പരിഹാരവുമെല്ലാം  സാമൂ ഹ്യപ്രസ്ഥാനങ്ങളുടെ അജണ്ടയിൽ വരുന്ന കാര്യങ്ങളാണ്. അത്തരം ആലോചനകളിലേക്കു നയിക്കുന്ന ചോദ്യങ്ങൾ വായനക്കാരുടെ മനസ്സി ലേക്കു വിളിച്ചുണർത്തി വിടുകയെ ന്നതേ സാഹിത്യത്തിനും കലയ്ക്കു മെല്ലാം ചെയ്യാനാവൂ.

പ്രൊഫ. ഡോ ശിവദാസമേനോ ൻ തികഞ്ഞ മാന്യനാണ്.  ഊണും ഉറക്കവും മറ്റു പതിവുകളുമെല്ലാം നി ഷ്ഠയോടെ പാലിക്കുന്നവൻ, നടക്കാൻ പോകുംമുൻപ് ഗ്രീൻ റ്റീ കുടിക്കുന്നവൻ, പാതയോരത്തുകൂടി നടക്കു മ്പോൾപോലും ആരെയും അലോസരപ്പെടുത്തരുതെന്ന് നിഷ് കർഷയുള്ളവൻ, മദ്യം വീട്ടിൽവച്ചു മാത്രം അള വുതെറ്റിക്കാതെ കുടി ക്കുന്നവൻ, എണ്ണം തെറ്റിക്കാതെ വിദേശസിഗററ്റു വലിക്കുന്നവൻ. സമ്പൂർണ്ണമായും മാ ന്യനായവൻ. ആധുനികതയെ പുല്കുമ്പോഴും

പാരമ്പര്യത്തെ അവഗണിക്കാത്തയാൾ. 'പൂരങ്ങൾക്കു തലയാട്ടുന്നവൻ, സാംസ്കാരിക സഭയിൽ കൈ കൊട്ടുന്നവൻ'.

ഈ മാന്യനെ അവതരിപ്പിക്കുമ്പോൾ, അയാളിൽ ലീനമായ, എന്നാൽ അബോധത്തിൽ നിദ്ര കൊള്ളുന്ന, ചില അഭിരുചികൾ സന്ദർഭാനുസാരിയായി ഉണരുന്നതും കഥാകൃത്ത് കാട്ടിത്തരുന്നുണ്ട്. അയാളിലെ മടു പ്പുളവാക്കാത്ത അനുഭവങ്ങളിലൊന്നാണ് വൈകുന്നേര നടത്തത്തിനിടയിൽ കണ്ടുമുട്ടാറുള്ള, ചന്ദനമിട്ടു കാ ച്ചിയ എണ്ണമണവുമായി കടന്നുപോകുന്ന യുവതി. അവളെ താൻ ശ്രദ്ധിക്കുന്നുണ്ടെന്ന വിവരം അവൾ അറി യരുതെന്ന് അയാൾ ആഗ്രഹിക്കുന്നുമുണ്ട്. അയാളുടെ അനുധ്യാനങ്ങളെപ്പോലും ഭഞ്ജിക്കാൻ പോന്ന മറ്റൊ രു ആകർഷണമാണ് വേറൊരു യുവതിയുടെ ലക്ഷണമൊത്ത ശരീരഭാഗങ്ങളും മറയൂർ ശർക്കരയുടെ ദേഹനിറവും. ആധുനികതയെ പുല്കുമ്പോഴും പാരമ്പര്യത്തെ അവഗണിക്കാത്ത ആ മനോഭാവനിർമ്മിതിയിലെ ഘടകങ്ങളാണ് ഇവയും. സാർത്ഥകമായി ജനാധിപത്യവല്ക്കരിക്കപ്പെടാത്ത ഒരു സമൂഹത്തിലെ ലക്ഷണ മൊത്ത മാന്യതാമനോഭാവമാണിത്.

അംഗീകൃത പൊതുബോധവുമായി വളരെ എളുപ്പത്തിൽ ഇണങ്ങിപ്പോകുവാൻ കഴിയും ഈ മനോഭാവത്തിന്. അതുകൊണ്ടാണ് ഈ മാന്യപൗരന് തന്റെ നിലപാടിൽനിന്നും വഴുതിമാറാനുള്ള യുക്തികൾ തിരയു വാൻ തോന്നുന്നത്. കൺമുന്നിൽ നടന്ന കൂട്ടബലാൽസംഗം എന്ന ക്രിമിനൽ കുറ്റം തെളിയിക്കുവാനും കുറ്റ വാളികളെ ശിക്ഷിക്കുവാനുള്ള തെളിവുണ്ടാക്കുവാനുമാണ് ആദ്യം പ്രൊഫ. ഡോ ശിവദാസമേനോന് തോ ന്നുന്നത്. സഹജവും സ്വാഭാവികവുമായ നീതിബോധത്തിന്റെ പ്രവർത്തനമാണിത്. ഒന്നുരണ്ടു ദിവസത്തേയ്ക്ക് അയാൾ വല്ലാത്ത ആത്മസംഘർഷത്തിലാകുന്നതും നാം വായിക്കും. എന്നാൽ, ക്രമേണ അയാൾ തന്റെ മദ്ധ്യവർഗ്ഗ മാന്യതയും ആ മാന്യതയുടെ ഭാഗമായ ബന്ധങ്ങളും സൗഹൃദങ്ങളുമെല്ലാം ഓർമ്മിക്കുകയാണ്. അപ്പോഴാണ് പുതിയ യുക്തികളിൽ അഭയം തേടാൻ അയാൾ ശ്രമിച്ചുതുടങ്ങുന്നത്. 'ഇക്കാലത്ത് നിത്യേന എന്നവണ്ണം നടക്കുന്ന കാര്യമാണല്ലോ ഇത്' എന്ന മട്ടിൽ ആരംഭിക്കുന്ന ചിന്തകൾ 'താനായി ഇതൊക്കെ കു ത്തിപ്പൊക്കുന്നതെന്തിന്' എന്ന തീരുമാനത്തിലേക്ക് എത്തുകയാണ്. പ്രതിഭാഗത്ത്

**എന്തുകൊണ്ടായിരിക്കാം ഇത്ര പഠിപ്പും മാന്യതയും ഒരളവുവരെ നൈതികമായ ആഭിമുഖ്യവും ഉണ്ടായിട്ടും ശിവദാസമേനോൻ ഇടറി പ്പോകുന്നത്? അതാണല്ലോ നമ്മെ അലോസരപ്പെടുത്തുന്ന കാര്യം. ഉത്തരം അത്ര ലളിതമല്ല.**

ആരൊക്കെയെന്നത് അ യാളുടെ തീർപ്പിന് ന്യായീകരണത്തിന്റെ അധികബലവും നൽകി. തന്റെ കൂട്ടുകാരായ പോലീസ് കമ്മീഷ ണറുടെയും ജില്ലാ ജഡ്ജിയുടെയും മക്കൾ, തന്റെ ആരാധകനും തനിക്കായി പത്മശ്രീ പുരസ്കാരത്തിനു കിണഞ്ഞു ശ്രമിക്കുന്നവനുമായ രാഷ്ട്രീയ നേതാവിന്റെ മകൻ. മദ്ധ്യവർഗ്ഗനീതിബോധത്തിനു താങ്ങാനാവാ ത്തതാണ് ഇത്തരം സന്ദർഭങ്ങളുടെ പ്രകോപനങ്ങൾ. സഹജമായി ഉള്ളിൽ ജ്വലിച്ച നീതിബോധത്തിന്റെ അവസാനനാളവും അയാൾ ഊതിക്കെടുത്തിക്കഴിയുന്ന ആ നിമിഷത്തിലാണ് അയാളുടെ പതനം ദാരുണമാം വിധം പൂർത്തിയാകുന്നത്. തെളിവുരേഖയായ വീഡിയോ അയാളുടെ സ്വകാര്യമുറിയിൽ ഒരു നീലച്ചിത്രമായി മാറുകയാണ്. അയാൾ മറയുടുപ്പുകളിൽ ഒളിപ്പിച്ചിരുന്ന കൊതികളുടെ നഗ്നതാണ്ഡവം തുടങ്ങുകയാണവിടെ. പദവികളോടും അധികാരത്തോടും സന്ധിചെയ്യാൻ ഒരുമ്പെടുന്നവർ അകപ്പെട്ടുപോകുന്ന പരിഹാരമില്ലാത്ത പതനത്തിന്റെ ദുരന്തമുഖമാണ് ബാബു കുഴിമറ്റം കാട്ടിത്തരുന്നത്.

## പാപത്തിന്റെ ശമ്പളം

ഇങ്ങനെ ഒരു മന്യപൗരൻ എത്തിപ്പെടുന്ന നൈതികമായ തകർച്ചയാണല്ലോ 'അഞ്ചാമത്തെ എസ്റ്റേറ്റ്' പ റയാൻ ശ്രമിക്കുന്നത്. മാന്യത എന്നത് നന്മയാണോ എന്ന ചോദ്യം മനസ്സിൽ ഉയരുന്നില്ലേ? മാന്യത ഒരു കു റ്റമാണെന്നു പറയാനല്ല, ഞാൻ ശ്രമിക്കുന്നത്. എന്നാൽ, മാന്യതയെന്നത് അന്യൂനമായ, കീഴടങ്ങാത്ത, ഒരു സാംസ്കാരിക നിലയുടെ മറുവാക്കുമല്ല. ഏതു നിസ്സാരമായ പ്രലോഭനത്തിനോ പ്രകോപനത്തിനോ ഭീഷണി ക്കോ കീറിക്കളയാൻ കഴിയുന്നത്ര ലോലമായ ഒരു മറയുടുപ്പാണ് വാസ്തവത്തിൽ ഈ മാന്യത. പദവികളും പുരസ്കാരങ്ങളുമെല്ലാം ഈ മാന്യതയ്ക്ക് പൊലിമയേകുന്ന തിളക്കങ്ങളുമാണ്. എന്നാൽ, തോൽക്കാൻ തയാറാകാത്ത, കീഴടങ്ങാത്ത സാംസ്കാരികത അതല്ല. അത് ഒരാളുടെ ആന്തരികമായ സത്യസന്ധതയുടെ പ്രകാശനസാക്ഷ്യമാണ്. സാമൂഹ്യനന്മയുമായും സാമൂഹികനീതിയുമായും താദാത്മ്യപ്പെടുന്നതിലൂടെ ഒരാൾക്കു കൈവരുന്ന അജയ്യമായ മാനവമഹിമയാണത്. ഇത്തരം മാന്യതകൾക്കു നേരിടുന്ന തകർച്ച, അതു കൊണ്ടു തന്നെ, നമ്മുടെ സാംസ്കാരിക ജീവിതത്തിനു നേരിടുന്ന തകർച്ചയാണെന്നു കരുതേണ്ടതുമില്ല. ഇക്കാര്യം ബോധപൂർവ്വമായോ അബോധപൂർവ്വമായോ ഓർമ്മിപ്പിക്കുന്നുവെന്നതാണ് 'അഞ്ചാമത്തെ എസ്റ്റേറ്റ്' എന്ന കഥയെ സോദ്ദേശ്യകമാക്കുന്നത്.

സോദ്ദേശ്യകത ഒരു അപകടം പിടിച്ച വാക്കാണെന്ന കാര്യവും സന്ദർഭവശാൽ ഓർത്തുപോകുകയാണ്. സാഹിത്യത്തിൽ ഇരുണ്ട ജീവിതാവസ്ഥകൾ അവതരിപ്പിക്കുന്നതും ലൈംഗികത വരുന്നതും ഇടർച്ചയുള്ള കഥാപാത്രങ്ങൾ ഉണ്ടായി

രിക്കുന്നതുമൊക്കെ കണ്ടാലുടൻ ഉത്തരവാദിത്വമില്ലാത്ത എഴുത്തെന്ന് എഴുതിത്തള്ളി ബ്രാൻഡ് ചെയ്യുന്ന യാന്ത്രികമായ സമ്പ്രദായം സാഹിത്യത്തിലെ അനാശാസ്യതകളിലൊന്നാണല്ലോ. 'ബാൻഡിറ്റ് ക്വീൻ' സിനിമ അതിലെ നഗ്നതാരംഗങ്ങളെപ്രതി നിരോധിക്കണമെന്ന അഭിപ്രായം ഉയർന്നു വന്നിരുന്നത് പലരും ഓർമ്മിക്കുന്നുണ്ടാകാം.

ഈ കഥയിൽ ബാബു കുഴിമറ്റം ചെയ്യുന്നതെന്താണ്? ശിവദാസ മേനോൻ എന്ന മനുഷ്യന്റെ അകവും പു റവും തമ്മിലുള്ള വൈരുദ്ധ്യത്തെ, അകത്തൊളിഞ്ഞിരിക്കുന്ന അഭിരുചി പരിഗണനകളെ, ആ പരിഗണനകൾ ആരും അറിയരുതെന്ന അയാളുടെ വിചാരത്തെ ഒക്കെ കാണിച്ചുതന്നു കൊണ്ട് നമ്മെ അലോസരപ്പെടുത്തുകയാണ് അദ്ദേഹം. ആന്തരികമായ സത്യസന്ധതയെന്ന ഒരു വശത്തെപ്പറ്റി നാം അറിയാതെ ഓർത്തു പോകും. അകത്തെ മനുഷ്യനെ പുറത്തുകാണാൻ കഴിയണം. അധികാരവുമായി കൂട്ടിക്കൊടുപ്പിലേർപ്പെടു മ്പോൾ മനുഷ്യരുടെ ബൗദ്ധിക സത്യസന്ധത ചോർന്നുപോകുമെന്ന് ദാക്ഷിണ്യമില്ലാത്ത ഭാഷയിൽ അവത രിപ്പിക്കുകയാണ് കഥാകൃത്ത്. ഈ 'മാന്യ'ന്മാരുടെ, രാജാക്കന്മാരുടെ, നഗ്നത കണ്ടു കൂവിയാർക്കുവാൻ പോലും കഴിയാതെ മനുഷ്യർ അവരവരുടെ മനസ്സുകൾ നഷ്ടപ്പെട്ട് ശരീരങ്ങൾക്കുള്ളിൽ അകപ്പെട്ടിരിക്കുന്ന കാലമാണിത്. ഈ 'മാന്യ'ന്മാരുടെ ഇമേജ് തകർന്നുവീഴുമ്പോൾ, അവരെ മാതൃകയായി കരുതിപ്പോയ പാ വപ്പെട്ട മനുഷ്യരുടെ സ്വപ്നങ്ങളും ആത്മവിശ്വാസവും കൂടിയാണ് തകർന്നുവീഴുന്നതെന്നും കഥാകൃത്തിന് നന്നായി അറിയാം. അതുകൊണ്ടാണ്, 'ഋണ-ധന ഗണിത' ലീലയിൽ മുഴുകി റീലുകളും സ്റ്റാറ്റസുകളും തി ന്നു കഴിയുന്ന മനുഷ്യരുടെ അസ്വസ്ഥമാകില്ലെന്ന ശാമൂകതകളെ തകർക്കാൻ ഈ കഥാകൃത്ത് വാശിപിടി ക്കുന്നത്. അത്രയുമൊക്കെ മതി ഒരു എഴുത്ത് സോദ്ദേശ്യകമാകാൻ. ജനാധിപത്യവല്ക്കരിക്കപ്പെടേണ്ട ആ ന്തരികജീവിതത്തെ പ്രതിയുള്ള ഉൽക്കടമായ ഉത്കണ്ഠകളാണ് ഈ കൃതി മുന്നോട്ടുവയ്ക്കുന്നത്.

നമ്മുടെ കാലത്തെ നീതിബോധത്തിനു കൈവരേണ്ട നിലവാരത്തെക്കുറിച്ചും ഈ കഥ പരോക്ഷമായി ഓർമ്മിപ്പിക്കുന്നുണ്ട്. ഒരു അനീതിക്കു സാക്ഷിയാകേണ്ടിവരുന്ന ഒരാൾ തന്റെ മൊബൈൽ ഫോൺ ഉപയോഗിച്ച് തെളിവുണ്ടാക്കുകയാണ്. നാലാമത്തെ എസ്റ്റേറ്റിലുള്ള പ്രതീ

**ഇത്തരം ആലോചനകൾ വിളിച്ചുണർത്തുന്നുവെന്നതാണ് 'അഞ്ചാമത്തെ എസ്റ്റേറ്റ്' സോദ്ദേശ്യകമാണെന്ന നിരീക്ഷണത്തെ സാധൂകരിക്കുന്നത്. കാലഘട്ടത്തിന്റെ സാഹിത്യസ്വർഗ്ഗങ്ങൾ വിലക്കിയ സോദ്ദേശ്യക തയെന്ന പാപക്കനി തിന്നുന്നുവെന്നതുകൊണ്ടാണ് ബാബു കുഴിമറ്റം പാപിയാകുന്നത്.**

ക്ഷ ക്ഷയിക്കുമ്പോൾ, ഉണരുന്ന അഞ്ചാമത്തെ എസ്റ്റേറ്റിനെ ചൂഴ്ന്നു വളരുന്ന വ്യാമോഹം! വ്യവസ്ഥിതിയെ നൈതികമായി നിലനിർത്താനുള്ള അട ങ്ങാത്ത വെമ്പലുകളെ വഴിതെറ്റിക്കുന്ന വ്യാമോഹമാണിത്. വ്യവസ്ഥിതിയുടെ നിയാമകമായ സമ്പ്രദായങ്ങളെ തരിമ്പും സ്വാധീനിക്കാൻ ഈ അഞ്ചാമത്തെ എസ്റ്റേറ്റിനും ആവില്ലെന്ന ദാരുണമായ വാസ്തവത്തെ ഓർമ്മിപ്പിച്ച് നമ്മെ നടുക്കുകയാണ് ഈ കഥ.

അപ്പോൾപ്പിന്നെ, ധാർമ്മികതയെയും നൈതികതയെയും സാമൂഹ്യനന്മയെയും സംബന്ധിച്ച നമ്മുടെ സ്വപ്നവും പ്രതീക്ഷയുമെല്ലാം രോഗവും ഭ്രാന്തും ഉട്ടോപ്പിയയുമാണെന്നാണോ കരുതേണ്ടത്? ഞാൻ കരുതു ന്നത് അങ്ങനെയല്ലെന്നാണ്. ആ നടുക്കം നമ്മെ നിസ്സഹായരും ഒളിച്ചോട്ടക്കാരും ആക്കേണ്ടതില്ലെന്ന് സമകാല രാഷ്ട്രീയദിശ ശ്രദ്ധാപൂർവ്വം മനസ്സിലാക്കുന്നവർക്ക് അറിയാം. സർവ്വാശ്ലേഷിയായ ഒരു സമരോത്സുക ജനാധിപത്യ സാഹോദര്യം വളർന്നുവരുന്നത് അവർ കാണുന്നുണ്ട്. ആ അന്തരീക്ഷം ഒരു തുറന്ന പാഠശാല യുമാണ്. നീതിയ്ക്കും സാമൂഹ്യനന്മയ്ക്കും വേണ്ടി സമർപ്പിക്കുവാനുള്ള അനധീനമായ പ്രജ്ഞയും ആന്തരിക മായ സത്യസന്ധതയും സൃഷ്ടിക്കുന്ന പാഠശാല. അവിടെനിന്നു മാത്രമേ അന്യൂനമായ, കീഴടങ്ങാത്ത, വിട്ടുവീഴ്ചയില്ലാത്ത സാംസ്കാരികനില പിറവികൊള്ളുകയുള്ളൂ. അധികാരത്തിന്റെ പ്രലോഭനങ്ങൾക്കോ, പ്രകോ പനങ്ങൾക്കോ, കാർക്കശ്യങ്ങൾക്കോ, മർദ്ദനങ്ങൾക്കോ തകർക്കാൻ കഴിയാത്ത സാംസ്കാരിക ജീവിതം സാദ്ധ്യമാണെന്ന ആത്മവിശ്വാസം അവിടെയാണ് ഉയിർക്കുക. അപ്പോഴാണ് പ്രജ്ഞയുടെ സർവ്വസിദ്ധികളും ഫലപ്രാപ്തിയിലെത്തുന്നതും. ആ അന്തരീക്ഷത്തിൽ നിന്നാണ് ഭാവിയിലേക്കു വെളിച്ചം വീശുന്ന ദീപശിഖകൾ ജ്വലിച്ചുണരുന്നത്.

ഇത്തരം ആലോചനകൾ വിളിച്ചുണർത്തുന്നുവെന്നതാണ് 'അഞ്ചാമത്തെ എസ്റ്റേറ്റ്' സോദ്ദേശ്യകമാണെന്ന നിരീക്ഷണത്തെ സാധൂകരിക്കുന്നത്. കാലഘട്ടത്തിന്റെ സാഹിത്യസ്വർഗ്ഗങ്ങൾ വിലക്കിയ സോദ്ദേശ്യക തയെന്ന പാപക്കനി തിന്നുന്നുവെന്നതുകൊണ്ടാണ് ബാബു കുഴിമറ്റം പാപിയാകുന്നത്. മറ്റൊരു പാപം ഈ കഥ 'സാഹിത്യഹീന'മായ ഒരു ഭാഷയിലാണ് ഈ മനുഷ്യൻ എഴുതിയിരിക്കുന്നത് എന്നതാണ്. അങ്ങനെ ഈ പാപധാരയെ പരമാവധി മനസ്സുകളിലേക്ക് ഒഴുക്കിവിടുന്നു. പാപത്തിന്റെ ശമ്പളം മരണമത്രേ! എല്ലാ പാപികളായ കഥാകൃത്തുക്കളും ഇങ്ങനെ നിരന്തരം മരണം വരിക്കുന്നതും അവരുടെ കഥകൾ ആന്തരിക കാപട്യമെന്ന പാപത്തിനെതിരെ നിരന്തരം കലഹിക്കുന്നതും സാഹിത്യലോകത്തിലെ അത്ഭുതങ്ങളുമല്ല.

**ശ്രീമദ് ഭഗവത് ഗീത**
**അദ്ധ്യായം 7**

**ദുഃഖിതൻ, ജ്ഞാനത്തെ അന്വേഷിക്കുന്നവൻ, ധനമന്വേഷിക്കുന്നവൻ, ജ്ഞാനി എന്നിവർ ഉൽകൃഷ്ടരാണെങ്കിലും എനിക്ക് കൂടുതൽ പ്രിയം, ജ്ഞാനിയോടാണ്. കാരണം അവൻ ഞാൻ തന്നെയാണ്. അവൻ എന്നിൽ മനസ്സുറപ്പിച്ച് എന്നെത്തന്നെ തേടുന്നവനാണ്.**



# ജ്ഞാനവിജ്ഞാനയോഗം

**സുധീർ പണിക്കവീട്ടിൽ**

ജ്ഞാനത്തോടുകൂടിയ വിജ്ഞാനത്തെ പൂർണ്ണമായി ഞാൻ നിനക്ക് മനസ്സിലാക്കിതരാം. അതറിഞ്ഞാൽ പിന്നെ വേറൊന്നുമറിയേണ്ടതില്ലെന്നു പ്രഭു പറഞ്ഞു. അനേകായിരം പേരിൽ ഒരാൾ മാത്രമാണ് പൂർണ്ണതയ്ക്ക് വേണ്ടി പ്രയത്നിക്കുന്നത്. അങ്ങനെ പ്രയത്നിക്കുന്നവരുടെ കൂട്ടത്തിൽ ഒരാൾ മാത്രമാണ് എന്നെ അറിയുന്നത്. എന്റെ പ്രകൃതിയെ എട്ടായി തിരിക്കാം അവ ഭൂമി, ജലം, അഗ്നി, വായു, ആകാശം, ബുദ്ധി, അഹങ്കാരം, മുതലായവയാകുന്നു. മേൽപ്പറഞ്ഞ പ്രകൃതിയെക്കാൾ ഉത്കൃഷ്ടമായ എന്റെ പ്രകൃതി (പരാപ്രകൃതി) യിലാണ് ഈ ലോകം നിലനിൽക്കുന്നത്. ഓ കൗന്തേയ, ഞാൻ ജലത്തിലെ രസമാകുന്നു. സൂര്യചന്ദ്രന്മാരിലെ പ്രഭയും, വേദങ്ങളിലെ ഓങ്കാരവും, ആകാശത്തിലെ ശബ്ദവും, പുരുഷനിലെ പൗരുഷവും, ഞാനാകുന്നു. ദുഃഖിതൻ, ജ്ഞാനത്തെ അന്വേഷിക്കുന്നവൻ, ധനമന്വേഷിക്കുന്നവൻ, ജ്ഞാനി എന്നിവർ ഉൽകൃഷ്ടരാണെങ്കിലും എനിക്ക് കൂടുതൽ പ്രിയം, ജ്ഞാനിയോടാണ്. കാരണം അവൻ ഞാൻ തന്നെയാണ്. അവൻ എന്നിൽ മനസ്സുറപ്പിച്ച് എന്നെത്തന്നെ തേടുന്നവനാണ്.

**ജലങ്ങളിൽ ഞാനതിന്റെ രസമാണ്. സൂര്യനിലും ചന്ദ്രനിലും ഞാൻ വെളിച്ചമാണ്. വേദങ്ങളിലെ 'ഓം' ആണ്. ആകാശത്തിലെ ശബ്ദമാണ്. പുരുഷനിലെ പൗരുഷമാണ്. ഞാൻ ഭൂമിയുടെ സുഗന്ധമാണ്. അഗ്നിയിലെ ശോഭയാണ്. എല്ലാ ജീവജാലങ്ങളിലെയും ജീവനാണ്. സന്യാസിമാരുടെ കഠിനനിഷ്ഠയാണ്. ഓ പാർത്ഥാ എല്ലാ ജീവജാലങ്ങളിലെയും ആദ്യത്തെ വിത്തായി എന്നെ അറിയുക.**

രാഗദ്വേഷങ്ങളിൽ നിന്നുണ്ടാകുന്ന സുഖവും ദുഖവും മൂലമുളവാകുന്ന മായായാൽ മനുഷ്യർക്ക് മൗഢ്യമുണ്ടാകുന്നു. ഈ മായയുടെ മറവിൽ കഴിയുന്ന മനുഷ്യൻ പരമാത്മാവിനെ തിരിച്ചറിയുന്നില്ല. എന്നെ ജഗത്തായും, ജീവചൈതന്യമായും, പരമാത്മാവായും കരുതുന്നവർ മരണസമയത്ത്കൂടി എന്നെയറിയുന്നു.

ഇനി വിശദമായി.

പ്രഭു പറഞ്ഞു – ഓ അർജുനാ എന്നിൽ അഭയം പ്രാപിച്ച്, മനസ്സ് എന്നിൽ ഏകാഗ്രമാക്കി യോഗാഭ്യാസം നടത്തുന്നവൻ ഏതു പ്രകാരം സംശയലേശമെന്യേ എന്നെ പൂർണ്ണമായി അറിയുന്നുവെന്നോ അപ്രകാരം നീ കേൾക്കുക. ജ്ഞാനവിജ്ഞാനത്തെക്കുറിച്ചുള്ള അറിവിനെപ്പറ്റി ഞാൻ നിനക്ക് വിവരിച്ചുതരാം, അതറിഞ്ഞാൽ പിന്നെ കൂടുതലൊന്നും അറിയാനായി അവശേഷിക്കുന്നില്ല.

മനുഷ്യാണാം സഹസ്രേഷു
കശ്ചി ദ്യ ത തിസിദ്ധയേ
യത താമപി സിദ്ധാനാം
കശ്ചിൻമാം വേത്തി തത്ത്വത:

അനേകായിരം പേരിൽ ഒരാളാണ് ആത്മീയ പൂർണ്ണതയ്ക്ക് വേണ്ടിയത്നിക്കുന്നത്. അങ്ങനെ പ്രയത്നിക്കുന്നവരിൽ ഒരാളാണ് എന്നെ ശരിക്കുമറിയുന്നത് . എന്റെ പ്രകൃതിയെ ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി അഹങ്കാരം, ഇങ്ങനെ എട്ടായി തിരിച്ചിരിക്കുന്നു. ഇതെന്റെ താഴ്ന്ന പ്രകൃതിയാണ്. ഇതിൽ നിന്ന് വ്യത്യസ്തമായി എനിക്കുള്ള ഉത്കൃഷ്ട പ്രകൃതിയാണ് ജീവൻ.അതുകൊണ്ടാണ് ഓ മഹാബാഹു ഈ ലോകം നിലനിൽക്കുന്നത്. മേൽപ്പറഞ്ഞ എന്റെ രണ്ടു പ്രകൃതികളിൽ നിന്നാണ് സകലജീവികളുമുണ്ടായത്. ഈ ലോകത്തിന്റെ ഉത്ഭവവും, ലയവും ഞാൻ തന്നെയാകുന്നു. അല്ലയോ,

**ശത്രുക്കളെ തപിക്കുന്നവനായ അർജനാ സുഖദുഖങ്ങളുടെ ദ്വന്ദതയിൽ നിന്നുണ്ടാകുന്ന മോഹത്താൽ ജന്മം മുതൽ മായാബദ്ധരായി കഴിയുന്ന ജീവികൾ മൂഢതയെ പ്രാപിക്കുന്നു. തന്മൂലം അവർക്ക് പരമാത്മാവിനെ ഭജിക്കാൻ കഴിയുന്നില്ല. എന്നാൽ പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ച് പാപത്തെ നശിപ്പിച്ചവർ സുഖദുഃഖാദി ദ്വന്ദങ്ങൾ ഉണ്ടാക്കുന്ന മോഹത്തിൽ നിന്ന് മുക്തരായി എന്നെ ദൃഢചിത്തമായ വിശ്വാസത്തോടെ ആരാധിക്കുന്നു. ജരാമരണങ്ങളിൽ നിന്നു ള്ള മുക്തിക്കായി എന്നെ ആശ്രയിച്ച് പ്രയത്നിക്കുന്നവർ ആ ബ്രഹ്മത്തെയും പൂർണ്ണമായ അധ്യാത്മരഹസ്യങ്ങളെയും എല്ലാ കർമ്മങ്ങളെയും അറിയുന്നു.**



അർജുന, എന്നെക്കാൾ ശ്രേഷ്ഠമായി വേറൊന്നില്ലന്നറിയുക. ചരടിൽ കോർത്ത മുത്തുകളെപ്പോലെ ഈ ലോകം മുഴുവൻ എന്നിൽ കോർക്കപ്പെട്ടിരിക്കുന്നു.

മത്ത:പരതരം നാന്യത്
കിഞ്ചിദസ്തി ധനഞ്ജയ
മായി സർവമിദം പ്രോതം
സൂത്രേ മണിഗണാ ഇവ

ജലങ്ങളിൽ ഞാനതിന്റെ രസമാണ്. സൂര്യനിലും ചന്ദ്രനിലും ഞാൻ വെളിച്ചമാണ്. വേദങ്ങളിലെ 'ഓം' ആണ്. ആകാശത്തിലെ ശബ്ദമാണ്. പുരുഷനിലെ പൗരുഷമാണ്. ഞാൻ ഭൂമിയുടെ സുഗന്ധമാണ്. അഗ്നിയിലെ ശോഭയാണ്. എല്ലാ ജീവജാലങ്ങളിലെയും ജീവനാണ്. സന്യാസിമാരുടെ കഠിനനിഷ്ഠയാണ്. ഓ പാർത്ഥാ എല്ലാ ജീവജാലങ്ങളിലെയും ആദ്യത്തെ വിത്തായി എന്നെ അറിയുക. ചിന്താശക്തിയുള്ള എല്ലാ ജീവികളുടെയും പ്രജ്ഞയാണ് ഞാൻ. തേജസ്വികളുടെ തേജസ്സും ഞാനാകുന്നു. കാമവും രാഗവും ഉപേക്ഷിച്ച ശക്തിമാന്മാരുടെ ശക്തിയാണ് ഞാൻ. മനുഷ്യരിലെ ധർമ്മാനുസൃതമായ കാമമാണ് ഞാൻ. വേദവിദ്യാർത്ഥികൾക്ക് കാമവും, രാഗവും സമാനർത്ഥപദങ്ങളാണ്. ശ്രീ ശങ്കരാചാര്യരുടെ വ്യാഖ്യാന പ്രകാരം കാമം – കിട്ടാത്തത് കിട്ടാനുള്ള ആഗ്രഹമാണ്. രാഗം ലഭിച്ചതിനോടുള്ള ആസക്തിയാണ്. കാമവും രാഗവും മൂലമുണ്ടാകുന്ന വികാരങ്ങളാൽ മനുഷ്യർ അവരവരുടെ ശക്തി കാണിക്കുന്നു. അപ്പോൾ ലോകത്തിൽ ശാന്തിയും സമാധാനവും നഷ്ടപ്പെടുന്നു. സത്വം, രജസ്സ്, തമസ്സ് എന്നീ ഭാവങ്ങൾ എന്നിൽ നിന്നുണ്ടായിട്ടുള്ളതാണ്. എന്നാൽ ഞാനാവയിലില്ല അവ എന്നിലാണ്. തിരകളുടെ ഉയർച്ചയും, അലകളും, ഓളങ്ങളും അലിയലും എന്നിൽ തന്നെയാണെങ്കിലും ഞാൻ തിരകളിലല്ലെന്നു സമുദ്രം പറയുന്നപോലെ. പ്രകൃതി പുരുഷനെയാണാഗ്രഹിക്കുന്നത് പുരുഷൻ പ്രകൃതിയെയല്ല. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളുടെ വലയത്തിൽപ്പെട്ട ഈ

ലോകം എന്നെ തിരിച്ചറിയുന്നില്ല. ഞാൻ ഈ ഗുണങ്ങളെക്കാൾ മീതെയാണ്.അനശ്വരനാണ്. ദിവ്യമായ എന്റെ ഈ മായയെ അതിക്രമിക്കാൻ പ്രയാസമാണ്. എന്നിൽ പൂർണ്ണമായി ശരണം പ്രാപിച്ചവർക്ക് മാത്രമേ ഈ മായയെ തരണം ചെയ്യാൻ കഴിയുകയുള്ളു. വിഡ്ഢികളും അസുര പ്രകൃതിയുള്ളവരും ദുർമ്മാർഗ്ഗികളുമായ മനുഷ്യാധമന്മാർ മായാവലയത്തിൽപ്പെട്ടു അജ്ഞരായി എന്നിൽ ശരണം പ്രാപിക്കുന്നില്ല. ഭാരതവംശത്തിലെ മഹാനായ അർജുനാ നാല് തരത്തിലുള്ള സുകൃതികൾ എന്നെ ഭജിക്കുന്നു.

ചതുർവിധാ ഭജന്തേ മാം
ജനാഃ സുകൃതിനോർജുന
ആർത്തോ ജിജ്ഞാസുരർഥാർ ഥി
ജ്ഞാനി ച ഭരതർഷഭ

അവർ യഥാക്രമം ദുഃഖിതർ, ജിജ്ഞാസു,ധനം, ആഗ്രഹിക്കുന്നവൻ, ആത്മജ്ഞാനി എന്നിവരാകുന്നു. ഇവരിൽ എപ്പോഴും സമഭാവം പുലർത്തുന്നവനും, താനും ഈശ്വരനുമൊന്നെന്ന നിലയിൽ ഭക്തിയുള്ളവനുമായ ജ്ഞാനിയാണ് ശ്രേഷ്ഠൻ. ഞാൻ അവനും അവൻ എനിക്കും പ്രിയപ്പെട്ടവനാണ്. എന്നെ ഭജിക്കുന്ന ഈ നാലുപേരും ഉൽകൃഷ്ടർ തന്നെയെങ്കിലും അവരിൽ ജ്ഞാനി കൂടുതൽ ശ്രേഷ്ഠനാണ്..

അവനെ ഞാൻ തന്നെയെന്ന് കരുതുന്നു. കാരണം അവൻ എന്നിൽ മനസ്സുറപ്പിച്ച് പരമഗതി മാത്രം ലക്ഷ്യമാക്കി എന്നെ ആശ്രയിച്ചവനാണ്. (മറ്റു മൂന്നു പേരും ഫലേച്ഛയോടെയാണ് എന്നെ ഭജിക്കുന്നത്) അനേകം ജന്മങ്ങളുടെ അവസാനം സർവവും വാസുദേവനാണെന്നു ബോധം തെളിയുന്ന ജ്ഞാനി എന്നെ പ്രാപിക്കുന്നു. അപ്രകാരമുള്ള മഹാത്മാക്കൾ വളരെ ചുരുക്കമാണ്. ഓരോരുത്തരും അവരുടെ പ്രകൃതിഗുണങ്ങളാൽ പ്രേരിതരായി ഭൗതികമോഹങ്ങളുടെ ഭ്രമങ്ങളിൽപ്പെടുന്നു.അങ്ങനെയുള്ളവരുടെ ജ്ഞാനം അത്തരം ഭ്രമങ്ങൾ അപഹരിക്കുന്നു. അവർ അന്യദേവഗതകളെ അനേകം ആരാധനാക്രമങ്ങളിലൂടെ ഭജിക്കുന്നു. (അന്യദേവതാരാധനയും അതിനുള്ള രീതികളും വേദങ്ങളിൽ പറയുന്നുണ്ട്. ഓരോകാര്യ സിദ്ധിക്ക് ഓരോ ദേവതകൾ. ഉദാ: അസുഖങ്ങൾ മാറാൻ സൂര്യനെ ആരാധിക്കൽ) ഏതേത് ഭക്തൻ ഏതേത് ദേവതകളെ വിശ്വാസത്തോടെ ഭജിക്കുന്നവോ അത്തരം ഭക്തന്മാരുടെ വിശ്വാസത്തെ ഞാൻ

**ദിവ്യമായ മായയാൽ ഞാൻ മറയ്ക്കപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ആർക്കും പ്രത്യക്ഷനല്ല. അതുകൊണ്ട് മായാവലയത്തിൽ കിടക്കുന്ന മൂഢൻ എന്നെ ജന്മവും നാശവുമില്ലാത്തവനായി അറിയുന്നില്ല. ഓ അർജുനാ ജീവികളുടെ ഭൂതവും, വർത്തമാനവും, ഭാവിയും എനിക്കറിയാം. എന്നാൽ ആരും തന്നെ എന്നെ അറിയുന്നില്ല.**

ദൃഢമാക്കുന്നു. അപ്രകാരമുള്ള വിശ്വാസത്തോടെ ഒരു ഭക്തൻ ഒരു ദേവതയെ ആരാധിക്കുമ്പോൾ അവനു കിട്ടുന്ന ഇഷ്ടഫലങ്ങൾ ഞാൻ തന്നെ നിശ്ചയിച്ചതാണ്.ഭക്തന്മാർ ഏതേത് ദേവതകളെ ഉപാസിച്ചാലും അതിനുള്ള ശ്രദ്ധയും ഫലങ്ങളും ലഭിക്കുന്നത് പരമാത്മാവിൽ നിന്ന് തന്നെയാണ്. ബുദ്ധികുറഞ്ഞ ഈ മനുഷ്യരുടെ (അന്യദേവതാരാധകരുടെ) ഭൗതികനേട്ടങ്ങൾ താൽക്കാലികമാണ്. ദേവന്മാരെ പൂജിക്കുന്നവർ ദേവന്മാരെ പ്രാപിക്കുന്നു. എന്റെ ഭക്തന്മാർ എന്നിലേക്ക് വരുന്നു.

അവ്യയവും, നിസ്തുലവും ശ്രേഷ്ഠവുമായ എന്റെ സ്വരൂപത്തെ അറിയാത്ത ബുദ്ധിശൂന്യർ എന്നെ വ്യക്തമല്ലാത്ത ഭാവത്തിൽ നിന്ന് വ്യക്തിഭാവത്തെ പ്രാപിച്ചവനായി കാണുന്നു (ശരീരം ഉള്ളവനായി). ദിവ്യമായ മായയാൽ ഞാൻ മറയ്ക്കപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ആർക്കും പ്രത്യക്ഷനല്ല. അതുകൊണ്ട് മായാവലയത്തിൽ കിടക്കുന്ന മൂഢൻ എന്നെ ജന്മവും നാശവുമില്ലാത്തവനായി അറിയുന്നില്ല. ഓ അർജുനാ ജീവികളുടെ ഭൂതവും, വർത്തമാനവും, ഭാവിയും എനിക്കറിയാം.

എന്നാൽ ആരും തന്നെ എന്നെ അറിയുന്നില്ല. ശത്രുക്കളെ തപിക്കുന്നവനായ അർജനാ സുഖദുഖങ്ങളുടെ ദ്വന്ദതയിൽ നിന്നുണ്ടാകുന്ന മോഹത്താൽ ജന്മം മുതൽ മായാബദ്ധരായി കഴിയുന്ന ജീവികൾ മൂഢതയെ പ്രാപിക്കുന്നു. തന്മൂലം അവർക്ക് പരമാത്മാവിനെ ഭജിക്കാൻ കഴിയുന്നില്ല. എന്നാൽ പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ച് പാപത്തെ നശിപ്പിച്ചവർ സുഖദുഃഖാദി ദ്വന്ദങ്ങൾ ഉണ്ടാക്കുന്ന മോഹത്തിൽ നിന്ന് മുക്തരായി എന്നെ ദൃഢചിത്തമായ വിശ്വാസത്തോടെ ആരാധിക്കുന്നു. ജരാമരണങ്ങളിൽ നിന്നു ള്ള മുക്തിക്കായി എന്നെ ആശ്രയിച്ച് പ്രയത്നിക്കുന്നവർ ആ ബ്രഹ്മത്തെയും പൂർണ്ണമായ അധ്യാത്മരഹസ്യങ്ങളെയും എല്ലാ കർമ്മങ്ങളെയും അറിയുന്നു.

സാധിഭൂതാദി ദൈവം മാം
സാധി യജ്ഞം ചയേ വിദുഃ
പ്രയാണകാല പി ച മാം
തേ വിദുർ യുക്ത ചേതസഃ

എന്നെ അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നിവയോടും കൂടി അറിയുകയും എന്നിൽ മനസ്സുറപ്പിച്ചവരും മരണസമയത്ത് കൂടി എന്നെ അറിയുന്നു. അധിഭൂതം നാമരൂപാത്മകമായ ഈ ലോകം തന്നെ. അധിദൈവം ഇന്ദ്രിയ മനോബുദ്ധികളെ സംബന്ധിച്ചത്. അധിയജ്ഞം ശാരീരികവും മാനസികവും ബുദ്ധിപരവുമായ ജീവിതവ്യാപാരങ്ങളെ സംബന്ധിച്ചത്. അടുത്ത അധ്യായത്തിൽ ഇവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാവുന്നതാണ്.

***അധ്യായം ഏഴ് സമാപ്തം***
***അടുത്തലക്കത്തിൽ 'അക്ഷരബ്രഹ്മയോഗം ' ശുഭം***



Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.

# വൈശാലി ഒരു ഇന്ത്യൻ വിജയഗാഥ



വൈശാലി വനിതാ കാൻഡിഡേറ്റ്സ് ചെസ് ചാംപ്യൻ



◉ സനിൽ പി.തോമസ്

സൈപ്രസ്സിലെ പാ ഫോസിൽ നടന്ന കാൻഡിഡേറ്റ്സ് ചെസ് വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ വൈശാലി രമേശ് ബാബു ചാംപ്യനായി.14 റൗണ്ട് മത്സരത്തിൽ വൈശാലിക്ക് 8.5 പോയിന്റ് ലഭിച്ചു. അവസാന റൗണ്ടിൽ വൈശാലി റഷ്യയുടെ കാറ്ററീന ലാഗ്നോയെ പരാജയപ്പെടുത്തി.

ഇനി ലോക വനിതാ ചെസ് ചാംപ്യൻഷിപ്പിനായി വൈശാലി നിലവിലെ ചാംപ്യൻ, ചൈനയുടെ ജു വെൻജുനെ നേരിടും.

ഇതിനു മുമ്പ് കൊനേരു ഹംപി മാത്രമാണ് ഇന്ത്യയിൽ നിന്ന് വനിതാ കാൻഡിഡേറ്റ്സ് ചെസ് വിജയിച്ചത്.2011 ൽ ആയിരുന്നത്. കിരീട പ്പോരാട്ടത്തിൽ ഹംപി ചൈനയുടെ ഹു യിഫ നോട് പരാജയപ്പെട്ടു. ഇക്കുറി കാൻഡിഡേറ്റ്സ് ചെസിന് യോഗ്യത നേടിയെങ്കിലും ഗൾഫിലെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷാ പ്രശ്നങ്ങൾ ഉയർത്തി ഹംപി പിൻവാങ്ങുകയായിരുന്നു.

ഗ്രാൻഡ് മാസ്റ്റർ പ്രഗ്നാനന്ദയുടെ സഹോദരിയാണ് ഇരുപത്തിനാലുകാരി വൈശാലി. ഇത്തവണ കാർഡിഡേറ്റ്സ് ടൂർണമെന്റിൽ പങ്കെടുത്തവരിൽ ഏറ്റവും റേറ്റിങ്ങ് കുറഞ്ഞ താരമായിരുന്നു വൈശാലി. ഫിഡെ വനിതാ ചെസിൽ 19 ആണ് വൈശാലിയുടെ റാങ്ക്.

പതിമൂന്നാം റൗണ്ടിൽ ചൈനയുടെ ടാൻ സോംഗിയോട് സമനില പാലിച്ച വൈശാലിയും കസഖ് താരം ബിബിസാര അസുബയേവയും 7.5 പോയിന്റ് വീതം നേടി സമനില പാലിക്കുകയായിരുന്നു. ബിബിസാര എട്ടു പോയിൻറു കൊണ്ട് തൃപ്തിപ്പെട്ടു. 'സ്വപ്നം യാഥാർഥ്യമായി. എനിക്കു സന്തോഷമായി. ' പതിനാലാം റൗണ്ടിനു ശേഷം വൈശാലി പറഞ്ഞു.

ഓപ്പൺ ലോക ചാംപ്യൻഷിപ്പിൽ നിലവിലെ ചാംപ്യൻ, ഇന്ത്യയുടെ ഡി. ഗുകേഷിന്റെ എതിരാളി ഉസ്ബക്കിസ്ഥാന്റെ ജാവോ ഖിർ സിന്ദറോവ് എന്ന ഇരുപതുകാരനാണ്.ഒരു റൗണ്ട് ബാക്കി നിൽക്കെയാണ് സിന്ദ റോവ് കാൻഡിഡേറ്റ്സ് ചെസ് ജയിച്ചത്. ലോക ചാംപ്യൻമാരെ നിശ്ചയിക്കുന്ന മത്സരം ഈ വർഷം അവസാനം നടക്കും.വേദിയും തീയതിയും നിശ്ചയിച്ചിട്ടില്ല.

# ചിത്രലോകം

**കാനായി കുഞ്ഞിരാമൻ**

**വിക്ടിം (ഇര)**
**ശിൽപം**
**ഇടം: കാസർകോട്**






**Abel's Garden PVT LTD Karimannoor P.O.**
**Thodupuzha, Idukki, Kerala, India PIN. 685581**
**Email: hello@abelsgarden.in**
**Phone: +917034413000, +917034643000, +919778050077**

MALABAR
GOLD & DIAMONDS

EXPERIENCE
JEWELLERY
SHOPPING LIKE
NEVER BEFORE

VISIT OUR SHOWROOM

USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA

CANADA
MISSISSAUGA

OPENING SOON IN
SURREY

